ഹയർ സെക്കന്ററി

# ഗാന്ധിയൻപഠനം

ക്ലാസ് - XII




**കേരളസർക്കാർ**

പൊതുവിദ്യാഭ്യാസ വകുപ്പ്

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT);കേരളം**

**2019**

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by*:
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram - 695012, Kerala.

*Website* : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
© Department of Education, Government of Kerala
*To be printed in quality paper - 80gsm map litho (snow-white)*

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമ മാർഗം എന്നതിനോടൊപ്പം സാംസ്കാരികതനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യ ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

## പാഠപുസ്തക പരിഭാഷ

## ശില്പശാലയിൽ പങ്കെടുത്തവർ

**അഭിലാഷ് ചന്ദ്രൻ**
എൻ.എസ്.എച്ച്.എസ്.എസ്.
നെടുമുടി, ആലപ്പുഴ

**ഗോപി വി.**
പെരളശ്ശേരി എ.കെ.ജി.സ്മാരക
ഗവ. എച്ച്.എസ്.എസ്, കണ്ണൂർ

**ഡോ. ലെജു പി. തോമസ്**
സെന്റ് മേരീസ് എച്ച്.എസ്.എസ്. പട്ടം
തിരുവനന്തപുരം

**ഡോ. മുരളി സി. ഡി.**
വിവേകോദയം ബോയ്സ് എച്ച്.എസ്.എസ്.
തൃശൂർ

## വിദഗ്ധർ

ഡോ. ബിജു ലക്ഷ്മണൻ
അസോസിയേറ്റ് പ്രഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡവലപ്മെന്റ് സ്റ്റഡീസ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം

ഡോ. ജോർജ് കെ. അലക്സ്
രാഷ്ട്രതന്ത്രവിഭാഗം മേധാവി, സെന്റ് തോമസ് കോളേജ്
കോഴഞ്ചേരി, പത്തനംതിട്ട

## വര

സി. രാജേന്ദ്രൻ
എ.വി. ഗവ. ബി.എച്ച്.എസ്. തഴവ, കരുനാഗപ്പള്ളി

## പ്രൂഫ് റീഡിങ്

പ്രൊഫ. വി. മാധവൻപിള്ള
ഗവ. വിമൻസ് കോളേജ് (റിട്ട.), തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

ഡോ. ഡി. സഹായദാസ്
അസിസ്റ്റന്റ് പ്രഫസർ, എസ്.സി.ഇ.ആർ.ടി.

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 695 012

# ഉള്ളടക്കം

K1R4K8


| | | |
|---|---|---|
| 1. | ഹിന്ദ് സ്വരാജ് അഥവാ ഇന്ത്യൻ ഹോംറൂൾ | 07 |
| 2. | ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനം | 24 |
| 3. | ഗാന്ധിയൻ സമാധാനദർശനം | 55 |
| 4. | സാമൂഹ്യമാറ്റവും അഹിംസാത്മകസാമൂഹ്യപ്രസ്ഥാനങ്ങളും | 80 |
| 5. | ഗ്രാമവികസനം | 98 |
| 6. | ഗ്രാമഭരണസംവിധാനം | 138 |
| 7. | ഗാന്ധിജിയുടെ വികസനകാഴ്ചപ്പാടുകൾ | 160 |
| 8. | ഗാന്ധിജിയുടെ പരിസ്ഥിതിചിന്തകൾ | 180 |

# 01 ഹിന്ദ് സ്വരാജ് അഥവാ ഇന്ത്യൻ ഹോംറൂൾ



Y8Q6J1

## ഉള്ളടക്കം


ഹിന്ദ് സ്വരാജ് – ആമുഖം

ചരിത്രപശ്ചാത്തലം

ഹിന്ദ് സ്വരാജിന്റെ ഉള്ളടക്കം

ഗാന്ധിജിയുടെ സ്വരാജ് എന്ന ആശയം

പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിമർശനം

നാഗരികതയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ

യഥാർഥ നാഗരികതയുടെ സവിശേഷതകൾ


ആധുനികനാഗരികതയെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിമർശനം


യന്ത്രവൽക്കരണം, വിദ്യാഭ്യാസം, സഹനസമരം എന്നിവയെപ്പറ്റിയുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ



## പഠനനേട്ടങ്ങൾ

- ഹിന്ദ്സ്വരാജ് ഗാന്ധിയൻ മാനിഫെസ്റ്റോ ആണെന്നു തിരിച്ചറിയുന്നു.
- ഹിന്ദ്സ്വരാജ് എഴുതപ്പെട്ട ചരിത്രപശ്ചാത്തലം വിലയിരുത്തുന്നു.
- സ്വരാജ് എന്ന ആശയം മനസ്സിലാക്കുന്നു.
- പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിമർശനം വിശകലനം ചെയ്യുന്നു.
- യഥാർഥ നാഗരികതയുടെ മേന്മകൾ വിശദമാക്കാൻ കഴിയുന്നു.
- ആധുനികനാഗരികതയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.
- യന്ത്രവൽക്കരണം, വിദ്യാഭ്യാസം, സഹനസമരം എന്നിവയെപ്പറ്റിയുള്ള ഗാന്ധിജിയുടെ വിമർശനം വിശകലനം ചെയ്യുന്നു.
- ഹിന്ദ്സ്വരാജിലെ ഗാന്ധിയൻ ആശയങ്ങളുടെ പ്രസക്തി വിലയിരുത്തുന്നു.


മഹാത്മാഗാന്ധി എഴുതിയ മൂന്ന് പുസ്തകങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്. അവയിൽ ഗാന്ധിജി ആദ്യമായി എഴുതിയ പുസ്തകം കണ്ടെത്തുക.




ഏതു പുസ്തകത്തിലാണ് ഗാന്ധിജി സ്വരാജിനെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നത്?



ഹിന്ദ്സ്വരാജിന്റെ കൈയ്യെഴുത്തുപതിപ്പ്

മഹാത്മാഗാന്ധി എഴുതിയ ആദ്യ പുസ്തകമാണ് ഹിന്ദ് സ്വരാജ് (ഇന്ത്യയുടെ സ്വയംഭരണം). 1909 ൽ ലണ്ടനിൽ നിന്നും ദക്ഷിണാഫ്രിക്കയിലേക്ക് കിൽഡോണ കാസിൽ എന്ന കപ്പലിൽ യാത്ര ചെയ്യുമ്പോഴാണ് ഗാന്ധിജി ഈ പുസ്തകം എഴുതിയത്. 1909 നവംബർ 13 മുതൽ 22 വരെയുള്ള തുടർച്ചയായ 10 ദിവസങ്ങളാണ് ഈ പുസ്തക രചനയ്ക്കായി ഗാന്ധിജി ഉപയോഗിച്ചത്. വലതുകൈകൊണ്ട് എഴുതി തളരുമ്പോൾ ഇടതുകൈ ഉപയോഗിച്ചും ഗാന്ധിജി എഴുതി. ഗുജറാത്തിയിൽ എഴുതിയ ഹിന്ദ് സ്വരാജ് ദക്ഷിണാഫ്രിക്കയിൽ വച്ച് ഇന്ത്യൻ ഒപ്പീനിയന്റെ ഗുജറാത്തി പതിപ്പിൽ പരമ്പരയായി പ്രസിദ്ധീകരിച്ചു. അതിനുശേഷം 1910 ൽ ആണ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചത്. 1910 ൽ ബോംബെ പ്രവിശ്യഭരണകൂടം പുസ്തകം നിരോധിച്ചതിനെത്തുടർന്ന് ഗാന്ധിജി “ഇന്ത്യൻ ഹോം റൂൾ” എന്ന പേരിൽ ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിച്ചു.

### *നമുക്ക് അറിയാം*



*മാനിഫെസ്റ്റോ: മാനിഫെസ്റ്റസ് എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് മാനിഫെസ്റ്റോ എന്ന വാക്ക് രൂപപ്പെടുന്നത്. ഇതിന്റെ അർഥം വ്യക്തത എന്നാണ്. ഈ രചന അത് എഴുതിയ ആളുടെ/ആളുകളുടെ നിലപാടുകൾ പൊതുസമക്ഷം വ്യക്തമാക്കുന്നതാണ്. ഒരു കൂട്ടം ആശയങ്ങൾ, വീക്ഷണങ്ങൾ, ആവിഷ്കാരപദ്ധതികൾ എന്നിവയാണ് ഇതിന്റെ ഉള്ളടക്കം. ഏതൊരു വിഷയത്തെക്കുറിച്ചും ഇങ്ങനെയൊരു രാഷ്ട്രീയരചന സാധ്യമാണ്.*

ഗാന്ധിജിയുടെ രാഷ്ട്രീയനയ പ്രഖ്യാപനരേഖ (മാനിഫെസ്റ്റോ) യാണ് ഹിന്ദ്സ്വരാജ്. ഗാന്ധിജി അദ്ദേഹത്തിന്റെ മറ്റ് പല പുസ്തകങ്ങളിലെയും ആശയങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽ ഗാന്ധിജി പറയുന്നു. "ഈ പുസ്തകത്തിന് നിരവധി പതിപ്പുകൾ ഇറങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സൂക്ഷ്മമായി വായിക്കുന്ന ആളുകളോട് ഞാൻ പറയുന്നു; ഒരു വനിതാസുഹൃത്തിന്റെ നിർദേശമനുസരിച്ച് ഒരു വാക്ക് മാറ്റിയതൊഴിച്ചാൽ മറ്റൊരു മാറ്റവും ഈ പുസ്തകത്തിന് ഇന്നോളം ഉണ്ടായിട്ടില്ല." അത്രത്തോളം വ്യക്തമായ കാഴ്ചപ്പാടോടെയാണ് ഗാന്ധിജി ഹിന്ദ്സ്വരാജ് രചിച്ചത്. ഗാന്ധിജിയുടെ നയപ്രഖ്യാപനമായി ഹിന്ദ്സ്വരാജ് അറിയപ്പെടുന്നു. ഗാന്ധിയൻ ദർശനങ്ങളുടെസത്ത എന്നും അടിസ്ഥാനരൂപരേഖ എന്നും ഹിന്ദ്സ്വരാജ് വിശേഷിപ്പിക്കപ്പെടാറുണ്ട്. ഗാന്ധിയൻ ആശയങ്ങളുടെ തനിപ്പകർപ്പായ ഈ പുസ്തകം ഗാന്ധിയൻ മാനിഫെസ്റ്റോ എന്നും അറിയപ്പെടുന്നു.



*നമുക്ക് അറിയാം*

*ഹിന്ദ് സ്വരാജിൽ നിന്നും ഉദ്ധരിക്കുന്ന കുറച്ചുവരികൾ*

Reader: I appreciate your views about civilization. I will have to think over them. I cannot take them in all at once. What, then, holding the views you do, would you suggest for freeing India?

Editor: I do not expect my views to be accepted all of a sudden. My duty is to place them before readers like yourself. Time can be trusted to do the rest. We have already examined the conditions for freeing India, but we have done so indirectly; we will now do so directly. It is a world-known maxim that the removal of the cause of a disease results in the removal of the disease itself. Similarly if the cause of India's slavery be removed,

മറ്റ് പുസ്തകങ്ങളിൽ നിന്നും വ്യത്യസ്തമായി സംഭാഷണശൈലിയിലാണ് ഈ പുസ്തകം എഴുതിയിരിക്കുന്നത്. ഇന്ത്യൻ ഒപ്പീനിയൻ പത്രത്തിന്റെ എഡിറ്ററും (ഗാന്ധിജി) വായനക്കാരനും തമ്മിലുള്ള ചോദ്യോത്തരരൂപത്തിലാണ് ഈ പുസ്തകം രചിച്ചിരിക്കുന്നത്. (വായനക്കാരന്റെ ചോദ്യങ്ങൾക്കുള്ള മറുപടിയായി ഗാന്ധിജി തന്റെ ആശയങ്ങൾ വ്യക്തമാക്കുന്ന തരത്തിൽ). ഗാന്ധിജി ആദ്യമായി രചിച്ച പുസ്തകമെന്ന നിലയിൽ ഹിന്ദ്സ്വരാജിന് വലിയ പ്രചാരം ലഭിക്കുകയും വായിക്കപ്പെടുകയും ചെയ്തു. അതുകൊണ്ടുതന്നെ ഈ പുസ്തകം പല പ്രാവശ്യം പുനഃപ്രസിദ്ധീകരിക്കപ്പെട്ടു.

## ചരിത്രപശ്ചാത്തലം

1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം ഇന്ത്യയിൽ ദേശീയബോധം ഉണർത്തുന്നതിന് ഇടയായി. 'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്, ഞാൻ അത് നേടുക തന്നെ ചെയ്യും' എന്ന ബാലഗംഗാധരതിലകന്റെ ആഹ്വാനം ഇന്ത്യയിലെ ദേശസ്നേഹികളായ യുവജനങ്ങൾ ഏറ്റെടുത്തു. 1905 ലെ ബംഗാൾവിഭജനം ഇന്ത്യയിൽ തീവ്രദേശീയതയുടെ ഉദയത്തിനു കാരണമായി. ഇത് ബ്രിട്ടീഷുകാരോടുള്ള കടുത്ത വിദ്വേഷത്തിൽ കലാശിച്ചു. തൽഫലമായി ബ്രിട്ടീഷുകാർ പല സ്ഥലത്തും ആക്രമിക്കപ്പെടുകയും സർക്കാർ വസ്തുവകകൾ നശിപ്പിക്കപ്പെടുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഗാന്ധിജി നടത്തിയ ഇംഗ്ലണ്ട് സന്ദർശനവും അവിടെയുള്ള തീവ്രചിന്താഗതിക്കാരായ

ഇന്ത്യാക്കാരുമായി നടത്തിയ ചർച്ചകളും ഇതിൽ ഉൾപ്പെടുന്നു. അവരുടെ ആക്രമണോത്സുകതയും അരാജകത്വ നിലപാടുകളുമാണ് ഈ പുസ്തകം എഴുതാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്. ഭൗതികതയിൽ ഊന്നിയ ആധുനികനാഗരികതയുടെ വ്യാപനവും ഈ പുസ്തകമെഴുതാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു. ഹിന്ദ്സ്വരാജിൽ പറഞ്ഞിരിക്കുന്ന ആശയങ്ങൾ പലതും വർഷങ്ങൾക്ക് മുമ്പ്തന്നെ ഗാന്ധിജിയുടെ മനസ്സിൽ രൂപപ്പെട്ടവയാണ്. ലോകത്തോട്, പ്രത്യേകിച്ച് ഇന്ത്യക്കാരുമായി ഈ ആശയങ്ങൾ പങ്ക് വയ്ക്കണമെന്നും ബ്രിട്ടീഷ് കോളനിവൽക്കരണമല്ല യഥാർഥ ശത്രുവെന്ന് ഇന്ത്യാക്കാരോട് പറയണമെന്നും ഗാന്ധിജി ആഗ്രഹിച്ചിരുന്നു. ആധുനികനാഗരികതയാണ് യഥാർഥശത്രു. ഇന്ത്യ അമർന്നത് ബ്രിട്ടന്റെ കാൽക്കീഴിൽ അല്ലെന്നും പാശ്ചാത്യപരിഷ്കാരത്തിന്റെ കീഴിലാണെന്നും ഗാന്ധിജി ഉറച്ചു വിശ്വസിച്ചു.



*നമുക്ക് ചെയ്യാം*

*ഗാന്ധിജിയെ സ്വാധീനിച്ച വ്യക്തികളെയും അവരുളവാക്കിയ സ്വാധീനത്തെയും കുറിച്ച് ചാർട്ട് തയ്യാറാക്കുക.*


## സ്വാധീനങ്ങൾ

ഹിന്ദ്സ്വരാജിലെ ആശയങ്ങൾ രൂപപ്പെടുത്തുന്നതിൽ നിരവധി വ്യക്തികൾ ഗാന്ധിജിയെ സ്വാധീനിച്ചിട്ടുണ്ട്. ലിയോ ടോൾസ്റ്റോയി, ജോൺ റസ്കിൻ, ഹെൻട്രി ഡേവിഡ് തോറോ, ആർ.സി. ദത്ത്, എഡ്വേർഡ് കാർപെന്റർ എന്നിവർ അവരിൽ പ്രമുഖരാണ്. അതുകൊണ്ടാണ് ഗാന്ധിജി ഹിന്ദ്സ്വരാജിന്റെ ആമുഖത്തിൽ ഇപ്രകാരം എഴുതിയത്- "ഇതിലുള്ള കാഴ്ചപ്പാടുകളെല്ലാം എന്റേതാണ്. എന്നാൽ എന്റേത് മാത്രമല്ല." ഗാന്ധിജി ഇംഗ്ലണ്ടിൽ ആയിരുന്നപ്പോൾ എഡ്വേർഡ് കാർപെന്ററുടെ, "നാഗരികത: കാരണവും നിവാരണവും" (Civilization: Its Cause and Cure) എന്ന പുസ്തകം വായിക്കാൻ ഇടയായി. പിൽക്കാലത്ത് ഹിന്ദ്സ്വരാജ് എഴുതിയപ്പോൾ ഈ പുസ്തകത്തിലെ ആശയങ്ങൾ ഗാന്ധിജിയെ വളരെയധികം സ്വാധീനിച്ചു. ഹിന്ദ് സ്വരാജിൽ ഗാന്ധിജി ഇങ്ങനെ എഴുതി- "പ്രശസ്തനായ ഒരു ഇംഗ്ലീഷ് ഗ്രന്ഥകാരൻ, "നാഗരികത: കാരണവും നിവാരണവും" (Civilization: Its Cause and Cure) എന്ന പേരിൽ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. അതിൽ ആധുനികനാഗരികതയെ ഒരു രോഗമായി അദ്ദേഹം വിശദീകരിക്കുന്നു." ആർ.സി.ദത്തിന്റെ സ്വാധീനത്തെപ്പറ്റിയും ഗാന്ധിജി പരാമർശിക്കുന്നുണ്ട്. ദത്തിന്റെ "ഇന്ത്യയുടെ സാമ്പത്തികശാസ്ത്രം" (Economic History of India) എന്ന പുസ്തകം വായിച്ചപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. വീണ്ടും വീണ്ടും അതിനെപ്പറ്റി ചിന്തിച്ചപ്പോഴൊക്കെ എന്റെ മനസ് വിങ്ങി" എന്നും ഗാന്ധിജി പറയുന്നു.



*നമുക്ക് ചെയ്യാം*

*ഹിന്ദ്സ്വരാജിന്റെ ഉള്ളടക്കത്തെപറ്റി ചർച്ചചെയ്ത് ഗ്രൂപ്പുകളിൽ അവതരിപ്പിക്കുക.*




ജനനം : 1844 ഓഗസ്റ്റ് 29, ഹോവ്, ബ്രിട്ടൺ
മരണം : 1929 ജൂൺ 28, ഇംഗ്ലണ്ട്, ബ്രിട്ടൺ
വിദ്യാഭ്യാസം : ബ്രിഗ്ടൺ കോളജ്, ട്രിനിറ്റിഹാൾ, കേംബ്രിഡ്ജ്

### നമുക്ക് അറിയാം

*ഹിന്ദ് സ്വരാജിന്റെ അനുബന്ധമായി ഗാന്ധിജി പരാമർശിച്ചിട്ടുള്ള പുസ്തകങ്ങളുടെ പട്ടിക.*

1. Civilization: Its Cause and Cure - Edward Carpenter
2. The Kingdom of God is Within You - Leo Tolstoy
3. What is Art? - Leo Tolstoy
4. The Slavery of Our Times - Leo Tolstoy
5. The First Step - Leo Tolstoy
6. How shall We Escape? - Leo Tolstoy
7. On the Duty of Civil Disobedience - Henry David Thoreau
8. Life without Principle - Henry David Thoreau
9. Unto This Last - John Ruskin
10. A Joy for Ever - John Ruskin
11. Poverty &Un-British Rule in India - Dada Bhai Naoroji
12. Economic history of India - R.C. Dutt

## ഹിന്ദ്സ്വരാജിന്റെ ഉള്ളടക്കം

ഹിന്ദ്സ്വരാജ് എന്ന പുസ്തകത്തിൽ 20 അദ്ധ്യായങ്ങളാണുള്ളത്.

| | |
|---|---|
| അധ്യായം I | കോൺഗ്രസും ഭാരവാഹികളും |
| അധ്യായം II | ബംഗാൾ വിഭജനം |
| അധ്യായം III | അതൃപ്തിയും അസ്വസ്ഥതയും |

| | |
|---|---|
| അധ്യായം IV | എന്താണ് സ്വരാജ്? |
| അധ്യായം V | ഇംഗ്ലണ്ടിന്റെ അവസ്ഥ |
| അധ്യായം VI | നാഗരികത |
| അധ്യായം VII | എന്തുകൊണ്ട് ഇന്ത്യക്കു നഷ്ടപ്പെട്ടു? |
| അധ്യായം VIII | ഇന്ത്യയുടെ അവസ്ഥ |
| അധ്യായം IX | ഇന്ത്യയുടെ അവസ്ഥ (റെയിൽവെ) |
| അധ്യായം X | ഇന്ത്യയുടെ അവസ്ഥ (ഹിന്ദുക്കളും മുസ്ലീംങ്ങളും) |
| അധ്യായം XI | ഇന്ത്യയുടെ അവസ്ഥ (വക്കീലന്മാർ) |
| അധ്യായം XII | ഇന്ത്യയുടെ അവസ്ഥ (വൈദ്യന്മാർ) |
| അധ്യായം XIII | എന്താണ് യഥാർത്ഥ നാഗരികത? |
| അധ്യായം XIV | എങ്ങനെ ഇന്ത്യയ്ക്ക് സ്വതന്ത്രയാകാൻ കഴിയും? |
| അധ്യായം XV | ഇറ്റലിയും ഇന്ത്യയും |
| അധ്യായം XVI | മൃഗീയശക്തി |
| അധ്യായം XVII | സഹനസമരം |
| അധ്യായം XVIII | വിദ്യാഭ്യാസം |
| അധ്യായം XIX | യന്ത്രം |
| അധ്യായം XX | ഉപസംഹാരം |


ഇതിൽ വളരെ ശാസ്ത്രീയവും ലളിതവുമായാണ് ആശയങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്. ഒരു ചെറിയ കുട്ടിയ്ക്കുപോലും മനസിലാകുന്ന സംഭാഷണ ശൈലിയിലാണ് രചന. എന്നാൽ, ചില അവസരങ്ങളിൽ വളരെ ശക്തമായ ഭാഷയിൽ തന്റെ എതിർപ്പുകൾ പ്രകടിപ്പിക്കുന്നതിനും ഗാന്ധിജി ശ്രമിച്ചിട്ടുണ്ട്. ആധുനികനാഗരികതയുടെ പ്രശ്നങ്ങളെക്കുറിച്ചും നമ്മുടെ സമൂഹത്തിൽ അത് ഉളവാക്കിയ മാറ്റത്തെക്കുറിച്ചുമാണ് ഗാന്ധിജി ഈ പുസ്തകത്തിൽ പ്രധാനമായും ചർച്ചചെയ്യുന്നത്. ഇതുകൂടാതെ, സ്വരാജ് എന്ന ആശയത്തെക്കുറിച്ചും, ബ്രിട്ടീഷ് പാർലമെന്റ്, യഥാർഥനാഗരികത, സഹനസമരം (Passive resistance), വിദ്യാഭ്യാസം, യന്ത്രവത്ക്കരണം എന്നീ ആശയങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ഈ ആശയങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യാം.

**ചിന്തിക്കുക പങ്കുവയ്ക്കുക**

*ഒന്നാം വർഷത്തിൽ ഗ്രാമസ്വരാജിനെപ്പറ്റി പഠിച്ചിട്ടുണ്ടല്ലോ? സ്വരാജ് എന്ന ആശയത്തെപ്പറ്റി വിശദീകരിക്കാൻ കഴിയുമോ?*

## ഗാന്ധിയൻ സ്വരാജ്

ഹിന്ദ് സ്വരാജിന്റെ നാലാം അധ്യായത്തിലാണ് ഗാന്ധിജി സ്വരാജിനെക്കുറിച്ചുള്ള തന്റെ ആശയങ്ങൾ വ്യക്തമാക്കിയിരിക്കുന്നത്. സ്വരാജ് എന്ന വാക്കിന്റെ വാച്യാർഥം സ്വയംഭരണം എന്നാണ്. സ്വരാജിന്റെ ജനകീയാർത്ഥം രാഷ്ട്രീയ സ്വാതന്ത്ര്യം എന്നാണ്. എന്നാൽ, ബ്രിട്ടീഷുകാരിൽനിന്ന് ഇന്ത്യാക്കാരിലേക്കുള്ള കേവലമായ അധികാരക്കൈമാറ്റമല്ല ഗാന്ധി സ്വരാജ് കൊണ്ട് അർഥമാക്കിയത്. ഗാന്ധിജിയുടെ കാഴ്ചപ്പാടിലുള്ള സ്വരാജിന് വളരെ ബൃഹത്തായ അർത്ഥതലങ്ങളുണ്ട്. സ്വയംഭരണം നേടുന്നതിനും അപ്പുറത്താണ് ഗാന്ധിയുടെ സ്വരാജ്. എല്ലാത്തരത്തിലുമുള്ള നിയന്ത്രണങ്ങളിൽ നിന്നുള്ള മോചനം എന്നാണ് ഗാന്ധിജി സ്വരാജിലൂടെ അർഥ

മാക്കുന്നത് - സ്വയം നിയന്ത്രണം. ഇതാണ് സ്വരാജിന്റെ അടിസ്ഥാനപരവും നിർണായകവുമായ അർഥം. സ്വയം നിയന്ത്രണമെന്നത് ഇന്ദ്രിയങ്ങളെയും വികാരങ്ങളെയും നിയന്ത്രിക്കലാണ്. എന്താണ് സ്വരാജ് എന്നതിനെപ്പറ്റി ഗാന്ധിജി ഹിന്ദ് സ്വരാജിൽ പറയുന്നത് ശ്രദ്ധിക്കുക. "ഒരുവൻ അവനവനെത്തന്നെ ഭരിക്കാൻ പഠിക്കുമ്പോൾ, സ്വയം ഭരിക്കുമ്പോൾ, സ്വയംഭരണം, സ്വരാജ് ആയി. ആയതിനാൽ സ്വരാജ് നമ്മുടെ ഉള്ളം കൈയിൽത്തന്നെയുണ്ട്. സ്വരാജ് ഒരു സ്വപ്നമാണെന്നു കരുതി വെറുതെ ഇരിക്കാൻ പറ്റില്ല. ഞാൻ വിഭാവനം ചെയ്യുന്ന സ്വരാജ് എങ്ങനെയുള്ളതെന്നോ? നാമതു നേടിക്കഴിഞ്ഞാൽ അന്യർക്കത് നേടാനുള്ള പ്രേരണ ജീവിതാന്ത്യം വരെ നൽകിക്കൊണ്ടിരിക്കണം. എന്നാൽ, ഓരോ വ്യക്തിക്കും സ്വന്തം അനുഭവം വഴി മാത്രമേ അതിന്റെ നേരറിയാനൊക്കൂ. മുങ്ങിത്താഴുന്ന ഒരാൾക്ക് മുങ്ങുന്ന മറ്റൊരാളെ രക്ഷിക്കാനാവില്ല. അടിമകളായ നമുക്കെങ്ങനെ അന്യരെ സ്വതന്ത്രരാക്കാനാകും?."

അന്നത്തെ ദേശീയവാദികൾ സ്വരാജിനെ കേവലം "സ്വാതന്ത്ര്യം" എന്ന രാഷ്ട്രീയത്തിലേക്ക് ചുരുക്കിയിരുന്നു. ഗാന്ധിജി പറയുന്നു, "നിങ്ങൾ സ്വരാജ് എന്ന് വിളിക്കുന്നതുണ്ടല്ലോ, അത് ശരിയായ സ്വരാജ് അല്ല" തീവ്രദേശീയതയുടെ വിത്തുപാകാൻ ശ്രമിച്ച നേതാക്കൾ ഉൾപ്പെടെയുള്ളവർക്കുള്ള മറുപടി കൂടിയാണിത്.

ഒരുവൻ അവനെ തിരിച്ചറിയുന്നതാണ്, സ്വയം അറിയലാണ് സ്വരാജ്. "അവനവനെ അറിയുന്നതിലൂടെ" മാത്രമേ, അന്യനെയും ഇതര ജീവികളെയും അറിയാനാവൂ എന്ന സത്യം സ്വരാജ് ബോദ്ധ്യപ്പെടുത്തുന്നു. സ്വരാജ് നേടുന്നവൻ സഹജീവികളിലേക്ക് പോകുവാൻ, സമൂഹത്തിലെ സകലതിനെയും ഉൾക്കൊള്ളുന്ന അനുഭവമായി മാറുവാൻ പ്രേരിപ്പിക്കപ്പെടുന്നു.

സത്യഗ്രഹമാണ് സ്വരാജിലേക്കുള്ള മാർഗമെന്നു ഗാന്ധിജി പറയുന്നു. അതു ചലിക്കുന്നത് 'ആത്മീയശക്തിയാലും സ്നേഹശക്തിയാലും' ആണ്. അത് നേടുന്നതിന് സ്വദേശിദർശനം വളരെ അത്യാവശ്യമാണ്.

## പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള ഗാന്ധിയുടെ വിമർശനം

ഹിന്ദ്സ്വരാജിൽ ഗാന്ധിജി ബ്രിട്ടീഷ് പാർലമെന്റിനെ നിശിതമായി വിമർശിക്കുന്നുണ്ട്. കാരണം ബ്രിട്ടീഷ്പാർലമെന്റിനെ പാർലമെന്ററി വ്യവസ്ഥയുടെ മാതാവായി കണക്കാക്കുന്നു. ഗാന്ധിജി എഴുതുന്നു -"പാർലമെന്റുകളുടെ അമ്മ അതിന്റെ ഹിതത്തിനനുസരിച്ച് യാതൊരു നന്മയും ഇന്നേവരെ ചെയ്തിട്ടില്ല. " ഗാന്ധിജി തുടരുന്നു. "സമ്മർദങ്ങളില്ലാതെ ബ്രിട്ടീഷ് പാർലമെന്റിന് ഒന്നും ചെയ്യാൻ കഴിയില്ല. കാലാകാലങ്ങളിൽ മാറുന്ന മന്ത്രിമാരുടെ കൈകളിലാണത്." നേതാവില്ലാത്ത പാർലമെന്റാണത്. പ്രധാനമന്ത്രിയുടെ കീഴിൽ അതിന്റെ മുന്നേറ്റത്തിന് സ്ഥിരതയില്ല.



ബ്രിട്ടീഷ് പാർലമെന്റ്

ജനങ്ങൾ എങ്ങനെയാണോ അങ്ങനെതന്നെയാണ് പാർലമെന്റും. അടിമത്തത്തിന്റെ പ്രതീകമായാണ് ഗാന്ധിജി പാർലമെന്റിനെ പരിഗണിച്ചത്.

ഗാന്ധിജി വിഭാവനം ചെയ്ത പാർലമെന്ററി സംവിധാനം ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട സാമൂഹിക പ്രതിബന്ധതയുള്ള മികച്ച മനുഷ്യരുടെ കൂട്ടായ്മയാണ്. പ്രതിഫലം ഇച്ഛിക്കാതെ ജനനൻമയെ ലക്ഷ്യമാക്കി ഇവർ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസമുള്ള വോട്ടർമാർ വിവേകത്തോടെയേ തീരുമാനങ്ങൾ എടുക്കുകയുള്ളൂ. അത്തരത്തിലുള്ള പാർലമെന്റിന് പരാതികളുടെയോ സമ്മർദത്തിന്റെയോ ആവശ്യമില്ല. ഓരോ ദിവസവും കൂടുതൽ കൂടുതൽ ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി ഈ സംവിധാനം സുഗമമായി മുന്നോട്ടുപോകും.

**ചിന്തിക്കുക പങ്കു വയ്ക്കുക**

*ഗാന്ധിജിയുടെ കാഴ്ചപ്പാടിലുള്ള പാർലമെന്ററി സംവിധാനത്തെയും നിലവിലെ പാർലമെന്ററി സംവിധാനത്തെയും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.*

## നാഗരികതയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ



**നമുക്ക് ചെയ്യാം**

*നിങ്ങൾ നാഗരികതയെക്കുറിച്ച് നേരത്തെ പഠിച്ചിട്ടുണ്ടല്ലോ. നാഗരികതയെപ്പറ്റി ഒരു കുറിപ്പ് തയാറാക്കി ചർച്ചചെയ്യുക.*

സംസ്കാരത്തെയും നാഗരികതയെയും കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് ഹിന്ദ്സ്വരാജിൽ അദ്ദേഹം പങ്കുവയ്ക്കുന്നു. സംസ്കാരം എന്നത് മനുഷ്യന് ശരിയായ കർത്തവ്യമാർഗം കാണിച്ചുകൊടുക്കുന്ന പെരുമാറ്റരീതിയാണ് എന്ന് ഗാന്ധിജി നിർവചിച്ചിരിക്കുന്നു. കർത്തവ്യനിർവഹണവും ധാർമികതയും പരസ്പരപൂരകങ്ങളാണ്. ധാർമികത പിന്തുടരുക എന്നാൽ നമ്മുടെ മനസിന്റേയും ആഗ്രഹങ്ങളുടേയും മേൽ നിയന്ത്രണം ഉണ്ടാവുക എന്നാണർഥം. സ്വയം തിരിച്ചറിയലിന് ഇത് നമ്മെ സഹായിക്കുന്നു. സംസ്കാരത്തിന് സമാനമായ ഗുജറാത്തി പദമാണ് നല്ല പെരുമാറ്റം (Good Conduct).

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ നമ്മുടെ മനസ് അസ്വസ്ഥമായ പക്ഷിയെപ്പോലെയാണ്. കിട്ടുന്തോറും കൂടുതൽ പ്രതീക്ഷിക്കുകയും എത്ര കിട്ടിയാലും അസംതൃപ്തമായിരിക്കുകയും ചെയ്യും. നമ്മുടെ ആഗ്രഹങ്ങൾക്ക് വഴങ്ങുന്തോറും അത് അനിയന്ത്രിതമായിത്തീരുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് നമ്മുടെ പൂർവികർ ആഗ്രഹപൂർത്തീകരണങ്ങൾക്ക് പരിധി നിശ്ചയിച്ചത്. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ഒരു വ്യക്തി ധനവാനായതുകൊണ്ടുമാത്രം സദാ സന്തുഷ്ടനായിരിക്കണമെന്നില്ല. അതുപോലെ തന്നെ ദരിദ്രനായ ഒരാൾ ദുഃഖിതനായിരിക്കണമെന്നുമില്ല. അതായത് സാമ്പത്തികവികസനം സന്തോഷത്തിലേക്കും ദാരിദ്ര്യം അസന്തുഷ്ടിയിലേക്കും നയിക്കണമെ

ന്നില്ല. അതിനാലാണ് നമ്മുടെ പൂർവികർ അമിതമായ ആഡംബരങ്ങളിൽ നിന്നും അനിയന്ത്രിതമായ സന്തോഷത്തിൽ നിന്നും നമ്മെ പിന്തിരിപ്പിച്ചത്.

ലോകത്തിലെതന്നെ ഏറ്റവും മികച്ച സംസ്കാരങ്ങളിൽ ഒന്നായി ഇന്ത്യൻ സംസ്കാരത്തെ ഗാന്ധിജി കരുതുന്നു. ഗാന്ധിജി എഴുതുന്നു, "ലോകത്തൊരിടത്തോ ഏതെങ്കിലും സംസ്കാരത്തിലോ എല്ലാ മനുഷ്യരും പൂർണതയിലെത്തിയിട്ടില്ല. ഇന്ത്യൻ സംസ്കാരത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതു ധാർമികതയ്ക്ക് മുൻതൂക്കം നൽകുന്നു എന്നതാണ്. എന്നാൽ പാശ്ചാത്യസംസ്കാരം അധാർമികതയെ പ്രചരിപ്പിക്കുന്നു. ഇന്ത്യൻ സംസ്കാരം ദൈവവിശ്വാസത്തിൽ അധിഷ്ഠിതമാണ്. എന്നാൽ പാശ്ചാത്യസംസ്കാരം ദൈവത്തെ നിഷേധിക്കുന്നു."

## യഥാർഥ സംസ്കാരത്തിന്റെ / നാഗരികതയുടെ സവിശേഷതകൾ



### *നമുക്ക് ചെയ്യാം*

*ഒരു നല്ല സംസ്കാരത്തിന്റെ സവിശേഷതകൾ എന്തെന്ന് പട്ടിക തയാറാക്കുക.*

- *മൂല്യാധിഷ്ഠിതം*
- *സത്യസന്ധത*
- ------------
- ------------
- ------------
- ------------

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ യഥാർഥസംസ്കാരത്തിന്റെ/ നാഗരികതയുടെ സവിശേഷതകൾ താഴെപ്പറയുന്നവയാണ്.



ഈ കാരണങ്ങളാലാണ് ഗാന്ധിജി ഇന്ത്യൻസംസ്കാരത്തെ ലോകത്തിലെ തന്നെ ഏറ്റവും നല്ല സംസ്കാരങ്ങളിലൊന്നായി കണക്കാക്കുന്നത്.

## ആധുനികനാഗരികതയെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിമർശനം

### നമുക്ക് ചെയ്യാം



*ആധുനികനാഗരികതയുടെ ഗുണങ്ങളെയും ദോഷങ്ങളെയും പറ്റി ചർച്ച ചെയ്യുക.*

ആധുനിക നാഗരികതയുടെ കടുത്ത വിമർശകനായിരുന്നു ഗാന്ധിജി. ഹിന്ദ് സ്വരാജിൽ ഗാന്ധിജി ശക്തമായ ഭാഷയിൽ തന്നെ ആധുനികനാഗരികതയെ വിമർശിക്കുന്നു. ഇതിനായി അദ്ദേഹം പൈശാചികം (Satanic), ആത്മാവില്ലാത്തത് (Soulless) അരഭ്രാന്ത് (Halfmad) എന്നീ വാക്കുകൾ ഉപയോഗിക്കുന്നു. ആധുനികനാഗരികത ആത്മാവില്ലാത്ത ഭൗതിക സുഖസൗകര്യങ്ങളുടെ വർധനവിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണെന്നു ഗാന്ധിജി പറയുന്നു. അതാണ് ജീവിതത്തിന്റെ പരമലക്ഷ്യം എന്നു കാണുന്നതും ആധുനികനാഗരികതയുടെ സവിശേഷതയാണെന്ന് ഗാന്ധിജി കൂട്ടിച്ചേർക്കുന്നു.

**ആധുനികനാഗരികതയുടെ പ്രത്യേകതകൾ – ഗാന്ധിജിയുടെ വിശദീകരണത്തിൽ:**

1. ആധുനികനാഗരികതയിൽ ജീവിതത്തിന്റെ ലക്ഷ്യം ഭൗതികനേട്ടങ്ങളും ശാരീരിക സുഖവുമാണ്.
2. ആധുനികനാഗരികതയുടെ പ്രധാന അടയാളം യന്ത്രവത്ക്കരണമാണ്. ഇവിടെ ശാരീരികാധ്വാനത്തിന് പകരമായി യന്ത്രങ്ങൾ ഉപയോഗിക്കുന്നു. ഇത് തൊഴിലാളികളുടെ തൊഴിൽസാഹചര്യങ്ങളെ ദുർബലപ്പെടുത്തുന്നു.
3. സമ്പത്തും അധികാരവും കുറച്ചുപേരുടെ പക്കൽമാത്രം കേന്ദ്രീകരിക്കുന്നു.
4. ആധുനികനാഗരികത ചൂഷണത്തിനും അക്രമത്തിനും വഴിയൊരുക്കുകയും മനുഷ്യനെ കൂടുതൽ സ്വാർഥനും തന്നിഷ്ടക്കാരനുമാക്കുന്നു.
5. മതത്തിനോ ധാർമികതയ്ക്കോ ആധുനികനാഗരികതയിൽ യാതൊരു സ്ഥാനവുമില്ല. ഇത് ധാർമികവും ആത്മീയവുമായ വളർച്ച തടയുന്നു.
6. തന്നിഷ്ടപ്രകാരം എന്തും എഴുതുന്നതിനും ജനമനസുകളെ മലിനമാക്കുന്നതിനുമുള്ള സ്വാതന്ത്ര്യം നൽകുന്നു.
7. ജീവിതചര്യയിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ പുതിയ രോഗങ്ങൾക്കു കാരണമാവുകയും ഇതിന് പരിഹാരമായി ധാരാളം ആശുപത്രികൾ നിർമിക്കുകയും ചെയ്യുന്നു.
8. ആധുനികനാഗരികതയിൽ പണവും ആഡംബരങ്ങളും മനുഷ്യനെ അടിമപ്പെടുത്തുന്നു.
9. ഉപഭോഗക്രമങ്ങളിൽ ഗുരുതരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുകയും ഗ്രാമവ്യവസ്ഥിതിയെ നശിപ്പിക്കുകയും ചെയ്യുന്നു.

10. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ, അർഹമായതിന് മാത്രം അതിജീവനം എന്നീ തത്ത്വങ്ങളിൽ അധിഷ്ഠിതമാണ് ആധുനികനാഗരികത.



### നമുക്കു ചെയ്യാം

ഇന്ത്യൻ സംസ്കാരവും ആധുനികസംസ്കാരവും തമ്മിൽ താരതമ്യം ചെയ്യുക

| ഇന്ത്യൻ സംസ്കാരം | ആധുനികസംസ്കാരം |
|---|---|
| • ധാർമിക ഉന്നതിയെ ലക്ഷ്യമാക്കുന്നു<br>• ആത്മീയതയിലധിഷ്ഠിതം<br>•<br>• | • അധാർമികത പ്രചരിപ്പിക്കുന്നു<br>• ഭൗതികതയിൽ അധിഷ്ഠിതം<br>•<br>• |

ഹിന്ദ്സ്വരാജിന്റെ 17, 18, 19 അധ്യായങ്ങളിൽ സഹനസമരം, വിദ്യാഭ്യാസം, യന്ത്രം എന്നിവയെക്കുറിച്ചുള്ള ഗാന്ധിജിയുടെ വീക്ഷണങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

## സത്യഗ്രഹം (Passive Resistance)

ദക്ഷിണാഫ്രിക്കയിൽ വച്ച് ഏഷ്യാറ്റിക് രജിസ്ട്രേഷൻ ആക്ടിനെതിരെയാണ് ഗാന്ധിജി സത്യഗ്രഹം എന്ന സമരമുറ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. സത്യഗ്രഹത്തിന് പകരം ഗാന്ധിജി പലപ്പോഴും പാസീവ് റെസിസ്റ്റൻസ് എന്ന പദവും ഉപയോഗിക്കാറുണ്ട്. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സ്വയം സഹനത്തിലൂടെയുള്ള അവകാശസമരമാണ് സത്യഗ്രഹം. ഇത് ആയുധരഹിതമായ പ്രതിരോധമാണ്. ഇതിൽ ത്യാഗമനോഭാവത്തിനു സുപ്രധാനമായ ഒരിടമുണ്ട്. ധീരന്റെ ആയുധമായി ഇതു കണക്കാക്കപ്പെടുന്നു. യഥാർഥ സ്വയംഭരണം സത്യഗ്രഹത്താൽ നയിക്കപ്പെടുമ്പോൾ മാത്രമേ യാഥാർഥ്യമാകുന്നുള്ളൂ. സ്വയംഭരണമല്ലാത്തതെല്ലാം വൈദേശികാധിപത്യങ്ങളാണ്.

ഗാന്ധിജി ഹിന്ദ്സ്വരാജിൽ ഇപ്രകാരം എഴുതി " ശാരീരികദൗർബല്യമുള്ളവർക്കും സ്വീകരിക്കാവുന്ന സമരായുധമാണിത്. ജനലക്ഷങ്ങൾക്ക് ഏറ്റെടുക്കാവുന്നതുപോലെ വ്യക്തിഗതമായും സ്വീകരിക്കാവുന്ന സമരമാണിത്. സ്ത്രീക്കും പുരുഷനും ഒരുപോലെ ഉപയോഗിക്കാൻ പറ്റുന്ന സമരായുധമാണിത്." സത്യഗ്രഹം ഒരു ഇരുതലവാളാണ്. അത് പ്രയോഗിക്കുന്നവനേയും, അതിനാൽ പ്രയോഗത്തിന് ഇരയാകുന്നവനേയും അത് സഹായിക്കും. ഒരു തുള്ളി രക്തച്ചൊരിച്ചിൽപോലുമില്ലാതെ ദൂരവ്യാപകമായ ഫലം ഉളവാക്കാൻ അത് സഹായിക്കും. നിർഭയത്വമില്ലാതെ സത്യഗ്രഹം ഒരടിപോലും മുന്നോട്ടുപോവുകയില്ല. അതായത് മരണത്തെക്കുറിച്ചോ, ശാരീരിക വൈഷമ്യത്തെക്കുറിച്ചോ, സമ്പത്തിനെക്കുറിച്ചോ, സ്ഥാനമാനങ്ങളെക്കുറിച്ചോ ഉള്ള ആകാംക്ഷയിൽ നിന്നും മുക്തനായിക്കൊണ്ടു മാത്രമേ സത്യഗ്രഹം എന്ന ആയുധം പ്രയോഗിക്കാൻ കഴിയുകയുള്ളൂ.

## വിദ്യാഭ്യാസം

ഹിന്ദ് സ്വരാജിൽ ഗാന്ധിജി ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തെ വിമർശിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം നമ്മുടെ രാജ്യത്തെ അടിമത്തത്തിലേക്കു നയിച്ചു. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ സ്വഭാവ രൂപീകരണത്തിനാണ് മുൻതൂക്കം നൽകിയിരുന്നത്. അന്നത്തെ പ്രാഥമികവിദ്യാഭ്യാസം അക്ഷരാഭ്യാസത്തെ വിദ്യാഭ്യാസമായി കണ്ടിരുന്നെങ്കിലും അത് പൂർണമല്ലെന്ന് ഗാന്ധിജി വിശ്വസിച്ചു. ഒരു വ്യക്തിയെ സമഗ്രവും സമാധാനപൂർണവുമായ ജീവിതം നയിക്കുന്നതിന് സഹായിക്കുന്ന പ്രക്രിയയാണ് ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ യഥാർഥ വിദ്യാഭ്യാസം. ഇത് സാധ്യമാകണമെങ്കിൽ വിദ്യാഭ്യാസത്തോടൊപ്പം ധാർമികബോധനം കൂടി ഉൾക്കൊള്ളണം. സ്വന്തം കടമ നിറവേറ്റാൻ പ്രാപ്തരാക്കാത്ത വിദ്യാഭ്യാസസമ്പ്രദായത്തെ ഗാന്ധിജി വിദ്യാഭ്യാസമായി പരിഗണിക്കുന്നില്ല.

**ചിന്തിക്കുക പങ്കുവയ്ക്കുക**

*ഗാന്ധിജിയെ സംബന്ധിച്ച് സ്വഭാവമഹിമയില്ലാത്ത വിദ്യാഭ്യാസം ഒരു പാപമാണ്. ഇതിനോടു യോജിക്കുന്നുണ്ടോ? നിങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കുക.*

## യന്ത്രങ്ങൾ

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ആധുനികനാഗരികതയുടെ മുഖ്യ അടയാളമാണ് യന്ത്രങ്ങൾ. അത് വലിയ ഒരു പാപത്തെ സൂചിപ്പിക്കുന്നു. മനുഷ്യൻ യന്ത്രങ്ങളുടെ അടിമയായി തീർന്നിരിക്കുന്നു. ഇന്ത്യയെ ദാരിദ്ര്യത്തിലേക്ക് നയിച്ചതും ഈ യന്ത്രങ്ങളാണ്. ഗാന്ധിജി ഇപ്രകാരം എഴുതി "മാഞ്ചസ്റ്റർ നമുക്ക് വരുത്തിവച്ച വിപത്തുകൾ അളക്കാവുന്നതല്ല. ഇന്ത്യാക്കാരുടെ കൈത്തൊഴിലുകൾ എല്ലാം അപ്രത്യക്ഷമായത് മാഞ്ചസ്റ്റർ കാരണമാണ്." അതിനാൽ മനുഷ്യന്റെ കായികാധ്വാനത്തെ ലഘൂകരിക്കുന്ന എല്ലാ യന്ത്രങ്ങളേയും ഗാന്ധിജി എതിർത്തു. ഇന്ത്യയിലെ തൊഴിലില്ലായ്മയ്ക്കും പട്ടിണിക്കും കാരണം




**നമുക്ക് ചെയ്യാം**



*മുകളിൽക്കൊടുത്തിട്ടുള്ള ചിത്രം നോക്കി യന്ത്രവൽക്കരണത്തോടുള്ള ഗാന്ധിയുടെ സങ്കൽപങ്ങൾ കണ്ടെത്തുക.*

യന്ത്രവൽക്കരണമാണെന്ന് ഗാന്ധിജി വിശ്വസിച്ചു. അതിനാൽ ഗാന്ധിജി ഇങ്ങനെ നിരീക്ഷിച്ചു, "ഈ യാഥാർത്ഥ്യം മനസിലാക്കി നാം കാലക്രമേണ യന്ത്രവൽക്കരണത്തിൽ നിന്നും മോചിതരാകണം. നമ്മുടെ യഥാർഥലക്ഷ്യത്തിലെത്തിച്ചേരുന്നതിന് കുറുക്കുവഴികളൊന്നുമില്ല. യന്ത്രവൽക്കരണത്തെ ഒരനുഗ്രഹമായി കാണുന്നതിനു പകരം അതിനെ ഒരു ശാപമായി കാണുകയാണെങ്കിൽ കാലക്രമേണ അത് ഇല്ലാതെയാകും." പരിഷ്കൃതമായ സാങ്കേതികവിദ്യയ്ക്ക് പകരമായി നമ്മുടെ പരമ്പരാഗത തനത് സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കണമെന്ന് ഗാന്ധിജി പറയുന്നു. "ഇതിൽക്കൂടി മാത്രമേ നമ്മുടെ ആരോഗ്യത്തെയും സമ്പത്തിനെയും സംരക്ഷിക്കുന്നതിനും സ്വദേശിമനോഭാവം വളർത്തുന്നതിനും സ്വയംഭരണം നടപ്പിലാക്കുന്നതിനും കഴിയുകയുള്ളു."

## ഹിന്ദ്സ്വരാജിന്റെ അവസാന അധ്യായം

ഹിന്ദ്സ്വരാജിന്റെ അവസാന അധ്യായത്തിൽ ഒരു ഇന്ത്യക്കാരന് വേണ്ട പെരുമാറ്റച്ചട്ടത്തെപ്പറ്റി പറയുന്നുണ്ട്.

1. അപൂർവം അവസരങ്ങളിൽ മാത്രമേ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാവൂ.

2. ഒരു അഭിഭാഷകനാണെങ്കിൽ, അദ്ദേഹം ആ തൊഴിൽ ഉപേക്ഷിച്ച് ഒരു കൈത്തറി ഇടണം. താൻ നേടിയ അറിവ് തന്റെ ജനങ്ങളെ പ്രബുദ്ധരാക്കുന്നതിനും അവരെ ഇംഗ്ലീഷുകാരുടെ കണ്ണുതുറപ്പിക്കുന്നതിന് കഴിവുള്ളവരുമാക്കണം. കക്ഷികൾ തമ്മിലുള്ള വഴക്കുകളിൽ ഇടപെടരുത്. കോടതി ബഹിഷ്കരിക്കുകയും തന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും വേണം. ന്യായാധിപനാകുന്നത് നിരസിക്കുകയും വക്കീൽപ്പണി ഉപേക്ഷിക്കുകയും ചെയ്യണം.

3. ഒരു ഡോക്ടറാണെങ്കിൽ ചികിത്സ ഉപേക്ഷിക്കണം. ശരീരത്തെ നന്നാക്കുന്നതിലും നല്ലത് മനസിനെ നന്നാക്കുന്നതാണെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം. ഡോക്ടറാണെങ്കിൽ, ഏതു മതക്കാരനായാലും, ഇക്കാലത്തെ പാശ്ചാത്യ വൈദ്യസ്ഥാപനങ്ങൾ പരിശീലിപ്പിക്കുന്ന പൈശാചികമായ ശസ്ത്രക്രിയകൾ വഴി രോഗം മാറ്റാൻ തുനിയുകയില്ല. അതിനേക്കാൾ ഭേദം ശരീരത്തിന്റെ അസുഖം മാറാതിരിക്കലാണെന്നയാൾ കരുതും.

   ഡോക്ടറാണെങ്കിലും ഉപജീവനത്തിന് അയാൾ ഒരു കൈത്തറി ഇടും. രോഗികൾ വന്നാൽ അവരുടെ രോഗകാരണം വിശദമാക്കി ശരിയായ ശമനത്തിന് രോഗഹേതുക്കളൊഴിവാക്കണമെന്നുപദേശിക്കും. താത്ക്കാലികശമനം വഴി രോഗിയെ പ്രീണിപ്പിക്കുന്ന ഔഷധം നൽകുകയില്ല. മരുന്നു കിട്ടാതെ രോഗി മരിക്കാനിടയായാൽ ലോകർ വ്യാകുലപ്പെടില്ലെന്നും യഥാർഥത്തിൽ അയാൾ രോഗിയോടു കരുണ കാട്ടിയതാണെന്നും അയാൾ മനസിലാക്കും.

4. ധനികനാണെങ്കിൽ ധനചിന്ത കൂടാതെ അയാൾ സത്യം തുറന്നു പറയും. ആരെയും ഭയപ്പെടുകയില്ല. ധനസ്ഥിതി നന്നെങ്കിൽ അയാൾ സ്വന്തം ധനംകൊണ്ട് കൈത്തറികളിടും. കൈത്തൊഴിലുൽപ്പന്നങ്ങൾ ഉപയോഗിക്കും. ഈ മാതൃക

പിന്തുടരാൻ അന്യരെ പ്രേരിപ്പിക്കും. മറ്റേത് ഇന്ത്യാക്കാരനെയും പോലെ ഇതു കുറ്റബോധത്തിന്റെയും പശ്ചാത്താപത്തിന്റെയും വിലാപത്തിന്റെയും നാളുകളാണെന്ന് അയാളറിയും. ഇംഗ്ലീഷുകാരെ പഴിക്കുന്നതിൽ കാര്യമില്ലെന്നും അവരിവിടെ വന്നതും തുടരുന്നതും നാം നിമിത്തമാണെന്നും അവർ പോകുകയോ മനസുമാറ്റുകയോ ചെയ്യുന്നത് നാം സ്വയം മാറുമ്പോഴാണെന്നും മറ്റുള്ളവർക്കൊപ്പം അയാൾ മനസ്സിലാക്കും. ദുഃഖാചരണദിനങ്ങളിൽ സുഖഭോഗങ്ങളരുതെന്നും നമ്മുടെ ഈ പതനഘട്ടത്തിൽ സുഖകരം ജയിൽവാസമോ പ്രവാസമോ ആണെന്നും അയാൾ അറിയും. ജനങ്ങളുമായി ബന്ധപ്പെടുന്നതിന് ജയിൽവാസം ഒഴിവാക്കണമെന്ന വിചാരം അന്ധവിശ്വാസമാണെന്നയാൾ മനസിലാക്കും. വാക്കിനേക്കാൾ മുന്തിയത് പ്രവൃത്തിയാണ്. വിചാരത്തിനൊത്തിരിക്കണം വാക്ക്. പ്രത്യാഘാതങ്ങളെന്തുതന്നെയായാലും വിചാരിച്ചത് പറയുകയും പറഞ്ഞത് പ്രവർത്തിക്കുകയും വേണം. അങ്ങനെ പ്രവർത്തിക്കുന്നവന്റെ വാക്കാണ് ജനങ്ങളിൽ മാറ്റമുണ്ടാക്കുന്നതെന്ന് മറ്റുള്ളവർക്കൊപ്പം അയാൾ മനസ്സിലാക്കും. ക്ലേശസഹനത്തിലൂടെ മാത്രമേ സ്വാതന്ത്ര്യപ്രാപ്തിയുള്ളൂ എന്ന് അന്യരെപ്പോലെ അയാളറിയും. ആന്തമാൻ ദ്വീപുകളിലേക്ക് ആജീവനാന്തം നാടുകടത്തപ്പെടുന്നതുപോലും പാശ്ചാത്യപരിഷ്കാരപ്രോത്സാഹനമെന്ന പാപത്തിന് മതിയായ പരിഹാരമാകുന്നില്ലെന്ന് മറ്റുള്ളവരെപ്പോലെ അയാളറിയും. ഏതു രാഷ്ട്രവും സഹനത്തിലൂടെ മാത്രമേ മുന്നേറിയിട്ടുള്ളൂ എന്നും കായികയുദ്ധമുറകളിൽ പോലും കൊല്ലുന്നതിലല്ല സഹനത്തിലാണ് യഥാർഥ പരീക്ഷണമെന്നും സഹനസമരത്തിൽ പിന്നെയതെടുത്തുപറയേണ്ടതില്ലെന്നും അയാളറിയും.

ഇന്ത്യയിലും ദക്ഷിണാഫ്രിക്കയിലും നിലനിന്നിരുന്ന ഹിംസാത്മകമായ നിലപാടുകൾക്കുള്ള മറുപടിയായാണ് ഗാന്ധിജി ഹിന്ദ് സ്വരാജ് രചിച്ചത്. ഹിന്ദ്സ്വരാജ് വായിച്ച ഗോപാലകൃഷ്ണഗോഖലെ, ഇതിലെ ആശയങ്ങൾ വേണ്ടത്ര ആലോചിക്കാതെ രൂപപ്പെടുത്തിയതാണെന്നും ഗാന്ധിജി ഇന്ത്യയിൽ ഒരു വർഷം ജീവിച്ചാൽ അദ്ദേഹം തന്നെ ഈ പുസ്തകം നശിപ്പിക്കുമെന്നും പ്രവചിച്ചെങ്കിലും ഗാന്ധിജി തന്റെ ആശയങ്ങളിൽ ഉറച്ചുനിൽക്കുകയാണ് ഉണ്ടായത്. ഒരു വർഷത്തിനുള്ളിൽ ഗാന്ധിജി ഹിന്ദ് സ്വരാജിന്റെ ഒരു പ്രതി ടോൾസ്റ്റോയിക്ക് അയച്ചുകൊടുക്കുകയുണ്ടായി. അദ്ദേഹം ഇപ്രകാരമാണ് പ്രതികരിച്ചത്. "ഞാൻ താങ്കളുടെ പുസ്തകം വളരെയധികം താൽപര്യത്തോടെയാണ് വായിച്ചത്. അതിൽ പ്രതിപാദിച്ചിരിക്കുന്ന പാസീവ് റെസിസ്റ്റൻസ് എന്ന ആശയം ഇന്ത്യാക്കാർക്ക് മാത്രമല്ല ലോകജനതയ്ക്ക് മുഴുവൻ പ്രയോജനപ്പെടുത്താവുന്നതാണ്."

## ഹിന്ദ് സ്വരാജിന്റെ പ്രസക്തി

ഗാന്ധിയൻ ആശയങ്ങളുടെ അന്തസ്സത്തയായി കണക്കാക്കാവുന്ന പുസ്തകമാണ് ഹിന്ദ്സ്വരാജ്. ഇന്ന് നാം അഭിമുഖീകരിക്കുന്ന ആധുനികസംസ്കാരത്തിന്റെ പ്രശ്നങ്ങൾ എല്ലാം തന്നെ ഗാന്ധിജി ഹിന്ദ്സ്വരാജിൽ വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ

പരിസ്ഥിതിയിലും ജൈവഘടനയിലും ഒക്കെ ഉണ്ടായിരിക്കുന്ന മാറ്റങ്ങൾക്ക് കാരണം യന്ത്രവൽക്കരണമാണെന്ന് ഹിന്ദ്സ്വരാജിൽ ഗാന്ധിജി പറയുന്നു. ഇന്ന് നാം അഭിമുഖീകരിക്കുന്ന സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവുമായ പ്രശ്നങ്ങളെ മുൻകൂട്ടിക്കണ്ട വ്യക്തിയാണ് ഗാന്ധിജി. ഹിന്ദ് സ്വരാജിൽ ഈ പ്രശ്നങ്ങളെല്ലാം വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. 100 വർഷങ്ങൾക്കു ശേഷവും ഈ പ്രശ്നങ്ങൾ യാതൊരു മാറ്റവുമില്ലാതെ തുടരുന്നു. ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരവും ഗാന്ധിജി ഹിന്ദ് സ്വരാജിൽ നിർദേശിക്കുന്നു. പക്ഷേ നാം ഉൾക്കൊള്ളാൻ ശ്രമിക്കുന്നില്ലെന്നു മാത്രം. അഹിംസാധിഷ്ഠിതവും പ്രകൃതികേന്ദ്രീകൃതവും ചൂഷണ രഹിതവും നിസ്വാർഥമായ ലളിതജീവിതവുമാണ് ഹിന്ദ്സ്വരാജിലൂടെ നിർദേശിക്കുന്നത്.




ഗാന്ധിജി എഴുതിയ ആദ്യഗ്രന്ഥമാണ് ഹിന്ദ്സ്വരാജ്. ഗാന്ധിയൻ ആശയങ്ങളുടെ അന്തസ്സത്ത ഉൾക്കൊള്ളുന്ന പുസ്തകമാണിത്. സ്വരാജ് എന്നാൽ സ്വയംഭരണം അഥവാ സ്വയംനിയന്ത്രണം എന്നാണ്. ഹിന്ദ് സ്വരാജിൽ ഗാന്ധിജി പാർലമെന്ററി ജനാധിപത്യത്തെ നിശിതമായി വിമർശിക്കുന്നു. മനുഷ്യന് കർമമാർഗം കാണിച്ചുതരുന്ന പെരുമാറ്റ രീതിയാണ് സംസ്കാരം എന്ന് ഗാന്ധിജി നിർവചിക്കുന്നു. ലോകത്തിലെ തന്നെ നല്ല നാഗരികതകളിൽ ഒന്നായി ഗാന്ധിജി ഇന്ത്യൻ സംസ്കാരത്തെ കാണുന്നു. ഹിന്ദ്സ്വരാജിൽ ഗാന്ധിജി ആധുനികസംസ്കാരത്തെ നിശിതമായി വിമർശിക്കുന്നു. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ആധുനിക നാഗരികതയുടെ അടയാളം യന്ത്രവൽക്കരണമാണ്. സ്വരാജ് നേടിയെടുക്കുന്നതിനുള്ള രണ്ടു മാർഗങ്ങൾ സത്യഗ്രഹവും സ്വദേശിയുമാണെന്ന് ഗാന്ധിജി പറയുന്നു. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ വിദ്യാഭ്യാസത്തിന്റെ പ്രഥമലക്ഷ്യം സ്വഭാവരൂപീകരണമാണ്. യന്ത്രവൽക്കരണം ഇന്ത്യയെ ദാരിദ്ര്യത്തിലേക്കു നയിച്ചതായി ഗാന്ധിജി കരുതി.

## എനിക്ക് കഴിയും



| | പൂർണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഹിന്ദ് സ്വരാജ് ഗാന്ധിയൻ മാനിഫെസ്റ്റോ ആണെന്ന് തിരിച്ചറിയുന്നു. | | | |
| ഹിന്ദ് സ്വരാജ് എഴുതിയ ചരിത്ര പശ്ചാത്തലം വിലയിരുത്തുന്നു. | | | |
| സ്വരാജ് വിശദമാക്കാൻ കഴിയുന്നു. | | | |
| യഥാർഥ നാഗരികതയുടെ മേന്മകൾ വിശദമാക്കാൻ കഴിയുന്നു. | | | |
| ആധുനികസംസ്കാരത്തിന്റെ ലക്ഷ്യങ്ങൾ വിശകലനം ചെയ്യാൻ കഴിയുന്നു. | | | |
| ഹിന്ദ് സ്വരാജിന്റെ പ്രസക്തി വിലയിരുത്താൻ കഴിയുന്നു. | | | |

## മാതൃകാചോദ്യങ്ങൾ

- ഹിന്ദ് സ്വരാജ് രചിക്കുന്നതിന് ഗാന്ധിജിയെ പ്രേരിപ്പിച്ച ചരിത്രപശ്ചാത്തലം ചർച്ച ചെയ്യുക.
- ഗാന്ധിജിയുടെ സ്വരാജ് എന്ന ആശയം വിശകലനം ചെയ്യുക.
- “ഹിംസയ്ക്കും ചൂഷണത്തിനുമുള്ള വഴി തെളിയിച്ചുനൽകുന്ന ആധുനികനാഗരികത മനുഷ്യനെ കൂടുതൽ സ്വാർഥനും അത്യാഗ്രഹിയുമാക്കിമാറ്റുന്നു.” ഇതിനോടു യോജിക്കുന്നുണ്ടോ? സാധൂകരിക്കുക.
- യഥാർഥനാഗരികതയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ വിശദമാക്കുക.
- ബ്രിട്ടീഷ് പാർലമെന്ററിസംവിധാനത്തെ ഹിന്ദ് സ്വരാജിൽ ഗാന്ധിജി നിശിതമായി വിമർശിച്ചിരുന്നു. കാരണങ്ങൾ വിശകലനം ചെയ്യുക.
- ഇന്ത്യയിലെ ദാരിദ്ര്യത്തിന്റേയും തൊഴിലില്ലായ്മയുടേയും മൂലകാരണം യന്ത്രവൽക്കരണമാണെന്ന് ഗാന്ധിജി വിശ്വസിച്ചു. കാരണങ്ങൾ വിലയിരുത്തുക.
- മഹാത്മാഗാന്ധിയുടെ മാനിഫെസ്റ്റോ ആയി ഹിന്ദ്സ്വരാജ് പരിഗണിക്കപ്പെടുന്നു. വിലയിരുത്തുക.

## Reference


1. *Hind Swaraj, M.K. Gandhi, Navjivan Publishing House, Ahmedabad.*
2. *The Story of my Experiments with Truth, M.K.Gandhi, Navjivan Publishing House, Ahmedabad*
3. *Mahatma, D.G. Tendulkar, Publication Division, Govt. of India.*
4. *Village Swaraj, M.K. Gandhi, Navjivan Publishing House, Ahmedabad*
5. *M.K. Gandhi's Hind Swaraj - A Critical Edition, Suresh Sharma, Tridip Suhrud, Orient Balckswan Private limited, New Delhi.*

# 02 ഗാന്ധിജിയുടെ വിദ്യാഭ്യാസ ദർശനം



## ഉള്ളടക്കം


- വിദ്യാഭ്യാസനിർവചനങ്ങൾ
- ഗാന്ധിജിയുടെ നവവിദ്യാഭ്യാസപദ്ധതി
- വാർധാ വിദ്യാഭ്യാസപദ്ധതി
- ഗാന്ധിയൻവിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ
- വാർധാ വിദ്യാഭ്യാസപദ്ധതിയുടെ സവിശേഷതകൾ
- അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രം
- അടിസ്ഥാനവിദ്യാലയങ്ങളുടെ ദൈനംദിനപ്രവർത്തനം
- സഹബന്ധത്തിന്റെ സങ്കേതങ്ങൾ
- അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ മേന്മകൾ
- സ്വാതന്ത്ര്യാനന്തരവിദ്യാഭ്യാസം
- സമാധാനത്തിനായുള്ള വിദ്യാഭ്യാസം – ഗാന്ധിയൻ വീക്ഷണം
- ഗാന്ധിജിയുടെ സമഗ്രവിദ്യാഭ്യാസദർശനം


Z5L2Y7

## പഠനനേട്ടങ്ങൾ

- വിദ്യാഭ്യാസം എന്ന സംജ്ഞയെ നിർവചിക്കാൻ കഴിയുന്നു.
- വിദ്യാഭ്യാസപ്രക്രിയയുടെ വിവിധ ലക്ഷ്യങ്ങൾ തിരിച്ചറിയുന്നു.
- ഇന്ത്യൻ വിദ്യാഭ്യാസചരിത്രത്തിന്റെ വിവിധ ഘട്ടങ്ങൾ തരംതിരിച്ച് വിശദീകരിക്കാൻ പ്രാപ്തി നേടുന്നു.
- ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദമാക്കുന്നു.
- ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയായ അടിസ്ഥാന വിദ്യാഭ്യാസവും അതിന്റെ സവിശേഷതയും വിലയിരുത്തുന്നു.
- കൈത്തൊഴിൽ വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങളും പ്രാധാന്യവും തിരിച്ചറിയുന്നു.
- അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രം വിശകലനം ചെയ്യുന്നു.
- സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലെ വിദ്യാഭ്യാസപുരോഗതിയെ വിമർശനാത്മകമായി വിലയിരുത്തുന്നു.
- സമാധാനത്തിലേക്കു നയിക്കുന്ന വിദ്യാഭ്യാസത്തെ തിരിച്ചറിയുന്നു.

വിദ്യാഭ്യാസം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർഥമാക്കുന്നത്?

- അറിവുകൾ നേടുക
- തൊഴിൽ പരിശീലിക്കുക
- സ്വഭാവരൂപീകരണം സാധ്യമാക്കുക.



ഗാന്ധിജി വിദ്യാഭ്യാസത്തെ ഇപ്രകാരം നിർവചിച്ചിരിക്കുന്നു. 'കുട്ടികളുടേയും മുതിർന്നവരുടേയും ഉള്ളിലുള്ള ഉത്തമാംശങ്ങളുടെ സമഗ്രമായ വികസനമാണ് വിദ്യാഭ്യാസം കൊണ്ട് ഞാനർഥമാക്കുന്നത്. അതായത് ശരീരം, മനസ്, ആത്മാവ്, ഇവയുടെ സമഗ്ര വികസനം.' വിദ്യാഭ്യാസം പഠിതാവിന്റെ സമഗ്രവികസനം ഉറപ്പാക്കുന്നതായിരിക്കണം. അതായത്, അവന്റെ ശാരീരികവും ബുദ്ധിപരവും ആധ്യാത്മികവുമായ വികസനത്തെ ഉറപ്പിക്കുവാൻ വിദ്യാഭ്യാസത്തിന് കഴിയണം. ഗാന്ധിജിയെ സംബന്ധിച്ച് മനുഷ്യനെന്നത് ബുദ്ധി മാത്രമല്ല, ഭൗതികശരീരം മാത്രമല്ല, കേവലം ആത്മാവ് മാത്രവുമല്ല. ഇവയെല്ലാം സന്തുലിതമായി സമ്മേളിച്ചിരിക്കുന്ന ഒന്നാണ് മനുഷ്യൻ. ബുദ്ധിവികാസം സാധ്യമാക്കുന്ന വിദ്യാഭ്യാസം ശരീരത്തെയും ആത്മാവിനേയും സംയോജിപ്പിച്ചു കൊണ്ടുള്ള വളർച്ചയാണ്. സമഗ്രമായ വ്യക്തിത്വവികാസപ്രക്രിയയിൽ മനസിന്റേയും ശരീരാവയവങ്ങളുടെയും ശരിയായ രീതിയിലുള്ള പ്രവർത്തനം പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ് എന്ന് ഗാന്ധിജി പറയുന്നു. ശാരീരികവും ആത്മീയവുമായ പരിശീലനം കൊണ്ട് മാത്രമേ വ്യക്തിയുടെ സമഗ്രതയുള്ള വികാസം സാധ്യമാവുകയുള്ളൂ. ഇവയെല്ലാം വേർതിരിക്കാൻ പറ്റാത്തവിധം സമഗ്രമായ ഒന്നിന്റെ ഭാഗങ്ങളാണ്. ഒരു മികച്ച സമൂഹത്തേയും അതുപോലെ തന്നെ സമഗ്രമായ മനുഷ്യനേയും സൃഷ്ടിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. എല്ലാ സമൂഹങ്ങളിലും വ്യക്തികൾക്ക് സന്തോഷവും ഐശ്വര്യവും ഉണ്ടാകുന്നത് ശരിയായ വിദ്യാഭ്യാസത്തിലൂടെ മാത്രമാണ്.

ഗാന്ധിജിയെപ്പോലെ നിരവധി വിദ്യാഭ്യാസചിന്തകർ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തങ്ങളുടെ ആശയങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ജനനം മുതൽ മരണം വരെ നീണ്ടു നിൽക്കുന്ന സുദീർഘമായ പ്രക്രിയയാണ് വിദ്യാഭ്യാസം. കേവലം അറിവ് സമ്പാദിക്കുക മാത്രമല്ല വിദ്യാഭ്യാസം. ഒരു വ്യക്തി തന്റെ ജീവിതത്തിന്റെ ശൈശവം, ബാല്യം, കൗമാരം, യൗവനം തുടങ്ങിയ വിവിധഘട്ടങ്ങളിലൂടെ ഔപചാരികമായും

അനൗപചാരികവുമായി നേടുന്ന അറിവിന്റെയും അനുഭവങ്ങളുടേയും ആകെത്തുകയാണ് വിദ്യാഭ്യാസം. അതിനാൽ വിദ്യാഭ്യാസമെന്നത് പത്രമാസികകൾ, യാത്രകൾ, സുഹൃദ്സമ്മേളനങ്ങൾ, പ്രകൃതിയുമായുള്ള ബന്ധം എന്നിവയിലൂടെ ഒരു കുട്ടി ക്ലാസ് മുറിക്ക് അകത്തും പുറത്തുമായി നേടുന്ന അനുഭവങ്ങളുടെ ആകെത്തുകയാണ്. വിശാലമായ അർഥത്തിൽ ജീവിതമാണ് വിദ്യാഭ്യാസം അഥവാ വിദ്യാഭ്യാസ പ്രക്രിയയാണ് ജീവിതം.

## വിദ്യാഭ്യാസത്തിന്റെ വിവിധ നിർവചനങ്ങൾ

ഏതെങ്കിലും വിദ്യാഭ്യാസചിന്തകരെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരെല്ലാം?

- സ്വാമി വിവേകാനന്ദൻ
- രവീന്ദ്രനാഥ ടാഗോർ
- ..........................

നിരവധി വിദ്യാഭ്യാസചിന്തകർ വിവിധകാലങ്ങളിലായി വിദ്യാഭ്യാസത്തെ നിർവചിച്ചിട്ടുണ്ട്. സാമൂഹികജീവിതത്തിനുള്ള മുന്നൊരുക്കമായി വിദ്യാഭ്യാസത്തെ ചില ചിന്തകർ വിശേഷിപ്പിച്ചപ്പോൾ മറ്റു ചിലർ ഇതിനെ ജീവിതാവസാനം വരെ നീണ്ടു നിൽക്കുന്ന പ്രക്രിയയായിട്ടാണ് കണ്ടത്.

‘മനുഷ്യനിലുള്ള ആന്തരികശക്തിയുടെ സ്വാഭാവികവും സന്തുലിതവും അനുക്രമവുമായ വികാസമാണ് വിദ്യാഭ്യാസം.’

പെസ്റ്റലോസി






‘മനുഷ്യനിലുള്ള ദൈവികമായ പരിപൂർണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം’

സ്വാമി വിവേകാനന്ദൻ

‘ജീവിതത്തെ സാർഥകമാക്കുന്ന ഉൾവെളിച്ചവും സ്നേഹവും നമുക്കു നൽകിയ പരമമായ സത്യത്തെ മനസിലാക്കുന്നതിന് വിദ്യാഭ്യാസം നമ്മെ പ്രാപ്തരാക്കുന്നു.’

രവീന്ദ്രനാഥ ടാഗോർ





'നിരന്തരം പുനർനിർമിക്കുന്ന അനുഭവങ്ങളിലൂടെ ജീവിക്കുന്ന ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം.'

ജോൺ ദിവെ

### നമുക്കു ചെയ്യാം



*വിദ്യാഭ്യാസമെന്നതുകൊണ്ട് നിങ്ങൾ എന്താണ് അർഥമാക്കുന്നത്? ഒരു നിർവചനം തയ്യാറാക്കി ക്ലാസിൽ ചർച്ച ചെയ്യുക.*

ഇന്ത്യൻ വിദ്യാഭ്യാസത്തിന് ശക്തവും മഹത്തരവുമായ ഒരു ചരിത്രമുണ്ട്. വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ഭാരതീയസങ്കൽപം ലോകത്തിന് തന്നെ മാതൃകയാണ്. ഇത് സാമ്പത്തിക, ദാർശനിക, ശാസ്ത്രീയ, സാമൂഹിക, ആധ്യാത്മികപുരോഗതികളിൽ പ്രകടമാവുകയും ചെയ്തിട്ടുണ്ട്. ഭാരതീയമായ കാഴ്ചപ്പാട് 'സാ വിദ്യാ യാ വിമുക്തയേ'- മോചനം നല്കുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്നാണ്. വിശപ്പ്, അജ്ഞത, അന്ധവിശ്വാസം, ചൂഷണം തുടങ്ങി എല്ലാവിധ പരിമിതികളിൽ നിന്നുമുള്ള മോചനമാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. സ്വഭാവരൂപീകരണവും ശീലങ്ങളുടെ നവീകരണവും ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങളായിരുന്നു. ബ്രിട്ടീഷ് ആധിപത്യത്തിനുശേഷം ഇന്ത്യയിൽ നിലവിൽ വന്ന ഇംഗ്ലീഷ് വിദ്യാഭ്യാസസമ്പ്രദായത്തിന് ഇന്ത്യയുടെ പാരമ്പര്യങ്ങളിലും സാംസ്കാരികവൈശിഷ്ട്യങ്ങളിലും യാതൊരു വിശ്വാസവും താല്പര്യവും ഉണ്ടായിരുന്നില്ല. തങ്ങളുടെ സ്വാർഥതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ സമ്പ്രദായമാണ് അവർ ഇവിടെ നടപ്പിലാക്കിയത്. താഴെപ്പറയുന്ന പോരായ്മകൾ ഇംഗ്ലീഷ് വിദ്യാഭ്യാസസമ്പ്രദായത്തിനുണ്ട്.

**എന്താണ് യഥാർഥ വിദ്യാഭ്യാസം?**

*സാമൂഹികവും ധാർമികവും വൈകാരികവും മാനസികവും സാംസ്കാരികവുമായി കരുത്തുള്ളതും യുക്തിപരമായി ശരിയായതും സാങ്കേതികമായി മുന്നിട്ടുനിൽക്കുന്നതും ആത്മീയമായി പാകമായതും ധാർമികമായി ശരിയായതും മാനസികജാഗ്രതയുള്ളതും സ്വതന്ത്രവും സ്വയംപര്യാപ്തവുമായ മനുഷ്യവ്യക്തിത്വത്തിന്റെ നിർമാണത്തിനായി ഓരോ മനുഷ്യനിലുമുള്ള ഏറ്റവും മെച്ചപ്പെട്ട ഒന്നിനെ പുറത്തെടുക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.*

ഇത് ഇന്ത്യൻവിദ്യാഭ്യാസത്തെ പാടെ അവഗണിച്ചു

നഗരകേന്ദ്രീകൃതമായ വിദ്യാഭ്യാസസമ്പ്രദായമായിരുന്നു

ഇംഗ്ലീഷ് ആധിപത്യമുള്ള പാഠ്യപദ്ധതിയാണ് നടപ്പിലാക്കിയത്

പാശ്ചാത്യകോയ്മക്ക് പ്രാമുഖ്യം നൽകി

മനുഷ്യനെ കേവലം ഭൗതികവിഭവമായി കാണുന്നു.

ഏകമുഖമായ വിദ്യാഭ്യാസവ്യവസ്ഥയായിരുന്നു

പഠനച്ചെലവ് വളരെ കൂടുതലായിരുന്നു

ഒരു ജനാധിപത്യമതേതരരാജ്യത്തിന്റെ ആവശ്യങ്ങളെ പൂർത്തീകരിക്കുവാൻ അപര്യാപ്തവും കോളനിവാഴ്ചയെ അനുകൂലിക്കുന്നതുമായിരുന്നു.

ഈ സാഹചര്യത്തിലാണ് ഗാന്ധിജി ഒരു പുതിയ വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിക്കുന്നത്.



### നമുക്കു ചെയ്യാം

*ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പോരായ്മകളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.*

### നമുക്ക് അറിയാം



## മെക്കാളെയുടെ മിനിട്സ് (1835)

മെക്കാളെപ്രഭു ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനാണ് മുൻതൂക്കം നൽകിയത്. പൗരസ്ത്യ ഭാഷകളായ അറബിയിലും സംസ്കൃതത്തിലുമുള്ള വിദ്യാഭ്യാസത്തെ അദ്ദേഹം നിരാകരിച്ചു. അവയെക്കാളേറെ ശ്രേഷ്ഠമാണ് ഇംഗ്ലീഷ് ഭാഷയെന്ന് അദ്ദേഹം കരുതി. എല്ലാവർക്കും വിദ്യാഭ്യാസം നൽകുക അസാധ്യമാണ്. ഇന്ത്യയുടെ രക്തവും വർണവുമുള്ള ഒരു വർഗത്തെ ഇംഗ്ലീഷ് അഭിരുചികളും അഭിപ്രായങ്ങളും ധാർമികതയും ബുദ്ധിയും ഉള്ള ഒന്നായി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ സൃഷ്ടിച്ചെടുക്കാം എന്ന് അദ്ദേഹം കരുതി. ആ വിദ്യാഭ്യാസം ഈ പുതിയ വർഗത്തെ ബഹുജനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒന്നാക്കും.

## ഗാന്ധിജിയുടെ നവീനവിദ്യാഭ്യാസസമ്പ്രദായം

ദക്ഷിണാഫ്രിക്കയിലും ഇന്ത്യയിലുമായി ഗാന്ധിജി നടത്തിയ സാമ്പത്തികവും രാഷ്ട്രീയവും കുട്ടികളുടെ വികാസവും സംബന്ധിച്ച നിരവധി നിരീക്ഷണങ്ങളുടേയും പരീക്ഷണങ്ങളുടേയും ആകെത്തുകയാണ് അദ്ദേഹത്തിന്റെ വിദ്യാഭ്യാസാശയങ്ങൾ. ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി സ്ഥാപിച്ച ഫീനിക്സ് സെറ്റിൽമെന്റ് (1904), ടോൾസ്റ്റോയ് ഫാം (1910) എന്നിവിടങ്ങളിൽ ശാരീരികാധ്വാനത്തെ സംബന്ധിച്ച നിരവധി പരീക്ഷണങ്ങൾ അദ്ദേഹം നടത്തുകയുണ്ടായി. ഇത് യന്ത്രങ്ങളുടെ ശക്തിക്കുമേൽ കൈകളുടെ കരുത്തിലുള്ള തന്റെ വിശ്വാസം ദൃഢമാക്കുന്നതിന് സഹായകമായി. ഫീനിക്സിലെ പരീക്ഷണങ്ങളുടെ വിജയം 1910 ൽ ടോൾസ്റ്റോയ് ഫാം തുടങ്ങുവാൻ ഗാന്ധിജിക്ക് പ്രേരണയായി. ഇവിടെ പഠനം പൂർണമായും കായികാധ്വാനത്തെ അടിസ്ഥാനപ്പെടുത്തി മാത്രമായിരുന്നു. ഈ അനുഭവങ്ങളാണ് പിന്നീട് കൈത്തൊഴിൽ കേന്ദ്രീകൃതവും ഉല്പാദനപരവും സ്വയംപര്യാപ്തവുമായ ഒരു പാഠ്യപദ്ധതി രൂപീകരിക്കുന്നതിൽ അദ്ദേഹത്തെ സഹായിച്ചത്. ദേശീയപ്രസ്ഥാനത്തിന്റെ അമരക്കാരനെന്ന നിലയിൽ ബ്രിട്ടീഷ് വിദ്യാഭ്യാസസമ്പ്രദായം ഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരികാവശ്യങ്ങളെ സഹായിക്കുന്നതോ പരിഗണിക്കുന്നതോ ആയിരുന്നില്ലായെന്ന് ഗാന്ധിജി പൂർണമായും തിരിച്ചറിഞ്ഞിരുന്നു. ക്രിയാത്മകവും നിർമാണപരവുമായ ഒരു വിദ്യാഭ്യാസസമ്പ്രദായത്തിലൂടെ മാത്രമേ വ്യക്തികളുടെ ആധ്യാത്മികതയും സമൂഹത്തിന്റെ ധാർമികതയും വീണ്ടെടുക്കുവാൻ കഴിയൂവെന്ന് അദ്ദേഹം വിശ്വസിച്ചു. മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തിലൂടെ വ്യക്തിജീവിതവും സാമൂഹികജീവിതവും പുനർനിർമിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു.

**ചിന്തിക്കുക പങ്കുവയ്ക്കുക**


*ഫീനിക്സ് സെറ്റിൽമെന്റിന്റെയും ടോൾസ്റ്റോയിഫാമിന്റേയും അടിസ്ഥാനത്തിൽ ഗാന്ധിയെ ഒരു പ്രായോഗിക വിദ്യാഭ്യാസ ദാർശനികൻ എന്നു കണ്ട് ചർച്ച ചെയ്ത് റിപ്പോർട്ട് തയാറാക്കുക.*

## വാർധാ വിദ്യാഭ്യാസപദ്ധതി

1937 ജൂണിൽ ഹരിജൻ പത്രത്തിലൂടെ ഗാന്ധിജി തന്റെ വിദ്യാഭ്യാസാശയങ്ങൾ നിരവധി ലേഖനങ്ങളായി പ്രസിദ്ധീകരിച്ചു. പിന്നീട് ഇത് വാർധാ വിദ്യാഭ്യാസപദ്ധതിയായി രൂപപ്പെടുത്തി. വിദഗ്ധരുടെ പരിശോധനക്കും അംഗീകാരത്തിനും വേണ്ടി 1937 ൽ വാർധയിൽ നടന്ന ദേശീയവിദ്യാഭ്യാസസമ്മേളനത്തിൽ രാഷ്ട്രത്തിനായി ഇത് സമർപ്പിക്കുകയും ചെയ്തു. ഈ സമ്മേളനം ഗാന്ധിജിയുടെ അടിസ്ഥാനവിദ്യാഭ്യാസം നടപ്പാക്കുന്നതിനായി ഡോ.സക്കീർ ഹുസൈൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഈ കമ്മിറ്റിയിൽ 9 അംഗങ്ങളാണ് ഉണ്ടായിരുന്നത്. വിശദമായ ഒരു വിദ്യാഭ്യാസരൂപരേഖയും പാഠ്യപദ്ധതിയും തയാറാക്കുവാൻ നിയോഗിക്കപ്പെട്ട ഈ കമ്മിറ്റി 1938 ഏപ്രിലിൽ റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ട് അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ മൗലികമായ പ്രമാണങ്ങളായി ഗാന്ധിജി അംഗീകരിക്കുകയും

1938ൽ ഹരിപുരയിൽ നടന്ന കോൺഗ്രസിന്റെ ദേശീയസമ്മേളനത്തിൽ അവതരിപ്പിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി കൂടുതൽ കമ്മിറ്റികൾ ഉണ്ടാകുകയും ഉള്ളടക്കം വിപുലീകരിക്കുകയും ചെയ്തു.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വാർഷികയോഗത്തിൽവച്ച് ഈ പ്രമേയങ്ങൾ ഒരു ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിത്തറയായി അംഗീകരിക്കപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രായോഗികപരിപാടി വികസിപ്പിച്ചെടുക്കുന്നതിനായി സ്വതന്ത്രമായ ദേശീയവിദ്യാഭ്യാസസമിതിക്ക് ഹിന്ദുസ്ഥാനി താലിംസംഘ് -സമ്മേളനം രൂപം നൽകി. 1945 ൽ സേവാഗ്രാമിൽ ചേർന്ന സമ്മേളനം ഗാന്ധിയുടെ വിദ്യാഭ്യാസത്തെ 'ജീവിതത്തിനുതകുന്ന വിദ്യാഭ്യാസം' എന്ന് വിശേഷിപ്പിക്കുകയും ചെയ്തു. വിദ്യാഭ്യാസത്തിന്റെ സങ്കുചിതവും യാഥാസ്ഥിതികവുമായ വീക്ഷണങ്ങളെ കടപുഴക്കുന്നതായിരുന്നു ഈ ആശയങ്ങൾ. ഇത് ഇന്ത്യൻ സമൂഹത്തിന്റെ സാമൂഹികസാമ്പത്തികഘടനയിൽ സമൂലവും വിപ്ലവാത്മകവുമായ മാറ്റങ്ങൾക്ക് കാരണമാവുമെന്നും അതുവഴി പുതിയൊരു ജീവിതരീതി സൃഷ്ടിക്കപ്പെടുമെന്നും ഗാന്ധിജി വിശ്വസിച്ചു. ഇക്കാരണത്താൽ അടിസ്ഥാനവിദ്യാഭ്യാസം 'നയീ താലീം' എന്ന പേരിൽ അറിയപ്പെട്ടു. ഒരു പതിറ്റാണ്ടുകാലത്തെ പരീക്ഷണങ്ങൾക്കും ചർച്ചകൾക്കും ശേഷം അടിസ്ഥാനവിദ്യാഭ്യാസത്തിന് അന്തിമരൂപം കൈവന്നു. വാർധാസമ്മേളനം താഴെപ്പറയുന്ന നിർദേശങ്ങൾ മുന്നോട്ടുവച്ചു.


ഡോ. സക്കീർ ഹുസൈൻ

1. ഏഴു മുതൽ പതിനാലു വയസുവരെയുള്ള കുട്ടികൾക്ക് സാർവത്രികവും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുക.
2. ബോധനമാധ്യമം മാതൃഭാഷ ആയിരിക്കണം.
3. വിദ്യാഭ്യാസത്തെ ഉല്പാദനക്ഷമമായ ഏതെങ്കിലും കൈത്തൊഴിലുമായി ബന്ധപ്പെടുത്തണം. ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ശേഷിയേയും പ്രാദേശികമായ ആവശ്യങ്ങളെയും പരിഗണിച്ചായിരിക്കണം.
4. കൈത്തൊഴിൽ വഴി ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം പഠനച്ചെലവുകൾക്ക് സഹായകമാവണം.
5. കാലക്രമത്തിൽ ഈ കൈത്തൊഴിൽ ഉൽപ്പന്നങ്ങളിൽ നിന്നുള്ള വരുമാനം കൊണ്ട് അധ്യാപകരുടെ ശമ്പളത്തിനും വിദ്യാലയത്തിന്റെ മറ്റു ചിലവുകൾ നിർവഹിക്കുന്നതിനും കഴിയണം.
6. യാന്ത്രികമായി കൈത്തൊഴിലുകൾ പഠിപ്പിക്കരുത്. ഓരോ കൈത്തൊഴിലിന്റെയും ശാസ്ത്രീയവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. കുട്ടികളുടെ സാമൂഹികവും ശാരീരികവുമായ അവസ്ഥകളോട് ബന്ധപ്പെടുത്തി വേണം കൈത്തൊഴിൽ പരിശീലനം നൽകേണ്ടത്.


## നമുക്കു ചെയ്യാം

*വാർധാവിദ്യാഭ്യാസ പദ്ധതിക്ക് സംഭാവന നൽകിയിട്ടുള്ള പ്രമുഖ വ്യക്തികളെ കണ്ടെത്തുക. അവരുടെ സംഭാവനകളും നിർദേശങ്ങളും ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് തയ്യാറാക്കുക.*

## ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ

രാഷ്ട്രത്തിന്റെ സംസ്കാരവും, നാഗരികതയും , ഭാവിയെക്കുറിച്ചുള്ള അഭിലാഷങ്ങളും പരിഗണിക്കുന്നതായിരിക്കണം തദ്ദേശീയമായ വിദ്യാഭ്യാസം. ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതി പൂർണമായും ഇന്ത്യയുടെ സംസ്കാരത്തേയും നാഗരികതയേയും പരിഗണിക്കുന്നതായിരുന്നു. അത് ഭാവിയെക്കുറിച്ചുള്ള അഭിലാഷങ്ങളെ പൂർത്തീകരിക്കാൻ പര്യാപ്തവുമായിരുന്നു. പഠിതാവിനെ സ്വാശ്രയത്വത്തിലേക്ക് നയിക്കുന്നതിനുതകുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങളാണ് ഗാന്ധിജി വിഭാവനം ചെയ്തത്. ദൈവത്തിലുള്ള വിശ്വാസം, ആത്മസാക്ഷാൽക്കാരം, ആത്മീയവാദം, ദൈവവുമായുള്ള ഏകത്വം ഇവയെല്ലാം ഗാന്ധിയൻ വിദ്യാഭ്യാസചിന്തയുടെ ആത്യന്തികമായ ലക്ഷ്യങ്ങളായിരുന്നു.

ഗാന്ധിയൻ വിദ്യഭ്യാസപദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.




### സന്തുലിതവ്യക്തിത്വവികാസം

യഥാർഥവിദ്യാഭ്യാസം ചലനാത്മകമായ ഒരു പ്രക്രിയയാണ്. ഇത് മനുഷ്യനിലുള്ള ആന്തരികവും സഹജവുമായ കഴിവുകളുടെ നൈസർഗികവും സമഗ്രവുമായ വികസ

നമാകുന്നു ഇതാണ് ഗാന്ധിയൻവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മനസിന്റെയും തലച്ചോറിന്റെയും ശരീരത്തിന്റെയും വികസനം ഇവിടെ ഉറപ്പാക്കുന്നു. ഇത് സമ്പൂർണ വികസനത്തിനും സ്വഭാവരൂപീകരണത്തിനും അതുവഴി നല്ല ജീവിതത്തിലേക്കും നയിക്കുന്നു. കുട്ടിക്കാലം മുതൽ വാർധക്യം വരെയുള്ള വിവിധ ഘട്ടങ്ങളിലൂടെയുള്ള ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം.

**സ്വഭാവരൂപീകരണം**

കുടുംബത്തിന്റെ തുടർച്ചയായാണ് ഗാന്ധിജി വിദ്യാലയത്തെ കാണുന്നത്. കേവലം അക്ഷരജ്ഞാനം നേടുകയെന്നതോ ഉപജീവനമാർഗം കണ്ടെത്തുകയെന്നതോ അല്ല യഥാർഥ വിദ്യാഭ്യാസം. സ്വഭാവരൂപീകരണമാണ് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യമായി ഗാന്ധിജി കാണുന്നത്. ഇതിലൂടെ നാം വളർത്തിയെടുക്കേണ്ടത് ദയ, സേവനം, നിർഭയത്വം, സത്യാന്വേഷണം, ക്ഷമ തുടങ്ങിയ ജീവിതമൂല്യങ്ങളാണ്. അറിവിന്റെ ധർമം സ്വഭാവരൂപീകരണം തന്നെയാണ് എന്ന് ഗാന്ധിജി ഉറച്ച് വിശ്വസിച്ചു.

**സമ്പൂർണജീവിതത്തിനായുള്ള തയാറെടുപ്പ്**

ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സമ്പൂർണമായ ജീവിതത്തിന് ഒരാളെ പ്രാപ്തമാക്കുന്നതാണ് വിദ്യാഭ്യാസം. ഈ പുതിയ കാഴ്ചപ്പാടിൽ സമ്പൂർണജീവിതം സാധ്യമാക്കുന്നത് ധാർമികവും ആധ്യാത്മികവും സാമൂഹികവുമായ ഉയർച്ചയിലൂടെ ഒരു വ്യക്തി ദൈവവും പ്രകൃതിയുമായി സ്ഥാപിക്കുന്ന ഊഷ്മളമായ ബന്ധത്തിലാണ്. ഇത് തികഞ്ഞ സ്വാശ്രയത്വവും ആധ്യാത്മികമായി പ്രബുദ്ധമായ ജീവിതവുമാണ്. വിദ്യാഭ്യാസം കുട്ടിയുടെ ജീവിതവിജയത്തിലേക്കുള്ള മാർഗവും ഉപാധിയുമാകണം.

**സ്വയംപര്യാപ്തത**

ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയുടെ ഉരകല്ലാണ് സ്വയംപര്യാപ്തത. കുട്ടികൾക്ക് സ്വന്തം കാലിൽ നിലയുറപ്പിക്കാൻ നൽകുന്ന പരിശീലനമാണ് ഇവിടെ വിദ്യാഭ്യാസം. ജീവിതത്തിനുവേണ്ടി ജീവിതത്തിൽ നിന്ന്, ജീവിതത്തിലുടനീളം നടക്കുന്ന ഒരു തുടർ പ്രക്രിയയായിട്ടാണ് ഗാന്ധിജി വിദ്യാഭ്യാസത്തെ കാണുന്നത്.

**പൗരത്വപരിശീലനം**

വ്യക്തിത്വവികാസം, അന്തസ്, കാര്യശേഷി, സഹകരണമനോഭാവം തുടങ്ങിയ ഗുണങ്ങൾ പഠിതാക്കളിൽ വികസിക്കുന്നതിനാവശ്യമായ പഠനപ്രവർത്തനങ്ങളാണ് അടിസ്ഥാനവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുതുതലമുറകൾക്ക് താൻ ജീവിക്കുന്ന സമൂഹത്തിലെ പ്രശ്നങ്ങൾ തിരിച്ചറിയുവാനും തന്നാൽ കഴിയുന്ന പരിഹാരം കാണുന്നതിനും കഴിയണം. തങ്ങളുടെ അവകാശങ്ങളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കുറിച്ചും അവർ ബോധ്യമുള്ളവരാകണം. ഇപ്രകാരം രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യാൻ തയ്യാറുള്ള ജനസേവകരെ വാർത്തെടുക്കുക എന്നതാകണം അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് ഗാന്ധിജി പറയുന്നു.

**സാംസ്കാരികലക്ഷ്യം**

സാഹിത്യപരമായ അംശത്തേക്കാൾ സാംസ്കാരികാംശത്തിനാണ് വിദ്യാഭ്യാസ ക്രമത്തിൽ ഗാന്ധിജി പ്രാധാന്യം നല്കിയത്. അദ്ദേഹം പറയുന്നു. "നിങ്ങളുടെ സ്വഭാവത്തിന്റെയും പെരുമാറ്റത്തിന്റെയും ഏറ്റവും ചെറിയ വിശദാംശങ്ങളിൽ നിങ്ങളുടെ ഇരിപ്പ്, നടപ്പ്, വേഷം എന്നിവയിൽ പോലും ആ സംസ്കാരം പ്രകടമാവണം. സമൂഹത്തിന്റെ ക്രമമായ വികാസത്തിനും തുടർച്ചയ്ക്കും സാംസ്കാരികമൂല്യങ്ങളുടെ കൈമാറ്റം അനിവാര്യമാണ്."

**ഉപയുക്തതാലക്ഷ്യം**

അടിസ്ഥാനവിദ്യാഭ്യാസത്തിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത് സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ രാമരാജ്യമെന്ന ആദർശസമൂഹം കെട്ടിപ്പടുക്കുവാനാണ്. ഇത് ഒരു നിശ്ശബ്ദവിപ്ലവത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളു. അദ്ദേഹം മുന്നോട്ടുവയ്ക്കുന്ന കായികാധ്വാനം എന്ന ആശയം രചനാത്മകം മാത്രമല്ല ഒരു ബോധനമാധ്യമമെന്ന നിലയിൽ ഉല്പാദനക്ഷമവുമാണ്. ശാസ്ത്രീയവും സാമൂഹികവുമായി തന്റെ ലക്ഷ്യങ്ങളെ നേടുന്നതിനാണ് ഗാന്ധിജി ഇതുപയോഗിക്കുന്നത്. അടിസ്ഥാന വിദ്യാഭ്യാസം നിലകൊള്ളേണ്ടത് കേവലം സാങ്കേതികതലത്തിലല്ല, ഒരു പുതിയ ആത്മീയതക്കും വിദ്യാഭ്യാസസമീപനത്തിനും കൂടിയാണ്.

**രാമരാജ്യം**

പഠിതാവിലെ ഉത്തമാംശങ്ങളെ പുറത്തുകൊണ്ടുവന്ന് അവനെ പുതിയ മനുഷ്യനാക്കുക എന്നതാണ് ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയുടെ ആത്യന്തികലക്ഷ്യം. സ്കൂളിൽ നിന്നും ലഭിക്കുന്ന സുഘടിതമായ സാമൂഹികജീവിതാനുഭവങ്ങളിൽ നിന്നും നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ ദുരയില്ലാത്ത സാമൂഹികജീവിതക്രമം (സർവോദയ) വികസിപ്പിക്കുന്നതിന് പഠിതാവ് ശേഷിയുള്ളവനാകുന്നു. ഈ സാമൂഹികക്രമം സത്യം, സ്നേഹം, നീതി, സഹകരണാടിസ്ഥാനത്തിലുള്ള പ്രവൃത്തി എന്നിവയിൽ അധിഷ്ഠിതമായിരിക്കും. ഇത് രാമരാജ്യത്തിലേക്കുള്ള പ്രയാണത്തെ ശക്തിപ്പെടുത്തുകയും ചെയ്യും.

**നമുക്ക് അറിയാം**



*ഗാന്ധിജിയുടെ വിദ്യാഭ്യാസത്തിന്റെ ആത്യന്തികവും അനിവാര്യവുമായ ലക്ഷ്യങ്ങൾ പരിശോധിക്കുക.*

**നമുക്കു ചെയ്യാം**



*ഏതൊക്കെയാണ് ഗാന്ധിയൻ വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യങ്ങൾ? അവ ചാർട്ടിൽ പട്ടികപ്പെടുത്തി ക്ലാസിൽ പ്രദർശിപ്പിക്കുക.*

## ഗാന്ധിയൻവിദ്യാഭ്യാസപദ്ധതി അടിസ്ഥാനവിദ്യാഭ്യാസമെന്ന പേരിൽ അറിയപ്പെടുന്നത് എന്തുകൊണ്ട്?

ഈ വിദ്യാഭ്യാസപദ്ധതി അടിസ്ഥാനവിദ്യാഭ്യാസമെന്നു വിളിക്കാൻ കാരണം:

1. ഇന്ത്യൻ സംസ്കാരത്തെയും ജീവിതരീതിയെയും അടിസ്ഥാനപ്പെടുത്തിയാണ് ഈ പദ്ധതി രൂപം കൊണ്ടത്.
2. ജാതി-മത വേർതിരിവില്ലാതെ എല്ലാ മനുഷ്യർക്കും അവകാശപ്പെട്ട പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു
3. ഓരോ കുട്ടിയുടെയും അടിസ്ഥാനാവശ്യങ്ങളും താൽപര്യവും പരിഗണിച്ച് ആന്തരികചോദനയും, സർഗാത്മകതയും, ഉൽപാദനക്ഷമതയും പരിപോഷിപ്പിക്കുന്നതാണ് ഇത്.
4. കുട്ടിയുടെ സാമൂഹികപരിസരത്തിനു ചേർന്ന തൊഴിൽ പരിശീലനമാണ് നൽകുന്നത്.

## വാർധാപദ്ധതിയുടെ സവിശേഷതകൾ

അടിസ്ഥാനവിദ്യാഭ്യാസ (നയീതാലിം) ത്തെ വിപ്ലവാത്മകമായ ഒരു സമീപനമായാണ് ഗാന്ധിജി വിശേഷിപ്പിക്കുന്നത്. വ്യവസ്ഥാപിതകാഴ്ചപ്പാടായ 'ചിന്താശേഷിയുള്ള മനസും, പ്രവർത്തനക്ഷമമായ കൈകളും' എന്ന തത്വത്തെ 'ചിന്തിക്കുന്ന കൈകളും പ്രവർത്തിക്കുന്ന മനസും' എന്ന തലത്തിലേക്ക് ഗാന്ധിജി പരിവർത്തനം ചെയ്യുന്നു. ഈ പദ്ധതിയുടെ പരമോന്നതമായ ലക്ഷ്യം അഹിംസാത്മകവും ചൂഷണരഹിതവുമായ ഒരു സമൂഹത്തെ സ്വാതന്ത്ര്യം, തുല്യത, സാഹോദര്യം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായി രൂപപ്പെടുത്തുക എന്നതാണ്. ഈ വിദ്യാഭ്യാസം പുസ്തക കേന്ദ്രീകൃതം എന്നതിനേക്കാൾ ജീവിതകേന്ദ്രീകൃതമാണ്. വായന, എഴുത്ത്, ഗണിതം (3R) എന്നതിനു പകരം ഹൃദയം, മസ്തിഷ്കം, കൈകൾ (3H) എന്നതിനാണ് ഗാന്ധിജി ഊന്നൽ നൽകിയത്. ഹൃദയത്തിന്റെയും മനസിന്റെയും കൈകളുടെയും വികാസമാണ് സംതൃപ്തവും അനിവാര്യവുമായ വിദ്യാഭ്യാസ പദ്ധതി.

**ചിന്തിക്കുക പങ്കുവയ്ക്കുക**

*സമൂഹത്തിലുള്ള ഏതെങ്കിലും വിദ്യാഭ്യാസ വിവേചനം നിങ്ങൾ കണ്ടിട്ടുണ്ടോ? പുരാതന കാലത്ത് നിലനിന്ന ഏതെങ്കിലും വിദ്യാഭ്യാസ വിവേചനം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവ എന്തൊക്കെയാണ്? താരതമ്യം ചെയ്ത് ക്ലാസിൽ അവതരിപ്പിക്കുക.*

പ്രവർത്തനാധിഷ്ഠിതം അഥവാ 'ചിന്തിക്കുന്ന കൈകൾ' എന്ന തത്വത്തിൽ അധിഷ്ഠിതമാണ് ഗാന്ധിജിയുടെ വിദ്യാഭ്യാസചിന്തകൾ. ഇത് ശുഷ്കമായ വായന, എഴുത്ത്, ഗണിതം എന്ന ആശയത്തെ നിരാകരിച്ച് ഒരു ശരിയായ വിദ്യാഭ്യാസപദ്ധതിക്ക് – (ഹൃദയം, മസ്തിഷ്കം, കൈകൾ) തുടക്കം കുറിച്ചു. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ യഥാർഥ വിദ്യാഭ്യാസം മനുഷ്യനിലുള്ള ആത്മീയ, ധൈഷണിക, ശാരീരികവളർച്ചകളെ ഉത്തേജിപ്പിക്കുന്നതിന് ഉതകുന്നതാകണം.



നമുക്കു ചെയ്യാം

*3R ഉം 3H ഉം തമ്മിൽ താരതമ്യം ചെയ്ത് റിപ്പോർട്ട് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.*

## അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ പ്രധാനസവിശേഷതകൾ




### (1) സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം

ഏഴു മുതൽ പതിനാല് വയസ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്ന് ഗാന്ധിജി നിഷ്കർഷിക്കുന്നു. ഇന്ത്യൻ ജനതയുടെ ജീവിതത്തിനും സംസ്കാരത്തിനും അനുയോജ്യമായ ഒരു വിദ്യാഭ്യാസ പദ്ധതിക്കാണ് ഗാന്ധിജി രൂപം നൽകിയത്. ഇതോടൊപ്പം ബഹുജനബോധനത്തിന്റെ ആവശ്യകത ബോധ്യപ്പെട്ട ഗാന്ധിജി ഇതിനായുള്ള പ്രായോഗികസമീപനവും ഇതിൽ ഉൾപ്പെടുത്തി കാണുന്നു.

### (2) കൈത്തൊഴിൽ കേന്ദ്രീകൃതവിദ്യാഭ്യാസം

കൈത്തൊഴിൽ അഥവാ ഉത്പാദനക്ഷമമായ പ്രവൃത്തിയിലൂടെ അറിവ് കൈമാറുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാനതത്വം. ഈ രീതി പഠിതാവിന്റെ ഇന്ദ്രിയ - കായിക -ചാലക ശേഷികളെ ഏകോപിപ്പിക്കുവാനും അതിലൂടെ തൊഴിലിന്റെ മഹത്വം മനസിലാക്കുവാനും സഹായിക്കുന്നു. മനുഷ്യമനസുകളെ പരിശീലിപ്പിക്കുവാൻ ഗ്രാമീണ കര



കൗശലവസ്തുക്കളുടെ നിർമാണം സഹായകമാണ്. ഒപ്പം അച്ചടക്കവും യാഥാർഥ്യ ബോധവുമുള്ള മനസുകളുടെ രൂപപ്പെടുത്തലും സാധ്യമാകുന്നു. ഈ പദ്ധതിയിൽ കലയും, കരകൗശലവും, ആരോഗ്യവും, വിദ്യാഭ്യാസവും സമന്വയിക്കുന്നു. 'നയീ താലീം' ഈ നാല് ഘടകങ്ങളുടെയും മനോഹരമായ ഒരു കൂടിച്ചേരലാണ്. ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെയുള്ള എല്ലാം വിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളുന്നു.

**ഈ പദ്ധതിയുടെ മേന്മകൾ :**

(1) മനഃശാസ്ത്രപരമായി, കേവലമായ അക്കാദമികവും സൈദ്ധാന്തികവുമായ മടുപ്പിൽ നിന്നും കുട്ടികൾക്ക് ഒരു മോചനമാണ് പ്രവർത്തനാധിഷ്ഠിത വിദ്യാഭ്യാസം.

(2) സാമൂഹികമായി, രാജ്യത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ കുട്ടികൾ കൂടി പങ്കാളികളാവുകയും സമൂഹത്തിൽ നിലനിൽക്കുന്ന തൊഴിലിനെ സംബന്ധിച്ച മുൻവിധികളിലൊന്നായ ശാരീരികാധ്വാനവും ബുദ്ധിപരമായ അധ്വാനവും തമ്മിലുള്ള വേർതിരിവ് ഇല്ലാതാക്കുകയും ചെയ്യുന്നു.

(3) സാമ്പത്തികമായി, തൊഴിലാളികളുടെ ഉത്പാദനക്ഷമത കാര്യക്ഷമമാക്കുവാനും അവരുടെ ഒഴിവുസമയം ഗുണപരമായി പ്രയോജനപ്പെടുത്തുവാനും സാധിക്കുന്നു.

(4) വിദ്യാഭ്യാസകാഴ്ചപ്പാടിൽ, ഇതിന് ജീവിതസാഹചര്യങ്ങളോടുള്ള അടുത്ത ബന്ധം, അറിവ് കൂടുതൽ വസ്തുനിഷ്ഠമാകുന്നതിന് സഹായിക്കുന്നു.



**നമുക്കു ചെയ്യാം**

*കൈത്തൊഴിൽ കുട്ടികൾക്ക് പേശീബലം നൽകുന്നതിനൊപ്പം മെച്ചപ്പെട്ട തൊഴിൽമൂല്യങ്ങളും കരസ്ഥമാക്കാൻ സഹായിക്കുന്നു. ഈ പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുണ്ടോ? കൈത്തൊഴിൽകേന്ദ്രീകൃതവിദ്യാഭ്യാസത്തിന്റെ മികവും പ്രാധാന്യവും കണ്ടെത്തുക?*

## (3) സ്വാശ്രയത്വവും സ്വയംപര്യാപ്തതയും

സ്വയംപര്യാപ്തതയെ രണ്ടുതരത്തിൽ വ്യാഖ്യാനിക്കാവുന്നതാണ്. ഒന്ന് പിൽക്കാല ജീവിതത്തെ മുന്നോട്ട് നയിക്കുന്നതിനുള്ള ശേഷി നൽകുന്ന വിദ്യാഭ്യാസം. രണ്ട്, സ്വയംപര്യാപ്തതക്കായുള്ള വിദ്യാഭ്യാസം. കൈത്തൊഴിൽ കേന്ദ്രീകൃതപദ്ധതി കാര്യക്ഷമമായി നടത്തുന്നതിലൂടെ സ്കൂളിന് ലഭിക്കുന്ന വരുമാനം അധ്യാപകർക്ക് വേതനം നൽകുവാനും കുട്ടികളുടെ മറ്റ് പഠനച്ചെലവുകൾ നിറവേറ്റുവാനും സഹായകമാവുകയും തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുന്ന കുട്ടി പഠനത്തിനു ശേഷം സ്വന്തമായി തൊഴിൽ ചെയ്ത് സത്യസന്ധമായ ജീവിതോപാധി കണ്ടെത്തുന്നതിനും സഹായിക്കുന്നു.

**ചിന്തിക്കുക പങ്കുവയ്ക്കുക**

*സ്വയംപര്യാപ്തനായ ഒരു മനുഷ്യനെ സൃഷ്ടിക്കാൻ വർത്തമാനകാലവിദ്യാഭ്യാസം സഹായിക്കുന്നില്ല. ഈ പ്രസ്താവനയോടു യോജിക്കുന്നുണ്ടോ? നിങ്ങളുടെ ആശയം പങ്കുവയ്ക്കുക.*

### (4) മാതൃഭാഷയിലൂടെയുള്ള പഠനം

വാർധാവിദ്യാഭ്യാസസമ്മേളനത്തിൽ അംഗീകരിച്ച പ്രമേയങ്ങളിലൊന്ന് അധ്യയന മാധ്യമം മാതൃഭാഷ ആയിരിക്കണമെന്നാണ്. ഏതൊരു വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാനം മാതൃഭാഷയിലുള്ള ശരിയായ പരിജ്ഞാനമാണ്. ഫലപ്രദമായി സംസാരിക്കുവാനും തെറ്റുകൂടാതെ വായിക്കുവാനും എഴുതുവാനും ഉള്ള കഴിവ് ഇല്ല എങ്കിൽ ആശയവ്യക്തതയും ചിന്താശേഷിയും ഇല്ലാതാകും. ഇതിലുപരിയായി ഒരു രാജ്യത്തെ ജനങ്ങളുടെ ചിന്തയും വികാരങ്ങളും അഭിലാഷങ്ങളും ഉൾക്കൊള്ളുന്ന പൈതൃകം കൈമാറുന്നതിലും മാതൃഭാഷക്ക് വലിയ സ്ഥാനമുണ്ട്. വിദേശ ഭാഷ കളിലൂടെ ആശയങ്ങളും, സങ്കല്പനങ്ങളും സ്വീകരിക്കുക എന്നത് കുട്ടികൾക്ക് വലിയ ഒരു ഭാരമായിരിക്കും. ശരിയായ രീതിയിൽ എഴുതാനും വായിക്കാനും കഴിവില്ലാത്ത കുട്ടികൾക്ക് ആശയപ്രകാശനവും ദുഷ്കരമായിരിക്കും. മാതൃഭാഷയിലൂടെ കുട്ടികൾക്ക് സമ്പന്നമായ പൈതൃകവും ആശയങ്ങളും ലഭിയ്ക്കുകയും വികാരാവിഷ്കാരങ്ങൾ സാധ്യമാകുകയും ചെയ്യുന്നു.



**നമുക്കു ചെയ്യാം**

*ഏതാണ് നിങ്ങളുടെ ഇഷ്ടഭാഷ? നിങ്ങളുടെ ആശയങ്ങൾ മികച്ച രീതിയിൽ ആവിഷ്കരിക്കാൻ ഏതുഭാഷയാണ് നിങ്ങളെ സഹായിക്കുന്നത്. എന്തുകൊണ്ട്?*

### (5) പൗരത്വപരിശീലനം

അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ മറ്റൊരു പ്രധാനസവിശേഷത സാമൂഹിക ഉത്ത രവാദിത്വമുള്ള പൗരന്മാരായി വളരുവാനും, സാമൂഹ്യസേവനത്തിന്റെയും സഹക രണത്തിന്റെയും മഹത്വവും ആവശ്യകതയും മനസ്സിലാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട് എന്നതുമാണ്. പുതുതലമുറയ്ക്ക് അവരുടെ പ്രശ്നങ്ങളും അവകാശങ്ങളും കടമകളും മനസിലാക്കാനുള്ള അവസരം ഒരുക്കി ക്കൊടുക്കുക എന്നത് ഒരു വിദ്യാഭ്യാസപ്രക്രിയ പ്രാഥമികമായി നിർവഹിക്കേണ്ട ചുമതലയാണ്.

### (6) വഴക്കമുള്ള പാഠ്യപദ്ധതിയും സ്വതന്ത്രമായ ചുറ്റുപാടും

അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ എടുത്തുപറയാവുന്ന സവിശേഷതകളിൽ ഒന്നാണിത്. ഇത് കുട്ടികൾക്ക് അവരുടെ ശേഷികൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിന് സഹായ കമാകുന്നു. ഈ പദ്ധതിയുടെ ഭാഗമായി സ്വതന്ത്രമായും പരീക്ഷാപ്പേടിയില്ലാതെയും അധ്യാപകർക്കും കുട്ടികൾക്കും തങ്ങളുടെ അഭിരുചിക്കനുസരിച്ച് പ്രവർത്തി ക്കുവാനുള്ള സാഹചര്യം ലഭിക്കുന്നു. ആവശ്യമെങ്കിൽ പാഠ്യപദ്ധതിയിൽ മതിയായ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുന്നു. കുട്ടിയുടെ അഭിരുചിയ്ക്കും താത്പര്യത്തിനും അനുസരിച്ച് പഠിക്കുന്ന കാര്യങ്ങൾ ഓർത്തുവെക്കുവാൻ എളുപ്പമാകുന്നു. അതുവഴി വ്യക്തിത്വവികാസത്തിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിന് അധ്യാപകനും കൂടുതൽ എളുപ്പമാകുന്നു.

### (7) സഹബന്ധം

ഓരോ വിഷയവും പ്രത്യേകം പഠിക്കുന്നതിനു പകരം ഇവ തമ്മിലുള്ള പരസ്പര ബന്ധത്തെ മനസിലാക്കിത്തരുന്ന സംയോജിതരീതിയാണ് അടിസ്ഥാനവിദ്യാഭ്യാസം നിർദേശിക്കുന്നത്. യഥാർഥപഠനം ദൈനംദിനജീവിതവുമായി വളരെ അടുത്തു നിൽക്കുന്നതാണ്. മനുഷ്യന്റെ നിലനിൽപ് സാധ്യമാക്കുന്നത്, ശരീരം വിശേഷബുദ്ധി, ആത്മാവ് എന്നിവയുടെ പരസ്പരബന്ധത്തിലും സമഗ്രതയിലുമാണ്. കുട്ടികളുടെ ഭൗതീക-സാമൂഹിക ചുറ്റുപാടുകൾക്കനുസൃതമായ കൈത്തൊഴിൽ തിരഞ്ഞെടുക്കുന്നതിലൂടെ പാഠ്യപദ്ധതി കൂടുതൽ വിശിഷ്ടമാകുന്നതായി ഗാന്ധിജി നിരീക്ഷിക്കുന്നു.

### (8) അഹിംസ

മനുഷ്യകുലത്തിന്റെ അടിസ്ഥാനതത്ത്വമായി ഗാന്ധിജി ദർശിച്ച അഹിംസയാണ് ഈ വിദ്യാഭ്യാസപദ്ധതിയുടെയും അടിസ്ഥാനതത്ത്വമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ശരിയായ രീതിയിൽ അഹിംസയുടെ പ്രയോഗതലമായി അടിസ്ഥാനവിദ്യാഭ്യാസത്തെ മനസിലാക്കാവുന്നതാണ്. അഹിംസ അതിന്റെ ക്രിയാത്മകമായ അർഥത്തിൽ, സമസ്തചരാചരങ്ങളെയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക എന്നതാണ്. സഹജീവികളോടുള്ള സഹവർത്തിത്വത്തെ ആസ്പദമാക്കിയുള്ള പഠനം അഹിംസയുടെ വേരുകൾ ആഴത്തിൽ വളരുന്നതിന് സഹായകമാണ്.



**നമുക്കു ചെയ്യാം**

*അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ ഉത്ഭവം, അർഥം സവിശേഷതകൾ എന്നിവ പ്രത്യേകമായി പരാമർശിച്ചുകൊണ്ട് നിങ്ങളുടെ സ്കൂൾ അസംബ്ലിയിൽ ചെയ്യാനുള്ള ഒരു പ്രസംഗം തയാറാക്കുക.*


## അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രം

ഇന്ത്യയിൽ നിലനിന്നിരുന്ന വിദ്യാഭ്യാസരീതിയെ ഗാന്ധിജി നിശിതമായി വിമർശിക്കുന്നു. ഗാന്ധിജി പറയുന്നു, "ഇന്ത്യയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ അവലംബിക്കുന്ന രീതിയെ വിദ്യാഭ്യാസമെന്ന് വിളിക്കുവാൻ എനിക്ക് കഴിയില്ല. അഥവാ ഇത് മനുഷ്യനിലെ ഏറ്റവും നല്ല കഴിവുകളെ പുറത്തെടുക്കുന്നതിനു പകരം മനുഷ്യമനസിനെ ദുഷിപ്പിക്കുന്നതായി മാറുന്നു." കൂടാതെ അക്ഷരമാലാപഠനവും, എഴുത്തും വായനയും വിദ്യാഭ്യാസത്തിന്റെ ആദ്യചുവടായി കാണുന്നതും യഥാർഥത്തിൽ കുട്ടിയുടെ നൈസർഗികമായ ബുദ്ധിവികാസത്തെ തടസപ്പെടുത്തുമെന്നും ഗാന്ധിജി കരുതിയിരുന്നു.

ഗാന്ധിജി പറയുന്നു: 'എഴുത്തിനെ ഒരു നല്ല കലയായി ഞാൻ അംഗീകരിക്കുന്നു. എന്നാൽ പഠനത്തിന്റെ തുടക്കത്തിൽ അക്ഷരമാല ചെറിയ കുട്ടിയിൽ അടിച്ചേൽപ്പിച്ചാൽ അത് ഈ കലയെ ഇല്ലാതാക്കും. ഇത് എഴുത്ത് എന്ന കലയോട് നാം ചെയ്യുന്ന ഹിംസയും അക്ഷരമാല തുടക്കത്തിൽ തന്നെ പരിശീലിപ്പിക്കുക വഴി കുട്ടിയുടെ

വളർച്ച മുരടിച്ചു പോവുകയും ചെയ്യുന്നു.' പ്രവൃത്തിയിലൂടെ പഠിക്കുക എന്നതാണ് അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ പഠനരീതി. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം അറിവ് നേടുന്ന പ്രക്രിയയിൽ ശരീരം (പഞ്ചേന്ദ്രിയങ്ങൾ) പൂർണമായും പ്രവർത്തനക്ഷമമാകേണ്ടതുണ്ട്.

തൊഴിലധിഷ്ഠിത പരിശീലനത്തിലൂടെ ലഭിക്കുന്ന അറിവ് ഒട്ടും പരിമിതപ്പെടുന്നില്ല. കൂടാതെ കൂടുതൽ സാധ്യതകൾ പ്രദാനം ചെയ്യുന്നു. പുരാതനസമൂഹങ്ങളിൽ തുണി നെയ്ത്തിനായി ഉപയോഗിക്കുന്ന തക്ളി തന്നെ ഒരു പഠനവിഷയമാക്കുന്നതിലൂടെ കുട്ടികൾക്ക് ഇതിന്റെ പ്രാധാന്യം മനസിലാക്കിക്കൊടുക്കുന്നതിനും അതിന്റെ നിർമാണത്തിനുപയോഗിച്ചിട്ടുള്ള സാങ്കേതികവിദ്യയും, അസംസ്കൃതവസ്തുവായ പരുത്തിയും അത് ഉത്പാദിപ്പിക്കുന്ന മേഖലകളും കൃഷിരീതിയും അനുയോജ്യമായ കാലാവസ്ഥ, മണ്ണിന്റെ പ്രത്യേകത ഇവയെല്ലാം സംബന്ധിക്കുന്ന അറിവുകൾ നൽകുവാനും കഴിയുന്നു. നെയ്ത്തു പ്രക്രിയയിൽ ഉപയോഗിക്കപ്പെടുന്ന പരുത്തി നൂലിന്റെ എണ്ണവും അത് വ്യത്യസ്തമായ രീതിയിൽ വസ്ത്രനിർമാണത്തിൽ പ്രയോഗിക്കപ്പെടുന്നതും അടിസ്ഥാനഗണിതപഠനം സാധ്യമാക്കുന്നു. പരുത്തിച്ചെടിയുടെ വളർച്ച മുതൽ പരുത്തിയുടെ ഉത്പാദനവും നൂലാക്കിമാറ്റുന്ന പ്രക്രിയകളും അതിന്റെ വിവിധ ഘട്ടങ്ങളും ഇവയിലെല്ലാം ഉപയോഗിക്കുന്ന ചെറുകിട സാങ്കേതികവിദ്യയും അതിന്റെ ചരിത്രവും അതുമായി ബന്ധപ്പെട്ട ഗണിതവും പരസ്പരബന്ധിതമാണ്.






### നമുക്കു ചെയ്യാം

*അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ പ്രധാന തത്ത്വം പ്രവൃത്തിയിലധിഷ്ഠിതമാണ്. ഈ പ്രസ്താവന വിലയിരുത്തി അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രം ചർച്ച ചെയ്യുക.*

## അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം



താഴെപ്പറയുന്ന വിഷയങ്ങളാണ് അടിസ്ഥാനവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

## 1. അടിസ്ഥാനകൈത്തൊഴിൽ :

താഴെത്തന്നിട്ടുള്ള ഏതെങ്കിലും ഒന്ന് അടിസ്ഥാനകൈത്തൊഴിലായി സ്വീകരിക്കാവുന്നതാണ്.

- നൂൽ നൂൽപ്പ്
- നെയ്ത്ത്
- മരപ്പണി
- കൃഷി
- പുഷ്പഫലകൃഷി
- തുകൽ ഉത്പന്നനിർമാണം.
- മത്സ്യം വളർത്തൽ,
- മൺപാത്രനിർമാണം
- പ്രാദേശികാവശ്യങ്ങൾക്ക് ഉതകുന്ന മറ്റ് കൈത്തൊഴിലുകൾ.
- ഗൃഹപരിപാലനശാസ്ത്രം

വിദ്യാഭ്യാസസാധ്യതകളെ വിപുലപ്പെടുത്തുന്ന ഒന്നാണ് കൈത്തൊഴിൽ പരിശീലനം. അടിസ്ഥാനപരമായി തൊഴിൽ തെരഞ്ഞെടുക്കുന്നതിലൂടെ സഹകരണപ്രവർത്തനത്തിന്റെയും ആസൂത്രണത്തിന്റെയും സംഘടിതപ്രവർത്തനങ്ങളുടെയും വ്യക്തിഗതഉത്തരവാദിത്തങ്ങളുടെയും തത്ത്വങ്ങളാണ് പരിചയപ്പെടുക. വിദ്യാഭ്യാസാനന്തരം താൻ പരിശീലിച്ച കൈത്തൊഴിലിലൂടെ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കുന്നതിന് കുട്ടികൾക്ക് കഴിയുന്നു. അടിസ്ഥാന തൊഴിൽപരിശീലനം സ്വയംപരിശീലനത്തിന്റെ അടിസ്ഥാനമാണ്. അത്തരം തൊഴിലുകളെ സ്വാഭാവികമായി ഇഷ്ടപ്പെടാൻ കുട്ടികളെ ഇതു പ്രേരിപ്പിക്കുന്നു.

## 2. മാതൃഭാഷ :

ആശയവിനിമയത്തിനുള്ള പ്രധാന ഉപാധിയാണ് ഭാഷ. കുട്ടികൾക്ക് മാതൃഭാഷയിലൂടെ ഫലപ്രദമായും അനായാസമായും ആശയവിനിമയം നടത്താൻ സാധിക്കുന്നു. മറ്റുഭാഷകൾ, പ്രത്യേകിച്ചും വിദേശഭാഷ ചെറുപ്രായത്തിലുള്ള കുട്ടികൾക്ക് കഠിനപ്രയത്നം ആവശ്യപ്പെടുകയും ഇത് മൗലികമായചിന്തയെ തടസപ്പെടുത്തുകയും ചെയ്യുന്നു. യഥാർഥത്തിൽ ഭാഷ ഒരു വ്യക്തിയുടെ സ്വഭാവം, വളർച്ച എന്നിവയുടെ നേർപ്രതിഫലനമാണ്. പാഠ്യപദ്ധതിയിലെ എല്ലാ കാര്യങ്ങളും മാതൃഭാഷയിലൂടെ നൽകുന്നതാണ് അഭികാമ്യമെന്ന് ഗാന്ധിജി നിഷ്കർഷിക്കുന്നു. പ്രാദേശികഭാഷകളുടെ വികാസത്തിലൂടെ ജനങ്ങളുടെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ഉയർച്ച കൈവരിക്കാവുന്നതുമാണ്. മാതൃഭാഷയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെയല്ലാതെ ആശയവ്യക്തതയും തീക്ഷ്ണമായ ചിന്തയും സാധ്യമാവുകയില്ല എന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു.

### 3. ഗണിതശാസ്ത്രം :

ദൈനംദിനജീവിതത്തിൽ ആവശ്യമായി വരുന്ന സംഖ്യാഗണിതവും ജ്യാമിതീയസങ്കല്പങ്ങളുമാണ് ഗണിതശാസ്ത്രപഠനത്തിന്റെ ലക്ഷ്യങ്ങളായി അടിസ്ഥാനവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് സ്കൂളിലും, പുറത്തും ചെയ്യുന്ന കൈത്തൊഴിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു സഹായിക്കുന്നു.

### 4. സാമൂഹ്യപഠനം :

സാമൂഹ്യപാഠം പഠിക്കുന്നതിന്റെ ലക്ഷ്യങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

- പൊതുവായി മനുഷ്യരാശിയുടെ പുരോഗതിക്ക് ഉതകുന്ന വിശാലമായ മാനവികസങ്കല്പം വളർത്തിയെടുക്കുക.
- താൻ ജീവിക്കുന്ന ചുറ്റുപാടുകളുടെ സാമൂഹികവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകളെകുറിച്ച് ശരിയായ അവബോധം കുട്ടികളിൽ വളർത്തുന്നതിനും അത് വികസിപ്പിക്കാനുള്ള ആഗ്രഹം കുട്ടികളിൽ ജനിപ്പിക്കുന്നതിനും സഹായകമാകുന്നു
- കുട്ടികളിൽ ദേശസ്നേഹം വളർത്തുന്നതിനും മാതൃരാജ്യത്തിന്റെ സാംസ്കാരികപൈതൃകങ്ങളിൽ അഭിമാനമുള്ളവരും, സ്നേഹം, സത്യം, നീതി എന്നീ മഹത്തായ ലക്ഷ്യങ്ങൾക്ക് നേതൃത്വം നൽകുക എന്ന ഭാരതത്തിന്റെ നിയോഗം കൂട്ടായി യാഥാർത്ഥ്യമാക്കുന്നതിനും ഇത് സഹായിക്കുന്നു.
- അവകാശങ്ങളെകുറിച്ചും പൗരധർമത്തെക്കുറിച്ചും അവബോധം വികസിപ്പിക്കുക.
- ലോകത്തുള്ള എല്ലാമതങ്ങളോടും ബഹുമാനവും സമഭാവനയും വളർത്തുവാനും ഉതകുന്നു.

### 5. സാമാന്യശാസ്ത്രം :

ശാസ്ത്രപഠനത്തിന്റെ പ്രധാനലക്ഷ്യങ്ങൾ ചുരുക്കത്തിൽ താഴെക്കൊടുത്തിരിക്കുന്നു.

1. പ്രകൃതിയെക്കുറിച്ച് വിവേകപൂർണവും അനുഭാവപൂർണവുമായ ഒരു വീക്ഷണം കുട്ടികളിൽ വളർത്തിയെടുക്കുന്നു.
2. പ്രകൃതിയെയും പ്രതിഭാസങ്ങളെയും ശരിയായി നിരീക്ഷിക്കുന്നതിനും പരീക്ഷണങ്ങളിലൂടെ സത്യങ്ങൾ അനാവരണം ചെയ്യുന്നതിനും ആവശ്യമായ ചിട്ടയാർന്ന സ്വഭാവം രൂപപ്പെടുത്തുന്നു.
3. നമുക്കു ചുറ്റുമുള്ള പ്രകൃതിപ്രതിഭാസങ്ങളിൽ അന്തർലീനമായിട്ടുള്ള ശാസ്ത്രതത്ത്വങ്ങളെ തിരിച്ചറിയുവാൻ സഹായിക്കുന്നതോടൊപ്പം മനുഷ്യപുരോഗതിയിൽ ശാസ്ത്രത്തെ പ്രയോജനപ്പെടുത്തുവാനുള്ള പരിശീലനവും ലഭിക്കുന്നു.

### 6. ചിത്രരചന :

അടിസ്ഥാനവിദ്യാഭ്യാസത്തിൽ ചിത്രരചനയ്ക്ക് വളരെ പ്രാധാന്യമുണ്ട്

1. സൗന്ദര്യാത്മകമായി പ്രകൃതിയെ നിരീക്ഷിക്കുന്നതിനാവശ്യമായ പരിശീലനത്തോടൊപ്പം രൂപങ്ങളും നിറങ്ങളും തിരിച്ചറിയുകയും ഉപയോഗിക്കുകയും ചെയ്യുന്നു.
2. പ്രകൃതിയെ അറിയുവാനും അതുവഴി അനുകരിക്കുവാനും ആസ്വദിക്കുവാനും കഴിയുന്നു.
3. ആസൂത്രണം, രൂപകല്പന എന്നിവ സർഗാത്മകമായി നടത്തുന്നു. രേഖാചിത്രങ്ങളിലൂടെ ആശയവിനിമയം അനായാസവും ആസ്വാദ്യവുമാക്കുന്നു.

### 7. ഹിന്ദുസ്ഥാനി :

ഇംഗ്ലീഷ്ഭാഷയ്ക്ക് പകരമായി ഇന്ത്യയിൽ കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ഒരു ഭാഷ - ഹിന്ദി, ഉറുദു, സംസ്കൃതം, പേർഷ്യൻ എന്നീ ഭാഷകളുടെ ഒരു സമന്വയരൂപം- ആവശ്യമാണെന്ന് ഗാന്ധിജി കരുതി. ഇതിന്റെ അടിസ്ഥാനത്തിലാണ് ഹിന്ദുസ്ഥാനി ഉൾപ്പെടുത്തിയത്.

### 8. സംഗീതം :

ഇന്ത്യൻസംഗീതത്തിന്റെ ചരിത്രം രാഗതാളങ്ങളെ സംബന്ധിക്കുന്ന ചില അടിസ്ഥാന അറിവുകൾ എന്നിവ കുട്ടികളിലേക്ക് എത്തിക്കുവാൻ ഉദ്ദേശിച്ചാണ് അടിസ്ഥാനവിദ്യാഭ്യാസത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് ആസ്വാദനശേഷി വളർത്തുന്നതോടൊപ്പം മനസിന്റെ വികാസത്തിനും സമാധാനത്തിനും സഹായകമാണ്.

**ചിന്തിക്കുക പങ്കുവയ്ക്കുക**

*എട്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ഏതെങ്കിലും രണ്ട് മികവുകൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.*

അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി സൂക്ഷ്മമായി പരിശോധിച്ചാൽ താഴെക്കൊടുത്തിരിക്കുന്ന അതിന്റെ പ്രധാനസവിശേഷതകൾ കാണാവുന്നതാണ്.

1. ഇംഗ്ലീഷ് ഒരു പഠനവിഷയമായി ഉൾപ്പെടുത്തിയിട്ടില്ല.
2. മാതൃഭാഷക്കൊപ്പം ഹിന്ദിയും പഠിക്കുന്നു.
3. മതവും ധാർമികതയും ഒരു പഠനവിഷയമായി ചേർത്തിട്ടില്ല.
4. അടിസ്ഥാനകൈത്തൊഴിലിനെ കേവലം യാന്ത്രികമായി പഠിപ്പിക്കാതെ ചിട്ടയാർന്നതും ശാസ്ത്രാവബോധത്തോടെയും അതിന്റെ സാമൂഹിക പ്രസക്തി തിരിച്ചറിയുവാൻ സഹായിച്ചും ജീവിതവുമായി ബന്ധിപ്പിക്കുന്നു.

**നമുക്ക് പരിശോധിക്കാം**




*അടിസ്ഥാനവിദ്യാഭ്യാസത്തിൽ ഇംഗ്ലീഷ്പഠനം ഗാന്ധിജി ഒഴിവാക്കിയതിന്റെ കാരണം ചർച്ച ചെയ്യുക.*

അടിസ്ഥാനവിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ ഭൗതികവും ധാർമികവും ആത്മീയവുമായ വളർച്ചയോടൊപ്പം സാമൂഹികമാറ്റങ്ങൾക്കായി ഗാന്ധിജി വിഭാവനം ചെയ്യുന്ന ട്രസ്റ്റീഷിപ്പ്, നിർമാണാത്മകപരിപാടി എന്നീ ആശയങ്ങളിലുള്ള അവബോധവും അനുകമ്പയും സാധ്യമാക്കുന്നു. ഇത് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ടവരുടെ ശാക്തീകരണത്തിനു വേണ്ടി കൂട്ടായതും സഹകരണാടിസ്ഥാനത്തിലുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും അതുവഴി ഈ വിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഇടയാക്കുന്നു. ഈ പുതിയ വിദ്യാഭ്യാസ പദ്ധതിയിലൂടെ സാധ്യമാകുന്ന നിശ്ശബ്ദവിപ്ലവം ഗ്രാമങ്ങളും പട്ടണങ്ങളും തമ്മിലുള്ള ആരോഗ്യകരമായ ഒരു ബന്ധം രൂപപ്പെടുത്തും. അതുവഴി സമൂഹത്തിൽ നിലനിൽക്കുന്ന വിഷലിപ്തമായ വർഗ്ഗീയധ്രുവീകരണങ്ങൾ ഇല്ലാതാക്കുന്നതിന് വഴിയൊരുക്കുമെന്നു ഗാന്ധിജി കരുതുന്നു. അതുകൊണ്ടുതന്നെ ഈ പദ്ധതിയെ "ജീവിതത്തിനുതകുന്ന, ജീവിതാനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയ, ജീവിതാവസാനം വരെ നീണ്ടു നിൽക്കുന്ന വിദ്യാഭ്യാസ"മെന്ന് നിർവചിച്ചിരിക്കുന്നു. ഈ വിദ്യാഭ്യാസത്തെ പൂർവതലം, ഉത്തരതലം, സർവകലാശാലാതലം, സാമൂഹികതലം എന്നിങ്ങനെയാണ് ഗാന്ധിജി വിഭജിച്ചിട്ടുള്ളത്. എട്ടുവയസിനു താഴെയുള്ള വിദ്യാഭ്യാസത്തെയാണ് പൂർവതലവിദ്യാഭ്യാസമെന്നു ഗാന്ധിജി വിശേഷിപ്പിക്കുന്നത്. ഏഴിനും 15 നും ഇടയിൽ ഉത്തരതലവിദ്യാഭ്യാസവും തുടർന്ന് സർവകലാശാലാ വിദ്യാഭ്യാസവും സാമൂഹ്യവിദ്യാഭ്യാസതലങ്ങളും വിഭാവനം ചെയ്തിരിക്കുന്നു.

## സ്കൂളിന്റെ ദൈനംദിനപ്രവർത്തനങ്ങൾ

താഴെപ്പറയുന്ന വിവിധ തലക്കെട്ടുകളിലാണ് അടിസ്ഥാനവിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കപ്പെടുന്നത്.



1. **ശുചിത്വം :** പഠനപ്രവർത്തനങ്ങൾക്ക് മുന്നോടിയായി കുട്ടികളും അധ്യാപകരും മറ്റു ജീവനക്കാരും ചേർന്ന് നിത്യേന സ്കൂളും പരിസരവും വൃത്തിയാക്കുന്നു. ഇത് ശുചിത്വത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നതിന് സഹായകമാവുന്നു.

2. **പ്രഭാത അസംബ്ലി :** കുട്ടികളിൽ അച്ചടക്കബോധം ദേശസ്നേഹം തുടങ്ങിയ കാര്യങ്ങൾ പരിശീലിപ്പിക്കുന്നതിനും പ്രധാനാധ്യാപകന് സ്കൂളിന്റെ മറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നേരിട്ട് നൽകുന്നതിനും വേണ്ടിയാണ് ഇത്.

3. **അനുദിനക്കുറിപ്പ് :** കുട്ടിയുടെ അനുദിനക്കുറിപ്പുകൾക്ക് അടിസ്ഥാന വിദ്യാഭ്യാസത്തിൽ വലിയ പ്രാധാന്യമാണുള്ളത്. ഇത് ആത്മാവിഷ്കാരത്തിനുള്ള ഒരു അവസരം കൂടിയാണ്.

4. **പത്രപാരായണം :** ഇത് ക്ലാസുമുറിക്കകത്തുള്ള ഒരു നിർബന്ധിതപഠന പ്രവർത്തനമാണ്. ക്ലാസുമുറിയിലെ വായനാമൂലയിൽ അന്തർദേശീയ, ദേശീയ, സംസ്ഥാനതല, ജില്ലാതല, പ്രാദേശികവാർത്തകൾ പ്രത്യേകമായി ക്രമീകരിച്ച് കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുന്നു.

5. **ദിനാചരണങ്ങൾ :** ദിനാചരണങ്ങൾക്ക് മതിയായ പ്രാധാന്യമാണ് പഠന പ്രവർത്തനങ്ങളിൽ അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നത്. ഇത് പ്രഭാഷണം, ചർച്ചകൾ, നാടകങ്ങൾ തുടങ്ങിയ ക്രിയാത്മകമായ രീതികളിലൂടെ കാര്യക്ഷമമായി നടപ്പാക്കാവുന്നതാണ്. ഉദാ : സ്വാതന്ത്ര്യദിനാഘോഷം, റിപ്പബ്ലിക് ദിനാഘോഷം എന്നിവ നമ്മുടെ സ്വാതന്ത്ര്യസമരചരിത്രത്തെ പുതുതലമുറയിലേക്ക് കൈമാറ്റം ചെയ്യാനും ദേശസ്നേഹം വളർത്തുവാനും ഉപയുക്തമാണ്.

> **ചിന്തിക്കുക പങ്കുവയ്ക്കുക**
>
> *നിങ്ങൾ ഒരു സ്കൂൾ ലീഡറാണെങ്കിൽ സ്കൂളിലെ പ്രവർത്തനപദ്ധതികൾ എങ്ങനെ ആസൂത്രണം ചെയ്യും*

6. **പഠനയാത്രകൾ :** ചരിത്രപ്രാധാന്യമുള്ളതും ശാസ്ത്രാവബോധവും സാംസ്കാരികവിനിമയവും സാധ്യമാക്കുന്നതുമായ പഠനയാത്രകൾ ഇതിൽ നിർബന്ധമാണ്.

7. **സർഗാത്മകസൃഷ്ടികൾ :** സ്കൂൾ മാഗസിനിലും, ക്ലാസ് മാഗസിനിലും എഴുതുന്ന ലേഖനങ്ങൾ, കഥ, കവിത, തുടങ്ങിയ സർഗസൃഷ്ടികളാണ് ഓരോ വിദ്യാലയത്തിന്റെയും പ്രസക്തി വർദ്ധിപ്പിക്കുന്നത്.


8. **വിലയിരുത്തൽ :** കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ നിരന്തരമായ മൂല്യനിർണയവും ഇതിന്റെ പ്രത്യേകതയാണ്.

## ഗാന്ധിയൻ കാഴ്ചപ്പാട്

ഭാഷാപഠനങ്ങളും, ചരിത്രം, ഭൂമിശാസ്ത്രം, ഗണിതം തുടങ്ങി എല്ലാ വിഷയങ്ങളും കൈത്തൊഴിൽ കേന്ദ്രീകൃതമായാണ് അടിസ്ഥാന വിദ്യാഭ്യാസത്തിൽ നൽകുന്നത്.

എല്ലാ പഠനങ്ങളും പരമാവധി കുട്ടിയുടെ യഥാർത്ഥ ജീവിത സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടു പോകുന്നതും വ്യക്തിത്വവികാസത്തിന് സഹായകവുമാകുന്നു. പ്രയോജനപ്രദമായ കായികാധ്വാനം ബുദ്ധിപരമായി പ്രാവർത്തികമാക്കുന്നത് ബുദ്ധിയുടെ വികാസത്തിന് സഹായിക്കുന്നു. സമാധാനവും സമത്വവും നിലനിൽക്കുന്ന ഒരു സാമൂഹികക്രമം യാഥാർഥ്യമാക്കുവാൻ പ്രസംഗങ്ങളോ രാഷ്ട്രീയ പ്രവർത്തനങ്ങളോ മതിയാകില്ല എന്നും മറിച്ച്, പഠനരീതിയുടെ വിപ്ലവാത്മകമായ പരിവർത്തനത്തിലൂടെ ഇതു കഴിയുമെന്നും ഗാന്ധിജി നിരീക്ഷിക്കുന്നു. ഈ പഠനരീതി പുതിയ സാമൂഹിക സൃഷ്ടിയിൽ പുരുഷനും സ്ത്രീയ്ക്കും മതിയായ പരിശീലനം നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

## അടിസ്ഥാന വിദ്യാഭ്യാസത്തിൽ അധ്യാപകന്റെ സ്ഥാനം




അടിസ്ഥാന വിദ്യാഭ്യാസത്തിൽ അധ്യാപകൻ തന്റെ വിദ്യാർഥികൾക്ക് നല്ലൊരു സുഹൃത്തും, വഴികാട്ടിയും പ്രചോദനമേകുന്ന തത്ത്വചിന്തകനുമാണ്. ഇവർ തമ്മിലുള്ള ആത്മബന്ധം കുട്ടിയിൽ സ്വഭാവശുദ്ധിയും ഉൾക്കാഴ്ചയും സ്നേഹവും രൂപപ്പെടുത്തുന്നതിന് സഹായകവുമാകണം. ഗുരുമുഖത്തു നിന്നുള്ള പ്രചോദനമേകുന്ന വാക്കുകൾക്കും മഹത്ത്വവും ഉത്തരവാദിത്വവുമുള്ള വ്യക്തിത്വത്തിനും ഈ പദ്ധതിയിൽ വളരെയേറെ പ്രാധാന്യമുണ്ട്. പാഠങ്ങൾ പറഞ്ഞു പഠിപ്പിക്കുന്നതിനേക്കാൾ അധ്യാപകന്റെ ജീവിതം തന്നെ കുട്ടികൾക്ക് മാതൃകയാവണമെന്ന് ഗാന്ധിജി പറയുന്നു. അധ്യാപനത്തെ തികച്ചും മഹത്ത്വമാർന്ന ഒരു തൊഴിലായി ഗാന്ധിജി പരിഗണിക്കുന്നു.

### നമുക്കു പരിശോധിക്കാം



*എല്ലാവർക്കും ഒരു അധ്യാപകനാകാൻ കഴിയുമോ? നിങ്ങളുടെ അധ്യാപകരിൽ കാണുന്ന, നിങ്ങൾ ഇഷ്ടപ്പെടുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?*

## അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ മേന്മകൾ

വസ്തുനിഷ്ഠമായ വിലയിരുത്തലിലൂടെ ഈ പുതിയ വിദ്യാഭ്യാസപദ്ധതിയുടെ മേന്മകളും ഉൾക്കാഴ്ചയും സമഗ്രതയും ബോധ്യപ്പെടാവുന്നതാണ്. പ്രധാന മേന്മകൾ താഴെ കൊടുത്തിരിക്കുന്നു.

1. **വിദ്യാർഥികേന്ദ്രീകൃത വിദ്യാഭ്യാസം** : ഓരോ വിദ്യാർഥിയുടെയും ആവശ്യങ്ങളും കഴിവുകളും മനസിലാക്കി അതു സഫലീകരിക്കുന്നതിന് സഹായിക്കുന്നു.

2. **പ്രവർത്തനാധിഷ്ഠിത പഠനം** : സ്കൂളുകളെ പ്രവൃത്തിയുടെ കേന്ദ്രങ്ങളായിട്ടാണ് ഗാന്ധിജി കാണുന്നത്. ഇവിടെ കുട്ടികൾ ഉൽപാദനപരമായ പ്രവൃത്തിയിലൂടെ അറിവ് സ്വായത്തമാക്കുന്നു,




3. **കൈത്തൊഴിൽ കേന്ദ്രീകൃതം** : തൊഴിൽ പരിശീലനത്തിലൂടെ അറിവ് നേടുന്നതിനോടൊപ്പം ഒരു നല്ല ജീവിതത്തിനുതകുന്ന സാമൂഹിക മൂല്യങ്ങളും നേടുന്നു,

4. **സ്വയംസഹായകം** : പഠനത്തോടൊപ്പം ഒരു വരുമാനവും നേടുക എന്നത് ഈ പദ്ധതിയുടെ മാത്രം സവിശേഷതയാണ്. പ്രത്യേകിച്ചും ഇന്ത്യ പോലുള്ള ദരിദ്രരാജ്യങ്ങളിലെ കുട്ടികൾക്ക് ഇതുവലിയ സഹായമായിരിക്കും

5. **അറിവിന്റെ സമഗ്രത** : ഈ പദ്ധതിയിൽ അറിവ് നൽകുന്നത് പഠിതാവിന്റെ ഭൗതിക, സാമൂഹിക ചുറ്റുപാടുകളെ പരിഗണിച്ചുകൊണ്ടാണ്. ഇതിന് അനുയോജ്യമായ കൈത്തൊഴിലുമായി ബന്ധപ്പെടുത്തുന്നതിലൂടെ അറിവ് സമഗ്രമായിതീരുന്നു,

6. **ജീവിതവുമായുള്ള അടുത്ത ബന്ധം** : അടിസ്ഥാനവിദ്യാഭ്യാസം നൽകുന്ന സ്കൂളുകൾ കുടുംബസമാനമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിലൂടെ കുട്ടികളുടെ നൈസർഗികമായ കഴിവുകൾ വികസിപ്പിക്കുന്നതിനും സഹായകമാകുന്നു. ഇതിലൂടെ ജീവിതത്തിനാവശ്യമായ അറിവ് നേടുവാനും കഴിയും. അതത് പ്രദേശങ്ങളുടെ പ്രത്യേക സാമൂഹികസാഹചര്യങ്ങളും പരിഗണിച്ചായിരിക്കും ഇത്.

7. **പൗരത്വപരിശീലനം** : ഈ പുതിയ വിദ്യാഭ്യാസപദ്ധതി ലക്ഷ്യമാക്കുന്നത് സഹകരണാടിസ്ഥാനത്തിലുള്ള കുട്ടികളുടെ നിർമാണപ്രവൃത്തികളും അതുവഴി രാജ്യത്തിന്റെ പുരോഗതിയുമാണ്.

8. **സൗജന്യവും നിർബന്ധിതവുമായ പഠനം :** ഒരു സാർവത്രിക വിദ്യാഭ്യാസത്തിലൂടെ രാഷ്ട്രപുരോഗതി പ്രാപ്തമാക്കുകയും പഠനത്തെ ചിലവുകളില്ലാത്ത ഒന്നാക്കി മാറ്റുകയും ചെയ്യുന്നു.

9. **മാതൃഭാഷയുടെ പ്രാധാന്യം :** യഥാർഥ കഴിവുകൾ രൂപപ്പെടുത്തുന്നതിൽ മാതൃഭാഷയാണ് പ്രധാനമെന്ന് ഇത് സ്ഥാപിക്കുന്നു,

10. **അധ്യാപകർക്കും വിദ്യാർഥികൾക്കും ഒരുപോലെ ഗുണകരം :** വെല്ലുവിളികൾ ഏറ്റെടുക്കുമ്പോഴാണ് ജീവിതം ക്രിയാത്മകമാകുന്നത്. ഈ പദ്ധതിയിൽ അധ്യാപകരും വിദ്യാർഥികളും ഒരുപോലെ പുതിയ സാഹചര്യങ്ങളിൽ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിൽ മികച്ച കഴിവുള്ളവരാകുന്നു,

11. **വേർതിരിവുകൾ ഇല്ലാത്ത വിദ്യാഭ്യാസം :** ഇതിൽ സമ്പത്തുള്ളവർ, ഇല്ലാത്തവർ, കൂടുതൽ വേതനം, കുറഞ്ഞ വേതനം എന്നീ വേർതിരുവുകൾ ഇല്ല. എല്ലാവർക്കും സ്വാതന്ത്ര്യവും അവകാശങ്ങളും തുല്യമാണ്,

12. **ഗ്രാമങ്ങളിലും നഗരങ്ങളിലും ഒരേ വിദ്യാഭ്യാസം :** ഇതൊരു ദേശീയ വിദ്യാഭ്യാസ പദ്ധതിയാണ്. നിലവിലുള്ള ഗ്രാമ - നഗര വേർതിരിവുകൾ ഇല്ലാതാക്കാനും അതുവഴി സാമൂഹിക സാമ്പത്തിക സമത്വം ഇല്ലാതാക്കുവാനും സാമൂഹികഘടനയിൽ അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരുന്നതിനും വേണ്ടിയാണ് ഈ പദ്ധതി .



**നമുക്കു ചെയ്യാം**

*അടിസ്ഥാന വിദ്യാഭ്യാസം ഗാന്ധിജിയുടെ ഏറ്റവും വലിയ സംഭാവനയാണ്. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ മേന്മകളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.*

## വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനു ശേഷം

ഗാന്ധിജി വിഭാവനം ചെയ്ത അടിസ്ഥാന വിദ്യാഭ്യാസം മൗലികവും പ്രസക്തവുമാണ്. എങ്കിലും ഇതു നടപ്പാക്കുന്നതിൽ മതിയായ താല്പര്യം കാണിക്കുന്നതിനും ഭരണാധികാരികൾ വേണ്ടത്ര ശ്രദ്ധിച്ചിരുന്നില്ല. ഈ പദ്ധതി ജാതി -മത-വർണ - വർഗ വ്യത്യാസമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകി ഒരു യഥാർഥ ജനാധിപത്യ രീതി ശക്തിപ്പെടുത്തുവാൻ ആഹ്വാനം ചെയ്യുന്നു. ഇത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 45ന്റെ ഭാഗമായി മാറുകയും തൽഫലമായി ആറു മുതൽ പതിനാല് വയസു വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതിന് ഭരണഘടനാപരമായ രാജ്യത്തിന്റെ ഉത്തരവാദിത്വമായി മാറുകയും ചെയ്യുന്നു.

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ഈ മൗലീകതത്വങ്ങൾ പാഠ്യപദ്ധതികളുടെ പരിഷ്കാരങ്ങളിലും പ്രസക്തമാണ്. ഇനി വരാനിരിക്കുന്ന പുതിയ പദ്ധതികൾക്കും ഒരു മാർഗദർശിയാകുവാൻ ഗാന്ധിയൻ ആദർശങ്ങൾ പര്യാപ്തമാണ്.

## വിദ്യാഭ്യാസക്കമ്മീഷനുകളിൽ ഗാന്ധിജിയുടെ സ്വാധീനം

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിലവിൽ വന്ന വിദ്യാഭ്യാസക്കമ്മീഷനുകളിൽ ഗാന്ധിയൻ ആശയങ്ങളുടെ വലിയ സ്വാധീനം കാണാവുന്നതാണ്. ഡോ. എസ്. രാധാകൃഷ്ണൻ

അധ്യക്ഷനായ സർവകലാശാലാ വിദ്യാഭ്യാസക്കമ്മീഷൻ 1949 ൽ നൽകിയ റിപ്പോർട്ടിൽ സ്വഭാവരൂപീകരണമെന്ന ഗാന്ധിയൻ ആശയം മതിയായ പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിരിക്കുന്നു. 1953ൽ എ. എൽ മുതലിയാർ അധ്യക്ഷനായ ഉന്നതവിദ്യാഭ്യാസക്കമ്മീഷൻ അടിസ്ഥാന വിദ്യാഭ്യാസത്തിലെ കൈത്തൊഴിൽ കേന്ദ്രീകൃത ആശയത്തെയും തൊഴിൽ പരിശീലനത്തെയും അടിസ്ഥാനമാക്കിയതും 1964ലെ കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കുന്ന സാമൂഹ്യ സേവനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും 1968ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി മാറിയ ഗാന്ധിയൻ ആശയങ്ങളായ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസവും 1972ൽ നിലവിൽ വന്ന ഈശ്വർഭായ് പാട്ടേൽ കമ്മറ്റിയുടെ ശുപാർശയായ സാമൂഹിക പ്രസക്തവും പ്രയോജനപ്രദവുമായ പ്രവർത്തനങ്ങൾ എന്നിവയും ഇതിലേക്ക് വെളിച്ചം വീശുന്നു.

**ചിന്തിക്കുക പങ്കുവയ്ക്കുക**

*സ്വതന്ത്ര്യാനന്തര ഇന്ത്യയിൽ നിങ്ങൾക്ക് പരിചയമുള്ള വിദ്യാഭ്യാസ പദ്ധതികൾ, നയങ്ങൾ, കമീഷനുകൾ എന്നിവ കണ്ടെത്തി അതിന്റെ ഗുണദോഷങ്ങൾ വിലയിരുത്തുക.*

## സമാധാനത്തിനായുള്ള വിദ്യാഭ്യാസം – ഗാന്ധിയൻ കാഴ്ചപ്പാട്

യഥാർഥ വിദ്യാഭ്യാസത്തിന് കുട്ടികളുടെ ദൈനംദിന ജീവിതത്തിൽ അഹിംസയുടെ പ്രാധാന്യം ബോധ്യപ്പെടുന്നതിനും അതു പരിശീലിക്കുന്നതിനും അതിപ്രധാനമായ പങ്കുണ്ടെന്ന് ഗാന്ധിജി മനസിലാക്കിയിരുന്നു. ഈ പുതിയ നൂറ്റാണ്ടിലും ലോകം മുഴുവൻ അഹിംസയുടെ പ്രസക്തി അംഗീകരിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്.

**അഹിംസയുടെ വിവിധ തലങ്ങൾ**

വ്യക്തിപരം, സാമൂഹികം , രാഷ്ട്രീയം, പാരിസ്ഥിതികം, സ്ഥാപനപരം



ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം അഹിംസയുടെ പരിശീലനം വിദ്യാഭ്യാസത്തിൽ അതിപ്രധാനവും അവിഭാജ്യവുമാണ്. ഇതു നൽകേണ്ടത് ശരിയായ വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വവുമാണ്. സമാധാനത്തിന്റെ സംസ്കാരത്തിലൂടെ മാത്രമേ ജീവിതത്തിൽ ആത്മീയ പുരോഗതി സാധ്യമാവുകയുള്ളൂ. മനുഷ്യമോചനത്തിന്റെ യഥാർഥ മാർഗമായി വിദ്യാഭ്യാസത്തെ മനസിലാക്കുമ്പോൾ ഇതിൽ ആത്മീയത എന്ന അംശത്തെ മാറ്റി നിർത്തുക അസാധ്യമാണ്.



**നമുക്കു ചെയ്യാം**

*ഭീകരാക്രമണത്തിൽ നിന്നും രക്ഷപ്പെട്ട മലാല യൂസഫ് ഷാ ഗിലാനി ഐക്യരാഷ്ട്രസഭയിൽ നടത്തിയ പ്രഭാഷണത്തിന്റെ വീഡിയോ ക്ലാസിൽ പ്രദർശിപ്പിക്കുക. ഈ പ്രഭാഷണത്തെ ആധാരമാക്കി ഒരു റിപ്പോർട്ട് തയാറാക്കുക.*

കുട്ടികളിൽ നീതിബോധവും ധാർമികചിന്തയും ശക്തിപ്പെടുത്തുന്നതിനായി അടിസ്ഥാന വിദ്യാഭ്യാസം ലക്ഷ്യമിടുന്നു. സ്വഭാവരൂപീകരണത്തോടൊപ്പം സഹിഷ്ണുത, സത്യം, സ്നേഹം, ആദരവ് തുടങ്ങിയ ജീവിത മൂല്യങ്ങൾ നേടുന്നതിനും ഇത് സഹായകമാകുന്നു. സത്യം, അഹിംസ, സമത്വം, നീതി ഇവയിൽ അധിഷ്ഠിതമായ ഒരു സാമൂഹിക ക്രമം രൂപപ്പെടുത്തുന്നതിനും സ്വാശ്രയത്വം, സ്വയംപര്യാപ്തത എന്നീ ഗുണങ്ങൾ പൗരന്മാർക്ക് ലഭിക്കുന്നതിനും അടിസ്ഥാന വിദ്യാഭ്യാസം സഹായകമാണ്. യഥാർഥ സംസ്കാരം സമാധാനത്തിന്റെ സംസ്കാരമാണെന്ന തിരിച്ചറിവ് അതിപ്രധാനവുമാകുന്നു.



**നമുക്കു ചെയ്യാം**

*സമാധാനം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർഥമാക്കുന്നത്? ഗാന്ധിയൻ വിദ്യാഭ്യാസം സമാധാനത്തിലേക്ക് നയിക്കുമോ? വ്യക്തമാക്കുക.*

## അടിസ്ഥാനവിദ്യാഭ്യാസം സമഗ്രവിദ്യാഭ്യാസം

വിശാലമായ അർഥത്തിൽ വിദ്യാഭ്യാസം എന്നത് ജീവിതത്തിൽ നിന്നും ജീവിതത്തിനുവേണ്ടിയുള്ള ജീവിതപ്രക്രിയയാണ്. ഒരു വ്യക്തിയുടെ സന്തുലിതവും സഹവർത്തിത്വപൂർണവുമായ വ്യക്തിത്വ വികാസമാണ് വിദ്യാഭ്യാസ ലക്ഷ്യം. മനുഷ്യ വ്യക്തിത്വം മനസും ശരീരവും മാത്രമല്ല അവന്റെ ആത്മാവുകൂടിയാണ്.

ഗാന്ധിജി ഊന്നൽകൊടുക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ മനസിന്റെയും ആത്മാവിന്റെയും ഉന്നതമായ വികാസവും വ്യക്തിയുടെ സ്വയംപര്യാപ്തതയും ധീരതയും അതേസമയം തന്നെ ശാസ്ത്രീയവും ബൗദ്ധികവുമായി ഉന്നത നിലവാരം കൈവരിക്കാൻ ഒരുവന് സാധ്യമാകുന്നതോടൊപ്പം നൈതികവും ധാർമ്മികവുമായ നേട്ടങ്ങളും കൈവരിക്കാനാകണം.

1. അടിസ്ഥാന വിദ്യാഭ്യാസം പഠനത്തിനൊപ്പം കൈത്തൊഴിൽ പരിശീലനവും നൽകുന്നതിലൂടെ കായികവും മാനസികവുമായ സന്തുലനം സാധ്യമാകും.

2. പുസ്തകത്തിലൂടെയുള്ള വിദ്യാഭ്യാസത്തെക്കാൾ കൂടുതൽ പ്രയോഗക്ഷമമായി ഹൃദയത്തിന്റെയും മനസിന്റെയും വികാസം സാധ്യമാക്കാൻ വിമർശനാത്മകമായ വിലയിരുത്തലുകൾക്കും വിധിനിർണയങ്ങൾക്കും വസ്തുനിഷ്ഠതയ്ക്കും പ്രാധാന്യം നൽകുന്നതാണ് ഈ വിദ്യാഭ്യാസ പദ്ധതി.

3. സാമൂഹിക സംഘർഷങ്ങൾ ഒഴിവാക്കിക്കൊണ്ട് കായിക അദ്ധ്വാനത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കാനും അയിത്തം എന്ന സാമൂഹിക തിന്മയെ ഇല്ലാതാക്കാനും ഈ വിദ്യാഭ്യാസത്തിന് കഴിയുന്നു.

4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിലൂടെ തൊഴിലിനെ രചനാത്മകമായി സൃഷ്ടിക്കാനാകുന്നു. ഇത് സാധനസേവനങ്ങളുടെ ഉല്പാദനത്തിലൂടെ മനുഷ്യജീവിതത്തെ മെച്ചപ്പെടുത്തുന്നു.

5. അക്കാദമികവും സൈദ്ധാന്തികവുമായ ബോധന ഭാരത്തിൽ നിന്ന് കുട്ടികളെ ഇത് മോചിപ്പിക്കുന്നു.

6. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം സ്വയംപര്യാപ്തതയാണ്. ഗാന്ധിജി നിർദേശിക്കുന്നത് വ്യക്തിയുടെ സാർവ്വത്രിക വികാസമാണ്. ശാസ്ത്രീയവും കാര്യക്ഷമവുമായ വിദ്യാഭ്യാസ പരിശീലനത്തിലൂടെ സമൂഹത്തിൽ പരീക്ഷണാത്മക സമീപനം വളരുന്നതിന് ഇത് സഹായിക്കും.



**നമുക്കു ചെയ്യാം**

*ഗാന്ധിയൻ വിദ്യാഭ്യാസം വ്യക്തികളുടെ സമഗ്രവളർച്ചയ്ക്ക് വഴിതെളിക്കും. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുമോ? ക്ലാസിൽ ചർച്ച ചെയ്യുക*

## സംഗ്രഹം

വിദ്യാഭ്യാസമെന്നത് ഒരു കുട്ടി തന്റെ ജീവിതത്തിൽ ആർജിക്കുന്ന അറിവ്, അനുഭവം, ശേഷികൾ, സമീപനങ്ങൾ എന്നിവയുടെ ആകെത്തുകയാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെ നിർവചിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. അതിൽ വിദ്യാഭ്യാസതത്ത്വചിന്ത, രാഷ്ട്രത്തിന്റെ വിദ്യാഭ്യാസ ദർശനം, മാനസിക ഘടകങ്ങൾ വ്യക്തിനിഷ്ഠഘടകങ്ങൾ, സാമൂഹിക ആവശ്യങ്ങൾ എന്നിവ ഉൾപ്പെടും. മെക്കാളെ പ്രഭുവിന്റെ ഇന്ത്യൻ വിദ്യാഭ്യാസം ഒട്ടേറെ പരിമിതികളുള്ള ഒന്നായിരുന്നു. ഇന്ത്യയുടെ പാരമ്പര്യത്തിലും സംസ്കാരത്തിലും അത് വിശ്വാസമർപ്പിച്ചിരുന്നില്ല. നിക്ഷിപ്ത താല്പര്യങ്ങളോടെയാണ് ബ്രിട്ടീഷുകാർ തങ്ങളുടെ വിദ്യാഭ്യാസം ഇന്ത്യയിൽ അവതരിപ്പിച്ചത്. അതുകൊണ്ട്, ദേശീയ നേതാവായ ഗാന്ധിജി ബ്രിട്ടീഷ് വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയുടെ സാമൂഹിക സാമ്പത്തികാവശ്യങ്ങൾക്ക് ഗുണകരമാണെന്ന് കരുതിയില്ല. വ്യക്തിജീവിതത്തെയും സാമൂഹിക ജീവിതത്തെയും പുനർനിർമിക്കാൻ ഗാന്ധിജി ആഗ്രഹിച്ചു. അതുകൊണ്ട്, വിദ്യാഭ്യാസത്തിലേക്ക് പുതിയ മൂല്യങ്ങളെ സന്നിവേശിപ്പിച്ചു. ഗാന്ധിയൻ വിദ്യാഭ്യാസം, അടിസ്ഥാന വിദ്യാഭ്യാസപദ്ധതി 'നയീ താലിം,' 'വാർധാവിദ്യാഭ്യാസപദ്ധതി' എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. കുട്ടികളുടെ ബൗദ്ധികവും കായികവുമായ ശേഷികളെ ഉദ്ദീപിപ്പിക്കുകയും പരിപോഷിപ്പിക്കുകയുമാണ് ഗാന്ധിയൻ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സന്തുലിതവും സമഗ്രവുമായ വ്യക്തിത്വ വികാസമാണ് വിദ്യാഭ്യാസ ലക്ഷ്യം. ഗാന്ധിയൻ ആശയങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലെ നിരവധി വിദ്യാഭ്യാസ കമ്മീഷനുകളെ സ്വാധീനിച്ചിട്ടുണ്ട്. ഗാന്ധിയൻ വിദ്യാഭ്യാസം സമഗ്രവും പ്രായോഗികവുമാണെന്ന് മാത്രമല്ല, വികേന്ദ്രീകൃതവും സംയോജിതവുമാണ്. സഹിഷ്ണുതയും സഹവർത്തിത്വപരവുമായ വികസനമാണ് സമാധാനത്തിലേക്ക് നയിക്കുക.

## എനിക്ക് കഴിയും



| | പൂർണമായി | ഭാഗികമായി | ഇനിയും മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| വിദ്യാഭ്യാസം എന്ന സംജ്ഞയെ നിർവചിക്കാൻ കഴിയുന്നു. | | | |
| വിദ്യാഭ്യാസപ്രക്രിയയുടെ വിവിധ ലക്ഷ്യങ്ങൾ തിരിച്ചറിയുന്നു. | | | |
| ഇന്ത്യൻ വിദ്യാഭ്യാസചരിത്രത്തിന്റെ വിവിധ ഘട്ട ങ്ങൾ തരംതിരിച്ച് വിശദീകരിക്കാൻ പ്രാപ്തി നേടുന്നു. | | | |
| ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദമാക്കുന്നു. | | | |
| ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയായ അടിസ്ഥാന വിദ്യാഭ്യാസവും അതിന്റെ സവിശേഷതയും വില യിരുത്തുന്നു. | | | |
| കൈത്തൊഴിൽ വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങളും പ്രാധാന്യവും തിരിച്ചറിയുന്നു. | | | |
| അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രം വിശകലനം ചെയ്യുന്നു. | | | |
| സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലെ വിദ്യാഭ്യാസപു രോഗതിയെ വിമർശനാത്മകമായി വിലയിരു ത്തുന്നു. | | | |
| സമാധാനത്തിലേക്കു നയിക്കുന്ന വിദ്യാഭ്യാസത്തെ തിരിച്ചറിയുന്നു. | | | |
| | | | |

## മാതൃകാചോദ്യങ്ങൾ

- ബ്രിട്ടീഷുകാർ ഇന്ത്യയിൽ എത്തുന്നതിന് മുമ്പ് തന്നെ ഇവിടെ ഒരു മഹത്തായ വിദ്യാഭ്യാസസമ്പ്രദായം നിലനിന്നിരുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? സമർഥിക്കുക.
- ബ്രിട്ടീഷ് വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയുടെ പാരമ്പര്യത്തിലും സംസ്കാ രത്തിലും വിശ്വസിച്ചിരുന്നില്ല. അവരുടെ സ്വാർഥ താൽപര്യങ്ങൾ സംരക്ഷി ക്കുവാൻ സഹായകമായ കൊളോണിയൽ വിദ്യാഭ്യാസമാണ് ഇന്ത്യയിൽ നട പ്പാക്കിയത്. ബ്രിട്ടീഷ് വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പോരായ്മകൾ എന്തെ ല്ലാമെന്ന് വിശദമാക്കുക.

- ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ വെച്ച് സാമ്പത്തിക സിദ്ധാന്തങ്ങളിലും, രാഷ്ട്രീയ കാര്യങ്ങളിലും, ശിശുവികസനവുമായി ബന്ധപ്പെട്ട മേഖലയിലും വിജയകരമായി നടത്തിയ പഠനങ്ങളുടെയും ഗവേഷണങ്ങളുടെയും ഫലമാണ് അദ്ദേഹത്തിന്റെ വിദ്യാഭ്യാസ ചിന്തകൾ. അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെ മുൻനിർത്തി ഈ പ്രസ്താവനയെ സമർഥിക്കുക.
- സമഗ്രമായ വ്യക്തിത്വവികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഇതിന്റെ വെളിച്ചത്തിൽ അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യങ്ങൾ വിശദീകരിക്കുക.
- പൗരത്വപരിശീലനത്തിന് അടിസ്ഥാനവിദ്യാഭ്യാസത്തിൽ ഗാന്ധിജി പ്രാധാന്യം നൽകിയത് എന്തുകൊണ്ട്? ആധുനികവിദ്യാഭ്യാസം നല്ല പൗരന്മാരെ വാർത്തെടുക്കുന്നതിന് പര്യാപ്തമാണോ എന്ന് വിമർശനാത്മകമായി പരിശോധിക്കുക. വിശദമായ ഒരു കുറിപ്പ് തയ്യാറാക്കുക.
- അടിസ്ഥാനവിദ്യാഭ്യാസത്തിലെ പാഠ്യരീതി "പ്രവർത്തിച്ച് പഠിക്കുക" എന്ന തത്വത്തെ ആസ്പദമാക്കിയാണ്. ഈ പ്രസ്താവന പരിശോധിച്ച് അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
- കരകൗശലനിർമാണം കുട്ടികളിലെ ഇന്ദ്രിയ - കായിക ശേഷികളെ സമന്വയിപ്പിക്കുവാനും തൊഴിലിന്റെ മഹത്വം മനസിലാക്കുവാനും സഹായിക്കുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? കൈത്തൊഴിൽ കേന്ദ്രീകൃതവിദ്യാഭ്യാസത്തിന്റെ നേട്ടങ്ങളും പ്രാധാന്യവും തിരിച്ചറിയുക.
- ഗാന്ധിജിയുടെ അടിസ്ഥാനവിദ്യാഭ്യാസം വിദ്യാർഥികളുടെ സമഗ്രവികസനത്തിനായി നിലകൊള്ളുന്നു. അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്ത് ഈ പ്രസ്താവനയെ സാധൂകരിക്കുക.
- ഗാന്ധിജിയുടെ അടിസ്ഥാനവിദ്യാഭ്യാസം കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? വിശദമാക്കുക.
- അടിസ്ഥാനവിദ്യാഭ്യാസം ഗാന്ധിജിയുടെ മഹത്തായ ചിന്തകളിൽ ഒന്നാണ്. ഈ വിദ്യാഭ്യാസരീതിയുടെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന പരിശോധിക്കുക.
- സമാധാനം എന്നതു കൊണ്ട് എന്താണ് നിങ്ങൾ അർഥമാക്കുന്നത്? സമൂഹത്തിൽ സമാധാനം പുനഃസ്ഥാപിക്കുവാൻ ഗാന്ധിജിയുടെ അടിസ്ഥാനവിദ്യാഭ്യാസം സഹായകമാണ് എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? ഇതിനെക്കുറിച്ച് നിങ്ങളുടെ പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.
- ആധുനിക വിദ്യാഭ്യാസരീതി മനുഷ്യനെ അമിതമായ പരാശ്രയത്വത്തിലേക്ക് നയിക്കുന്നു. ഇത് സ്വാശ്രയത്വം കൈവരിക്കുന്നതിന് ഒട്ടും സഹായകവുമല്ല. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ സവിശേഷതകളുടെ വെളിച്ചത്തിൽ ഇത് സമർഥിക്കുക.

## Reference


1. *The Beautiful Tree: Indigenous Indian Education in the Eighteenth Century, Dharampal: Volume III.*
2. *Hind Swaraj or Indian Home Rule, Gandhi M. K, Navajivan Publication, Ahmedabad.*
3. *Towards New Education: Bharatan Kumarappa, ed. Gandhi M. K, Navajivan Publication, Ahmedabad.*
4. *Basic Education: Bharatan Kumarappa, ed.: Gandhi M. K, Navajivan Publication, Ahmedabad.*
5. *To the Students, Gandhi, M. K, Navajivan Publishing House, Ahmedabad.*
6. *Constructive Programme, Gandhi. M. K, Navajivan Publishing House, Ahmedabad.*
7. *The Political Philosophy of Mahatma Gandhi, Gopinath Dhawan: Navajivan Publication, Ahmedabad.*
8. *Gandhian Education Joseph C. Mukalel, Discovery Publishers, New Delhi.*
9. *Mahatma Gandhi: Satyagraha and Basic Education R. B. L. Soni, National Publishing House, Delhi.*
10. *The Moral and Political Writings of Mahatma Gandhi, Raghvan Iyer, Oxford, Clarendon Press, vol. 11.*
11. *Studies on Gandhi, V. T. Patil, Sterling Publishers, New Delhi.*
12. *The Wardha Scheme of Education: An Exposition and Examination. Varkey, C.J, Oxford Press, Madras.*

# 03 ഗാന്ധിയൻ സമാധാനദർശനം



## ഉള്ളടക്കം


ഹിംസയും അതിന്റെ രൂപങ്ങളും

സമാധാനത്തിന്റെ അർഥവും വിവിധ വശങ്ങളും

സമാധാനത്തെക്കുറിച്ചുള്ള ഗാന്ധിയൻ ധാരണകൾ

സംഘർഷം: അർഥം, കാരണം, പ്രക്രിയ

വിവിധതരം സംഘർഷ പരിഹാര രീതികൾ

ഗാന്ധിയും സംഘർഷ പരിഹാരവും

സംഘർഷ രൂപാന്തരം

സമാധാന വിദ്യാഭ്യാസം

സമാധാനവും വികസനവും


P7L6C2

## പഠന നേട്ടങ്ങൾ

- ഹിംസയുടെ വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു.
- സമാധാനം, സമാധാനപഠനം എന്നീ ആശയങ്ങൾ പരിചയപ്പെടുന്നു.
- സമാധാനത്തെക്കുറിച്ചുള്ള ഗാന്ധിയൻ ധാരണകൾ മനസിലാക്കുന്നു.
- സംഘർഷത്തിന്റെ കാരണവും അർഥവും വിവിധ രൂപങ്ങളും അപഗ്രഥിക്കുന്നു.
- സംഘർഷപരിഹാരവും അതിനുള്ള വിവിധ മാർഗങ്ങളും വിലയിരുത്തുന്നു.
- ഗാന്ധിയൻ സംഘർഷപരിഹാരരീതികൾ വിശകലനം ചെയ്യുന്നു.
- സംഘർഷരൂപാന്തരത്തിന്റെ മേന്മകൾ തിരിച്ചറിയുന്നു.




*ഈ ചിത്രത്തിന്റെ പ്രമേയം ചർച്ച ചെയ്ത് അതിന്റെ സൂചനകൾ കണ്ടെത്തുക.*

സമാധാനം എന്നത് ഏവർക്കും ചിരപരിചിതമായ പദമാണ്. എന്നാൽ സമാധാനത്തിന്റെ അർഥതലങ്ങൾ നിരവധിയാണ്. സമാധാനം എന്ന പദം നിർവചിക്കാൻ പ്രയാസമേറിയ ഒന്നാണ്. സ്നേഹം, സന്തോഷം, നീതി, സ്വാതന്ത്ര്യം എന്നിവയെപ്പോലെ അതിന്റെ അഭാവത്തിലാണ് സമാധാനത്തെയും കൂടുതൽ തിരിച്ചറിയാൻ സാധിക്കുന്നത്. അതോടൊപ്പം ഈ നാല് ഘടകങ്ങളും സമാധാനത്തിന്റെ മുഖ്യഘടകങ്ങളുമാണ്. സമൂഹത്തിൽ അത്യന്താപേക്ഷിതമായ ഒന്നാണ് സമാധാനം. അതുകൊണ്ടുതന്നെ സമാധാനത്തിന്റെ വിവിധവശങ്ങളെപ്പറ്റി പഠിക്കുന്നത് ഏറെ പ്രാധാന്യം അർഹിക്കുന്നു.

സമാധാനപഠനങ്ങൾ വിഷയാന്തര സ്വഭാവമുള്ള ഒന്നാണ്. സംഘർഷങ്ങളുടെ പരിഹാരവും കൈകാര്യം ചെയ്യലും, സമാധാന മാതൃകകൾ സൃഷ്ടിക്കലും പരിപാലിക്കലും, സാമൂഹ്യ-സാമ്പത്തിക നീതി, നീതിനിർവഹണം, യുദ്ധ കാരണങ്ങൾ, ആഭ്യന്തരവും ബാഹ്യവുമായ സുരക്ഷ എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളെപ്പറ്റിയുള്ള നിരവധി പഠന മേഖലകൾ സംയോജിപ്പിച്ചുള്ള ജ്ഞാന ശാസ്ത്ര ശാഖയാണ് സമാധാന പഠനം. പഠനത്തിലൂടെയും പഠനത്തോടൊപ്പമുള്ള കർമപരിപാടികളിലൂടെയും ഹിംസയിൽ നിന്ന് മുക്തമായ ലോകം കെട്ടിപ്പടുക്കുവാനുള്ള അന്വേഷണവും മാർഗവുമാണ് സമാധാന പഠനം.

യുദ്ധത്തെയും അതിന്റെ പരിണതഫലങ്ങളെയും കുറിച്ചുള്ള ഗവേഷണ പഠനങ്ങളിൽ 'സമാധാന പഠനം' എന്ന പഠനശാഖയുടെ ബൗദ്ധിക പ്രചോദനം കാണാം. യുദ്ധത്തെപ്പറ്റി 1930 കളിലുണ്ടായ പഠനങ്ങളിലൂടെയാണ് സമാധാന പഠനത്തിന്റെ തുടക്കം. 1950 കളിലും 60 കളിലും യുദ്ധത്തെയും സംഘർഷത്തെയും കുറിച്ചുള്ള പഠനത്തെ സമാധാന ഗവേഷണം (Peace Research) എന്നു വിളിച്ചിരുന്നു. ഹിംസയുടെ (Violence) അഭാവമായാണ് അക്കാലത്ത് സമാധാനത്തെ കണ്ടിരുന്നത്. എന്നാൽ

1960 കളിൽ ഹിംസയെ കുറേക്കൂടി വ്യാപകമായി വിലയിരുത്തുകയും നീതി സംബന്ധിച്ച പ്രശ്നങ്ങളും ചോദ്യങ്ങളും കൂടി പഠനത്തിന്റെ ഭാഗമാക്കുകയും, സാമൂഹ്യനീതിയുടെ അഭാവത്തെ ഹിംസയുടെ രൂപമായി കരുതുകയും ചെയ്തു. അത്തരത്തിൽ സമാധാനത്തെ കൂടുതലായി മനസിലാക്കുവാൻ ഹിംസ (Violence) യെ കൂടുതൽ തിരിച്ചറിയേണ്ടതുണ്ട്.

## ഹിംസ (Violence)



### നമുക്കു ചെയ്യാം

*നിങ്ങൾ കണ്ടിട്ടുള്ളതോ അനുഭവിച്ചിട്ടുള്ളതോ ആയ അക്രമസംഭവങ്ങളെപ്പറ്റി എഴുതുക. അതുകാരണം നിങ്ങൾക്കുണ്ടായ ശാരീരികമോ മാനസികമോ ആയ വ്രണപ്പെടലിന്റെ സ്വഭാവം കണ്ടെത്തി, ഓരോ സംഭവങ്ങളിലും ഉണ്ടായിട്ടുള്ള വിവിധ രൂപത്തിലുള്ള മനോവ്യഥകൾ അല്ലെങ്കിൽ മുറിപ്പെടൽ തിരിച്ചറിയുക.*

മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളുടെ ഏതുതരത്തിലുള്ള നിഷേധത്തെയും ഹിംസയെന്നു കരുതാം. അതു മനുഷ്യന്റെ ശരീരത്തെയും മനസിനെയും ആത്മാവിനെയും മുറിപ്പെടുത്തുന്നു. ഒന്നോ അതിലധികമോ വ്യക്തികൾക്ക് ശാരീരികവും ബൗദ്ധികവും സാമൂഹ്യവുമായി ദോഷമുണ്ടാക്കുന്ന മനുഷ്യന്റെ ഏതു പ്രവർത്തനമോ പ്രവർത്തനമില്ലായ്മയോ അല്ലെങ്കിൽ സാമൂഹ്യവ്യവസ്ഥയോ ഹിംസയായി കരുതാം. അത് കേവലം കൊലപാതകമോ മറ്റുള്ളവരുടെമേൽ ഒരുവനോ ഒരു കൂട്ടമോ നേടിയെടുക്കുന്ന അധീശത്വമോ മുറിപ്പെടുത്തലോ മാത്രമല്ല. ചുരുക്കത്തിൽ നമ്മെത്തന്നെയും മറ്റുള്ളവരേയും നശിപ്പിക്കുകയോ കീഴ്പ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്യുന്ന ഏത് പ്രവർത്തനവും - ഭൗതികമോ വൈകാരികമോ ആത്മീയമോ സ്ഥാപനപരമോ ഘടനാപരമോ ആയ നയങ്ങളും മനോഭാവങ്ങളും പെരുമാറ്റങ്ങളും - ഹിംസയാണ്.

### നമുക്ക് അറിയാം



*ലോകാരോഗ്യസംഘടന ഹിംസയെ ഇപ്രകാരം നിർവചിക്കുന്നു. മുറിവ്, മരണം, മാനസികാഘാതം, അസന്തുലിതവികസനം, അവകാശനിഷേധം എന്നിവ ഉണ്ടാവുകയോ ഉണ്ടാകാൻ ഇടയാകുകയോ ചെയ്യുന്ന തരത്തിൽ ഒരാൾക്കോ മറ്റൊരു വ്യക്തിക്കോ ഒരു കൂട്ടത്തിനോ സമൂഹത്തിനോ എതിരെ മനഃപൂർവം ഉള്ള ബലപ്രയോഗമോ ബലപ്രയോഗഭീഷണിയോ ആണ് ഹിംസ.*

നേരിട്ടുള്ളത്, ഘടനാപരം, സാംസ്കാരികം എന്നിങ്ങനെ യൊഹാൻ ഗാൽതൂങ് ഹിംസയെ മൂന്നായി തരംതിരിക്കുന്നു. നേരിട്ടുള്ള ഹിംസ, ശാരീരികമായ ഹിംസ, വാക്കാലുള്ള ഹിംസ, എന്നിവ പ്രകടമായി ദർശിക്കാം. അതിന്റെ വേരുകൾ മിക്കവാറും ഘടനാപരവും സാംസ്കാരികവുമായ ഹിംസയോ തെറ്റിദ്ധാരണകളോ ആകാം. എന്നാൽ, ഘടനാപരവും സാംസ്കാരികവുമായ ഹിംസ അദൃശ്യമായി നില്ക്കുന്നു. സാംസ്കാരി

കമായ ഹിംസയും ഘടനാപരമായ ഹിംസയും ചിലപ്പോൾ നേരിട്ടുള്ളതോ/വ്യക്തിപരമോ ആയ ഹിംസയിലേക്ക് നയിക്കുകയോ നയിക്കാതിരിക്കുകയോ ചെയ്യുന്നു.

## വ്യക്തിപരമോ/നേരിട്ടുള്ളതോ ആയ ഹിംസ (Personal/Direct Violence)

ഹിംസ വിവിധരൂപങ്ങളിൽ നിലനിൽക്കുന്നു. നമുക്ക് ഏവർക്കും അറിയാവുന്നതുപോലെ ബലപ്രയോഗം, കൊലപാതകം, ശാരീരിക പീഡനം, ലൈംഗിക അതിക്രമം, മർദനം തുടങ്ങിയ ശാരീരികോപദ്രവങ്ങൾ അതിന്റെ പ്രകടമായ രൂപങ്ങളാണ്. മറ്റുള്ളവരെ വേദനിപ്പിക്കുന്ന തരത്തിലുള്ള വാക്കും സംസാരവും ഹിംസയായി പരിഗണിക്കാം. ജനങ്ങൾ തങ്ങളുടെ സാധ്യതകളുടെയും കഴിവുകളുടെയും പ്രയോഗവും ആർജനവും, ആവശ്യങ്ങളുടെ നിറവേറ്റലും അസാധ്യമോ ദുഷ്കരമോ ആക്കുന്നരീതിയിൽ മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളോ ജീവിതമോ നിഷേധിക്കുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നതിനെയാണ് യൊഹാൻ ഗാൽതുങ് ഹിംസയായി വിവരിക്കുന്നത്. ഇത്തരം ദുർബലപ്പെടുത്തലും നിഷേധവും ഒഴിവാക്കാനാകുന്നവയായി അദ്ദേഹം കരുതുന്നു. ലഭ്യമാക്കാൻ പറ്റുന്ന പലതും നിഷേധിക്കുമ്പോഴാണ് അത് ഹിംസയായി മാറുന്നത്. ബലപ്രയോഗഭീഷണിയും ഹിംസ തന്നെയാണ്.

### ഹിംസയെ സംബന്ധിച്ച സെവിൽപ്രഖ്യാപനം

*മനുഷ്യസ്വഭാവത്തിന്റെ ഭാഗമായതു കൊണ്ടു തന്നെ, യുദ്ധം അത്യന്താപേക്ഷിതമാണെന്ന വിശ്വാസത്തെ UNESCO വിലയിരുത്തുകയുണ്ടായി. 1986 ൽ ഒരുപറ്റം ശാസ്ത്രജ്ഞൻമാർ പ്രസക്തമായ ശാസ്ത്രീയവസ്തുതകൾ പരിശോധിക്കുകയും യുദ്ധം മനുഷ്യസ്വഭാവത്തിന്റെ ഭാഗമാണെന്ന വാദത്തിനു തെളിവുകളില്ലെന്നു വ്യക്തമാക്കുകയും ചെയ്തു. 'സെവിൽ പ്രഖ്യാപനം' എന്നറിയപ്പെടുന്ന ഈ പ്രഖ്യാപനത്തിൽ താഴെപ്പറയുന്ന 5 ആശയങ്ങളാണ് ഉള്ളത്.*

1. *യുദ്ധത്തിലേർപ്പെടുക എന്നത് നമ്മുടെ പൂർവികരായ മൃഗങ്ങളിൽ നിന്നു പൈതൃകമായി ലഭിച്ച ഒരു പ്രവണതയാണ് എന്നത് ശാസ്ത്രീയമായി തെറ്റാണ്.*
2. *യുദ്ധമോ മറ്റേതെങ്കിലും ഹിംസാസ്വഭാവമോ ജനിതകമായി മനുഷ്യസ്വഭാവത്തിൽ ആസൂത്രിതമായി രൂപം കൊണ്ടിട്ടുള്ളതാണ് എന്നത് ശാസ്ത്രീയമായി തെറ്റാണ്.*
3. *മനുഷ്യപരിണാമത്തിന്റെ ഘട്ടത്തിൽ മറ്റു സ്വഭാവങ്ങളേക്കാൾ ഹിംസാവാസനയ്ക്ക് കൂടുതൽ പരിഗണന ലഭിച്ചു എന്നത് ശാസ്ത്രീയമായി തെറ്റാണ്.*
4. *മനുഷ്യന് ഹിംസാചോദകമായ തലച്ചോറാണ് എന്നത് ശാസ്ത്രീയമായി തെറ്റാണ്.*
5. *യുദ്ധത്തിന്റെ കാരണം ജന്മവാസനയോ ഏതെങ്കിലും പ്രചോദനമോ ആയിരിക്കാം എന്ന ധാരണ ശാസ്ത്രീയമായി തെറ്റാണ്. സെവിൽ പ്രഖ്യാപനം ഇങ്ങനെ അവസാനിക്കുന്നു.*

*"യുദ്ധം മനുഷ്യമനസുകളിൽ രൂപം കൊള്ളുന്നതുപോലെ തന്നെ സമാധാനവും നമ്മുടെ മനസുകളിലാണ് രൂപം കൊള്ളുന്നത്. യുദ്ധം കണ്ടുപിടിച്ച വംശത്തിനു തന്നെ സമാധാനവും കണ്ടെത്താനാവും. അതിനുള്ള ബാധ്യത നാം ഓരോരുത്തരിലുമാണ്."*



## ഘടനാപരമായ ഹിംസ (Structural Violence)







### നമുക്കു ചെയ്യാം

*സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വങ്ങൾ/ചൂഷണങ്ങൾ എന്നിവയുടെ പട്ടിക തയാറാക്കുക.*

അസമത്വത്തിനും ചൂഷണത്തിനും നിരവധി ഉദാഹരണങ്ങളാണ് നമ്മൾ കണ്ടത്. മനുഷ്യസമൂഹത്തിൽ അതിന്റെ ഘടനയിൽ തന്നെ നിലനിൽക്കുന്ന അനീതിയുടെ അംശങ്ങളെ ഘടനാപരമായ ഹിംസ എന്ന് വിലയിരുത്താവുന്നതാണ്. വിവേചനം, നിഷേധം, സാമൂഹ്യാനീതി, സ്ത്രീപുരുഷാസമത്വം, മനുഷ്യാവകാശങ്ങളുടെ നിഷേധം എന്നിവയെല്ലാം ഘടനാപരമായ ഹിംസയിൽപ്പെടുന്നതാണ്. ഏതെങ്കിലും ഒരു വ്യക്തിയെ ഘടനാപരമായ ഹിംസയുടെ ഉത്തരവാദിയാക്കാൻ സാധിക്കില്ല. ഘടനയുടെ/വ്യവസ്ഥയുടെ മാറ്റം കൊണ്ട് മാത്രമേ അത് ഇല്ലാതാക്കാൻ കഴിയുകയുള്ളൂ.

ജനങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് വിഘാതമാകുന്ന തരത്തിൽ ജനങ്ങളെ ദ്രോഹിക്കുന്ന സാമൂഹ്യവ്യവസ്ഥയെയോ സ്ഥാപനങ്ങളെയോ ഘടനാപരമായ ഹിംസയായി കരുതാം. ജാതി - വർണവിവേചനം, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവരോടുള്ള അതിക്രമം തുടങ്ങിയവ ഘടനാപരമായ ഹിംസയുടെ ഉദാഹരണങ്ങളായി കരുതാം. ജാതിവ്യവസ്ഥ, ഫ്യൂഡലിസം, മുതലാളിത്തം, പുരുഷമേധാവിത്വം എന്നിവയെല്ലാം ഘടനാപരമായ ഹിംസയുടെ ഭാഗവും സാമൂഹ്യ അനീതിക്ക് കാരണവും ആകുന്നു.

**നമുക്കു പരിശോധിക്കാം**



*ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി അനുഭവിച്ച വർണവെറിയെപ്പറ്റിയും അതിനെതിരെ അദ്ദേഹം നടത്തിയ സമരത്തെക്കുറിച്ചും കുറിപ്പ് എഴുതുക.*


## സാംസ്കാരികമായ ഹിംസ (Cultural Violence)

നേരിട്ടുള്ള ഹിംസയെയും വ്യവസ്ഥാ/ഘടനാപരമായ ഹിംസയെയും ന്യായീകരിക്കുന്നതോ, നിയമവിധേയമാക്കുന്നതോ ആയ ഒരു സംസ്കാരത്തിന്റെ വീക്ഷണത്തെയോ സ്വഭാവത്തെയോ ആണ് സാംസ്കാരികമായ ഹിംസ എന്നതുകൊണ്ട് അർഥമാക്കുന്നത്. മതത്തിലും ദർശനത്തിലും ഭാഷയിലും കലയിലും ശാസ്ത്രത്തിലും ഒക്കെ ഇതിന്റെ ഉദാഹരണങ്ങൾ കണ്ടെത്താവുന്നതാണ്. ഘടനാപരമായ ഹിംസയായ വർണവിവേചനത്തെയും വർഗീയതയെയും സതിസമ്പ്രദായത്തെയുമൊക്കെ നീതീകരിക്കുന്ന സാമൂഹ്യപ്രവണതയ്ക്കാണ് സാംസ്കാരികമായ ഹിംസ എന്നു പറയുന്നത്. ബോധപൂർവം മറ്റ് സമുദായങ്ങളോടും മതങ്ങളോടും വിദ്വേഷം പ്രചരിപ്പിക്കുന്നത് ഇതിന് ഉദാഹരണമാണ്. കുട്ടിക്കാലം മുതൽ നമ്മെ പഠിപ്പിച്ചുവരുന്നതും അങ്ങനെ ജീവിതത്തിൽ നമ്മെ ചുറ്റിപ്പറ്റിനില്ക്കുന്നതുമായ അധികാരത്തെക്കുറിച്ചും ഹിംസയുടെ ആവശ്യകതയെക്കുറിച്ചുമുള്ള മനോഭാവങ്ങളും വിശ്വാസങ്ങളും സാംസ്കാരികമായ ഹിംസയിൽപ്പെടുന്നു. ഇത്തരം മനോഭവങ്ങൾ സമൂഹത്തിൽ വ്യാപകവും പ്രാമുഖ്യം നേടിയിട്ടുള്ളതുമായിരിക്കും. (പുരുഷമേധാവിത്വം ഉൾപ്പെടെയുള്ള ലിംഗവിവേചനത്തെ സാധൂകരിക്കുന്ന/സമൂഹനിയമമായി അംഗീകരിക്കുന്ന മനോഭാവം). പാരമ്പര്യത്തിന്റേയോ മതവിശ്വാസത്തിന്റേയോ അടിസ്ഥാനത്തിൽ ശാരീരിക ഹിംസയെ ന്യായീകരിക്കുന്നത് സാംസ്കാരികഹിംസയാണ്. ഉദാ: ദുരഭിമാനകൊലപാതകങ്ങൾ.

വ്യവസ്ഥിതിയുടെ ഉല്പന്നമായാണ് ഗാന്ധിജി തിന്മയെ കണ്ടത്. അതുകൊണ്ട് ഗാന്ധിജി മുതലാളിത്തത്തെ വെറുത്തു, പക്ഷേ മുതലാളിയെ വെറുത്തില്ല; വർണവിവേചനത്തെ എതിർത്തു, പക്ഷേ വർണവിവേചകരെ വെറുത്തില്ല; അയിത്താചരണത്തെ വെറുത്തു, പക്ഷേ അയിത്തം ആചരിച്ചവരെ വെറുത്തില്ല; പാശ്ചാത്യ ആധുനികനാഗരികതയെ എതിർത്തു, പക്ഷേ പാശ്ചാത്യരെ വെറുത്തില്ല. ശത്രുക്കളെയല്ല ശത്രുതയെയാണ് ഇല്ലാതാക്കാൻ ശ്രമിക്കുന്നത് എന്നതാണ് അഹിംസാമാർഗത്തിന്റെ അന്തഃസത്ത എന്ന് ഗാന്ധിജി പറയുന്നു. ജീവന്റെ ഏകത്വവും, ലക്ഷ്യവും മാർഗവും പരസ്പരപൂരകമാണെന്ന വിശ്വാസവും ഗാന്ധിജിയെ നയിച്ചു. ഈ രണ്ട് തത്വങ്ങളും സ്വായത്തമാക്കുന്നതു വഴി സാംസ്കാരികമായ ഹിംസയെ അതിജീവിക്കാൻ കഴിയും. അഹിംസയ്ക്കുവേണ്ടിയുള്ള ഗാന്ധിജിയുടെ പ്രവർത്തനവും വാദഗ

തികളും സമൂഹത്തിൽ പ്രബലമായ ഹിംസയെ നീതീകരിക്കുന്ന മനോഭാവങ്ങളെ മാറ്റുന്നതിനുവേണ്ടിയുള്ളതായിരുന്നു.

**ഹിംസാ ത്രികോണം**




### നമുക്കു ചെയ്യാം

*സമൂഹത്തിലെ സാംസ്കാരികമായ ഹിംസയ്ക്ക് ഉദാഹരണങ്ങൾ കണ്ടെത്തുക?*

### നമുക്ക് പരിശോധിക്കാം

*നാഗരിക ജീവിതത്തെക്കാൾ മുഖ്യമായും ഗാന്ധിജി വാദിച്ചത് അഹിംസാത്മക ഗ്രാമീണ ജീവിതത്തിനുവേണ്ടിയാണ്. പക്ഷേ, നഗരവൽക്കരണം ദൈനംദിനം പെരുകുകയും നാഗരിക ജീവിതം വികസനത്തിന്റെ അടയാളമായി കൂടുതൽ ആളുകൾ പരിഗണിച്ചുവരുകയും ചെയ്യുന്നു. നഗരവൽക്കരണം സാംസ്കാരികഹിംസയെ പ്രോത്സാഹിപ്പിക്കുന്ന ഒന്നായി നിങ്ങൾ ചിന്തിക്കുന്നുണ്ടോ?*

## സമാധാനം (Peace)

### നമുക്കു ചെയ്യാം

*ഹിംസയുടെ അഭാവമെന്ന നിലയിലോ, ഹിംസയുടെ വിപരീതാർഥമുള്ളതോ ആയ വാക്കുകൾ കണ്ടെത്തുക. നിങ്ങളുടെ ചുറ്റുപാടിലും കുടുംബാന്തരീക്ഷത്തിലും സമൂഹത്തിലും സമാധാനം എങ്ങനെയാണ് അനുഭവപ്പെടുന്നത്, കാണപ്പെടുന്നത്,പ്രവർത്തനക്ഷമമാകുന്നത് എന്നു വിവരിക്കുക. ആരാണ് സമാധാനം ആഗ്രഹിക്കാത്തതെന്നും ആരാണ് സമാധാനം ആഗ്രഹിക്കുന്നതെന്നും അതിന്റെ പ്രേരകശക്തികളെന്തെന്നും കണ്ടെത്തുക.*

### നമുക്ക് അറിയാം


*വിവിധ ഭാഷകളിലും സംസ്കാരങ്ങളിലും സമാധാനത്തെ വിവക്ഷിക്കാൻ വ്യത്യസ്ത പദങ്ങളാണ് ഉപയോഗിക്കുന്നത്. ശാന്തി (ഇന്ത്യ) ശാലോം (ഹീബ്രു) ഐറിൻ (ഗ്രീക്ക്) പാക്സ് (ലത്തീൻ) പിങ് (ചൈനീസ്)*



അക്രമവും സംഘർഷവും അക്രമ ഭീതിയും ഇല്ലാത്ത, സഹവർത്തിത്വത്തിൽ നിലനിൽക്കുന്ന അവസ്ഥയെയാണ് സാധാരണയായി ജനങ്ങൾ സമാധാനമായി കരുതുന്നത്. അക്രമവും വിദ്വേഷവും ഇല്ലാത്ത അവസ്ഥയെന്നതിനു പുറമെ സമാധാനപരമായ മാർഗങ്ങളിൽ കൂടി സംഘർഷങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും സമാധാനത്തിന്റെ പരിധിയിൽ പെടുന്നു. സമാധാനം എന്നത് പരസ്പര ആശ്രയത്തിൽ കൂടിയും സഹകരണത്തിൽ കൂടിയും ഉരുത്തിരിഞ്ഞു വരേണ്ട ഒരു അവസ്ഥയാണ്. വ്യക്തികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും ഉണ്ടാകേണ്ട സന്തോഷകരമായ സഹകരണം സമാധാനത്തിന് അനിവാര്യമാണ്. എല്ലാവരുടെയും ക്ഷേമം ഉറപ്പുവരുത്തുന്ന സാമൂഹ്യ-രാഷ്ട്രീയ ക്രമം സമാധാനം സ്ഥാപിക്കാനും നിലനിർത്താനും അത്യാവശ്യമാണ്.



സമാധാനത്തിന് ആന്തരികവും ബാഹ്യവുമായ തലങ്ങളുണ്ട്. പല ദാർശനിക, സാംസ്കാരിക, മതപാരമ്പര്യങ്ങളും സമാധാനത്തിന്റെ ആന്തരികവും ബാഹ്യവുമായ തലങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. മനസ് ശാന്തവും സ്വസ്ഥവുമായി നിലനിർത്തുന്ന അവസ്ഥയെയാണ് ആന്തരികസമാധാനം എന്ന് പറയുന്നത്. സംഘർഷങ്ങളെയും മാനസികക്ലേശങ്ങളെയും വ്യക്തമായ ബോധത്തോടും ധാരണയോടും ധൈര്യമായി അഭിമുഖീകരിക്കുന്ന ഒരുവന്റെ മാനസികാവസ്ഥയാണത്. പ്രാർഥന, ധ്യാനം, യോഗ തുടങ്ങിയവയുടെ പരിശീലനത്തിലൂടെ ബോധത്തിന്റെയോ പ്രബുദ്ധതയുടെയോ ഈ ആന്തരിക സമാധാനത്തിന്റെ അവസ്ഥ നേടിയെടുക്കാനാകുമെന്ന് ചില സാംസ്കാരികപാരമ്പര്യങ്ങൾ പഠിപ്പിക്കുന്നു. ആത്യന്തികമായി ആത്മജ്ഞാനമാണ് ആന്തരിക സമാധാനത്തിൽ എത്തിക്കുന്നത്. ബാഹ്യമായ സമാധാനത്തെ നീതിയുക്തമായ സമാധാനമെന്നും (പോസിറ്റീവ് പീസ്) നിഷേധാത്മകസമാധാന (നെഗറ്റീവ് പീസ്)മെന്നും തരംതിരിക്കാം.




## സമാധാനത്തിന്റെ മാനങ്ങൾ (Dimensions of Peace)

സമാധാനത്തെ രണ്ടുതരത്തിൽ മനസിലാക്കാൻ കഴിയും. നിഷേധാത്മകസമാധാനം (നെഗറ്റീവ് പീസ്) എന്നും നീതിയുക്തമായ സമാധാനം (പോസിറ്റീവ് പീസ്) എന്നുമാണിവ.


## നിഷേധാത്മക സമാധാനം (Negative Peace)

യുദ്ധമില്ലാത്തതോ അല്ലെങ്കിൽ അതേപോലെ വൻതോതിലുള്ള ഹിംസാത്മക മനുഷ്യസംഘർഷങ്ങളില്ലാത്തതോ ആയ അവസ്ഥയാണ് നിഷേധാത്മകസമാധാനമെന്ന് വിവക്ഷിക്കുന്നത്. വെടിനിർത്തലിനെ തുടർന്നുള്ള സമാധാനം ഇതിന് ഉദാഹരണമാണ്. ഹിംസയുടെ അടിസ്ഥാനകാരണങ്ങൾ പരിഹരിക്കാതെയുള്ള തൽക്കാല സമാധാനത്തിന്റെ അവസ്ഥയാണിതെന്നു പറയാം. വ്യക്തിപരമോ/നേരിട്ടുള്ളതോ ആയ ഹിംസയുടെ മാത്രം അഭാവമാണിത്.

## നീതിയുക്തമായ സമാധാനം (Positive Peace)

മനുഷ്യന്റെ മനസിനും സമൂഹത്തിനും അനുഗുണങ്ങളായ ഐക്യം, ധാർമികത, നീതി എന്നിവ നിലനില്ക്കുന്ന അവസ്ഥയെ നീതിയുക്തമായ സമാധാനമായി കരുതാം. സമസ്തജനവിഭാഗങ്ങളുടെ ആവശ്യങ്ങളും സംഘർഷങ്ങളുടെ ക്രിയാത്മകമായ പരിഹാരവും നിറവേറ്റുന്ന സാമൂഹ്യസംവിധാനങ്ങളുടെ നിർമിതി, മനുഷ്യബന്ധങ്ങളുടെ പുതുക്കൽ എന്നീ ക്രിയാത്മകഗുണങ്ങളാൽ സമ്പുഷ്ടമാണ് നീതിയുക്തമായ സമാധാനം. സമത്വം, സാഹോദര്യം, സാമൂഹ്യനീതി എന്നിവ തികഞ്ഞ അവസ്ഥയാണത്.

ചുരുക്കത്തിൽ, നേരിട്ടുള്ളതും ഘടനാപരവും സാംസ്കാരികവും ആയ ഹിംസയുടെ അഭാവമോ അല്ലെങ്കിൽ നിഷേധാത്മകവും നീതിയുക്തവുമായ സമാധാനത്തിന്റെ സമ്മേളനമോ ആണ് സമാധാനം.



## സമാധാനത്തെക്കുറിച്ചുള്ള ഗാന്ധിയൻ ധാരണകൾ



### നമുക്കു ചെയ്യാം

*ഗാന്ധിജിയുടെ സർവോദയദർശനവും നീതിയുക്തമായ സമാധാനവും തമ്മിൽ താരതമ്യം ചെയ്യുക.*

അഹിംസയുടെയും സമാധാനത്തിന്റെയും പര്യായമായി ഗാന്ധിജി മാറിയിരിക്കുകയാണ്. ഈ ആശയങ്ങളുടെ വ്യവസ്ഥാപിതമായ അർഥങ്ങൾ മാറ്റിമറിച്ച് അതിനെ പ്രായോഗികതലത്തിൽ വളരെ ബൃഹത്തായ ഒന്നാക്കി ഗാന്ധിജി കാട്ടിത്തന്നു. അഹിംസാ സിദ്ധാന്തങ്ങളും സങ്കേതങ്ങളും ഗാന്ധിജി വികസിപ്പിക്കുകയും പരീക്ഷിക്കുകയും അത് ലോകത്തെ മാറ്റിമറിക്കുകയും ചെയ്തു. ഗാന്ധിജിയുടെ അഹിംസാത്മക പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ ജീവിത ദർശനവുമായി ഇഴുകിച്ചേർന്നിരിക്കുന്നു. ഗാന്ധിയൻ കാഴ്ചപ്പാടിൽ സമാധാനം എന്നത് വളരെ സമഗ്രവും വിശാലവുമായ അർഥം ഉള്ള ഒന്നാണ്. ഗാന്ധിജിയെ സംബന്ധിച്ച് സമാധാനം ജീവിതരീതിയിൽ നിന്നാണ് ഉരുത്തിരിഞ്ഞു വരുന്നത്. സമാധാനത്തിലേക്കു പ്രത്യേക വഴികളൊന്നുമില്ല. അതുകൊണ്ടുതന്നെ, സമാധാനം തന്നെയാണ് സമാധാനത്തിലേക്കുള്ള വഴിയെന്നു ഗാന്ധിജി വിശ്വസിക്കുന്നു. നീതി, വികസനം, പരിസ്ഥിതി എന്നിവയുമായി സമാധാനം ഏറെ ബന്ധപ്പെട്ടിരിക്കുന്നു.

ഹിംസയിൽ അധിഷ്ഠിതമായ ആധുനിക വികസന മാതൃകകളെ ഗാന്ധിജി വിമർശിക്കുന്നു. ഹിംസയുടെ ഏറ്റവും നീചരൂപമായി ദാരിദ്ര്യത്തെ ഗാന്ധിജി കരുതി. അപരിമിതമായ ആവശ്യങ്ങളിലും പ്രകൃതിയുടെ അനിയന്ത്രിതമായ ചൂഷണത്തിലും അധിഷ്ഠിതമായ ആധുനിക സാമ്പത്തികശാസ്ത്രത്തെ ചോദ്യം ചെയ്യുന്നതാണ് ഗാന്ധിയൻ സമാധാന സമീപനം. ഗാന്ധിയൻ സമാധാനസങ്കല്പം മാനവിക മൂല്യങ്ങൾക്ക് വളരെയേറെ പ്രാമുഖ്യം നൽകുന്നു. ഗാന്ധിജിയുടെ സർവോദയ സമൂഹം സമാധാനത്തിന്റെ മാതൃകാ വ്യവസ്ഥയാണ്. സമാധാനത്തെ ഒരു അന്തിമ അവസ്ഥയായി കാണേണ്ടതില്ല; മാർഗവും ലക്ഷ്യവും ഏകീഭവിക്കുന്ന വിപ്ലവാത്മകമായ ഒരു തുടർപ്രക്രിയയാണത്.


പ്രസിദ്ധ സമാധാന ഗവേഷകനായ യൊഹാൻ ഗാൽതൂങ്, ഘടനാപരമായ ഹിംസയെന്ന ആശയം രൂപപ്പെടുത്തുന്നതിൽ ഗാന്ധിജിയോടുള്ള കടപ്പാട് അംഗീകരിക്കുന്നുണ്ട്. അടിസ്ഥാനാവശ്യങ്ങളെ കേന്ദ്രീകരിച്ചുള്ള സ്വാശ്രയത്വത്തെക്കുറിച്ചും വികസനമാതൃകകളെപ്പറ്റിയുമുള്ള അദ്ദേഹത്തിന്റെ വാദഗതികളിൽ ശക്തമായ ഗാന്ധിയൻസ്പർശം കാണാം. ആധുനിക വികസനമാതൃകകളുടെ വിമർശകരും സമാധാനവും വികസനവും തമ്മിലുള്ള പാരസ്പര്യത്തിനായി നിലകൊള്ളുന്നവരുമായ നിരവധി സമാധാനഗവേഷകരുടെ ചിന്തകളിൽ ഗാന്ധിജിയുടെ സ്വാധീനം ദർശിക്കാം.

### നമുക്ക് ചെയ്യാം



ഗാന്ധിജിയുടെ ജീവിതവും അദ്ദേഹം നേതൃത്വം നല്കിയ സമരങ്ങളും വിലയിരുത്തി സമാധാനത്തെപ്പറ്റിയുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്ന ലഘുലേഖനം തയ്യാറാക്കുക.

### യൊഹാൻ ഗാൽതുങ്



*സമാധാന- സംഘർഷപഠനങ്ങളുടെ മുഖ്യജനയിതാവാണ് നോർവീജിയൻ സാമൂഹ്യശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനുമായ യൊഹാൻ ഗാൽതുങ്. ഓസ്ലോയിലെ സമാധാന ഗവേഷണസ്ഥാപനത്തിന്റെ സഹസ്ഥാപകൻ. ജേണൽ ഓഫ് പീസ് റിസർച്ചിന്റെ (1964) സ്ഥാപക പത്രാധിപർ. ഓസ്ലോ സർവ്വകലാശാലയിൽ ലോകത്തിലെ ആദ്യത്തെ സമാധാന -സംഘർഷപഠനപീഠത്തിന്റെ അധ്യക്ഷൻ.*

*ഘടനാപരമായ ഹിംസ എന്ന ആശയം രൂപപ്പെടുത്തിയത് ഗാൽതുങ്ങാണ്.*

*വാരാണസിയിലെ ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റഡീസിന്റെ മട്ടുപ്പാവിൽ ഇരുന്ന് റൊഡേഷ്യ (സിംബാബ്‌വേ)യിലെ വർണവെറിയെപ്പറ്റിയുള്ള ആലോചനയിലാണ് ഗാൽതുങിന് ഘടനാപരമായ ഹിംസ എന്ന ആശയം ഉദിച്ചത്. സമാധാനം, സംഘർഷം, വികസനം എന്നിവയെപ്പറ്റിയുള്ള സൈദ്ധാന്തികവിചാരങ്ങളിൽ ഗാന്ധിയൻ ചിന്തകൾ ബന്ധിപ്പിക്കാനുള്ള ആഗ്രഹം അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഗാൽതുങിന്റെ ദാർശനികപഥങ്ങളിൽ ഗാന്ധിജിയുടെ സ്വാധീനം അദ്ദേഹം അംഗീകരിക്കുന്നു.*

## യുദ്ധവിരുദ്ധവാദം (Pacifism)

എല്ലാത്തരത്തിലുമുള്ള യുദ്ധസന്നാഹങ്ങളെയും നിരുപാധികം തിരസ്കരിക്കുന്നതാണ് യുദ്ധവിരുദ്ധവാദം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യം മുതൽ വ്യാപകപ്രചാരം വന്ന യുദ്ധവിരുദ്ധവാദം, യുദ്ധങ്ങളെയും സൈനികസ്ഥാപനങ്ങളെയും ഉന്മൂലനം ചെയ്യാൻ ആഹ്വാനം ചെയ്യുന്നു. ഹിംസയുടെ ധാർമികതയെ ചോദ്യം ചെയ്യുന്ന യുദ്ധവിരുദ്ധവാദികൾ എങ്ങനെയാണോ മാർഗം, അങ്ങനെ തന്നെയായിരിക്കണം ലക്ഷ്യം എന്ന ഗാന്ധിയൻ തത്വത്തെ അംഗീകരിക്കുന്നു. ഒരുകൂട്ടം യുദ്ധവിരുദ്ധവാദികൾ സ്വരക്ഷയ്ക്ക് പോലുമുള്ള ഹിംസയുടെ ഉപയോഗത്തെ ന്യായീകരിക്കുന്നില്ല. അന്തർദേശീയ തർക്കങ്ങൾ സമാധാനപൂർണമായി പരിഹരിക്കണമെന്ന് അവർ പറയുന്നു.

യുദ്ധവിരുദ്ധപ്രസ്ഥാനത്തിന്റെ വക്താക്കൾ യുദ്ധത്തിന്റെ അധാർമികത തുറന്നുകാട്ടുന്നു. വിമോചനത്തിനുവേണ്ടിയുള്ള യുദ്ധത്തെ നീതിവല്ക്കരിക്കുന്ന നിലപാടിനും യുദ്ധവിരുദ്ധവാദികൾ എതിരാണ്.

## സമാധാനസംസ്കാരം (Culture of Peace)

ഐക്യരാഷ്ട്ര സംഘടന പറയുന്നതുപോലെ, സമാധാന സംസ്കാരം എന്നത് വ്യക്തികളിലും സമൂഹങ്ങളിലും രാഷ്ട്രങ്ങളിലുമുള്ള പ്രശ്നങ്ങൾ സംവാദത്തിലൂടെയും സന്ധിസംഭാഷണത്തിലൂടെയും അതിന്റെ മൂലകാരണങ്ങളറിഞ്ഞ് പരിഹരിക്കുന്ന,

ഹിംസയെ നിരാകരിക്കുകയും സംഘർഷ ങ്ങളെ ഒഴിവാക്കുകയും ചെയ്യുന്ന മൂല്യ ങ്ങളും മനോഭാവങ്ങളും പെരുമാറ്റരീതിയും ജീവിതരീതിയുമാണ്.




യുദ്ധത്തിന്റെയും ഹിംസയുടെയും സംസ്കാ രത്തിന് ബദലാണ് സമാധാനസംസ്കാരം. സമാധാനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാ സം, സ്ഥായിയായ വികസന സമ്പ്രദായ ത്തിന്റെ പ്രോത്സാഹനം, മനുഷ്യാവകാശങ്ങ ളോടുള്ള ബഹുമാനം, സ്ത്രീപുരുഷ സമത്വം, ജനാധിപത്യത്തിലുള്ള പങ്കാളിത്തം, നിരായുധീകരണം, വിവരങ്ങളുടെ സൗജന്യ ലഭ്യത, സഹിഷ്ണുത എന്നിവയിലൂടെ സമാധാനസംസ്കാരം വളർത്തിയെടുക്കാൻ കഴിയും. സമാധാന സംസ്കാരത്തി ലധിഷ്ഠിതമായ ഒരു ബദൽ ജീവിത ശൈലിയുടെ പ്രതീകമാണ് ഗാന്ധിജിയുടെ ജീവിതം. അതുകൊണ്ടു തന്നെയാണ് ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ 2 അന്തർദേശീയ അഹിംസാ ദിനമായി ഐക്യരാഷ്ട്രസഭയുടെ 61-ാം ജനറൽ അസംബ്ലി പ്രഖ്യാപിച്ചത്.

## സംഘർഷം (Conflict)

### നമുക്കു ചെയ്യാം



*സംഘർഷം **(Conflict)** എന്ന വാക്ക് ബോർഡിലോ ചാർട്ട് പേപ്പറിലോ മധ്യത്തിലായി രേഖപ്പെടുത്തുക. സംഘർഷവുമായി ബന്ധമുള്ളതോ ചേർച്ചയുള്ളതോ ആയ 5 വാക്കുകൾ ഓരോരുത്തരും കണ്ടെത്തുക. 'സംഘർഷ'ത്തിൽ നിന്നും രൂപപ്പെട്ടുവരുന്ന വാക്കുകൾ ഉപയോഗിച്ച് ബോർഡിൽ പദസഞ്ചയം തയ്യാറാക്കുക. (ഓരോരുത്തരുടെ പ്രതികരണ ങ്ങളും-സമകാലികസംഭവങ്ങൾ, വികാരങ്ങൾ, വ്യക്തിപരം എന്നി ങ്ങനെ-ഓരോ ശീർഷകങ്ങളിലായി ക്രമീകരിച്ച് എഴുതാൻ ശ്രമിക്കുക)*

സമൂഹത്തിലെ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് സംഘർഷം. മനുഷ്യന്റെ ആവശ്യങ്ങ ളുടെയും നിലനില്പിന്റെയും പ്രതിഫലനമാണ് അത്. സംഘർഷങ്ങൾ രൂപംകൊള്ളു ന്നതും ശക്തിപ്രാപിക്കുന്നതും മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളുടെ പൂർത്തീകര ണവുമായും വിഭവങ്ങളുടെ ലഭ്യതയുമായും ബന്ധപ്പെട്ടാണ്. അഭിപ്രായങ്ങളോ, മൂല്യ ങ്ങളോ, പ്രവർത്തനരീതികളോ കാഴ്ചപ്പാടുകളോ തമ്മിലുള്ള ഏറ്റുമുട്ടലാണിത്. വ്യക്തി കൾ തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മ പോലെ വളരെ ചെറുതോ, യുദ്ധം പോലെ വളരെ വലുതോ ആണ് സംഘർഷം. ഒരു വ്യക്തിയിൽത്തന്നെയോ, രണ്ടോ അതില ധികം വ്യക്തികൾ തമ്മിലോ, രണ്ടോ അതിലധികം സംഘങ്ങൾ തമ്മിലോ ആണ് സംഘർഷം ജന്മംകൊള്ളുന്നത്. സംഘർഷത്തിന് വിവിധ രൂപങ്ങളുണ്ട്. ചിലപ്പോൾ രണ്ടു വ്യക്തികൾ മാത്രമായിരിക്കും അതിൽ ഉൾപ്പെട്ടിരിക്കുന്നത്. യുദ്ധത്തിലേക്ക് നയിക്കുന്ന രീതിയിൽ രാഷ്ട്രങ്ങളുടെ ഒരു സംഘംതന്നെ ചിലപ്പോൾ അതിൽ ഉൾപ്പെട്ടിരിക്കാം. രണ്ടുവ്യക്തികളുടെയോ സാമൂഹ്യഘടക (കുടുംബങ്ങൾ, സംഘ ടനകൾ, സ്ഥാപനങ്ങൾ) ങ്ങളുടെയോ താല്പര്യങ്ങളിലും ലക്ഷ്യങ്ങളിലും ഉദ്ദേശ്യ ങ്ങളിലുമുള്ള പൊരുത്തക്കേടാണ് സംഘർഷം.

യാതൊരു സംഘർഷവും പരിപൂർണമായി ഇല്ലാത്ത അവസ്ഥയല്ല സമാധാനം. എന്നാൽ സംഘർഷം സൃഷ്ടിക്കുന്ന അവസരങ്ങളും സാധ്യതകളും അഭികാമ്യമായ സാമൂഹ്യമാറ്റത്തിനായി സൃഷ്ടിപരമായി വിനിയോഗിക്കണം. ഹിംസയുടെ എല്ലാ രൂപങ്ങളെയും ഭാവങ്ങളെയും ഒഴിവാക്കി സംഘർഷത്തെ ക്രിയാത്മകമായി അനാവരണം ചെയ്യുകയാണ് വേണ്ടത്. ജനങ്ങൾ തങ്ങളുടെ ഇടപെടലുകൾ അഹിംസാത്മകമാക്കുമ്പോഴും, ന്യായമായ ആവശ്യങ്ങളും അഭിലാഷങ്ങളും പരിഗണിച്ച് തങ്ങളുടെ ഇടയിലുള്ള സംഘർഷത്തെ ഗുണപരമായി കൈകാര്യം ചെയ്യുമ്പോഴുമാണ് സമൂഹത്തിൽ സമാധാനം സംജാതമാകുന്നത്.

## സംഘർഷം: അർഥവും പ്രക്രിയയും (Conflict: Meaning and Functions)



### നമുക്ക് ചെയ്യാം

*സമൂഹത്തിലെ സംഘർഷങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഉത്ഭവവും കാരണവും കണ്ടെത്തുക?*

വളരെ അനാരോഗ്യകരവും ഒഴിവാക്കേണ്ടതുമായ ഒന്നാണ് സംഘർഷം എന്നാണ് സാമാന്യ ധാരണ. എന്നാൽ സംഘർഷങ്ങളെല്ലാം നിഷേധാത്മക പ്രക്രിയകളല്ല. സമൂഹത്തെ മുന്നോട്ടു നയിക്കുക എന്ന ദൗത്യമാണ് സംഘർഷത്തിനുള്ളതെന്ന് ലെവിസ് കോസർ അഭിപ്രായപ്പെടുന്നു. അങ്ങനെയാകുമ്പോൾ അത് സാമൂഹ്യ പുരോഗതിക്കുതകുന്ന പുതിയ സ്ഥാപനങ്ങളും പുതിയ സാങ്കേതിക വിദ്യകളും സാമ്പത്തിക സംവിധാനവും സൃഷ്ടിക്കും. രണ്ടോ അതിലധികം വ്യക്തികളോ, സംഘങ്ങളോ പൊരുത്തക്കേടുള്ള നിലപാടുകൾ വെളിപ്പെടുത്തുമ്പോഴാണ് സാമൂഹ്യ സംഘർഷം ഉടലെടുക്കുന്നത്. മനുഷ്യസമൂഹത്തിലെ നിർബന്ധിതവും സർഗാത്മകവുമായ ഒരു ശക്തിയായാണ് സംഘർഷത്തെ സാമൂഹ്യശാസ്ത്രജ്ഞർ കാണുന്നത്.

എന്നിരുന്നാലും സംഘർഷമെന്ന പദം ഒരു നിഷേധാത്മകസൂചന മിക്കപ്പോഴും വഹിക്കുന്നു. സഹകരണത്തിനും സൗഹാർദത്തിനും സമാധാനത്തിനുതന്നെയും എതിരായ ഒരു സൂചനയാണ് സംഘർഷം പലപ്പോഴും നൽകുന്നത്. പക്ഷേ സംഘർഷവും ഹിംസയും തമ്മിൽ നൈസർഗികമായ ഒരു ബന്ധവും ഇല്ല. സംഘർഷത്തിന് നിഷേധാത്മകാർഥം കല്പിക്കുന്നത് ഒരിക്കലും സഹായകരമല്ല. കാരണം സമൂഹത്തിലെ മാറ്റത്തിന്റെയും രൂപാന്തരത്തിന്റെയും ആയ പ്രക്രിയയ്ക്ക് ഉൽപ്രേരകവും അത്യാവശ്യവുമായ ഘടകമായി സംഘർഷത്തെ ഉൾക്കൊള്ളുന്നതിനെ അതു പുറംകോട്ടടിക്കും. സംഘർഷമെന്നത് മനുഷ്യാസ്തിത്വത്തിന്റെ ഒരു അവിഭാജ്യഘടകവും സാമൂഹ്യമാറ്റത്തിന്റെ ചാലകശക്തിയുമാണ്. സ്വാതന്ത്ര്യസമരങ്ങളും അവകാശസമരങ്ങളും ആശയസമരങ്ങളുമെല്ലാം സംഘർഷങ്ങളാണ് എന്ന് അറിയണം.

## സംഘർഷത്തിന്റെ കാരണങ്ങൾ (Causes of Conflict)

നിരവധി കാരണങ്ങൾ കൊണ്ടാണ് സംഘർഷം ഉടലെടുക്കുന്നത്. സാഹചര്യത്തിനോ സന്ദർഭത്തിനോ അനുസൃതമായോ ബഹുമുഖമായോ ഉള്ള വിവിധ കാരണങ്ങ

ളാലാണ് സംഘർഷം ഉണ്ടാകുന്നത്. താഴെപ്പറയുന്ന ഘടകങ്ങളും സംഘർഷങ്ങൾക്ക് കാരണമാകുന്നു.

1. രാഷ്ട്രീയവും സ്ഥാപനപരവുമായ ഘടകങ്ങൾ:- ദുർബലമായ ഭരണകൂടവും സ്ഥാപനങ്ങളും, അധികാരവടംവലിയും, രാഷ്ട്രീയമായ ബഹിഷ്കരണവും, സാമൂഹ്യപ്രതിബദ്ധതയുടെ അഭാവവും അഴിമതിയും, സ്വത്വപ്രതിസന്ധി എന്നിവ.
2. സാമൂഹ്യസാമ്പത്തിക ഘടകങ്ങൾ:- അസമത്വം, ദാരിദ്ര്യവും അവകാശ/പങ്കാളിത്ത നിഷേധവും ബഹിഷ്കരണവും, പാർശ്വവത്ക്കരണവും, പരസ്പരാശ്രയത്തിന്റെ അഭാവം തുടങ്ങിയവ
3. ജൈവികവും പാരിസ്ഥിതികവുമായ ഘടകങ്ങൾ:-അത്യാർത്തി, നീതിപൂർവകമല്ലാത്ത വിഭവങ്ങളുടെ ചൂഷണത്തിലേക്കും പാരിസ്ഥിതികമായ അരക്ഷിതാവസ്ഥയിലേക്കും നയിക്കുന്ന ജനപ്പെരുപ്പത്താലുള്ള പൊതു വിഭവങ്ങളുടെ ശോഷണം.

## വിവിധതരം സംഘർഷങ്ങൾ (Types of Conflicts)



**നമുക്കു ചെയ്യാം**

*നിങ്ങളുടെ പ്രവർത്തനമേഖലയിലോ, അയൽപക്കങ്ങളിലോ അനുഭവിച്ചിട്ടുള്ളതോ കണ്ടിട്ടുള്ളതോ ആയ വിവിധതരം സംഘർഷങ്ങളുടെ പട്ടിക തയ്യാറാക്കുക.*

സാമൂഹ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും സംഘർഷങ്ങൾ ഉടലെടുക്കുന്നു. വ്യക്തികൾക്കുള്ളിലും വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും സമൂഹങ്ങൾക്കുള്ളിലും സമൂഹങ്ങൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും സംഘർഷം ഉണ്ടാകാം. വിഭവങ്ങൾക്കുവേണ്ടിയും സ്ഥാനമാനങ്ങൾക്കുവേണ്ടിയും ബഹുമതികൾ അംഗീകാരം എന്നിവയ്ക്കുവേണ്ടിയും സംഘർഷങ്ങൾ രൂപപ്പെടാം.

| | |
|---|---|
| വ്യക്ത്യന്തര സംഘർഷം (Intra - Personal Conflict) | - ഒരുവ്യക്തിയുടെ ഉള്ളിൽ തന്നെയുള്ള ആന്തരിക സംഘർഷം |
| അന്തർ വ്യക്തി സംഘർഷം (Inter -Personal Conflict) | - രണ്ടോ അതിലധികമോ വ്യക്തികൾ തമ്മിലുള്ള സംഘർഷം |
| സമൂഹാന്തര സംഘർഷം (Intra- Group Conflict) | - ഒരു സമൂഹത്തിന് ഉള്ളിൽ തന്നെയുള്ള സംഘർഷം |
| അന്തർ സമൂഹ സംഘർഷം (Inter- Group Conflict) | - വിവിധ സമൂഹങ്ങൾ തമ്മിലുള്ള സംഘർഷം. |
| സംഘടനാന്തര സംഘർഷം (Intra -Organisation Conflict) | - ഒരു സംഘടനയ്ക്കുള്ളിലുള്ള സംഘർഷം |
| അന്തർ സംഘടനാ സംഘർഷം (Inter -Organisation Conflict ) | - സംഘടനകൾ തമ്മിലുള്ള സംഘർഷം |



**നമുക്ക് ചെയ്യാം**


*സംഘർഷങ്ങൾ ഉണ്ടാകുമ്പോൾ അതിനോടുള്ള വിവിധ പ്രതികരണങ്ങൾ എങ്ങനെയൊക്കെയാകാമെന്നു ഗ്രൂപ്പുകളായി ചർച്ച ചെയ്യുക.*

## സംഘർഷപരിഹാരം (Conflict Resolution)



### നമുക്കു ചെയ്യാം

*താഴെ കാണുന്ന ചിത്രത്തിൽ നിന്ന് സംഘർഷപരിഹാരത്തിന്റെ മാർഗങ്ങൾ കണ്ടെത്തുക.*



„The Two Mules" mit freundlicher Genehmigung von Quaker Peace and Service, London

ഏതു സമൂഹവും സംഘർഷ പരിഹാരത്തിന് അവരുടേതായ രീതികളും തന്ത്രങ്ങളും രൂപപ്പെടുത്തിയിട്ടുണ്ട്. ആരൊക്കെ തമ്മിലാണോ സംഘർഷമുള്ളത് അവരെ ഒന്നിച്ചുകൊണ്ടുവന്ന് ചർച്ചചെയ്ത് അവരുടെ പ്രശ്നത്തിനുള്ള പരിഹാരം രൂപപ്പെടുത്തിയെടുക്കുന്നതാണ് സംഘർഷ പരിഹാരം. സമർഥവും വിവേകപൂർവ്വവും നീതിയുക്തവുമായ രീതിയിൽ സംഘർഷത്തെ തിരിച്ചറിഞ്ഞ് കൈകാര്യം ചെയ്യുന്ന

### നമുക്ക് അറിയാം



#### മധ്യസ്ഥത (Mediation)

*സംഘർഷത്തിൽ കക്ഷിയല്ലാത്ത മൂന്നാമതൊരു വ്യക്തിയുടെ സഹായത്തോടുകൂടിയുള്ള സംഘർഷപരിഹാരം. മധ്യസ്ഥൻ വിശ്വസ്തനും പക്ഷപാത രഹിതനും ആകണം. ഇരുകക്ഷികളും അംഗീകരിക്കുന്ന മധ്യസ്ഥൻ കക്ഷികളെ അനുരഞ്ജനത്തിനു പ്രേരിപ്പിക്കുകയും പരിഹാരത്തിനായി നിർദേശങ്ങളും സഹായങ്ങളും നല്കുകയും ചെയ്യണം*

#### ആർബിട്രേഷൻ (Arbitration)

*വ്യക്തികളോ സംഘങ്ങൾ തമ്മിലോ ഉള്ള സംഘർഷം/തർക്കം ഇരുകക്ഷികളെയും കേട്ട് ഇവർ അംഗീകരിക്കുന്ന മൂന്നാമതൊരു കക്ഷി (ആർബിട്രേറ്റർ) തീർപ്പുകല്പിക്കുന്ന പ്രക്രിയയാണ് ഇത്. തീരുമാനം എടുക്കാനുള്ള അധികാരം ആർബിട്രേറ്റർക്കാണ്. കക്ഷികൾക്ക് ആർബിട്രേറ്ററുടെ മുമ്പാകെ തെളിവുകളും വിശദീക*

*രണങ്ങളും നല്കാം. അതിന്റെ അടിസ്ഥാനത്തിൽ ആർബിട്രേറ്റർ തീരുമാനം പ്രഖ്യാപിക്കുന്നു. ആർബിട്രേറ്ററുടെ തീരുമാനം നിയമപരമായി നിലനിൽക്കും.*

**കോടതിവ്യവഹാരം (Adjudication)**

*കക്ഷികളുടെ വാദങ്ങളും തെളിവുകളും വിസ്താരം ചെയ്ത് ന്യായാധിപൻ തീർപ്പു കല്പിക്കുന്ന പ്രക്രിയ. ഏതെങ്കിലും ഒരു കക്ഷിക്ക് അനുകൂലമായിരിക്കും പലപ്പോഴും കോടതിവിധി. ഇരുകൂട്ടർക്കും വിധി നിയമപരമായി അംഗീകരിക്കാൻ ബാധ്യതയുണ്ട്.*

**സന്ധിസംഭാഷണം (Negotiation)**

*സംഘർഷത്തിൽ ഏർപ്പെട്ടിട്ടുള്ള കക്ഷികൾ ബാഹ്യകക്ഷികളുടെ ഇടപെടലില്ലാതെ പരസ്പരം കൂടിയാലോചനയിലൂടെ പരിഹാരം കണ്ടെത്തുന്നു. സംഘർഷപരിഹാരമാർഗങ്ങളിൽ ഏറ്റവും അംഗീകരിക്കത്തക്കതും ആരോഗ്യപരവും അഭികാമ്യവുമായ ഒന്നാണ് സന്ധിസംഭാഷണത്തിലൂടെയുള്ള സംഘർഷപരിഹാരം.*

നടപടിയാണത്. മധ്യസ്ഥത, സന്ധിസംഭാഷണം എന്നിവയും ചില വിഷയങ്ങളിൽ ആർബിട്രേഷനും സംഘർഷപരിഹാരരീതികളിൽ ഉൾപ്പെടുന്നു. മധ്യസ്ഥതയിലും ആർബിട്രേഷനിലും മൂന്നാം കക്ഷിയുടെ പങ്ക് പ്രാധാന്യമുള്ളതാണ്.

## സംഘർഷപരിഹാരരീതികൾ (Methods of Conflict Resolution)

ഒരു തർക്കം പരിഹരിക്കുന്നതിനായി കോടതിയെ സമീപിക്കുക എന്നത് ഒരു പരാജയമായാണ് ഗാന്ധിജി കരുതിയിരുന്നത്. ഒരു വ്യക്തി കോടതിയെ സമീപിക്കേണ്ടി വരുമ്പോൾ, സ്വാഭാവികമായി ഒരു വക്കീലിനെ ആശ്രയിക്കേണ്ടി വരുന്നു. കോടതി വ്യവഹാരം, ആ വ്യക്തിയെ തന്റെ തർക്കം നിയന്ത്രിക്കുന്നതിൽ പങ്കില്ലാതെ അകറ്റി നിർത്തുന്നു. ഏതു സംഘർഷത്തിനും കോടതിയിലെ നീതിന്യായ പ്രക്രിയയ്ക്ക് തിരിച്ചറിയാനാകാത്ത ഒരു വൈകാരികവശമുണ്ട്. വക്കീലന്മാരെ സംബന്ധിച്ച് അത്തരം വൈകാരികവശങ്ങൾക്ക് യാതൊരു നിലനില്പും ഇല്ല. അവർക്ക് വ്യക്തിയുടെ പ്രശ്നങ്ങളെല്ലാം വെറും കേസുകെട്ടുകളാണ്. മധ്യസ്ഥതയ്ക്ക് വിരുദ്ധമായി കോടതി വ്യവഹാരം പ്രതികൂലതയും ഏറ്റുമുട്ടലും നിറഞ്ഞതാണ്. കോടതിവ്യവഹാരത്തിലൂടെ യഥാർഥതർക്കം പരിഹരിക്കപ്പെടണമെന്നില്ല. ഒരു കക്ഷി ജയിക്കുകയും മറ്റു കക്ഷികൾ തോൽക്കുകയും ചെയ്യുകയാണ് പതിവ്. കോടതി വ്യവഹാരം പരാതിക്കാരനായ കക്ഷിക്ക് നിതീ ലഭ്യമാക്കണമെന്നില്ല. മിക്കപ്പോഴും കോടതിയിലൂടെയുള്ള സംഘർഷ പരിഹാരശ്രമം ഇരുകക്ഷികൾക്കും സ്വീകാര്യമായ ഒരു പരിഹാരം കണ്ടെത്താൻ അനുവദിക്കാതെ ഒരു തീരുമാനം അടിച്ചേൽപ്പിക്കപ്പെടുന്ന അവസ്ഥയിലേക്ക് നയിക്കുന്നു. എന്നാൽ, ബദൽ തർക്കപരിഹാര (Alternative Dispute Resolution)

രീതികൾ പൊതുപങ്കാളിത്തമുള്ള പ്രായോഗികതയിലൂന്നിയ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ക്രിയാത്മക ഇടപെടലുള്ള ഒരു ബദൽ പ്രവർത്തനരീതിയാണ്. ഇപ്പോൾ ബദൽ തർക്ക പരിഹാര രീതികൾ (ADR) കോടതികൾ പ്രോത്സാഹിപ്പിക്കുകയും കോടതിയുടെ തന്നെ അനുബന്ധരീതികളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കുടുംബ കോടതി, ലോക് അദാലത്ത് എന്നിവ ഉദാഹരണങ്ങളാണ്.

**ലോക് അദാലത്ത് (ജനങ്ങളുടെ കോടതി)**

*ഇന്ത്യയിൽ രൂപപ്പെട്ടുവന്ന ബദൽ തർക്ക പരിഹാരരീതികളിൽ ഒന്നാണ് ലോക്അദാലത്ത്. ഗ്രാമങ്ങളിലെ പ്രായമുള്ളവരുടെ മധ്യസ്ഥതയാൽ തർക്കങ്ങൾ പരിഹരിക്കുന്ന ഒരു ചരിത്രം ഇന്ത്യയിലുണ്ട്. ഗാന്ധിയൻ തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു തർക്കപരിഹാരരീതിയായി ഇതിനെ പരിഗണിക്കാം. ലോക് അദാലത്ത് സംവിധാനത്തിൽ, വിരമിച്ച ന്യായാധിപന്മാരോ, മുതിർന്ന വക്കീലന്മാരോ, സാമൂഹ്യപ്രവർത്തകരോ ഒക്കെയാണ് തർക്കപരിഹാരത്തിന് നേതൃത്വം നല്കുന്നത്. കക്ഷികളെ തർക്കപരിഹാരത്തിലെത്തിക്കാനുള്ള ഒരു അനൗപചാരിക പരിശ്രമമാണ് ഇതെന്നുപറയാം. സിവിൽകേസുകൾ, വിവാഹതർക്കങ്ങൾ, ഭൂമി/സ്വത്തുതർക്കങ്ങൾ, തൊഴിൽതർക്കങ്ങൾ, വാഹനഇൻഷുറൻസ് കേസുകൾ എന്നിവയൊക്കെ ലോക് അദാലത്ത് വഴി പരിഹാരം കാണുന്നുണ്ട്.*

ഇന്ത്യയിൽ വളരെയധികം സ്ഥാപനവത്ക്കരിക്കപ്പെട്ടിട്ടുള്ള ഒരു ബദൽ തർക്കപരിഹാര രീതിയാണ് മധ്യസ്ഥത. നിഷ്പക്ഷനായ മൂന്നാമതൊരാളുടെ സഹായത്തോടെ തർക്കത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇരുകക്ഷികളും ഒരു ഉടമ്പടിയിൽ എത്തിച്ചേരുന്ന സ്വകാര്യ, അനൗപചാരിക തർക്ക പരിഹാര പ്രക്രിയയാണത്. എന്നാൽ ആർബിട്രേഷൻ എന്നത് നിഷ്പക്ഷനായ മൂന്നാമതൊരാൾ, തനിക്ക് ലഭിച്ച വസ്തുതകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ, ഇരുകൂട്ടർക്കും ബാധകമായ ഒരു തീരുമാനം (Award) പ്രഖ്യാപിക്കുന്ന അനൗപചാരിക പ്രക്രിയയാണ്. കോടതിയിലെ നടപടി ക്രമങ്ങൾ പോലെയാണ് ആർബിട്രേഷൻ നടപടികളും. തർക്കത്തിലേർപ്പെട്ടിരിക്കുന്ന കക്ഷികൾക്കിടയിലെ തെറ്റിദ്ധാരണകൾ ഒന്നും ആർബിട്രേഷനിലൂടെ മാറ്റപ്പെടുന്നില്ല. വ്യക്തി ബന്ധങ്ങൾക്ക് അവിടെ പ്രാധാന്യം ഇല്ല.

കക്ഷികൾ തമ്മിൽ പരസ്പര കൂടിയാലോചനയിലൂടെ സംഘർഷം പരിഹരിക്കുന്ന രീതിയാണ് സന്ധിസംഭാഷണം. വളരെ ഉചിതവും സ്ഥായിയായതുമായ ഒന്നാണിത്. മൂന്നാമതൊരാളുടെ ആശ്രയമില്ലാതെ ഇരുകക്ഷികൾക്കും സ്വീകാര്യമായ പരിഹാരം കണ്ടെത്തി സംഘർഷം പരിഹരിക്കുന്നു.

ജനങ്ങൾക്ക് പരിചിതമായ സംഘർഷപരിഹാര സംവിധാനമാണ് കോടതി വ്യവഹാരം. വ്യക്തി ബന്ധങ്ങളെയൊന്നും പരിഗണിക്കാതെ തർക്കപരിഹാരത്തിനായി നീതിന്യായ കോടതിയെ ആശ്രയിക്കുന്ന രീതിയാണത്. ചിലപ്പോൾ കോടതിയുടെ തർക്കപരിഹാര വിധി സംഘർഷം കൂടുതൽ വഷളാക്കുന്നതിന് കാരണമായേക്കാം. എന്നിരുന്നാലും വ്യവസ്ഥാപിതവും വികസിതവുമായ തർക്കപരിഹാര സംവിധാനമായാണ് കോടതിയെ പരിഗണിക്കുന്നത്.

കക്ഷികൾ തമ്മിലുള്ള ആശയവിനിമയത്തിനും ഉടമ്പടിയിൽ എത്തിച്ചേരുന്നതിനും വേണ്ട സുഗമമായ ഒരു സന്നദ്ധപ്രവർത്തനത്തിന് മധ്യസ്ഥൻ നേതൃത്വം നൽകുന്നു. ആർബിട്രേഷനിൽ നിന്ന് വ്യത്യസ്തമായി മധ്യസ്ഥന് കാര്യമായ സ്വാതന്ത്ര്യം ലഭിക്കുന്നു. മധ്യസ്ഥതയുടെ വിജയം തർക്കം പരിഹരിക്കുന്നതിനുള്ള മനസിനേയും സന്നദ്ധതയെയും ആശ്രയിച്ചിരിക്കും. കോടതിവ്യവഹാരത്തിന് ബദലായ വളരെ കാര്യക്ഷമമായ ഒന്നായി ലോക് അദാലത്ത് ഇന്ത്യയിൽ മാറിയിട്ടുണ്ട്.



**നമുക്ക് ചെയ്യാം**

*വിവിധ സംഘർഷപരിഹാരരീതികളുടെ ഗുണദോഷങ്ങൾ ചർച്ച ചെയ്യുക.*

## ഗാന്ധിജിയും സംഘർഷപരിഹാരവും
## (Gandhiji and Conflict Resolution)

സംഘർഷപരിഹാരം, സംഘർഷരൂപാന്തരം എന്നീ പദങ്ങളൊന്നും ഗാന്ധിജി ഉപയോഗിച്ചിരുന്നില്ലെങ്കിലും സംഘർഷപരിഹാരപ്രസ്ഥാനത്തിന്റെ ഒരു മുന്നോടിയായി ഗാന്ധിജിയെ അംഗീകരിക്കുന്നു. ഭിന്നിച്ചു നിൽക്കുന്ന രണ്ടു കക്ഷികളെ യോജിപ്പിക്കുകയാണ് തർക്ക പരിഹാരത്തിന്റെ പ്രധാന ധർമമെന്ന് ഗാന്ധിജി കരുതി. വിവിധ രൂപങ്ങളിലുള്ള സംഘർഷങ്ങളുമായി ബന്ധപ്പെട്ട നൂറുകണക്കിന് കേസുകൾ അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ ജീവിതത്തിൽ കോടതി വ്യവഹാരം, മധ്യസ്ഥത, ആർബിട്രേഷൻ എന്നിവ വഴി അദ്ദേഹം സംഘർഷങ്ങൾ പരിഹരിച്ചിരുന്നു. നിയമോപദേശകനായി പോയി മധ്യസ്ഥനായി വർത്തിച്ച് സംഘർഷപരിഹാരത്തിന്റെ വിജയഗാഥ ഗാന്ധിജി ആരംഭിക്കുന്നത് ദക്ഷിണാഫ്രിക്കയിൽ നിന്നാണ്. ദാദാ അബ്ദുള്ളയും ഹാജിഖാൻ മുഹമ്മദുമായുള്ള കേസ് പരിഹരിച്ചതാണ് ആദ്യ ഉദാഹരണം. വീണ്ടും പ്രശ്നങ്ങൾ ഉണ്ടാകാതെ സൗഹൃദപരമായി തർക്കം പരിഹരിക്കുന്നതാണ് ഒരു വക്കീലിന്റെ ധർമമെന്ന് ഈ കേസിലൂടെ ഗാന്ധിജി തിരിച്ചറിഞ്ഞു.

**ഗാന്ധിജി ഒരു അഭിഭാഷകനെന്ന നിലയിൽ**

*.....പരിണതഫലത്തിൽ അവർ രണ്ടുപേരും സംതൃപ്തരാണ്. ഇതു കൂടുതൽ സാമൂഹ്യ അന്തസിലേക്കുയർന്നു. എന്റെ ആഹ്ലാദം അതിരുകളില്ലാത്തതായിരുന്നു. നിയമത്തിന്റെ പ്രയോഗം ഞാൻ പഠിച്ചു. മനുഷ്യ പ്രകൃതത്തിന്റെ നല്ല വശവും മനുഷ്യഹൃദയത്തിലേക്കു കടക്കാനുള്ള വഴിയും ഞാൻ കണ്ടുപിടിച്ചു. സംഘർഷത്തിലിരിക്കുന്ന രണ്ടു വ്യക്തികളെ ഒന്നിപ്പിക്കുകയാണ് ഒരു അഭിഭാഷകന്റെ യഥാർഥ കടമയെന്ന് ഞാൻ തിരിച്ചറിഞ്ഞു. കഴിഞ്ഞ 20 വർഷങ്ങൾ ഒരു അഭിഭാഷകനായി പ്രവർത്തിച്ചപ്പോൾ ഈ പാഠങ്ങൾ എന്റെ ഉള്ളിൽ ആളിക്കത്തി. നൂറുകണക്കിന് കേസുകൾ പരസ്പരധാരണയിലൂടെ പരിഹരിക്കുന്നതിന് ഒരു അഭിഭാഷകൻ എന്ന നിലയിൽ കഴിഞ്ഞു. അതിലൂടെ എനിക്കൊന്നും നഷ്ടപ്പെട്ടില്ല; പണമോ എന്റെ ആത്മാവോ നഷ്ടമായില്ല.*

*- എം.കെ.ഗാന്ധി*

## സത്യഗ്രഹം (Satyagraha)

ഗാന്ധിജിയുടെ സംഘർഷപരിഹാരരീതിയാണ് സത്യഗ്രഹം. അഹിംസയെന്ന ആയുധത്തെ ഇത്രത്തോളം വികസിപ്പിക്കുകയും ജനകീയമാക്കുകയും ചെയ്തതിന് ഗാന്ധിജിയോളം പരിശ്രമിച്ച മറ്റൊരാളില്ല എന്ന് പറയാം. സംഘർഷപരിഹാരത്തിനുള്ള ഗാന്ധിയൻ മാർഗം അഹിംസയിൽ അധിഷ്ഠിതമാണ്. സംഘർഷ പരിഹാരത്തിന് നിയമപരമായ മാർഗങ്ങൾ പ്രയാസമാകുമ്പോഴും അന്യായമായ നിലപാടുകൾ തിരുത്തുന്നതിനും ഗാന്ധിജി അഹിംസാത്മക സത്യഗ്രഹം ഒരു സമരായുധമായി പ്രയോഗിച്ച് കാണിച്ചുതന്നു. അഹിംസാത്മക സത്യഗ്രഹം ഒരു മികച്ച സംഘർഷ പരിഹാരരീതിയായി ഗാന്ധിജി വികസിപ്പിച്ചു. ചമ്പാരനിലെ കർഷക പ്രശ്ന പരിഹാരവും അഹമ്മദാബാദ് തുണിമിൽ തൊഴിലാളി സമരവും നവ്ഖാലിയിലെ സമാധാന ദൗത്യവുമൊക്കെ ഗാന്ധിയൻ സംഘർഷ പരിഹാരരീതിയുടെ ഉത്തമോദാഹരണങ്ങളാണ്.

സംഘർഷങ്ങളെ ക്രിയാത്മക മാർഗങ്ങളിൽകൂടി സാമൂഹ്യമാറ്റത്തിനായി വിനിയോഗിക്കേണ്ടതുണ്ട്. സംഘർഷത്തിന്റെ കാരണങ്ങളെത്തന്നെ പരിഹരിച്ചു കൊണ്ട് എല്ലാ വിഭാഗങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ടുവേണം സമാധാനം സ്ഥാപിക്കാൻ. വ്യക്തിക്ക് നൽകിയിട്ടുള്ള പരമമായ സ്ഥാനവും ധാർമികതയിൽ ഉറപ്പിച്ച അടിസ്ഥാനവും സംഘർഷ പരിഹാരത്തിനുള്ള ഗാന്ധിയൻ മാർഗ്ഗത്തിന്റെ അടിസ്ഥാനമാണ്. ഗാന്ധിജിയുടെ സത്യഗ്രഹമെന്ന അഹിംസാത്മക സംഘർഷപരിഹാര രീതിയുടെ തത്വവും പ്രയോഗവും സാമൂഹ്യശാസ്ത്രജ്ഞർ ഇന്ന് പഠനവിധേയമാക്കുകയാണ്. വ്യക്തിതലത്തിലും സാമൂഹ്യതലത്തിലും ഇതിന് വളരെയേറെ പ്രസക്തിയുണ്ട്. ജീൻ ഷാർപ്പിനെപ്പോലെയുള്ള യുദ്ധവിരുദ്ധവാദികൾ ഹിംസാത്മകരാഷ്ട്രീയസംഘർഷത്തെ വിലയിരുത്തുകയും അതിന്റെ ബദലു കളെപ്പറ്റി അന്വേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സത്യഗ്രഹത്തിന്റെ ലക്ഷ്യം, അനീതിയിലും അസമത്വത്തിലും അധിഷ്ഠിതമായ സാമൂഹ്യഘടനയെ വെല്ലുവിളിച്ചുകൊണ്ട്, അന്തർലീനമായ സാമൂഹ്യസംഘർഷത്തെ വെളിപ്പെടുത്തുന്നു എന്നുള്ളതാണ്. സത്യഗ്രഹം, കേവലം സംഘർഷത്തെ നേരിടുന്നതിനുള്ള ഒരു രീതി എന്നതിലപ്പുറം ഗാന്ധിജിയെ സംബന്ധിച്ച് സത്യത്തിൽ വിശ്വസിച്ചു ജീവിക്കുന്ന ജീവിതരീതിതന്നെയായിരുന്നു. സാമൂഹ്യ- രാഷ്ട്രീയ സംഘർഷം എന്ന പ്രശ്നത്തെ സൈദ്ധാന്തികമായി നേരിടുന്നതിനുള്ള ഒരു താക്കോലായി സാമൂഹ്യശാസ്ത്രജ്ഞന്മാർ സത്യഗ്രഹത്തെ വിലയിരുത്തുന്നു.

**നമുക്ക് പരിശോധിക്കാം**



*ഗാന്ധിജി കോടതിക്കുപുറത്തുള്ള തർക്കപരിഹാരരീതി പ്രോത്സാഹിപ്പിച്ചിരുന്നതായി കാണാം. അദ്ദേഹത്തിന്റെ ദക്ഷിണാഫ്രിക്കൻ ജീവിതത്തിൽ നിന്നും ഇതിനെ സാധൂകരിക്കുന്ന സംഭവങ്ങൾ കണ്ടെത്തുക?*

## സംഘർഷരൂപാന്തരം (Conflict Transformation)



### നമുക്ക് ചെയ്യാം

*രണ്ടു പെൺകുട്ടികൾക്കും കൂടി ഒരു ഓറഞ്ച് ലഭിച്ചു. രണ്ടുപേർക്കും അത് മുഴുവനായി വേണമെന്നായി. ഒരു ഓറഞ്ച് മുഴുവനും കിട്ടാതെ മാറില്ല എന്നായി രണ്ടുപേരും. ഓരോരുത്തരുടേയും ആവശ്യം ചോദിച്ചറിഞ്ഞു. ഒരാൾക്ക് വിശപ്പുമാറ്റാനായി ഓറഞ്ച് കഴിക്കണം. മറ്റേ ആൾക്ക് ഓറഞ്ചിന്റെ തൊലി കൊണ്ട് മുഖകാന്തി വർധിപ്പിക്കുന്ന ഒരു സൗന്ദര്യവർധകവസ്തു നിർമിക്കണം. ഇരുകൂട്ടർക്കും ആവശ്യമുള്ള വസ്തുക്കൾ നല്കി രണ്ടു പേർക്കും സ്വീകാര്യമായി ആ പ്രശ്നം പരിഹരിച്ചു. അവർ ആ തർക്കം പരിഹരിച്ചതുകൊണ്ടുമാത്രം തീർന്നില്ല; അവർ ഓറഞ്ചിന്റെ ഉള്ളിലുള്ള വിത്തുകൾ പൂന്തോട്ടത്തിൽ കുഴിച്ചിട്ടു. ഈ സംഭവവും അതിന്റെ വിവക്ഷയും ചർച്ച ചെയ്യുക.*

സംഘർഷരൂപാന്തരം കേവലം സംഘർഷപരിഹാരമല്ല. 1990 കൾക്കു ശേഷം സംഘർഷരൂപാന്തരം എന്നതിന് കൂടുതൽ പ്രാധാന്യം കൈവന്നു. സംഘർഷത്തിന്റെ കാരണങ്ങളെയും സംഘർഷത്തിൽ കക്ഷികളാകുന്നവരെയും പരിവർത്തനം ചെയ്യാനുള്ള പരിശ്രമമാണ് ഈ പ്രക്രിയയിൽ നടക്കുന്നത്. അസമത്വത്തിന്റെ വ്യവസ്ഥാപരമായ യാഥാർഥ്യങ്ങളോ, അവകാശ നിഷേധങ്ങളൊ സാമൂഹ്യാനീതിയോ മാത്രമല്ല സംഘർഷരൂപാന്തരം അഭിമുഖീകരിക്കുന്നത് മറിച്ച് സംഘർഷത്തിന്റെ വിവിധ വശങ്ങളും എല്ലാ കക്ഷികളുടെയും പ്രയാസങ്ങളും, അഭിമുഖീകരിക്കാത്ത ക്ലേശങ്ങളും ആവലാതികളും സംഘർഷരൂപാന്തരം ശ്രദ്ധയിൽ കൊണ്ടുവരുന്നു. തന്റേയും മറ്റുള്ളവരുടെയും സംഘർഷകാരണമായ പ്രശ്നങ്ങളെയും കാഴ്ചപ്പാടുകളെയും രൂപാന്തരപ്പെടുത്തി സാമൂഹ്യ ബന്ധങ്ങളെയും സാമൂഹ്യ സംഘടനകളെയും രൂപാന്തരത്തിന് വിധേയമാക്കാനുള്ള അന്വേഷണമാണിത്.

സംഘർഷത്തെ ഉപരിപ്ലവമായി മാത്രംകാണാതെ ആഴത്തിൽ സമീപിച്ച് അടിത്തട്ടിലുള്ള പ്രശ്നങ്ങൾകൂടി പരിഹരിക്കുകയാണ് സംഘർഷരൂപാന്തരം കൊണ്ട് ഉദ്ദേശിക്കുന്നത്. ഗാന്ധിജിയുടെ സത്യഗ്രഹങ്ങളൊക്കെ ജനങ്ങളെ സാമൂഹ്യമാറ്റത്തിന്റെ ആവശ്യകത (സംഘർഷകാരണമായ സാമൂഹ്യഘടനയുടെ രൂപാന്തരം) ബോധ്യപ്പെടുത്താനുള്ളതായിരുന്നു.



### നമുക്ക് ചെയ്യാം

*ഒരു ഗാന്ധിയൻ സംഘർഷപരിഹാരരീതിയെന്ന നിലയിൽ അഹമ്മദാബാദ് തൊഴിലാളി സമരത്തെ വിശകലനം ചെയ്ത് അതിലെ സംഘർഷരൂപാന്തരഘടകങ്ങൾ കണ്ടെത്തുക.*

## സമാധാനവിദ്യാഭ്യാസം (Peace Education)

സാർവത്രികമാകുന്ന അക്രമവും ഹിംസയും പരിഹരിക്കണമെങ്കിൽ മനുഷ്യന്റെ ചിന്താഗതിയിലും ജീവിത ശൈലിയിലും മാറ്റം അനിവാര്യമാണ്. മനുഷ്യവർഗം ഹിംസയിൽ നിന്നും അഹിംസയിലേയ്ക്കാണ് പുരോഗമിക്കേണ്ടത്. അതുകൊണ്ട് സമാധാനവും അഹിംസയും പുലർത്തുന്ന ഒരു സമൂഹനിർമിതിക്ക് ഉതകുന്ന അഹിംസാത്മക മൂല്യബോധമുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടണം. സമൂഹത്തിൽ പലതരത്തിൽ നിലനിൽക്കുന്ന ഹിംസയെ മനസിലാക്കാൻ ഉതകുന്ന പാഠ്യപദ്ധതികൾ നിലവിലുണ്ട്. ഹിംസയുടെ രൂപഭേദങ്ങളും അവയ്ക്ക് ബദലായ അഹിംസയുടെ മാർഗങ്ങളും പഠിക്കേണ്ടതുണ്ട്. മനുഷ്യബന്ധത്തിൽ അഹിംസയ്ക്ക് പ്രാധാന്യം കിട്ടത്തക്ക രീതിയിലുള്ള പഠനപദ്ധതിയാണ് സമാധാനവിദ്യാഭ്യാസം. സമാധാനപൂർണമായ ഒരു ലോകം കെട്ടിപ്പടുക്കുവാനുള്ള ബോധനശാസ്ത്രപരമായ ഒരു ഉദ്യമമാണ് സമാധാന വിദ്യാഭ്യാസം എന്ന് പറയാം. വാർധാ വിദ്യാഭ്യാസ പദ്ധതി സമാധാന വിദ്യാഭ്യാസത്തിന് ഉദാഹരണമാണ്.



**നമുക്ക് അറിയാം**

### യുനെസ്കോ



*ഐക്യരാഷ്ട്രസംഘടന സ്ഥാപിതമായ അതേ മുഹൂർത്തത്തിൽ സ്ഥാപിതമായ ഒരു പ്രസ്ഥാനമാണ് യുനെസ്കോ. പക്ഷേ, അതു സ്വതന്ത്രമായ ഭരണാധികാരവും സാമ്പത്തികാധികാരവും ഉള്ള സംഘടനയാണ്. ലോകത്ത് സമാധാനവും സുരക്ഷയും സ്ഥാപിക്കുകയാണ് അതിന്റെ ലക്ഷ്യം. അതിനായി വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം, നീതിയോടും മനുഷ്യാവകാശത്തോടുമുള്ള സാർവത്രികമായ ആദരവ് എന്നിവയെ പരിപോഷിക്കുന്നു. യുനെസ്കോയുടെ ഭരണഘടനയിൽ പറയുന്നത് യുദ്ധം ഇല്ലാത്ത അവസ്ഥയല്ല സമാധാനം എന്നാണ്. ഭരണഘടനയുടെ ആമുഖത്തിൽ അവർ ഇങ്ങനെ കുറിക്കുന്നു. "സമാധാനം നിലനിൽക്കുന്നത് പ്രധാനമായും ഭരണകൂടങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സംവിധാനങ്ങളിലാണ്. ജനങ്ങൾക്ക് പിന്തുണ നൽകാൻ കഴിയാത്ത ലോകത്തിന് സുസ്ഥിരസമാധാനം കൈവരിക്കാനാവില്ല. മാനവവംശത്തിന്റെ ധാർമികവും ബൗദ്ധികവുമായ ഐക്യത്തിലല്ലാതെ സമാധാനത്തിന് നിലനിൽക്കുവാൻ കഴിയില്ല." അതുകൊണ്ട് യുനെസ്കോയുടെ ആമുഖം വ്യക്തമാക്കുന്നത്, മനുഷ്യമനസുകളിലാണ് യുദ്ധം ആരംഭിക്കുന്നതെന്നും മനുഷ്യമനസുകൾക്ക് പ്രതിരോധം തീർത്തുകൊണ്ട് സമാധാനം സൃഷ്ടിക്കാൻ കഴിയുമെന്നുമാണ്.*

## സമാധാനപ്രസ്ഥാനങ്ങൾ (Peace Movements)

അക്രമങ്ങളുടെ പൊട്ടിപ്പുറപ്പെടൽ ഇടയ്ക്കിടെ സംഭവിക്കാറുണ്ട്. അത്തരം സംഭവങ്ങൾ ഏതാനും ആളുകളാൽ സംഭവിക്കുന്നതാണെന്നു നമുക്കറിയാം. ഇത്തരം സാഹചര്യങ്ങളിൽ വ്യക്തികൾ സ്വമേധയാ മുന്നോട്ടുവരുകയും അഹിംസയിലും സമാധാനത്തിലും അധിഷ്ഠിതമായ പ്രസ്ഥാനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യണം. അങ്ങനെ രൂപപ്പെ




ടുന്ന സാമൂഹ്യ പ്രസ്ഥാനങ്ങളാണ് സമാധാനപ്രസ്ഥാനങ്ങൾ. ഇവ ഉന്നം വയ്ക്കുന്നത് യുദ്ധങ്ങൾ അവസാനിപ്പിക്കാനും മനുഷ്യർ തമ്മിലുള്ള സംഘർഷങ്ങൾ അവസാനിപ്പിക്കാനും ആയുധ നിയന്ത്രണം കൈവരിക്കുന്നതിനും നിരായുധീകരണ പ്രചാരണങ്ങൾ നടത്തുന്നതിനുമാണ്. അവരുടെ പ്രവർത്തനങ്ങളിലൂടെ ലോകസമാധാനത്തെക്കുറിച്ചുള്ള പൊതു അവബോധം വളർത്താൻ കഴിയുന്നു. ഗാന്ധിജിയുടെ എല്ലാ സത്യഗ്രഹങ്ങളും സമൂഹത്തിൽ സമാധാനം കൈവരിക്കുന്നതിനായിരുന്നു. അതുകൊണ്ട് ഗാന്ധിജിയുടെ എല്ലാ സത്യഗ്രഹങ്ങളെയും സമാധാന പ്രസ്ഥാനങ്ങൾ എന്നു വിശേഷിപ്പിക്കാവുന്നതാണ്. ശാന്തിസേന എന്നത് ഗാന്ധിജിയുടെ പൂർത്തീകരിക്കാനാകാത്ത സ്വപ്നമാണ്. ഗാന്ധിജിക്കു ശേഷം വിനോബാഭാവെ അതു യാഥാർഥ്യവൽക്കരിക്കുവാൻ ശ്രമിച്ചു. ലോകത്തെ മറ്റു നിരവധി പ്രസ്ഥാനങ്ങളും ഗാന്ധിയൻ അഹിംസാ മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഗാന്ധിജി ഇന്നും സമാധാന പ്രസ്ഥാനങ്ങളെ സ്വാധീനിക്കുകയും അവയുടെ മാർഗദർശിയായി നിലകൊള്ളുകയും ചെയ്യുന്നു.

**നമുക്ക് പരിശോധിക്കാം**

*ഏകതാ പരിഷത്ത് അല്ലെങ്കിൽ ചിപ്കോ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് ആ സംഘടനകൾ സമാധാനപ്രസ്ഥാനത്തിന്റെ ഗണത്തിൽവരുന്നുണ്ടോ എന്നു വിലയിരുത്തുക.*

## സമാധാനവും വികസനവും (Peace and Development)

വികസനം എന്നത് സമാധാനത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ്. അതേപോലെ സമാധാനം വികസനത്തിന് ഏറ്റവും അനിവാര്യമായ ഒന്നാണ്. പ്രതിരോധ യുദ്ധാവശ്യങ്ങൾക്കായുള്ള പണച്ചെലവ് എപ്പോഴും തടസങ്ങൾ സൃഷ്ടിക്കുന്നത് വികസനപ്രവർത്തനങ്ങൾക്കാണ്. സമാധാനവും വികസനവും വളരെക്കുറച്ച് മാത്രമുള്ള ജനസമൂഹങ്ങളെപ്പറ്റി പഠിച്ചാൽ ഇക്കാര്യങ്ങൾ നമുക്ക് മനസിലാക്കാൻ കഴിയും. സൈനിക-പ്രതിരോധകാര്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന സമൂഹങ്ങളിൽ വികസനം മന്ദഗതിയിലായിരിക്കും. വികസനത്തിനായുള്ള ജനാഭിലാഷം പൂർത്തീകരിക്കുവാൻ അവിടങ്ങളിൽ പ്രയാസം നേരിടും. വർധിച്ചുവരുന്ന അക്രമവും ഹിംസയും നിയന്ത്രിക്കാൻ ബജറ്റിന്റെ സിംഹഭാഗവും സൈനിക- പ്രതിരോധ ചെലവുകൾക്കായി മാറ്റിവയ്ക്കുന്ന സമൂഹങ്ങളിൽ ആരോഗ്യം, വിദ്യാഭ്യാസം, ഗ്രാമീണവികസനം തുടങ്ങിയ മേഖലകളിൽ വികസനം മുരടിക്കുന്നു. യുദ്ധസന്നാഹങ്ങൾ അമിതമായ വിഭവചൂഷണവും സാമൂഹ്യ വികസനത്തിന് തടസവും സൃഷ്ടിക്കുന്നു.

യുദ്ധത്തിന്റെയും അക്രമങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും കെടുതികൾ ലോകത്തിലെ കോടിക്കണക്കിനു ജനങ്ങളാണ് അനുഭവിക്കുന്നത്. വിവിധതരത്തിലുള്ള ഹിംസകളും സംഘർഷങ്ങളും അവരുടെ സാമ്പത്തിക സാമൂഹ്യ വികസനത്തെ തകർത്തുകളയുകയാണ്. സംഘർഷ ബാധിത പ്രദേശങ്ങളിൽ മനുഷ്യർ തലമുറകളായി ഭീതിയുടെയും നാശനഷ്ടങ്ങളുടെയും ഇടയിലാണ് ജീവിക്കുന്നത്. സമാധാനത്തിന് കൂടുതൽ പ്രാമുഖ്യം നൽകേണ്ടതും ക്രിയാത്മക സംഘർഷ പരിഹാരത്തിന് ശ്രമിക്കേണ്ടതും മനുഷ്യപുരോഗതിക്കും നിലനിൽപ്പിനും അടിയന്തിരാവശ്യമാണ്. അഹിംസയിലും സംഘർഷ പരിഹാരത്തിലും ഊന്നൽ നൽകുന്ന വിദ്യാഭ്യാസം കൂടുതൽ ശക്തിപ്പെടുത്തേണ്ടത് ദീർഘകാല സുസ്ഥിരസമാധാനം നേടുവാൻ അനിവാര്യമാണ്. സംഘർഷങ്ങളെ ക്രിയാത്മകമായി പരിവർത്തനം ചെയ്യുന്ന, വിഭവങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്ന ഒരു വികസന പരിപാടിയാണ് സുസ്ഥിരവികസനം. സമാധാനം ഇല്ലാതെ സുസ്ഥിരം വികസനം സാധ്യമാകില്ല. സുസ്ഥിര വികസനമില്ലാതെ സമാധാനവും. സ്ഥായിയായ വികസനം യാഥാർഥ്യമാക്കാൻ സമാധാന പഠനം അനിവാര്യമാണ്.




സാമൂഹ്യശാസ്ത്രത്തിൽ അതിവേഗം വികസ്വരമായിക്കൊണ്ടിരിക്കുന്ന ഒരു പഠന മേഖലയാണ് സമാധാനപഠനങ്ങൾ. ഈ അധ്യായത്തിൽ ഗാന്ധിയൻ വീക്ഷണത്തെ അടിസ്ഥാനമാക്കിക്കൊണ്ട് സമാധാനവും ഹിംസയും സംബന്ധിച്ച ധാരണകളാണ് ചർച്ച ചെയ്യുന്നത്. ഇവിടെ നമ്മൾ കണ്ടത് അസമാധാനം എന്നത് വ്യക്തിപരവും ഘടനാപരവും സാംസ്കാരികവുമായ ഹിംസയാണ് എന്നാണ്. അല്ലെങ്കിൽ നിഷേധാത്മക സമാധാനത്തിന്റേയും നീതിയുക്തമായ സമാധാനത്തിന്റേയും സംയോജനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ഒന്നാണ് സമാധാനം.

സംഘർഷങ്ങൾ സമൂഹത്തിൽ നിന്ന് ഒഴിവാക്കാനാവില്ല. ഓരോ സമൂഹത്തിനും അതിന്റേതായ സംഘർഷപരിഹാര സംവിധാനങ്ങളുണ്ട്. മധ്യസ്ഥത, സംവാദങ്ങൾ എന്നിവയിലൂടെ സംഘർഷങ്ങൾ പരിഹരിക്കാൻ കഴിയുന്നു എന്നത് ഉചിതവും ഫലപ്രദവുമായ മാർഗങ്ങളാണ്. അത് രാഷ്ട്രങ്ങൾക്കും ജനങ്ങൾക്കും ഗുണപ്രദമാണ്. ഇന്ത്യയിൽ ലോക് അദാലത്തും കുടുംബകോടതികളും രൂപപ്പെടുന്നത് പൊതുസഹകരണത്തിലൂടെയും വിദഗ്ധരുടെ ക്രിയാത്മകമായ ഇടപെടലിലൂടെയും സംഘർഷ പരിഹാരത്തിനുള്ള ബദൽമാർഗമെന്ന നിലയിലാണ്. സംഘർഷരൂപാന്തരം സംഘർഷ പരിഹാരത്തേക്കാൾ പ്രധാനമാണ്. അത് സംഘർഷത്തിൽ ഏർപ്പെടുന്ന വ്യക്തികളെയും സംഭവങ്ങളെയും രൂപാന്തരപ്പെടുത്തുന്നതാണ്. സാമൂഹിക ഘടനയെക്കുറിച്ച് ബോധ്യം വരുത്തുകയും അവകാശങ്ങളുടെ നിഷേധം, അനീതി, ഉണങ്ങാത്ത മുറിവുകൾ, പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് തിരിച്ചറിയാൻ കക്ഷികളെ പ്രാപ്തമാക്കുകയും ചെയ്യുന്നു. ഗാന്ധിജി സത്യഗ്രഹത്തെ സംഘർഷ പരിഹാരത്തിനുള്ള ഉപാധിയായാണ് കണ്ടത്. സത്യഗ്രഹത്തിന്റെ ലക്ഷ്യം സാമൂഹ്യ

ഘടനകളെ വെല്ലുവിളിച്ചുകൊണ്ട് സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന അസമത്വങ്ങളെ ഇല്ലാതാക്കികൊണ്ട് സംഘർഷപരിഹാരം തേടുക എന്നതാണ്. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഇതു ഒരു ജീവിതവഴിയും ജീവിതസത്യത്തിന്റെ രീതിശാസ്ത്രവുമാണ്.

വികസനത്തിന്റെ മുന്നോടിയാണ് സമാധാനം. എന്നാൽ കാലാകാലങ്ങളിൽ അതിക്രമങ്ങൾ ഉണ്ടാകാറുണ്ട്. അത് സമൂഹത്തിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുന്നു. സമാധാനത്തിനും അഹിംസക്കും പ്രതിബദ്ധരായ ജനങ്ങളെ ഒന്നിച്ചു ചേർത്തുകൊണ്ട് അനീതിയും യുദ്ധവും ഇല്ലാതെയാക്കുന്ന പ്രസ്ഥാനങ്ങൾക്ക് രൂപം നൽകുവാൻ നമ്മെ പ്രാപ്തരാക്കണം. അതിനാൽ സമാധാനം എന്നത് ക്രിയാത്മകമായ സംഘർഷപരിഹാരത്തിനുളള പ്രവർത്തനമാണ്. അത് ആത്മീയവും ഭൗതികവുമായ മനുഷ്യക്ഷേമത്തിന് അനിവാര്യമാണ്.

## എനിക്ക് കഴിയും



| | പൂർണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഹിംസയുടെ വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു | | | |
| സമാധാനം, സമാധാനപഠനം എന്നീ ആശയങ്ങൾ പരിചയപ്പെടുന്നു. | | | |
| സമാധാനത്തെക്കുറിച്ചുള്ള ഗാന്ധിയൻ ധാരണകൾ മനസിലാക്കുന്നു. | | | |
| സംഘർഷത്തിന്റെ കാരണവും അർഥവും വിവിധരൂപങ്ങളും അപഗ്രഥിക്കുന്നു. | | | |
| സംഘർഷപരിഹാരവും അതിനുള്ള വിവിധമാർഗങ്ങളും വിലയിരുത്തുന്നു. | | | |
| ഗാന്ധിയൻ സംഘർഷപരിഹാരരീതികൾ വിശകലനം ചെയ്യുന്നു. | | | |
| സംഘർഷരൂപാന്തരത്തിന്റെ മേന്മകൾ വിലയിരുത്തുന്നു. | | | |

## മാതൃകാ ചോദ്യങ്ങൾ

- ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഹിംസയുടെ നീചരൂപമാണ് ദാരിദ്ര്യം. ഘടനാപരമായ ഹിംസയെപ്പറ്റിയും പരിണത ഫലങ്ങളെപ്പറ്റിയും ചർച്ച ചെയ്യുക.
- ഹിംസയുടെ വിവിധരൂപങ്ങൾ വിശദീകരിക്കുക. നിങ്ങളുടെ ചുറ്റുപാടിൽ നിന്നും ഒരു ഉദാഹരണം എടുത്ത് ഘടനാപരമായ ഹിംസയെപ്പറ്റി വിശദമാക്കുക.
- സമാധാനത്തിന്റെ അർഥവും മാനവും സംബന്ധിച്ച് ലഘുകുറിപ്പ് തയാറാക്കുക.
- അഹിംസയുടെയും സമാധാനത്തിന്റെയും പര്യായമായി മാറിയിരിക്കുകയാണ് ഗാന്ധിജി. സമാധാനത്തെപ്പറ്റിയുള്ള ഗാന്ധിയൻ ധാരണകൾ വിശകലനം ചെയ്യുക.
- സംഘർഷത്തെ നിർവചിക്കുക. സംഘർഷത്തിന്റെ അർഥവും പ്രയോഗവും സംബന്ധിച്ച് ഒരു കുറിപ്പ് തയാറാക്കുക.
- സംഘർഷ പരിഹാരത്തിനു നിരവധി മാർഗങ്ങളുണ്ട്. നിങ്ങളുടെ അഭിപ്രായത്തിൽ ഗാന്ധിയൻ സംഘർഷപരിഹാരത്തിൽ ഏതു രീതിയാണ് തെരഞ്ഞെടുക്കുക?
- ഗാന്ധിയൻ സംഘർഷ പരിഹാര രീതിയാണ് സത്യഗ്രഹം. സംഘർഷരൂപാന്തര സമീപനത്തിന്റെ അടിസ്ഥാനത്തിൽ സത്യഗ്രഹത്തെ സാധൂകരിക്കുക.
- ഗാന്ധിജിയാൽ സ്വാധീനിക്കപ്പെട്ടിട്ടുള്ള വിവിധതരം സമാധാനപ്രസ്ഥാനങ്ങൾ കണ്ടെത്തി അവയെപ്പറ്റി ചർച്ച ചെയ്യുക.

## Reference


*Ramjee Singh, 'Gandhian understanding of Peace' Sarvodaya Talisman, Sep-Oct 2009*


*L. M. Bhole; 'Peace Research and Gandhian Peace Paradigm', Gandhi Marg Vol.17, No.1 April-June 1995*

*M. S. John, ' Concepts of and Approaches to Peace: A Comparative Survey' Gandhi Marg January- March 1993*

*Linus Pauling (ed.), World Encyclopedia of Peace, Pergamon Press, NY, 1986*

*Nigel J Young (ed.), International Encyclopaedia of Peace, OUP 2010*

# 04 സാമൂഹ്യമാറ്റവും അഹിംസാത്മക സാമൂഹ്യപ്രസ്ഥാനങ്ങളും



## ഉള്ളടക്കം


സാമൂഹ്യമാറ്റം

സാമൂഹ്യ പ്രസ്ഥാനങ്ങൾ

സാമൂഹിക പ്രവർത്തനം

ഗാന്ധിയൻ സാമൂഹിക പ്രവർത്തനം

സന്നദ്ധ സംഘടനകൾ

സാമൂഹ്യമാറ്റത്തെപ്പറ്റിയുള്ള ഗാന്ധിയൻ കാഴ്ചപ്പാട്


P9P8Q8

## പഠനനേട്ടങ്ങൾ

- സാമൂഹ്യമാറ്റം എന്ന ആശയത്തെ നിർവചിക്കുന്നു.
- സാമൂഹ്യമാറ്റത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു.
- വിവിധതരം സാമൂഹ്യപ്രസ്ഥാനങ്ങളെ തിരിച്ചറിയുന്നു.
- സാമൂഹ്യമാറ്റത്തെപ്പറ്റിയുള്ള ഗാന്ധിയൻ സമീപനവും മാർഗങ്ങളും വിശകലനം ചെയ്യുന്നു.
- ഗാന്ധിജിയുടെ മാതൃകാ സാമൂഹികക്രമമായ സർവോദയയുടെ പ്രസക്തി തിരിച്ചറിയുന്നു.
- സാമൂഹ്യമാറ്റത്തൽ സാമൂഹ്യഇടപെടലിന്റെയും സന്നദ്ധ-സാമൂഹ്യപ്രസ്ഥാനങ്ങളുടെയും പ്രസക്തി തിരിച്ചറിയുന്നു.
- ഗാന്ധിയൻ/അഹിംസാത്മകസാമൂഹ്യപ്രസ്ഥാനങ്ങളെ പരിചയപ്പെടുന്നു.


## എന്താണ് സാമൂഹ്യപ്രസ്ഥാനങ്ങൾ

### നമുക്ക് ചെയ്യാം



*താഴെക്കാണുന്ന വ്യക്തികൾ ഇന്ത്യയിലെ ജനങ്ങളുടെ പുരോഗതിക്കായി പ്രവർത്തിച്ച പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയവരാണ്. അവരെ തിരിച്ചറിഞ്ഞ് സംഭാവനകൾ ചർച്ച ചെയ്യുക.*



സമൂഹത്തിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾക്കെതിരെ പ്രതികരിച്ച് സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി വാദിക്കുകയും പോരാടുകയും ചെയ്തവരാണിവർ. മൂല്യാധിഷ്ഠിതമായ മാറ്റങ്ങൾക്കുവേണ്ടിയാണ് ഇവർ നിലകൊണ്ടത്. ഇവർ നേതൃത്വം നൽകിയ പ്രസ്ഥാനങ്ങളെ സാമൂഹ്യപ്രസ്ഥാനങ്ങൾ എന്നു വിളിക്കാം. ചൂഷണത്തിലധിഷ്ഠിതമായ സാമൂഹികഘടനയെ മാറ്റിമറിക്കുന്നതിനായി പുരോഗമനപരമായ രീതിയിൽ തുടർച്ചയായും സംഘടിതമായും നടത്തുന്ന പ്രവർത്തനങ്ങളാണ് സാമൂഹ്യ പ്രസ്ഥാനങ്ങൾ. രൂപത്തിലും ഭാവത്തിലും വിവിധങ്ങളായ സാമൂഹ്യപ്രസ്ഥാനങ്ങളുണ്ടെങ്കിലും അവയെല്ലാം അടിസ്ഥാനപരമായി സംഘടിതമാണ്. സാമൂഹ്യ വ്യവസ്ഥയെ മാറ്റാനോ നിലനിർത്താനോ വേണ്ടി ജനങ്ങളിൽ രൂപപ്പെടുന്ന പൊതുബോധത്തിൽ നിന്നാണ് സാമൂഹ്യപ്രസ്ഥാനങ്ങൾ പിറവികൊള്ളുന്നത്. മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ, സമാധാനപ്രസ്ഥാനങ്ങൾ, നവസാമൂഹിക പ്രസ്ഥാനങ്ങൾ, സ്ത്രീ പ്രസ്ഥാനങ്ങൾ എന്നിവയൊക്കെ സാമൂഹ്യ പ്രസ്ഥാനങ്ങളിൽപ്പെടുന്നു. സാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് ഹിംസാധിഷ്ഠിതമോ അഹിംസാധിഷ്ഠിതമോ ആയ ലക്ഷ്യവും മാർഗവും സ്വീകരിക്കാം. അഹിംസാധിഷ്ഠിത സാമൂഹ്യ മാറ്റവുമായി ബന്ധപ്പെട്ട സാമൂഹിക പ്രസ്ഥാനങ്ങളെപ്പറ്റിയാണ് ഇവിടെ വിശദമായി പരാമർശിക്കുന്നത്.

## വിവിധതരം സാമൂഹ്യ പ്രസ്ഥാനങ്ങൾ (Types of Social Movements)

ലക്ഷ്യം, സ്വഭാവം, നിലപാടുകൾ, ഗുണഭോക്തൃസമൂഹം എന്നിവയെ അടിസ്ഥാനമാക്കി സാമൂഹ്യപ്രസ്ഥാനങ്ങളെ തരംതിരിക്കാം.

### പരിഷ്കരണപ്രസ്ഥാനങ്ങൾ (Reformative Movements)

നിലവിലുള്ള സാമൂഹ്യവ്യവസ്ഥയെ പടിപടിയായും തുടർച്ചയായുമുള്ള പ്രവർത്ത നങ്ങളിലൂടെ മാറ്റുന്നവയാണ് പരിഷ്കരണപ്രസ്ഥാനങ്ങൾ. പരിഷ്കരണപ്രസ്ഥാ നങ്ങൾ വിശാലമായ ഒരു ഗ്രൂപ്പിലോ സമൂഹത്തിലോ നടക്കുന്നതും സമൂഹത്തിന്റെ സമൂലമാറ്റം ഇല്ലാതെതന്നെ ക്രിയാത്മകമായ രീതിയിൽ സാമൂഹ്യപരിഷ്ക രണത്തിനായി നിലകൊള്ളുന്നതുമാണ്.

### വിമോചനപ്രസ്ഥാനങ്ങൾ (Redemptive Movements)

നിലവിലുള്ള സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥയുടെ സമൂല മാറ്റത്തിനായി രൂപ പ്പെടുന്നതാണ് വിമോചനസാമൂഹ്യപ്രസ്ഥാനങ്ങൾ. ചൂഷണാത്മകമായ സാമൂഹിക ഘടനയെ ഇല്ലാതാക്കണമെന്ന ആവശ്യം ഉയർത്തുന്ന ഈ പ്രസ്ഥാനങ്ങളുടെ പ്രവർത്തന രീതി വിപ്ലവാത്മകമാണ്.

### വർഗാധിഷ്ഠിതപ്രസ്ഥാനങ്ങൾ (Class based Movements)

കർഷകത്തൊഴിലാളികൾ, ഫാക്ടറിത്തൊഴിലാളികൾ എന്നിവർ മെച്ചപ്പെട്ട തൊഴിൽ സാഹചര്യത്തിനും വേതനത്തിനുംവേണ്ടി രൂപം നൽകിയിട്ടുള്ളതും അവരുടെ പുരോഗതിക്കായി നിലകൊള്ളുന്നതുമായ പ്രസ്ഥാനങ്ങളെ വർഗാധിഷ്ഠിത പ്രസ്ഥാനങ്ങൾ എന്നു വിളിക്കാം.

### ജാത്യധിഷ്ഠിതപ്രസ്ഥാനങ്ങൾ (Caste based Movements)

ജാതിവ്യവസ്ഥയിൽ നിന്നും സാമൂഹികനീതിയും സമത്വവും സ്വാതന്ത്ര്യവും നേടിയെടുക്കുന്നതിനായി രൂപം കൊള്ളുന്ന പ്രസ്ഥാനങ്ങളാണ് ജാത്യധിഷ്ഠിത പ്രസ്ഥാനങ്ങളിൽ മിക്കവയും. ദളിത്പ്രസ്ഥാനങ്ങളും പിന്നോക്ക ജനവിഭാഗക്കാരുടെ പ്രസ്ഥാനങ്ങളും ഇതിനുദാഹരണമാണ്.

### ആദിവാസിപ്രസ്ഥാനങ്ങൾ (Tribal Movements)

ഗോത്രവർഗ ജനവിഭാഗങ്ങൾ നേരിടുന്ന അടിച്ചമർത്തലിന്റെയും അവഗണനയുടെയും വിവേചനത്തിന്റേയും പിന്നോക്കാവസ്ഥയുടെയും ഫലമായി അവരുടെ ഇടയിൽ രൂപംകൊണ്ട പ്രസ്ഥാനങ്ങളാണിവ. കേരളത്തിൽ ആദിവാസികൾ ഭൂമിക്കായി നടത്തുന്ന പ്രക്ഷോഭങ്ങൾ, ഝാർഖണ്ഡിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും നടക്കുന്ന ഗോത്രസമരങ്ങൾ എന്നിവ ആദിവാസി പ്രസ്ഥാനങ്ങൾക്ക് ഉദാഹര ണങ്ങളാണ്.

### സ്ത്രീപ്രസ്ഥാനങ്ങൾ (Women's Movements)

ലിംഗവിവേചനത്തിനെതിരെ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ് സ്ത്രീ പ്ര സ്ഥാനങ്ങൾ. ലിംഗഭേദം, ലൈംഗികത എന്നിവയിലുള്ള വിവേചനത്തെ ഇല്ലായ്മ ചെയ്യുന്നതിൽ അവരുടെ പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നു. ഭിന്നലിംഗക്കാരായ ആളുകളുടെ പ്രസ്ഥാനങ്ങളും ലിംഗാവകാശങ്ങൾക്കുവേണ്ടി സ്ത്രീ പ്രസ്ഥാനങ്ങ ളോടൊപ്പം ഇന്ന് പ്രവർത്തിക്കുന്നുണ്ട്.

## പരിസ്ഥിതിപ്രസ്ഥാനങ്ങൾ (Ecological Movements)

പ്രകൃതിയുടെയും പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണത്തിനും ജീവജാലങ്ങളുടെ നിലനിൽപ്പിനുമായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ് പരിസ്ഥിതിപ്രസ്ഥാനങ്ങൾ. പാരിസ്ഥിതിക നീതി സ്ഥാപിക്കുന്നതിനുവേണ്ടി പരിസ്ഥിതി പ്രസ്ഥാനങ്ങൾ നില കൊള്ളുന്നു. നർമദാ ബച്ചാവോ ആന്ദോളൻ, ചിപ്കോ പ്രസ്ഥാനം, സൈലന്റ് വാലി സമരം എന്നിവ ഇതിനുദാഹരണങ്ങളാണ്.

ഈ സാമൂഹ്യ പ്രസ്ഥാനങ്ങളെല്ലാം നമ്മുടെ സമൂഹത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ സഹായിച്ചിട്ടുണ്ട്.

### നമുക്ക് ചെയ്യാം



*താഴെക്കൊടുത്തിട്ടുള്ള ചിത്രങ്ങൾ പരിശോധിച്ച്, വ്യത്യാസങ്ങൾ മനസി ലാക്കി നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.*

## എന്താണ് മാറ്റം?

മാറ്റം ഒരു സ്വാഭാവിക പ്രക്രിയയാണ്. ഏതെങ്കിലുമൊരു വസ്തുവിനോ കാലത്തിനോ സംഭവിക്കുന്ന വ്യതിയാനത്തെയോ പരിവർത്തനത്തെയോ ആണ് മാറ്റം എന്ന വാക്കു കൊണ്ട് അർഥമാക്കുന്നത്. മാറ്റം പ്രകൃതിയുടെ നിയമതത്ത്വമാണ്. അത് ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള വ്യത്യാസത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. മാറ്റം ഒരു തുടർപ്രക്രിയയാണ്. മാറ്റം കൂടാതെ നിശ്ചലമായി നിൽക്കുവാൻ ഒരു സമൂഹ ത്തിനും ആവുകയില്ല.










### സാമൂഹ്യമാറ്റം (Social Change)



**നമുക്ക് ചെയ്യാം**

*പ്രശസ്തരായ സാമൂഹ്യ ചിന്തകർ സാമൂഹികമാറ്റം എന്ന പദത്തെ വിശകലനം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ഇത്തരം വിശകലനങ്ങളിലൂടെ അവർ കണ്ടെത്തിയ നിർവചനങ്ങളാണ് താഴെ കൊടുക്കുന്നത്.*

മാറ്റം സ്വാഭാവികവും തുടർച്ചയുള്ളതുമായ ഒരു പ്രക്രിയയാണ്. നിലവിലുള്ളവയ്ക്ക് വരുന്ന വ്യത്യാസമോ, വ്യതിയാനമോ പൊരുത്തപ്പെടലോ ഒക്കെ മാറ്റമാണ്. മനുഷ്യ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റത്തെയാണ് സാമൂഹ്യമാറ്റം എന്നു വിശേഷിപ്പിക്കുന്നത്. മനുഷ്യൻ തന്റെ സഹജീവികളോടു പുലർത്തുന്ന ബന്ധവും മനോഭാവവും മാറുമ്പോൾ അതൊരു സാമൂഹ്യമാറ്റമായി തീരുന്നു. മനുഷ്യ മനോഭാവത്തിലുണ്ടാകുന്ന ഏതൊരു മാറ്റവും സാമൂഹ്യമാറ്റത്തിലേക്കു നയിക്കുന്നു.

## സാമൂഹ്യമാറ്റം – നിർവചനങ്ങൾ (Social Change : Definitions)

പ്രശസ്തരായ സാമൂഹ്യ ചിന്തകർ സാമൂഹികമാറ്റം എന്ന പദത്തെ വിശകലനം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ഇത്തരം വിശകലനങ്ങളിലൂടെ അവർ കണ്ടെത്തിയ നിർവചനങ്ങളാണ് താഴെക്കൊടുക്കുന്നത്.

സാമൂഹ്യ സംഘടനകളിൽ ഉണ്ടാകുന്ന, അതായത് സമൂഹത്തിന്റെ ഘടനയിലും ധർമത്തിലും സംഭവിക്കുന്ന രൂപാന്തരങ്ങളാണ് സാമൂഹ്യമാറ്റം എന്ന് കിങ്സ്‌ലി ഡേവിസ്. ഒരു ജനതയുടെ ജീവിതത്തിലോ കർമപഥങ്ങളിലോ നിലവിലുള്ളതിന് പകരം വയ്ക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുന്ന തരത്തിൽ ഉണ്ടാകുന്ന പുതിയ രീതിയെയോ സമ്പ്രദായത്തെയോ സാമൂഹ്യമാറ്റമായി കരുതാം – H.T. മജുംദാർ

### സാമൂഹ്യമാറ്റത്തിന്റെ സവിശേഷതകൾ (Social Change : Characteristics)

- സാർവത്രികപ്രതിഭാസമാണ്,
- സാമുദായികമാറ്റമാണ്,
- ഐകരൂപ്യമില്ല,
- സ്ഥലകാല ഭേദങ്ങൾക്ക് വിധേയമാണ്,
- കാലാനുസൃതമായ മാറ്റം,
- പ്രവചനാതീതമായിരിക്കും,
- പ്രതികരണമോ പ്രതിപ്രവർത്തനമോ സൃഷ്ടിക്കാം,
- നിരവധി ഘടകങ്ങളുടെ പ്രവർത്തന – പ്രതിപ്രവർത്തന ഫലമാണ്.

## സാമൂഹ്യമാറ്റത്തിന്റെ ഘടകങ്ങൾ (Factors of social change)




### നമുക്ക് ചെയ്യാം

*പ്രകൃതിദുരന്തം സമൂഹത്തെ എങ്ങനെ ബാധിക്കുന്നു എന്ന് വിലയിരുത്തുക.*

സാമൂഹികബന്ധങ്ങൾ തുടർച്ചയായി പരിവർത്തന വിധേയമായിക്കൊണ്ടിരിക്കുന്ന ഒന്നാണ്. പ്രമുഖരായ സാമൂഹികചിന്തകരുടെ വീക്ഷണത്തിൽ മനുഷ്യ വ്യാപനവും പങ്കാളിത്തവും സാമൂഹ്യപരിവർത്തനത്തിനു കാരണമാകും.

സാമൂഹ്യമാറ്റത്തിനു സഹായിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. സാംസ്കാരികം, സാങ്കേതികവിദ്യ, പരിസ്ഥിതി, ജനസംഖ്യ, മാനസികം എന്നിങ്ങനെ പരസ്പര ബന്ധിതമായ നിരവധി ഘടകങ്ങളാണ് സാമൂഹ്യമാറ്റത്തിനുള്ളത്.




## സാമൂഹ്യമാറ്റം – ഗാന്ധിയൻകാഴ്ചപ്പാടുകൾ (Gandhian views on Social Change)

ധാർമികശക്തിയെ ഉണർത്തികൊണ്ട് സാമൂഹികമാറ്റത്തിന് തുടക്കം കുറിക്കാനാണ് ഗാന്ധിജി പരിശ്രമിച്ചത്. പ്രാർഥനയും അഹിംസയും മറ്റെല്ലാ ആയുധങ്ങളെക്കാളും കാര്യക്ഷമമായിരുന്നു. വ്യവസായവൽക്കരണത്തിനും ഭൗതികസുഖത്തിനും എതിരായിരുന്നു ഗാന്ധിജി.

വിവിധ ഉറവിടങ്ങളിൽ നിന്നും വൈവിധ്യമാർന്ന മൂല്യങ്ങളും പ്രചോദനങ്ങളും ഗാന്ധിജി ഉൾക്കൊണ്ടിട്ടുണ്ട്. ഗാന്ധിയൻസമൂഹം രൂപപ്പെടുത്തുന്നതിന്റെ പ്രചോദനങ്ങളായ ഉറവിടങ്ങൾ താഴെപ്പറയുന്നവയാണ്.

- മതസഹിഷ്ണുത എന്ന ഇന്ത്യൻ മനോഭാവം

- ക്രൈസ്തവ സങ്കൽപങ്ങളായ സ്നേഹം, സഹനം, ക്ഷമ എന്നീ തത്വചിന്തകൾ
- ജൈനമതതത്വമായ അനേകാന്തവാദം (സത്യത്തിന് പല മുഖങ്ങളുണ്ടെന്ന വാദം)
- അഹിംസയിലൂടെ അനീതിയെ ഉന്മൂലനം ചെയ്യാം എന്നു പ്രയോഗത്തിലൂടെ കാണിച്ചു തന്നു.
- ഒരു സാമൂഹ്യപ്രവർത്തകൻ എന്നുള്ള നിലയിൽ ഇന്ത്യൻ സങ്കല്പമായ അനാസക്തിയോഗവാദത്തെ സ്വീകരിച്ചു.

ആധുനികതയെയും സാങ്കേതികവിദ്യയെയും വിമർശിച്ചു കൊണ്ട് ഒരു ലളിത സമൂഹത്തിനുവേണ്ടി ഗാന്ധിജി നില കൊണ്ടു. ഗാന്ധിയൻ സാമൂഹ്യസങ്കല്പത്തിന്റെ തത്വങ്ങൾ താഴെ പറയുന്നവയാണ്.

## a) ഗാന്ധിയൻ സങ്കല്പത്തിലെ വ്യക്തിമാറ്റവും സാമൂഹികമാറ്റവും.

സാങ്കേതിക പരിവർത്തനം പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് വ്യക്തിയുടെ പരിവർത്തനവും എന്ന് ഗാന്ധി വിശ്വസിച്ചു. സമൂഹത്തിന്റെ സംതൃപ്തിയിൽ നിന്നാണ് വ്യക്തിയുടെ സംതൃപ്തി ഉത്ഭവിക്കുന്നതെന്ന് ഗാന്ധി വിശ്വസിച്ചു. അതുകൊണ്ട് സാമൂഹിക ക്ഷേമം എന്നതിന്റെ അർഥം വ്യക്തികൾ തങ്ങളുടെ വസ്തുവകകൾ സ്വമേധയാ സാമൂഹിക ക്ഷേമത്തിനു സമർപ്പിക്കുന്നതിലൂടെ രൂപപ്പെടുന്നതാണെന്ന് വ്യക്തികൾ സമൂഹത്തിന്റെ കാര്യവിചാരകരാണ്. സമൂഹം രൂപപ്പെടുന്നത് അഹിംസയുടെയും ജാനാധിപത്യത്തിന്റേയും തത്വങ്ങളിൽ ഉറച്ചു നിന്നുകൊണ്ടാകുമ്പോൾ മാത്രമേ മനുഷ്യവ്യക്തിത്വങ്ങൾക്ക് പൂർണവികാസം കൈവരിക്കാനാവൂ.

എല്ലാ പ്രശ്നങ്ങളും അതിന്റെ പൂർണതയിൽ പരിഹരിക്കണമെങ്കിൽ ഒരു ദ്വിമുഖ പ്രവർത്തന പദ്ധതി ആവശ്യമാണെന്നു ഗാന്ധിജി കരുതി. ഒന്ന് വ്യക്തിയുടെ വീക്ഷണത്തിൽ നിന്നുള്ള സമീപനമാണെങ്കിൽ രണ്ടാമത്തേത്, സാമൂഹിക വീക്ഷണത്തിൽ നിന്നുള്ള സമീപനമാണ്. അതാണ് സമൂഹത്തിലും വ്യക്തിയിലും മാറ്റം കൊണ്ടുവരുന്നത്. സാമൂഹിക വ്യവസ്ഥകൾ ഇല്ലാതെയാക്കാൻ ഗാന്ധിജി ആഗ്രഹിച്ചില്ല. വ്യവസ്ഥകളെ ആധുനികകാലത്തിന് യോജിച്ചവിധം യുക്തിപരമായി വ്യാഖ്യാനിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. വ്യവസ്ഥയിലെ നന്മകളെ ആധുനിക രീതിയിൽ സാമൂഹിക ക്ഷേമത്തിന് ഉതകും വിധം അവതരിപ്പിക്കുകയായിരുന്നു ഗാന്ധിജി. ഒരു മാതൃകാ സമൂഹത്തിൽ ഓരോ വ്യക്തിയും അവന്റെ തന്നെ ഭരണാധികാരിയായിരിക്കയും അതുകൊണ്ടുതന്നെ രാഷ്ട്രവും രാഷ്ട്രനിർമിത നിയമങ്ങളും ആവശ്യമില്ലെന്നും ഗാന്ധിജി കരുതി. ആത്മനിയന്ത്രണം, സ്വയം ഭരണം, സ്വയം പര്യാപ്തത, സ്വാശ്രയത്വം ഇവയെല്ലാം ഗാന്ധിയൻ സങ്കൽപത്തിലെ ക്ഷേമ സമൂഹത്തിന്റെ ഉദാഹരണങ്ങളാണ്. ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് വ്യക്തികളിൽ നിന്നാണ്.

മനുഷ്യമനസുകളുടെ മാറ്റത്തിൽ നിന്നാണ് സാമൂഹ്യമാറ്റം ആരംഭിക്കേണ്ടത് എന്ന് അദ്ദേഹം വിശ്വസിക്കുന്നു. വ്യക്തിയും സമൂഹവും തമ്മിൽ ഇഴമുറിയാത്ത ബന്ധമാണുള്ളത്. വ്യക്തിയുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്ന ഗാന്ധിജി വ്യക്തി തന്നെയാണ് അവന്റെ ഭരണാധികാരി എന്നു പറയുകയും ചെയ്യുന്നു. ഓരോ വ്യക്തിയും സത്യത്തിലും അഹിംസയിലും വിശ്വസിക്കുന്ന പ്രബുദ്ധത നേടിയ വിവേ

കമതിയായിരിക്കണം എന്നുമാത്രം. ഒരു വ്യക്തി സ്വന്തം നന്മയ്ക്ക് അതീതമായി പൊതു നന്മക്കായി നിലകൊള്ളണം.

പ്രപഞ്ചത്തിലെ സകല ചരാചരങ്ങളുടെയും നന്മ ലക്ഷ്യം വയ്ക്കുന്ന 'സർവോദയം' ആണ് ഗാന്ധിജിയുടെ ദർശനം. സർവോദയ സമൂഹം സാധ്യമാക്കാൻ സത്യഗ്രഹവും നിർമാണാത്മക പരിപാടികളും മാർഗങ്ങളായി ഗാന്ധിജി നിർദേശിക്കുന്നു. സാമൂഹ്യ മാറ്റത്തിനുള്ള ഗാന്ധിയൻ മാർഗങ്ങളാണ് സത്യഗ്രഹവും നിർമാണാത്മക പരിപാടികളും.

## സത്യഗ്രഹം (Satyagraha)



**നമുക്ക് ചെയ്യാം**

*പ്രതിഷേധത്തിന്റെ കേവലമായ ഒരു രൂപം മാത്രമാണോ സത്യഗ്രഹം? സത്യഗ്രഹത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം?*

- *ഒരു ജീവിത വഴി.*
- *ഒരു രാഷ്ട്രീയ ആയുധം.*
- *ലോകത്തെക്കുറിച്ചുള്ള ഒരു ബദൽ വീക്ഷണം.*

സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ സമഗ്രജീവിതവീക്ഷണമാണ് സത്യഗ്രഹം. അതൊരുകേവല സങ്കല്പമല്ല, ജീവിതവഴിയാണ്. സത്യഗ്രഹത്തിനു വ്യക്തിപരവും സാമൂഹ്യവുമായ തലങ്ങളുണ്ട്. സത്യഗ്രഹിയുടെ ക്രിയാത്മക തലമാണ് നിർമാണാത്മക പരിപാടികൾ. അഴിമതിക്കും ചൂഷണത്തിനും അനീതിക്കും എതിരേ, വ്യക്തിക്കും സമൂഹത്തിനും പോരാടുവാനുള്ള മൂർച്ചയേറിയ ആയുധമാണ് സത്യഗ്രഹം. വിവിധ രൂപത്തിലുള്ള അതിക്രമങ്ങൾക്കും ക്രോധത്തിനും ബദലാണ് സത്യഗ്രഹസങ്കല്പം. അതൊരു ധാർമികായുധമാണ്. സത്യഗ്രഹം എന്നത് കേവലം വ്യക്തിപരമായ പ്രവർത്തനമല്ല, മറിച്ച് വ്യക്തിയുടേയും സമൂഹത്തിന്റെയും എല്ലാവശങ്ങളെയും ബന്ധിപ്പിക്കുന്ന സമഗ്രമായ സമരരീതിയാണ്. സാമൂഹ്യതിന്മകൾക്കെതിരെ പ്രതികരിക്കുന്ന, സമൂഹരൂപാന്തരണത്തിനായി പ്രയോഗിക്കുന്ന ആയുധമാണ് സത്യഗ്രഹം.

## നിർമാണാത്മക പരിപാടികൾ

പൂർണസ്വരാജ് അല്ലെങ്കിൽ പരിപൂർണ സ്വാതന്ത്ര്യം കൈവരിക്കുന്നതിനുള്ള സത്യസന്ധവും അഹിംസാത്മകവുമായ മാർഗമാണ് നിർമാണാത്മകപരിപാടികൾ. ജാതി, മത, വർഗ, വർണ, വിശ്വാസ വ്യത്യാസമില്ലാതെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്ന യഥാർഥമാർഗമാണത്. അടിച്ചമർത്തലിനും പീഡനത്തിനും ബദലായി സമൂഹം പുതിയ ഘടനയും വിഭവങ്ങളും രീതിമാർഗങ്ങളും നിർമിക്കുന്ന അഹിംസാത്മക കർമപരിപാടിയാണിത്. വ്യക്തിയെയും സമൂഹത്തെയും സ്വയം അഭിവൃദ്ധിപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഒരു ക്രിയാത്മകതത്ത്വമായും അഹിംസാധിഷ്ഠിത കർമപരിപാടിയായും ഗാന്ധിജി നിർമാണാത്മക പരിപാടികളെ കരുതി.

സമാധാനവും നീതിയും സാമൂഹികക്ഷേമവും നിലനിൽക്കുന്ന ഒരു വ്യവസ്ഥ ഭൂമിയിൽ കെട്ടിപ്പടുക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. മാനവികമൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന, വ്യക്തിയുടെ രൂപാന്തരണത്തിൽ ആരംഭിക്കുന്ന ആത്മീയ സാമൂഹ്യക്രമമായി നിലവിലുള്ള സമൂഹത്തെ അഴിച്ചു പണിയുക എന്നതാണ് നിർമാണാത്മക പരിപാടികൾ കൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത്. ഈ പരിപാടിയിലൂടെ ഗാന്ധിജി ലക്ഷ്യമാക്കുന്നത് വ്യക്തിയുടെ പരിവർത്തനത്തിലൂടെ ഒരു പുതിയ സാമൂഹ്യക്രമത്തെ സൃഷ്ടിക്കുക എന്നതാണ്. പൂർണസ്വരാജ് ആത്യന്തികമായി സർവോദയം എന്ന അഹിംസാത്മകവും പ്രബുദ്ധവുമായ സാമൂഹ്യക്രമത്തിലേക്ക് നയിക്കും.

## സർവോദയം (Sarvodaya)

### നമുക്ക് ചെയ്യാം



*ഗാന്ധിജി വിഭാവനം ചെയ്ത മാതൃകാസാമൂഹ്യക്രമം ഏതെന്നു കണ്ടെത്തി അതിന്റെ സവിശേഷതകളെപ്പറ്റി ചർച്ചചെയ്യുക.*

ഇന്ത്യയുടെ ആത്മീയ, ധാർമികതത്ത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു സാമൂഹ്യക്രമമാണ് സർവോദയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സർവോദയ സമൂഹത്തിൽ ജാതി, മത, വർഗ, വ്യത്യാസമോ, ഭൂരിപക്ഷമെന്നോ, ന്യൂനപക്ഷമെന്നോ ഉള്ള തരംതിരിവോ ഇല്ല.

ഗാന്ധിയൻ സോഷ്യലിസ്റ്റ് തത്ത്വചിന്തകളുടെ ഒരു ആവിഷ്കാരമാണ് സർവോദയം. രാഷ്ട്രീയ, സാമ്പത്തിക തത്വചിന്തയുടെ ഒരു സൈദ്ധാന്തികാവിഷ്കാരവുമാണത്. ഗീതയിൽ പരാമർശിക്കുന്ന ആത്മീയമായ ഏകത്വത്തിന്റെ അടിത്തറയിൽ നിന്നാണ് സർവോദയസങ്കല്പം രൂപപ്പെടുന്നത്. ഭൂരിപക്ഷം എന്ന ആശയത്തെ സർവോദയം നിരാകരിക്കുന്നു. മറിച്ച് ജാതി, വർഗ, വർണ വ്യത്യാസങ്ങൾക്കപ്പുറത്ത് കൂടുതൽ പേരുടെ കൂടുതൽ നന്മ എന്ന ആശയത്തിന് പ്രാധാന്യം നൽകുന്നു. ഗാന്ധിജിയുടെ നൈതികസങ്കല്പങ്ങൾ കൂടിയാണ് സർവോദയദർശനത്തിലൂടെ ആവിഷ്കരിക്കുന്നത്.

ഹിംസാശക്തികളെ സമന്വയിപ്പിക്കുന്ന ഒന്നാണ് രാഷ്ട്രം എന്ന് ഗാന്ധിജി കുറ്റപ്പെടുത്തി. അഹിംസയുടെ പ്രവാചകൻ എന്ന നിലയിൽ രാഷ്ട്രത്തിന്റെ ഹിംസാസ്വഭാവത്തെയാണ് അദ്ദേഹം എതിർത്തത്. ഒരു മാതൃകാ സമൂഹത്തിന്റെ ദർശനമായാണ് ഗാന്ധിജി സർവോദയത്തെ കാണുന്നത്.

ജാതിരഹിത-വർഗരഹിത സമൂഹമാണ് സർവോദയം. ജാതിയുടെയും സാമൂഹ്യതിന്മകളുടെയും സാമ്പത്തികാസമത്വത്തിന്റേയും സാമൂഹ്യവേർതിരിവുകളുടെയും പ്രശ്നമുയർത്തുന്ന പ്രതിസന്ധികളെ അതിജീവിക്കാനാണ് ഗാന്ധിജി തന്റെ സർവോദയ ദർശനം മുന്നോട്ടു വയ്ക്കുന്നത്. വർഗരഹിതവും കക്ഷിരഹിതവുമായ ഒരു ജനാധിപത്യക്രമമാണ് ഗാന്ധിജി വിഭാവനം ചെയ്യുന്നത്.

സ്വാതന്ത്ര്യം, നീതി, സമത്വം, സാഹോദര്യം എന്നിവയാണ് സർവോദയസങ്കല്പത്തിന്റെയുടെ അടിസ്ഥാനം. ഹിംസയുടെയും ബലപ്രയോഗത്തിന്റെയും സംഘടിതരൂപമായ രാഷ്ട്രത്തെ ഗാന്ധിജി എതിർക്കുന്നു. ഒരു രാഷ്ട്രരഹിത വ്യവസ്ഥയാണ് സർവോദയയിലൂടെ ഗാന്ധിജി വിഭാവനം ചെയ്യുന്നത്.



**നമുക്ക് ചെയ്യാം**

*ഏഴ് സാമൂഹിക തിന്മകൾ പട്ടികപ്പെടുത്തി ഒരു ചാർട്ട് തയാറാക്കുക.*

സ്വരാജ് സാധ്യമാകണമെങ്കിൽ സർവോദയം ഒരു അവശ്യഘടകമാണ്. അധികാര രാഷ്ട്രത്തിനു പകരം സഹകരണത്തിന്റെ രാഷ്ട്രീയത്തിനാണ് സർവോദയം ഊന്നൽ നൽകുന്നത്. സകല മനുഷ്യരുടെയും ഉയർച്ചയും സന്തോഷവും ലക്ഷ്യമിടുന്ന സർവോദയ സാമൂഹ്യക്രമം ഏഴ് സാമൂഹ്യതിന്മകളിൽ നിന്നും മുക്തമായിരിക്കണം.

ഒരു പ്രായോഗിക ആദർശവാദിയായിരുന്നു ഗാന്ധിജി. സൈദ്ധാന്തികവും പ്രായോഗികവുമായ ഗാന്ധിയൻ, സോഷ്യലിസ്റ്റ് ദർശനങ്ങളുടെ സമന്വയത്തിന്റെ അടയാളമാണ് സർവോദയം. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും മൂല്യങ്ങൾ പാലിച്ച് ജീവിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ആശ്രമ ജീവിതം, നിർമാണാത്മക പരിപാടികൾ, നിസ്സഹകരണം, സിവിൽ നിയമ ലംഘനം തുടങ്ങിയവ സർവോദയ സമൂഹം നടപ്പിലാക്കാൻ ഗാന്ധിജി സ്വീകരിച്ച മാർഗങ്ങളായിരുന്നു. താൻ പാലിച്ചതോ അനുഭവിച്ചതോ ആയ കാര്യങ്ങൾ മാത്രമായിരുന്നു അദ്ദേഹം സംസാരിച്ചിരുന്നത്.

നിലവിലുള്ള സമൂഹത്തെ രൂപാന്തരപ്പെടുത്തി സ്ഥായിയായ സമാധാനവും പുരോഗതിയും ഉള്ളതാക്കി മാറ്റാൻ സമൂഹാധിഷ്ഠിത പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്. വ്യക്തിക്കും സമൂഹത്തിനും കൂടുതൽ പിന്തുണയും ശക്തിയും നൽകിക്കൊണ്ടു മാത്രമേ ചലനാത്മകമായ സാമൂഹ്യമാറ്റം സാധ്യമാകുകയുള്ളു. അങ്ങനെ ശാക്തീകരിക്കപ്പെട്ട പൗരന്മാരാണ് സർവോദയ സമൂഹത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നത്.

## സാമൂഹ്യമാറ്റവും ശാക്തീകരണവും
## (Social Change and Empowerment)



**നമുക്ക് ചെയ്യാം**

*നമ്മുടെ ചുറ്റുപാടുമുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങളെ നിരീക്ഷിച്ച് അവയുണ്ടാക്കിയ സാമൂഹ്യമാറ്റം ചർച്ച ചെയ്യുക.*

ജനങ്ങൾ തങ്ങളുടെ ജീവനോപാധികളും അറിവും കഴിവും നേടിയെടുക്കുക എന്നതാണ് ശാക്തീകരണം എന്നതുകൊണ്ട് പൊതുവായി അർത്ഥമാക്കുന്നത് ദുർബല ജനവിഭാഗങ്ങളെ അവരുടെ ദൈനംദിനജീവിതത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ

പ്രാപ്തരാക്കുക എന്നതാണ് ശാക്തീകരണം എന്നർഥം. ജനങ്ങൾ തങ്ങളുടെ ജീവനോപാധികളും, അറിവും, കഴിവും നേടിയെടുത്തെങ്കിലേ സമൂഹത്തിൽ പ്രവർത്തിക്കാനും ജീവിക്കാനുമുള്ള ശക്തിയും വിശ്വാസവും ലഭിക്കുകയുള്ളൂ. തങ്ങളുടെ അവകാശങ്ങളെപ്പറ്റിയുള്ള ബോധവും അതു നേടിയെടുക്കുന്നതിനുള്ള അവസരങ്ങളും അതിനുവേണ്ട പ്രചോദനവും ലഭിക്കുമ്പോൾ ജനങ്ങൾ കർമശേഷിയുള്ളവരായി മാറും. വിദ്യാഭ്യാസം, കൃത്യമായ വിവരങ്ങൾ, ആഹാരം, പാർപ്പിടം, കുടിവെള്ളം എന്നിങ്ങനെയുള്ള വിഭവങ്ങളുടെ അഭാവം എന്നിവയെ ഇല്ലായ്മചെയ്ത് ജനങ്ങളെ ശാക്തീകരിക്കുമ്പോഴാണ് സാമൂഹ്യമാറ്റം സാധ്യമാകുന്നത്.

മറ്റുള്ളവരുടെ സഹായത്താലോ തങ്ങളുടെ തന്നെ പരിശ്രമത്താലോ തങ്ങളുടെ ജീവിതത്തിനുമേൽ കൂടുതൽ നിയന്ത്രണങ്ങളോ അധികാരങ്ങളോ നേടിയെടുക്കാനുള്ള കഴിവ് ശാക്തീകരണത്തിലൂടെ ജനങ്ങൾക്ക് ലഭ്യമാകുന്നു. (ശാക്തീകരണം എന്നാൽ തങ്ങളുടെ തന്നെ ശക്തിയുടെ വളർത്തിയെടുക്കലോ, നേടിയെടുക്കലോ എന്ന് അർഥം). ജനങ്ങൾ തങ്ങളുടെ സാമൂഹ്യ,സാമ്പത്തിക,രാഷ്ട്രീയ സാഹചര്യങ്ങൾ മനസിലാക്കുന്നതിനുള്ള കഴിവ് ആർജിക്കുകയും അതിനനുസരിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് ശാക്തീകരണത്തിന്റെ ഭാഗമാണ്. പരിമിതികളെ അതിജീവിക്കാനുള്ള കഴിവാണ് ശാക്തീകരണം. സാമൂഹ്യ വികസനം, വിദ്യാഭ്യാസം, മനഃശാസ്ത്രം, സാമ്പത്തിക ശാസ്ത്രം,സാമൂഹ്യ പ്രസ്ഥാനങ്ങൾ തുടങ്ങി വിവിധ വിജ്ഞാന ശാഖകൾ പ്രതിപാദിക്കുന്ന ഒരു തത്വമാണ് ശാക്തീകരണം. തങ്ങളുടെ ജീവിതഗതി സ്വയം നിർണയിക്കുന്നതും ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതും ശാക്തീകരണം നേടിയിട്ടുള്ള ജനങ്ങളാണ്. വ്യക്തികളുടെയും സമൂഹത്തിന്റെയും ആധ്യാത്മികവും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ശക്തി വർധിപ്പിക്കുന്നതാണ് യഥാർഥ ശാക്തീകരണം. മാറുന്ന ലോകത്തെയും സാഹചര്യങ്ങളെയും നേരിടുന്നതിനുവേണ്ട അറിവും കഴിവുകളും സ്വായത്തമാക്കാൻ അനുവദിക്കുന്ന പ്രക്രിയയാണ് ശാക്തീകരണമെന്നു പറയാം.

തങ്ങൾക്ക് പ്രതികൂലമായ സാമൂഹ്യ സംവിധാനം മാറ്റുവാൻ ആവശ്യം ഉയർത്തുന്ന പ്രാപ്തരും ജാഗരൂകരുമായ പൗരന്മാർ, ഇത്തരം പ്രക്രിയയിലൂടെ സൃഷ്ടിക്കപ്പെടും. ശാക്തീകരണ പ്രക്രിയ അവരുടെ സംഘടിത വിലപേശൽശേഷി വർധിപ്പിക്കുകയും പൊതുലക്ഷ്യത്തിനായി അവരെ ഒന്നിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം സംഘടിതമോ വ്യക്തിപരമോ ആയ പ്രവർത്തനം / ഇടപെടൽ സാമൂഹ്യ മാറ്റത്തിന്റെ തുടക്കമാണ്. അങ്ങനെ സാമൂഹ്യ ഇടപെടൽ സാമൂഹ്യ മാറ്റത്തിന് അനിവാര്യമായിത്തീരുന്നു.

## നമുക്ക് ചെയ്യാം



*ഗാന്ധിയൻ നിർമാണാത്മക പരിപാടികൾ ജനങ്ങളുടെ ശാക്തീകരണത്തിലൂടെ എങ്ങനെ സാമൂഹ്യമാറ്റം സാധ്യമാക്കും എന്നു വിശകലനം ചെയ്യുക.*

## സാമൂഹ്യമാറ്റവും – സാമൂഹ്യ ഇടപെടലും
## (Social Change and Social Action)

**നമുക്ക് ചെയ്യാം**

*ക്ഷേത്രപ്രവേശന വിളംബരത്തിന്റെ സാമൂഹ്യ സാഹചര്യങ്ങൾ വിലയിരുത്തി അതിലേക്ക് നയിച്ച ഇടപെടലുകൾ കണ്ടെത്തുക.*

സാമൂഹിക പ്രവർത്തനം സംഘർഷഭരിതമായ ഒരു മേഖലയാണ്. വിഭവങ്ങളുടേയും അധികാരത്തിന്റെയും തുല്യ വിതരണമാണ് സാമൂഹിക പ്രവർത്തനത്തിന്റെ ലക്ഷ്യം.




ഒരു സമൂഹത്തിന്റെയോ വിഭാഗത്തിന്റെയോ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ മറ്റു മാർഗങ്ങൾ പരാജയപ്പെടുമ്പോഴാണ് സാമൂഹ്യ ഇടപെടൽ വേണ്ടിവരുന്നത്. അധികാരത്തിലും പദവിയിലും ഉള്ള അസമത്വം സാമൂഹിക ഇടപെടലിനു കാരണമാകാം. എല്ലാ വിഭാഗം ജനങ്ങളിലും വിഭവങ്ങളുടെയും അധികാരത്തിന്റെയും നീതിപൂർവകമായ വിതരണത്തെ അത് ലക്ഷ്യമിടുന്നു. വ്യക്തിയുടെയോ സമൂഹത്തിന്റെയോ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയോ സാമൂഹ്യ സ്ഥാപനങ്ങളോ പര്യാപ്തമല്ല. അപ്പോഴാണ് സാമൂഹ്യ ഇടപെടൽ ആവശ്യമായി വരുന്നത്. ജനങ്ങളെ സംഘടിപ്പിച്ച് സാമൂഹിക വ്യവസ്ഥയിൽ ഘടനാപരമായ മാറ്റം സാധ്യമാക്കുവാൻ സാമൂഹ്യ ഇടപെടൽ വേണ്ടിവരുന്നു. രാഷ്ട്രീയ നയംമാറ്റം, വ്യാവസായിക ജനാധിപത്യം, നിയമനിർമാണം, സാമൂഹ്യനീതി എന്നിവയിൽ അധിഷ്ഠിതമായുള്ള പ്രവർത്തനങ്ങളിലൂടെ നിലവിലുള്ള സാമൂഹ്യ, സാമ്പത്തിക സ്ഥാപനങ്ങളെ മാറ്റുകയോ വികസിപ്പിക്കുകയോ ചെയ്യുന്ന സംഘടിത പരിശ്രമമാണത്.

ചിലപ്പോൾ സാമൂഹ്യ ഇടപെടലിലൂടെ സമൂല സാമൂഹ്യമാറ്റം തന്നെ സാധ്യമാകാം. ഉദാ: സിവിൽ നിയമലംഘനപ്രസ്ഥാനം, വൈക്കംസത്യഗ്രഹം തുടങ്ങിയവ സമൂഹത്തിലെ അസംഘടിതരും ദരിദ്രരും ന്യൂനപക്ഷങ്ങളും അവശത അനുഭവിക്കുന്നവരുമായ ജനവിഭാഗങ്ങളാണ് സാധാരണ സാമൂഹ്യ ഇടപെടൽ നടത്താറുള്ളത്. ഇത്തരം ജനവിഭാഗങ്ങൾ കൂട്ടായ പ്രവർത്തനത്തിലൂടെ സംഘശക്തി തെളിയിക്കുന്നു. സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക സമ്മർദം വഴി ശക്തി ബോധ്യപ്പെടുത്താനും അവകാശങ്ങൾ നേടിയെടുക്കാനും അവർക്ക് സാധിക്കുന്നു.

ഉചിതവും ഊർജിതവുമായ തന്ത്രങ്ങളിലൂടെ മാത്രമേ ഫലപ്രദമായ സാമൂഹ്യ ഇടപെടൽ സാധ്യമാകുകയുള്ളൂ. സർവോദയ സാമൂഹ്യക്രമം സ്ഥാപിക്കുന്നതിനാണ് ഗാന്ധിയൻ ആശയങ്ങൾ നിലകൊള്ളുന്നത്. അതിനുള്ള മാർഗങ്ങൾ ഉചിതവും സമാധാനപൂർണവും അഹിംസാത്മകവും ആയിരിക്കണം. വ്യക്തിപരമോ സംഘടിതമോ ആയ ഇടപെടലുകളിലെല്ലാം ഗാന്ധിയൻ മാർഗങ്ങൾ പ്രസക്തമാണ്. ദരിദ്രരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ആലംബഹീനരുടെയും മർദ്ദിതരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും അവകാശപ്പോരാട്ടങ്ങൾക്ക് ഗാന്ധിയൻ സമരതന്ത്രങ്ങൾ പ്രായോഗികവും പ്രസക്തവുമാണ്. നവസാമൂഹ്യ ക്രമത്തിനായുള്ള പ്രവർത്തനങ്ങളിൽ ശക്തർക്കും ബലഹീനർക്കും ഒരുപോലെ ഗാന്ധിയൻ അഹിംസാത്മക സമരതന്ത്രങ്ങൾ പ്രയോഗയോഗ്യമാണ്.

## ഇന്ത്യയിലെ ഗാന്ധിയൻ സാമൂഹ്യപ്രവർത്തനം (Gandhian Social Action in India)

### സാമൂഹിക പ്രവർത്തനത്തിന്റെ തന്ത്രങ്ങളും സങ്കേതങ്ങളും

പ്രക്ഷോഭങ്ങൾ, ബഹിഷ്കരണം, സ്വാധീനിക്കൽ, വിലപേശൽ തുടങ്ങിയ തന്ത്രങ്ങളും സങ്കേതങ്ങളുമാണ് സാമൂഹിക പ്രവർത്തനത്തിന് ഉപയോഗിക്കുന്നത്. സമൂദായ രൂപീകരണ പ്രക്രിയയുടെ തുടർച്ചയാണ് സാമൂഹിക പ്രവർത്തനം. ഇതിന് പ്രാദേശിക പ്രവർത്തനത്തിലൂടെയുള്ള ശേഷിയും സംഘബോധത്തിലൂടെയുള്ള സമുദായ രൂപീകരണവും ആവശ്യമാണ്. ബോധവൽക്കരണം, സംഘാടനം, തന്ത്രങ്ങളുടെ രൂപീകരണം എന്നിവ സാമൂഹിക പ്രവർത്തനത്തിൽ അനിവാര്യമാണ്. പ്രവൃത്തി പഥത്തിലെത്തുന്ന തന്ത്രങ്ങളാണ് ആവശ്യം. ഓരോ പ്രവർത്തനത്തിനും പങ്കാളിത്ത പൂർണമായ ആവിഷ്കാരങ്ങൾ ആവശ്യമാണ്. ഇവിടെയാണ് ആത്യന്തികവും മൂർത്തവും ക്രമബദ്ധവുമായ ഫലങ്ങൾ ഉല്പാദിപ്പിക്കുന്ന സാമൂഹിക പ്രവർത്തനം നടക്കുക.

അഹിംസാത്മക സമരതന്ത്രങ്ങൾ ശക്തിമത്തായതും സാർവത്രികവുമാണ്. അഹിംസയെ ഒരു ധാർമിക തത്വമായും ജീവിതചര്യയായും ഗാന്ധിജി കരുതി. സാമൂഹ്യതിന്മകളെ പ്രതിരോധിക്കാനുള്ള ഗാന്ധിജിയുടെ ക്രിയാത്മക തന്ത്രങ്ങളാണ് സത്യഗ്രഹവും നിർമാണാത്മക പരിപാടികളും. ഗാന്ധിജിയ്ക്കു ശേഷമുള്ള ചില അഹിംസാത്മക സാമൂഹ്യ പ്രവർത്തനങ്ങളെപ്പറ്റി നമുക്കു പരിശോധിക്കാം.

### ഉപ്പു സത്യഗ്രഹം

ഗാന്ധിജിയുടെ അഹിംസാത്മക സാമൂഹ്യ പ്രക്ഷോഭങ്ങളിൽ പ്രധാനമാണ് ഉപ്പു സത്യഗ്രഹം. 1930 മാർച്ച്-ഏപ്രിൽ മാസങ്ങളിലാണ് ഇതു നടന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ പിടിച്ചു കുലുക്കിയ, ജനപങ്കാളിത്തം കൊണ്ടു ശ്രദ്ധേയമായ സിവിൽ നിയമലംഘന സമരമായിരുന്നു ഉപ്പു സത്യഗ്രഹം. ഈ സമരം ഗാന്ധിജിക്ക് വൻ ജനപിന്തുണ നേടിക്കൊടുത്തു എന്നു മാത്രമല്ല ലോക ശ്രദ്ധയാകർഷിക്കുകയും ചെയ്തു.

### ഭൂദാന പ്രസ്ഥാനം (Bhoodan Movement)



ആന്ധ്രാപ്രദേശിലെ പോച്ചംപള്ളി ഗ്രാമത്തിൽ 1950 ഏപ്രിൽ 18-നാണ് ഭൂദാനപ്രസ്ഥാനത്തിന്റെ തുടക്കം. ആരംഭകാലത്തുതന്നെ ഇതൊരു ദേശവ്യാപക പ്രസ്ഥാനമായി മാറി. ഭൂദാനപ്രസ്ഥാനത്തിലൂടെ ദശലക്ഷക്കണക്കിന്ഏക്കറോളം ഭൂമി ദാനം ചെയ്തു. ഗാന്ധിശിഷ്യരായ സർവോദയപ്രവർത്തകരുടെ ഈ ഉദ്യമത്തെ സർക്കാർ പിന്തുണയ്ക്കുകയും ഭൂദാനപ്രസ്ഥാനത്തിലൂടെ നടന്ന ഭൂമിമാറ്റങ്ങളെ നിയമവിധേയമാക്കുകയും ചെയ്തു. ആചാര്യ വിനോബാഭാവെയാണ് ഭൂദാനപ്രസ്ഥാനത്തിന്റെ ജനയിതാവ്. സമ്പത്ത് ദാനം (സ്വമേധയാ ഉള്ള സമ്പത്തിന്റെ ദാനം), ഗ്രാമദാനം, (ഒരു ഗ്രാമം മുഴുവനായി ദാനം നൽകുന്നത്) എന്നിവ ഭൂദാനപ്രസ്ഥാനത്തിന്റെ വികസിത രൂപങ്ങളാണ്.

### ബാബാ ആംതെയുടെ ആനന്ദ്വൻ (Baba Amte and Anandvan)


**നമുക്ക് ചെയ്യാം**



*ബാബാ ആംതെയെക്കുറിച്ചുള്ള വീഡിയോ പ്രദർശിപ്പിക്കുക.*

കുഷ്ഠരോഗികളെ വെറുക്കപ്പെട്ടവരും അവഗണിക്കപ്പെട്ടവരുമായാണ് മുൻകാലങ്ങളിൽ കരുതിയിരുന്നത്. കുഷ്ഠരോഗം ഒരു സാംക്രമികരോഗമാണെന്ന തെറ്റിദ്ധാരണയും സമൂഹത്തിൽ നിന്ന് അവരെ പുറന്തള്ളാൻ ഇടയാക്കി. ഗാന്ധിശിഷ്യനായ ബാബാ ആംതെ ഈ തെറ്റിദ്ധാരണ മാറ്റുവാനായി വളരെയേറെ പ്രവർത്തിച്ചു. കുഷ്ഠരോഗികളുടെയും ഭിന്നശേഷിക്കാരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പരിചരണത്തിനും പുനരധിവാസത്തിനുമായി മൂന്ന് ആശ്രമങ്ങൾ ബാബാ ആംതെ മഹാരാഷ്ട്രയിൽ സ്ഥാപിച്ചു. ആനന്ദ്വൻ ആരംഭിക്കുന്നത് 1984-ലാണ്. വിദർഭയിൽ ആനന്ദ്വൻ എന്ന പേരിൽ ഒരു ചെറിയ കുടിൽ കെട്ടി അതിൽ ആറു കുഷ്ഠരോഗികളെ താമസിപ്പിച്ചായിരുന്നു തുടക്കം. ഈ പുനരധി

**ബാബാ ആംതെ**



മുരളീദർ ദേവീദാസ് ആംതെ

ജനനം - 1914 ഡിസംബർ 26

മരണം - 2008 ഫെബ്രുവരി 9

വാസകേന്ദ്രം പിന്നീട് സ്വയംപര്യാപ്തമായ സമൂഹമായും പരിസ്ഥിതി സൗഹൃദസാങ്കേതികവിദ്യയുടെ പരീക്ഷണസ്ഥലമായും വളർന്നു. അവിടെ ഒരു മരത്തണലിൽ 1949 ഓഗസ്റ്റ് 15-ന് അദ്ദേഹം ഒരു ആശുപത്രി സ്ഥാപിച്ചു. രാജ്യത്താകമാനമുള്ള സാമൂഹ്യ പ്രവർത്തകർക്ക് മാതൃകയും പ്രചോദനവുമാണ് ആനന്ദ്‌വൻ.

മഹാരാഷ്ട്രയിലെ ഗഡ്ചിരോലി ജില്ലയിലെ മാഡിയാ ഗോണ്ട് ഗോത്രവർഗത്തിന്റെ ക്ഷേമത്തിനായി ലോക് ബിരാദരി പ്രകൽപ് 1973-ൽ അദ്ദേഹം സ്ഥാപിച്ചു. നർമദാ ബച്ചാവോ ആന്ദോളൻ ഉൾപ്പെടെ വിവിധ പരിസ്ഥിതി വിഷയങ്ങളിൽ ബോധവൽക്കരണം നടത്താനും ബാബാ ആംതെ തന്റെ ജീവിതം ഉഴിഞ്ഞുവച്ചു.

ഗാന്ധിജിയോടൊപ്പം ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ പങ്കെടുത്തു. 1999 - ൽ ഗാന്ധിസമാധാന പുരസ്കാരം ലഭിച്ചു.

## സൈലന്റ്‌വാലി പ്രക്ഷോഭം (Silent Valley Agitation)

ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളുടെ അമ്മയെന്നാണ് സൈലന്റ് വാലി പ്രക്ഷോഭത്തെ വിശേഷിപ്പിക്കുന്നത്. ഭാരതപ്പുഴയിലേയ്ക്ക് നീരെത്തിക്കുന്നതിൽ പ്രധാനിയായ കുന്തിപ്പുഴയുടെ ജീവാത്മാവാണ് പാലക്കാട് ജില്ലയിൽ വ്യാപിച്ചു കിടക്കുന്ന സൈലന്റ്‌വാലി. സൈലന്റ്‌വാലിയുടെ ഹൃദയത്തിലൂടെ 25 കിലോമീറ്ററാണ് കുന്തിപ്പുഴ ഒഴുകുന്നത്. കുന്തിപ്പുഴയുടെ കുറുകെ അണക്കെട്ടുകെട്ടി 240 MV ശേഷിയുള്ള ജലവൈദ്യുത നിലയം സ്ഥാപിക്കാൻ 1973-ൽ പ്ലാനിംഗ് കമ്മീഷൻ അനുമതി നൽകി. കേരളസർക്കാർ അവിടെ വൈദ്യുതനിലയം സ്ഥാപിക്കാൻ തീരുമാനിച്ചു. വൈദ്യുത നിലയത്തിന്റെ സ്ഥാപനം ഹെക്ടറുകണക്കിനു ജൈവ ആവാസ വ്യവസ്ഥയെ ഉന്മൂലനം ചെയ്യുന്നതായിരുന്നു.



സൈലന്റ്‌വാലി വനങ്ങൾ

സമർപ്പണബുദ്ധിയും ആദർശശുദ്ധിയുമുള്ള ഒരു കൂട്ടം മനുഷ്യർ ഇതിനെതിരെ പ്രതിഷേധം ഉയർത്തി. വിവിധ പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നവർ സൈലന്റ് വാലിയുടെ സംരക്ഷണത്തിനായി പ്രക്ഷോഭരംഗത്തെത്തി. സൈലന്റ്വാലിയുടെ സംരക്ഷണത്തിനായുള്ള ഈ ചെറുത്തുനിൽപ്പ് ഒരു സാമൂഹ്യപ്രക്ഷോഭത്തിന്റെ തലത്തിലേയ്ക്ക് ഉയർത്തിയത് കേരളാ ശാസ്ത്രസാഹിത്യപരിഷത്താണ്. വികസനത്തിന്റെ സാമ്പ്രദായികവീക്ഷണങ്ങളെ ഈ പ്രക്ഷോഭത്തിലൂടെ ജനങ്ങൾ ചോദ്യം ചെയ്തു. പുതിയൊരു പാരിസ്ഥിതികാവബോധത്തിനും സംസ്കൃതിയ്ക്കും അതു കാരണമായി. പ്രക്ഷോഭങ്ങൾക്കൊടുവിൽ 1986 ൽ ഒരു ദേശീയോദ്യാനമായി സൈലന്റ് വാലി നിലവിൽവന്നു.




സാമൂഹിക ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി സംഘടിതമായി നിരന്തരം പ്രചരണം നടത്തുന്ന പ്രസ്ഥാനങ്ങളാണ് സാമൂഹിക പ്രസ്ഥാനങ്ങൾ. സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കുകയും സാമൂഹികഘടനയും മൂല്യങ്ങളും സംരക്ഷിക്കുകയുമാണ് അവയുടെ ലക്ഷ്യം. മാറ്റം ഒരു തുടർപ്രക്രിയയാണ്. കാലാകാലങ്ങളിൽ നടക്കുന്ന എല്ലാ പരിവർത്തനങ്ങളും മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. മാറ്റം എന്നത് പ്രകൃതിനിയമമാണ്. ശാക്തീകരണം എന്നതുകൊണ്ട് അർഥമാക്കുന്നത് അധികാരത്തെ വികസിപ്പിക്കുകയും ആർജിക്കുകയും ചെയ്യുക എന്നതാണ്. സാമൂഹിക പ്രവർത്തനം സംഘർഷ ഭരിതമാണ്. സാമുദായിക ലക്ഷ്യങ്ങൾ തൃപ്തികരമായ മാർഗങ്ങളിലൂടെ നേടിയെടുക്കാൻ കഴിയാതെ വരുമ്പോഴാണ് സാമൂഹിക പ്രവർത്തകർ ഇടപെടുന്നത്. ഇന്ത്യൻ സാഹചര്യത്തിൽ സന്നദ്ധപ്രവർത്തനം എന്നതിന്റെ അർഥം ഗ്രാമീണ ജനവിഭാഗങ്ങളെ അവരുടെ ആവശ്യങ്ങളെക്കുറിച്ച് ബോധ്യമുള്ളവരായി മാറ്റുക എന്നതാണ്. ജീവിതത്തെക്കുറിച്ച് പ്രതീക്ഷയും അവകാശങ്ങളെക്കുറിച്ച് ബോധ്യവും മെച്ചപ്പെട്ട ജീവിതാവസ്ഥയെക്കുറിച്ചുള്ള അറിവും ജനങ്ങളിൽ ഉണർത്തുക എന്നതാണ് അതിന്റെ ലക്ഷ്യം.

അധികാരമാണ് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത്. സന്നദ്ധപ്രസ്ഥാനങ്ങൾ സന്നദ്ധ പ്രവർത്തകരിലൂടെ വ്യക്തികൾക്കും സമൂഹത്തിനും രാജ്യത്തിനും ആവശ്യമായ സേവനങ്ങൾ നൽകിപ്പോരുന്നു. സമൂഹവും, സന്നദ്ധ മേഖലയും വിപുലവും വൈവിധ്യ പൂർണവുമായ പ്രവർത്തനങ്ങളിലൂടെ സഹവർത്തിത്വവും സാമൂഹിക സംരംഭങ്ങളും, ദേശീയതലത്തിലും അന്തർദേശിയതലത്തിലും ജനോപകാരപ്രദമായ പ്രവർത്തനങ്ങളും കാഴ്ച വെക്കുന്നു.

## എനിക്ക് കഴിയും



| | പൂർണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| സാമൂഹ്യമാറ്റം എന്ന ആശയത്തെ നിർവചിക്കുന്നു. | | | |
| സാമൂഹ്യമാറ്റത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു. | | | |
| വിവിധതരം സാമൂഹ്യപ്രസ്ഥാനങ്ങളെ തിരിച്ചറിയുന്നു. | | | |
| സാമൂഹ്യമാറ്റത്തെപ്പറ്റിയുള്ള ഗാന്ധിയൻ സമീപനവും മാർഗങ്ങളും വിശകലനം ചെയ്യുന്നു. | | | |
| ഗാന്ധിജിയുടെ മാതൃകാസാമൂഹികക്രമമായ സർവോദയത്തിന്റെ പ്രസക്തി തിരിച്ചറിയുന്നു | | | |
| സാമൂഹ്യമാറ്റത്തിന് സാമൂഹ്യ ഇടപെടലിന്റെയും സന്നദ്ധ - സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും പ്രസക്തി തിരിച്ചറിയുന്നു. | | | |
| ഗാന്ധിയൻ അഹിംസാത്മക സാമൂഹ്യപ്രസ്ഥാനങ്ങളെ പരിചയപ്പെടുന്നു. | | | |

## മാതൃകാചോദ്യങ്ങൾ

- സാമൂഹ്യമാറ്റത്തെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കല്പം ഒരു അഹിംസാത്മക സാമൂഹ്യക്രമ നിർമിതിക്കായി നിലക്കൊള്ളുന്നു. അവ കണ്ടെത്തി അതുനേടുന്നതിനുള്ള വിവിധ മാർഗങ്ങൾ വിശകലനം ചെയ്യുക.
- ഒരു ഗാന്ധിയൻ സാമൂഹിക പ്രവർത്തകനെന്ന നിലയിൽ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളെ ശാക്തീകരിക്കാനുള്ള ഒരു കർമപദ്ധതി തയാറാക്കുക.
- സാമൂഹ്യമാറ്റവും സാമൂഹ്യപ്രസ്ഥാനങ്ങളും രൂപപ്പെട്ടുവരുന്നതിന് ഗാന്ധിയൻ സത്യഗ്രഹപ്രസ്ഥാനം എത്രത്തോളം സഹായിക്കുന്നു എന്ന് പരിശോധിക്കുക.

- ഇന്ത്യയിലെ ഏതെങ്കിലും രണ്ടു അഹിംസാത്മക ജനകീയ പ്രസ്ഥാനങ്ങളെ കണ്ടെത്തി അവയുടെ പ്രാധാന്യം ഗാന്ധിയൻ കാഴ്ചപ്പാടിൽ വിലയിരുത്തുക.
- ഗാന്ധിയുടെ സാമൂഹിക പ്രവർത്തനം, സാമൂഹിക ക്ഷേമം, സാമൂഹികമാറ്റം എന്നീ ആശയങ്ങൾ ചർച്ച ചെയ്ത് കുറിപ്പു തയ്യാറാക്കുക.

## Reference

*The selected works of Mahatma Gandhi, M.K.Gandhi, Vol.3 & 5 Navjeevan*

*The Wonder that was India, A.L. Basham, Rupa & co.*

*Indian Social System Ram Ahuja, , Rawat Publishers*

*Social Change and Development in India, NCERT, New Delhi*

*Introducing Sociology, NCERT, New Delhi*

*Gandhian Approach to Social Work, Parameshwari Dayal, Gujarat Vidyapeeth*

# 05 ഗ്രാമവികസനം



## ഉള്ളടക്കം


ഗ്രാമവികസനം

ദാരിദ്ര്യ നിർമാർജനം

കാർഷിക വികസനം

ഗ്രാമീണ ആസൂത്രണം

ഗാന്ധിജിയുടെ ഗ്രാമപുനർനിർമാണ കാഴ്ചപ്പാടുകൾ

ആദ്യകാല ഗ്രാമവികസന ഉദ്യമങ്ങൾ

ബഹുമുഖസമീപനം

സാങ്കേതിക വിദ്യാധിഷ്ഠിത സമീപനം

നിർദിഷ്ട വിഭാഗത്തെ ലക്ഷ്യം വച്ചുള്ള പരിപാടികൾ

മേഖലാധിഷ്ഠിത പരിപാടികൾ

സംയോജിത ഗ്രാമവികസന സമീപനം

ഗ്രാമവികസനത്തിനുള്ള സംഘടിത സമീപനം

ഗ്രാമവികസന നിർവഹണ ഏജൻസികൾ

ഗ്രാമവികസനത്തിൽ സന്നദ്ധ സംഘടനകളുടെയും ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെയും പങ്ക്


T3M9X7

## പഠനനേട്ടങ്ങൾ

- ഗ്രാമവികസനത്തിന്റെ പൊതു ധാരണകളും തത്ത്വങ്ങളും വിശകലനം ചെയ്യാൻ സാധിക്കും.
- ഗ്രാമപുനർനിർമാണം സംബന്ധിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശദീകരിക്കാൻ കഴിയും.
- ഇന്ത്യയിലെ ആദ്യകാല ഗ്രാമവികസന ഉദ്യമങ്ങളും സമീപനങ്ങളും തിരിച്ചറിയാൻ കഴിയുന്നു.
- വിവിധ ഗ്രാമവികസന ഉദ്യമങ്ങളും സമീപനങ്ങളും പരിചയപ്പെടുന്നു.
- നിലവിലെ ഗ്രാമവികസന പദ്ധതികൾ വിശദീകരിക്കാൻ സാധിക്കുന്നു.
- ഗ്രാമവികസന നിർവഹണ ഏജൻസികളുടെ പരിചയം സാധ്യമാകുന്നു.
- ഗ്രാമവികസനത്തിൽ സന്നദ്ധ സംഘടനകളുടെ പങ്കിനെപ്പറ്റി തിരിച്ചറിയുന്നു.
- കുടുംബശ്രീയെയും അവയുടെ പ്രവർത്തനത്തെപ്പറ്റിയും മനസിലാക്കാൻ സാധിക്കുന്നു.
- ഗ്രാമവികസനത്തിനുള്ള വിവിധ മാർഗങ്ങൾ നിർദേശിക്കാൻ കഴിയുന്നു.

താഴെ തന്നിരിക്കുന്ന ചിത്രങ്ങൾ താരതമ്യം ചെയ്യുക.





ഏതാണ് ഗ്രാമപ്രദേശം? ഏതാണ് നഗരപ്രദേശം?

ഒരു ഗ്രാമപ്രദേശത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ? ഈ പ്രദേശങ്ങളുടെ വികസനം എങ്ങനെ സാധ്യമാക്കാൻ കഴിയും?

നമ്മുടെ രാജ്യത്ത് ഗ്രാമവികസനത്തിനു സ്വീകരിച്ച മാർഗങ്ങളും സമീപനങ്ങളുമാണ് ചർച്ച ചെയ്യുന്നത്. ഗ്രാമപുനർനിർമാണത്തിനുള്ള ഗാന്ധിയൻ കാഴ്ചപ്പാടും ഇവിടെ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## ഗ്രാമവികസനം : ആശയം (Concept of Rural Development)


വികസനമെന്ന വിശാലാർഥത്തിൽ ഉപയോഗിക്കുന്ന പദത്തിന്റെ ഒരു ഉപഗണമാണ് ഗ്രാമവികസനം എന്നത്. ഒരു പരമ്പരാഗത സമൂഹം സാമൂഹ്യ-സാമ്പത്തിക രൂപാന്തരപ്രക്രിയയിലൂടെ ഒരു ആധുനിക സമൂഹമായി മാറുന്ന പ്രക്രിയയാണ് വികസനം. പൊതുവിൽ വികസനം എന്നതുകൊണ്ട് ജനങ്ങളുടെ ജീവിതനിലവാരത്തിലുള്ള അഭിവൃദ്ധിയാണ് അർത്ഥമാക്കുന്നത്. സാമൂഹ്യസാമ്പത്തികപരിഷ്കരണങ്ങളിലൂടെയും ആസൂത്രിതമായ മാറ്റങ്ങളിലൂടെയും ഒരു ഗ്രാമീണ സമൂഹത്തെ ആധുനികമാക്കുന്ന വികസനമാണത്.

ഒരു ഗ്രാമപ്രദേശം എന്നതു ജനങ്ങൾ പ്രകൃതിയുമായി ഇഴുകിച്ചേർന്ന് പ്രാഥമികമായ ഉത്പന്നങ്ങൾ (ആദ്യമായും നേരിട്ടും) നിർമിക്കുന്ന തൊഴിലിൽ ഏർപ്പെടുന്ന ഇടമാണ്. വലിയ പട്ടണങ്ങളുടെയും നഗരങ്ങളുടെയും സ്വാധീനത്തിൽപ്പെടാതെ മാറി കഴിയുന്ന തിരക്കില്ലാത്ത സ്ഥലങ്ങളാണ് ഗ്രാമപ്രദേശങ്ങൾ. തീവ്രജനസാന്ദ്രതയുള്ള നഗരത്തെയോ നഗരപ്രാന്തത്തെയോ മനുഷ്യാവാസമില്ലാത്ത ഇടങ്ങളെയോ അപേക്ഷിച്ച് വളരെ വ്യത്യസ്തത പുലർത്തുന്ന സ്ഥലമാണത്. സാധാരണയായി ഗ്രാമപ്രദേശങ്ങൾക്ക് ഒരു കാർഷിക സ്വഭാവമാണുള്ളത്. 2011 ലെ സെൻസസ് പ്രകാരം 69% ഇന്ത്യൻ ജനതയും ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്.

ഗ്രാമീണ ജനതയുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള ഗ്രാമപ്രദേശങ്ങളുടെ സർവതോമുഖമായ വളർച്ചയെയാണ് ഗ്രാമവികസനം എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്. കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും, കൈത്തൊഴിലുകളുടെയും, സാമൂഹ്യ സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളുടെയും

എല്ലാത്തിനുമുപരി ഗ്രാമീണ മനുഷ്യവിഭവശേഷിയുടെയും വളർച്ചയെ ചുറ്റിപ്പറ്റിയുള്ള സമഗ്രവും ബഹുമുഖവുമായ ഒരു ആശയമാണ് അത്. അതുകൊണ്ട് ഗ്രാമവികസനം എന്നതിനെ ഒരു പ്രക്രിയയായും, പ്രതിഭാസമായും, ഉപായമായും ജ്ഞാനശാഖയായും കരുതാം.

ഇന്ത്യൻ ഗ്രാമങ്ങളിൽ അധിവസിക്കുന്ന കുറഞ്ഞ വരുമാനവും താഴ്ന്ന ജീവിതനിലവാരവുമുള്ള ഒരു വലിയ വിഭാഗം ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉയർച്ചയാണ് ഗ്രാമവികസനത്തിന്റെ കേന്ദ്രപ്രമേയം. അവർക്ക് ആദായകരമായ തൊഴിൽ പ്രദാനം ചെയ്യുന്നതിനുപുറമേ വിദ്യാഭ്യാസത്തിനുള്ള അവ




സരങ്ങളും, ആരോഗ്യ-ചികിത്സാസേവനങ്ങളും വാസസൗകര്യങ്ങളും സജ്ജീകരിക്കണം. ഗുണഭോക്താക്കളായ ഗ്രാമീണജനങ്ങളുടെ സജീവപങ്കാളിത്തത്തോടെ തന്നെ ഗ്രാമവികസനം ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഇവിടെ പഞ്ചായത്തിനും സർക്കാരിനും നിർണായക പങ്ക് നിർവഹിക്കാനുണ്ട്.

സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വളർച്ചയാണ് ഗ്രാമവികസനത്തിലെ ആസൂത്രണ പ്രക്രിയയുടെ പ്രഖ്യാപിത ലക്ഷ്യം. ഗ്രാമവികസനം കാർഷിക ഉൽപാദനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് തുടങ്ങുന്നു. ക്രമേണ ഗ്രാമീണ ജനങ്ങളുടെ പ്രത്യേകിച്ച് ദരിദ്രജനവിഭാഗങ്ങളുടെ ഉൽപാദനപരമായ തൊഴിൽ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് വികസിക്കണം. ഇതിനായി ഉൽപാദന മേഖല, ഭൗതിക സൗകര്യങ്ങൾ, മനുഷ്യ വിഭവശേഷി, ഇതരസഹായസ്ഥാപനങ്ങളുടെ പിന്തുണ എന്നിവ ഉറപ്പുവരുത്തേണ്ടതും ഇവയെ ഏകോപിപ്പിക്കേണ്ടതും അനിവാര്യമാണ്.


ഗ്രാമീണ കുടിൽവ്യവസായങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള ഗ്രാമവ്യവസായങ്ങളുടെ വികസനം ഉൾപ്പെടെ ഗ്രാമപ്രദേശങ്ങളിലെ കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലുമുള്ള ഉൽപാദനം പരമാവധി വർധിപ്പിക്കുക എന്നതാണ് ഇന്ത്യൻ സാഹചര്യത്തിൽ ഗ്രാമവികസനം കൊണ്ട് അർത്ഥമാക്കുന്നത്.



### നമുക്കു ചെയ്യാം

*ഗ്രാമവികസനത്തെപ്പറ്റി ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.*

## ഗ്രാമവികസനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ (Basic Elements of Rural Development)




ഗ്രാമവികസനത്തിന് പ്രധാനമായും മൂന്ന് ഘടകങ്ങളാണുള്ളത്.

1. **അടിസ്ഥാനജീവിതാവശ്യങ്ങൾ** (Basic necessities of life): ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാതെ നിലനിൽപ്പ് സാധ്യമല്ല. ആഹാരം, വസ്ത്രം, പാർപ്പിടം, അടിസ്ഥാന വിദ്യാഭ്യാസം, പ്രാഥമികാരോഗ്യസംരക്ഷണം, ജീവനും സ്വത്തിനുമുള്ള സുരക്ഷിതത്വം തുടങ്ങിയവയാണ് അടിസ്ഥാനജീവിത ആവശ്യങ്ങൾ. ഇതിലേതെങ്കിലും ഒന്നിന്റെയോ മുഴുവന്റെയോ അപര്യാപ്തതയോ കാര്യമായ ലഭ്യതക്കുറവോ ഉണ്ടെങ്കിൽ അതിനെ തീർത്തും അവികസിതമായ അവസ്ഥയെന്നു വിളിക്കാം.

2. **ആത്മാഭിമാനം** (Self respect): എതൊരു വ്യക്തിയും രാഷ്ട്രവും ഒരു തരത്തിലുള്ള ആത്മാഭിമാനവും, മാന്യതയും, ബഹുമാനവും അന്വേഷിക്കുന്നുണ്ട്. ആത്മാഭിമാനത്തിന്റെ അഭാവമോ നിഷേധമോ വികസനമില്ലായ്മയെ സൂചിപ്പിക്കുന്നു.

3. **സ്വാതന്ത്ര്യം** (Freedom):രാഷ്ട്രീയവും ആശയപരവുമായ സ്വാതന്ത്ര്യം, സാമ്പത്തിക സ്വാതന്ത്ര്യം, സാമൂഹ്യാടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യം എന്നിവയാണ് സ്വാതന്ത്ര്യം കൊണ്ട് അർഥമാക്കുന്നത്. അന്ധവിശ്വാസങ്ങളോടും അജ്ഞതയോടും അത്തരം സാമൂഹ്യ സ്ഥാപനങ്ങളോടും അടിമത്തം നിലനിർത്തുന്ന ഒരു സമൂഹം വികസനം കൈവരിച്ചതായി അവകാശപ്പെടാനാവില്ല. ഏതു തരത്തിലുള്ള അടിമത്തവും അവികസിതാവസ്ഥയെയാണ് പ്രതിഫലിപ്പിക്കുന്നത്.



**നമുക്കു ചെയ്യാം**

*ഗ്രാമവികസനത്തിന്റെ പ്രധാനഘടകങ്ങൾ കണ്ടെത്തുക.*

## ഗ്രാമവികസനത്തിന്റെ മാനങ്ങൾ (Dimensions of Rural Development)

ഗ്രാമവികസന പദ്ധതികളിൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും, ദരിദ്രർക്കും ദുരിതം അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കും മുൻഗണന നൽകിയിരിക്കുന്നു. ഗ്രാമവികസനത്തിന്റെ പ്രധാന മാനങ്ങൾ ചുവടെ ചേർക്കുന്നു.

1. **കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും വികസനം**

   കൃഷിയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമാണ് ഗ്രാമവികസനത്തിൽ പ്രാധാന്യം നൽകുന്നത്. അത്യുല്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകൾ വികസിപ്പിക്കുക, വളങ്ങളും കീടനാശിനികളും ശരിയായി ഉപയോഗിക്കാനുള്ള അറിവ്, പോഷകാഹാരങ്ങൾ, ജൈവവൈവിധ്യത്തിന്റെ സംരക്ഷണം, പരമ്പരാഗത സാങ്കേതിക വിദ്യയുടെ പോഷണം, ജനിതക സമ്പത്തിന്റെ സംരക്ഷണം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2. **സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ വികസനം**

   ഗ്രാമീണ ജനങ്ങളുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയാവസ്ഥ മെച്ചപ്പെടുത്തുകയാണ് ഇത് ലക്ഷ്യമിടുന്നത്. ഗ്രാമീണജനതയ്ക്ക് സ്വതന്ത്രമായി തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാനും, സ്വതന്ത്രവും നീതിപൂർവകവുമായി വോട്ടവകാശം വിനിയോഗിക്കാനും, വാങ്ങൽ ശേഷി വർദ്ധിപ്പിക്കാനും, ദാരിദ്ര്യം ഇല്ലായ്മ ചെയ്യാനും, കടക്കെണിയിൽ നിന്ന് മോചനം നേടാനും കഴിയുമ്പോഴാണ് ഗ്രാമവികസനം അർഥപൂർണമാകുന്നത്.

3. **ഗ്രാമീണ ജീവിത ഗുണനിലവാരം വർധിപ്പിക്കൽ**

   ഇതിനായി ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും സേവന മേഖലകളും മെച്ചപ്പെടണം. റോഡുകൾ, പാലങ്ങൾ, വൈദ്യുതി, വിദ്യാഭ്യാസ സൗകര്യം, ആരോഗ്യ-ശുചിത്വം മെച്ചപ്പെടുത്തൽ എന്നിവയിൽ അടിസ്ഥാന സൗകര്യങ്ങളും ആസ്തികളും നിർമിക്കുക. വാർത്താ വിനിമയ വിവരസാങ്കേതിക വിദ്യകൾ സ്വീകരിക്കൽ, ഗ്രാമീണ വിപണിക്കായി പുത്തൻ ഉൽപന്നങ്ങൾ വികസിപ്പിക്കൽ, ബാങ്കിംഗ്, ടെലിഫോൺ, ഇൻഷുറൻസ് സേവനങ്ങൾ വ്യാപിപ്പിക്കൽ എന്നിവ ആവശ്യമാണ്.

4. **ഗ്രാമീണ ദുരന്തലഘൂകരണം (Rural Disaster Risk Mitigation)**

   ദുരന്തലഘൂകരണം സുസ്ഥിര ഗ്രാമവികസനത്തിന്റെ പ്രധാന വശമാണ്. ദുരന്തങ്ങളുടെ ഫലമായി ജീവനും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതാണിത്. ദുരന്തസാധ്യതയെപ്പറ്റിയുള്ള അവബോധം, അപ

കടം തിരിച്ചറിയൽ, അപകടം ലഘൂകരിക്കുക, വിള ഇൻഷുറൻസ്, കിസാൻ ക്രെഡിറ്റ് കാർഡ് എന്നിവയിലൂടെ ദുരന്തങ്ങളെ അതിജീവിക്കുക എന്നിവ ഇതിനായി പരിഗണിക്കണം. നദീതീരം നശിക്കുന്നത് തടയുക, വെള്ളപ്പൊക്ക-വരൾച്ചാനിയന്ത്രണ സംവിധാനങ്ങൾ, അതിജീവനത്തിനായി പ്രദേശത്തെ ജനതയെ ശാക്തീകരിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**നമുക്ക് അറിയാം**


### മിറ്റിഗേഷൻ




*ദുരന്തങ്ങളുടെ ആഘാതം ലഘൂകരിച്ച് മനുഷ്യന്റെ സ്വത്തിനും, ജീവനും ഉണ്ടായേക്കാവുന്ന നഷ്ടം അതിന്റെ കാഠിന്യം എന്നിവ കുറയ്ക്കുന്ന പഠനമാണ് മിറ്റിഗേഷൻ. ദുരന്തങ്ങൾ സൃഷ്ടിക്കാവുന്ന കാഠിന്യം വിശകലനം ചെയ്യുകയും ലഘൂകരിക്കുകയും ഇതിനായി ഇൻഷുറൻസ് ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് ഭാവിയിലുണ്ടായേക്കാവുന്ന ദുരന്തങ്ങളെ നേരിടാൻ ജനങ്ങളെ പര്യാപ്തരാക്കുന്നു. ഇതിനായി പ്രാദേശികതലത്തിൽ ഉണ്ടായേക്കാവുന്ന അപകട സാധ്യത മനസിലാക്കുകയും സാമൂഹികക്ഷേമത്തെ ലക്ഷ്യമിട്ടുകൊണ്ട് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുമുണ്ട്. നമ്മുടെ സുരക്ഷയ്ക്കും, സ്വാതന്ത്ര്യത്തിനും ഇത്തരം പ്രവർത്തനങ്ങൾ അനിവാര്യമാണ്.*

**നമുക്കു ചെയ്യാം**

*ഗ്രാമവികസനത്തിന്റെ വിവിധ മാനങ്ങൾ അടിസ്ഥാനപ്പെടുത്തി ഡയഗ്രം പൂർണമാക്കുക*




## ഗ്രാമവികസനത്തിന്റെ കേന്ദ്രബിന്ദു (Focus of Rural Development)

ഗ്രാമവികസനം പ്രാഥമികമായി കേന്ദ്രീകരിക്കുന്നത് മനുഷ്യന്റെയും അവന്റെ ചുറ്റുപാടുകളുടെയും വികസനത്തിലാണ്. രണ്ടാമതായി പാരിസ്ഥിതിക, ആവാസ

വ്യവസ്ഥയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. മികച്ച സാമ്പത്തികവളർച്ച നേടുന്നതിനുള്ള ഉചിത സാങ്കേതികവിദ്യയുടെ കണ്ടെത്തലും ഉപയോഗവുമാണ് മൂന്നാമത്തേത്. ഗ്രാമീണ സ്ഥാപനങ്ങളുടെ നിർമാണം, - മനുഷ്യ-സാമ്പത്തിക-ഭൗതിക വിഭവങ്ങളുടെ സംഘാടനവും പരിപാലനവും എന്നിവയാണ് നാലാമത്തേത്. നിലവിലുള്ള വിഭവങ്ങൾ വിനിയോഗിച്ചുള്ള പ്രാദേശിക സംരംഭങ്ങളിലൂടെയും പങ്കാളിത്തത്തിലൂടെയും, സമാഹരണത്തിലൂടെയും ജനങ്ങൾ തന്നെ മുൻകൈയയെടുത്ത് സ്വാശ്രയത്വം കൈവരിക്കുക എന്നതാണ് അഞ്ചാമത്തെ ലക്ഷ്യം. ആറാമതായി ദരിദ്രഗ്രാമീണജനതയ്ക്ക് പരമാവധി നീതിയുടെ വിതരണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തിന് മുൻതൂക്കം നൽകുക എന്നതാണ്.

ഒറ്റപ്പെട്ടുനിൽക്കുന്നതും പിന്നാക്കം നിൽക്കുന്നതുമായ പ്രദേശങ്ങളിൽ ദാരിദ്ര്യവും ജീവൻ നഷ്ടപ്പെടുന്നതും തടയുന്നതിനായി വികസന പരിപാടികളും പദ്ധതികളും മുൻഗണനാ ക്രമത്തിൽ ഏറ്റെടുക്കണം. ദാരിദ്ര്യരേഖക്കു താഴെയുള്ളവർ, പ്രളയം, വരൾച്ച തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ, ക്ഷാമങ്ങൾ എന്നിവയ്ക്ക് വിധേയരായവർക്കും ആധുനിക ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തവർക്കും കൂടുതൽ മുൻഗണന ഗ്രാമവികസനത്തിൽ നൽകേണ്ടതുണ്ട്.



**നമുക്കു ചെയ്യാം**

*ഗ്രാമവികസനത്തിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയായിരിക്കണം എന്നു ഗ്രൂപ്പുകളിലായി ചർച്ചചെയ്ത് ക്രോഡീകരിക്കുക.*

## ഗ്രാമവികസനത്തിന്റെ ലക്ഷ്യങ്ങൾ (Objectives of Rural Development)

**1. ദാരിദ്ര്യനിർമാർജ്ജനം**

**ചിന്തിക്കുക പങ്കുവയ്ക്കുക**

*ഗ്രാമവികസനത്തിന്റെ ലക്ഷ്യങ്ങൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്ത് ക്ലാസിൽ അവതരിപ്പിക്കുക.*

ഇന്ത്യയിലും മറ്റു പല രാജ്യങ്ങളിലും ദാരിദ്ര്യം എന്നത് വലിയ പ്രശ്നമാണ്. ഒരുവന് തന്റെ ജീവിതത്തിനും കാര്യക്ഷമതയ്ക്കും വേണ്ട ഏറ്റവും കുറഞ്ഞ ഉപഭോഗാവശ്യങ്ങൾ (ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയവ) നേടിയെടുക്കാനുള്ള കഴിവില്ലായ്മയെയാണ് ദാരിദ്ര്യം എന്ന് വിശേഷിപ്പിക്കുന്നത്. രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക പരിവർത്തനത്തിന്റെ വിശാല കാഴ്ചപ്പാടിൽ നിന്നു വേണം ദാരിദ്ര്യ നിർമാർജന പരിപാടികളെ നോക്കിക്കാണേണ്ടത്. ഉൽപാദനപരമായ ആസ്തികളും ദരിദ്രർക്ക് തൊഴിൽ നൈപുണ്യവും വരുമാനവും ഉണ്ടാക്കുന്നതിലൂടെ രാജ്യത്തിന്റെ സമഗ്രവളർച്ചക്കാണ് അവ പൂരകമായി തീരുന്നത്. നമ്മുടെ എല്ലാ പഞ്ചവത്സര പദ്ധതികളിലും ദാരിദ്ര്യനിർമാർജനത്തിന് കാര്യമായ പ്രാധാന്യം നൽകിയിട്ടുണ്ട്. ദാരിദ്ര്യനിർമാർജനത്തിനായി വിവിധ പരിപാടികളും നടപടികളും ഇന്ത്യാ ഗവൺമെൻറ് നടപ്പിലാക്കിയിട്ടുണ്ട്.

**2. കാർഷികവികസനം**




നമ്മുടെ രാജ്യത്തെ ഭൂരിഭാഗം ജനങ്ങളും ഗ്രാമങ്ങളിലാണ് അധിവസിക്കുന്നത്. കൃഷി യെയാണ്  തങ്ങളുടെ ഉപജീവനത്തിനായി പ്രത്യക്ഷമായോ പരോക്ഷമായോ ഇവർ ആശ്രയിക്കുന്നത്. ഭക്ഷ്യോത്പാദനത്തിലും സംസ്കരണത്തിലും വിതരണത്തിലും കൃഷി പ്രധാന പങ്കുവഹിക്കുന്നു. അതിനാൽ കാർഷികവികസനം വഴി ദശലക്ഷക്കണ ക്കിന് ദരിദ്രജനവിഭാഗങ്ങളുടെ, പ്രത്യേകിച്ച്  സ്ത്രീകളുടേയും നിരക്ഷരരായ ജനങ്ങ ളുടെയും ജീവിതത്തിന് മാറ്റം വരുത്താൻ കഴിയുന്നു.  ദാരിദ്ര്യം കുറയ്ക്കുന്നതിനും, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും, സാമ്പത്തിക വളർച്ച മെച്ചപ്പെടുത്തുന്നതിനും ഇത് സഹായിക്കുന്നു.

**3. ആരോഗ്യവും ശുചിത്വവും (Health and Hygiene)**

ആരോഗ്യത്തെയും ശുചിത്വത്തെയും പറ്റി ദരിദ്ര ഗ്രാമീണർക്ക് കാര്യമായ അവബോ ധമില്ല. അതിനാൽ ഇക്കാര്യത്തിൽ ബോധവത്കരണത്തിനും, ശുചിത്വവും, ആരോ ഗ്യവുമുള്ള ജീവിത സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുമുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കാനും  ലക്ഷ്യമിടുന്നു.

**4. ഗ്രാമീണാസൂത്രണം (Rural Planning)**

ആസൂത്രണം എന്ന് പറയുന്നത് കൃത്യമായി നിർവചിക്കപ്പെട്ട ലക്ഷ്യം പരമാവധി നേടുന്നതിനായി വിഭവങ്ങളെ സംഘടിപ്പിക്കുകയും വിനിയോഗിക്കുകയും  ചെയ്യുന്ന പ്രക്രിയയാണ്. അങ്ങനെ ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് പരമാവധി നേട്ടങ്ങൾ ഉണ്ടാക്കാനാണ് ഗ്രാമ വികസനത്തിലൂടെ പരിശ്രമിക്കുന്നത്. അതിനായി, കൃത്യമായ ആസൂത്രണം സ്വീകരിക്കേണ്ടതുണ്ട്. ആസൂത്രണരീതിയുടെ ലക്ഷ്യം ജനങ്ങളുടെ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തി ദീർഘകാല ഉൽപാദനക്ഷമതക്ക് ഉപയുക്ത മായ രീതിയിലുള്ള  വിഭവവിനിയോഗം വർധിപ്പിക്കുക എന്നതാണ്.

### 5. ഉൽപ്പാദനക്ഷമതയിലുള്ള വർധനവ് (Improvement in Productivity)

ഗ്രാമീണജനങ്ങളുടെ സാമ്പത്തികവികസനം ഗ്രാമീണ ഉൽപ്പാദനക്ഷമതയുടെ വർധനവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. വിഭവങ്ങളുടെയും സാങ്കേതികവിദ്യയുടെയും ലഭ്യതയും ഉപയോഗവും ഗ്രാമീണരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കും. ഇതിനായി ആസൂത്രണം അനിവാര്യമാണ്. ഗ്രാമവികസന പരിപാടികൾ ഇതിന് ഊന്നൽ കൊടുക്കുകയും കാർഷിക, വ്യാവസായിക മേഖലയിൽ നല്ല നിലയിൽ ഉൽപ്പാദനക്ഷമത കൈവരിക്കാൻ ഗ്രാമീണ ജനങ്ങളെ സഹായിക്കുകയും ചെയ്യുന്നു.

### 6. ജീവിതഗുണനിലവാരവർധന (Improvement of Quality of Life)

ഭൂരിപക്ഷം ദരിദ്രരും അധിവസിക്കുന്നത് ഗ്രാമീണമേഖലയിൽ ആയതിനാൽ ഗ്രാമവികസനത്തിന്റെ പ്രധാനലക്ഷ്യം ദരിദ്രരുടെ ജീവിതനിലവാരം ഉയർത്തുക എന്നതാണ്. അതിനായി ദാരിദ്ര്യം ഇല്ലാതാക്കുകയും കുടിവെള്ളം, വൈദ്യുതി, റോഡ്, ആരോഗ്യപരിപാലന സൗകര്യം, പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും വേണം. കൂടാതെ അധികാരവികേന്ദ്രീകരണം പ്രോത്സാഹിപ്പിക്കുകയും വേണം.

**ചിന്തിക്കുക പങ്കുവയ്ക്കുക**


*ഗ്രാമ വികസനത്തിന്റെ മറ്റ് ഏതെങ്കിലും ലക്ഷ്യങ്ങൾ നിങ്ങൾക്ക് നിർദ്ദേശിക്കാമോ?*

## ഗ്രാമപുനരുദ്ധാരണത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ (Gandhian views on Rural Reconstruction)

ഗ്രാമപുനരുദ്ധാരണം എന്നത് കൊണ്ട് അർഥമാക്കുന്നത് ഗ്രാമങ്ങളെ പുനർനിർമിക്കുക എന്നാണ്. ഗ്രാമീണജനങ്ങളുടെ പ്രശ്നങ്ങൾ ഇത്തരം പുനർനിർമാണത്തിലൂടെ പരിഹരിക്കാനും അവരുടെ ജീവിതത്തിൽ നിർണായകമായ മാറ്റങ്ങൾ വരുത്താനും, അതുവഴി സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനും കഴിയുന്നു.

ഗ്രാമപുനരുദ്ധാരണത്തെപ്പറ്റിയുള്ള ഗാന്ധിയൻ സമീപനം സമഗ്രവും ജനകേന്ദ്രീകൃതവുമാണ്. ഇതിന്റെ അടിസ്ഥാനം സത്യത്തിലും അഹിംസയിലും മനുഷ്യനന്മയിലും അധിഷ്ഠിതമാണ്. ധാർമികതക്കും, ആധ്യാത്മികതയ്ക്കും, സാമ്പത്തിക വികസനത്തിനും വളരെയധികം പ്രാധാന്യം നൽകിയാണ് ഗാന്ധിജി സമഗ്രവികസനം ഉറപ്പാക്കുന്നത്. ഗാന്ധിജിയുടെ ഗ്രാമപുനരുദ്ധാരണം സാമ്പത്തിക, രാഷ്ട്രീയ, വിദ്യാഭ്യാസ, പാരിസ്ഥിതിക, ആധ്യാത്മിക വശങ്ങൾക്ക് ഊന്നൽ നൽകുന്നു. ഗ്രാമസ്വരാജ് എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് ഗാന്ധിജിയുടെ ഗ്രാമപുനർനിർമാണരീതി.

പ്രകൃതിയെ ചൂഷണം ചെയ്യാത്തതും മനുഷ്യകേന്ദ്രീകൃതമായതുമായ ഗ്രാമീണ ജീവിതരീതി ഗാന്ധിജി നിർദ്ദേശിക്കുന്നു. വികേന്ദ്രീകൃത ഗ്രാമീണ സമ്പദ്‌വ്യവസ്ഥ എല്ലാവർക്കും സന്നദ്ധ- സഹകരണാടിസ്ഥാനത്തിൽ തൊഴിൽ പ്രദാനം ചെയ്യുകയും അടിസ്ഥാനാവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ നേടിയെടുക്കാൻ പ്രയത്നിക്കുകയും ചെയ്യുന്നു.






**നമുക്കു ചെയ്യാം**

*ഗ്രാമവികസനവും ഗ്രാമപുനർനിർമാണവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.*

ഗാന്ധിജി പറഞ്ഞു: "സ്വന്തം അടിസ്ഥാനാവശ്യങ്ങൾക്ക് അയൽഗ്രാമത്തെ ആശ്രയിക്കാതെയുള്ള, എന്നാൽ, മറ്റുകാര്യങ്ങളിൽ ആശ്രയത്വം അനിവാര്യവുമായ ഒരു പൂർണ റിപ്പബ്ലിക്കാണ് എന്റെ സങ്കല്പത്തിലുള്ള മാതൃകാഗ്രാമം. അത്തരം ഗ്രാമത്തിൽ വിവേകമതികളായ മനുഷ്യർ ഉണ്ടാകും." എല്ലാ ഗ്രാമങ്ങളുടേയും പ്രഥമപരിഗണന അവരുടെ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിലായിരിക്കണം. അവിടെ മാത്രമേ എല്ലാ വിഭാഗം ആളുകൾക്കും സൗഹാർദത്തോടെ ജീവിക്കാൻ കഴിയുകയുള്ളൂ. സത്യം, അഹിംസ, സ്വാതന്ത്ര്യം, സമത്വം, എല്ലാവർക്കും തൊഴിൽ, ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നം, ട്രസ്റ്റീഷിപ്പ്, വികേന്ദ്രീകരണം, സ്വദേശി, സഹകരണം തുടങ്ങിയവ ഗ്രാമവികസനത്തിന്റെ അടിസ്ഥാനതത്ത്വങ്ങളായി ഗാന്ധിജി കണ്ടു.

സൈദ്ധാന്തികമായി ഗ്രാമപുനരുദ്ധാരണത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ സമീപനം ആദർശപര (Idealist) മായ ഒന്നായി കണക്കാക്കപ്പെടുന്നു. ഇവിടെ ധാർമിക സമീപനത്തിന് പ്രത്യേക പ്രാധാന്യം കൽപിക്കുന്നു. അദ്ദേഹം സംയോജിതഗ്രാമവികസനത്തിന്റെ പ്രാധാന്യം മനസിലാക്കി, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നിവ ഉചിതമായി സംയോജിപ്പിക്കുന്ന മാതൃകയാണ് മുന്നോട്ടു വയ്ക്കുന്നത്. വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ഊന്നൽ കൊടുക്കുന്ന ഗാന്ധിജിയുടെ വിദ്യാഭ്യാസ പദ്ധതിയായ നയീ തലിമിന് (Nai Talim) ഗ്രാമപുനരുദ്ധാരണത്തിൽ അദ്ദേഹം ഊന്നൽ നൽകി. ഗ്രാമീണജനതയുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്ന അഹിംസാത്മകവും സ്വയംഭരണാധിഷ്ഠിതവും സ്വയം പര്യാപ്തതയുമുള്ള ഗ്രാമറിപ്പബ്ലിക്കുകൾ പുനഃസൃഷ്ടിക്കുകയുമാണ് ഗ്രാമപുനരുദ്ധാരണത്തിന്റെ ഗാന്ധിയൻ സമീപനം.

## ഗ്രാമപുനരുദ്ധാരണത്തിന്റെ ഗാന്ധിയൻ തന്ത്രങ്ങൾ (Gandhian Strategies for Rural Reconstruction)

ഗാന്ധിജിയുടെ ഗ്രാമപുനരുദ്ധാരണ സമീപനം പ്രായോഗികവും ഉൽപാദനപരവുമാണ്. സത്യത്തിലും അഹിംസയിലും അടിയുറച്ച ഒരു പുതിയ സാമൂഹ്യക്രമത്തിന്റെ സൃഷ്ടിയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. ഇവിടെ സാമ്പത്തിക ഉയർച്ചയും ഗ്രാമീണ പുരോഗതിയും ഒത്തൊരുമിച്ച് മനുഷ്യപുരോഗതിയ്ക്കായി നിലകൊള്ളുന്നു.

## നിർമാണാത്മക പരിപാടികൾ (Constructive Programme)

നിർമാണാത്മക പരിപാടികളാണ് ഗ്രാമപുനരുദ്ധാരണം യാഥാർഥ്യമാക്കുന്നതിനുള്ള ഗാന്ധിയൻ മാർഗം. നിർമാണാത്മക പരിപാടികളിൽ ഗാന്ധിജി വിവിധങ്ങളായ പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും അവ പൂർണസ്വരാജ് നേടാനുള്ള സത്യസന്ധവും അഹിംസാധിഷ്ഠിതവുമായ മാർഗമായി പരിഗണിക്കുകയും ചെയ്തു. പ്രദേശത്ത് ലഭ്യമായ വിഭവങ്ങൾ കൊണ്ട് സമൂഹത്തിന്റെ അടിത്തട്ടുമുതൽ വികസനം കൈവരിക്കാനുള്ള ശ്രമങ്ങളാണ് നിർമാണാത്മക പരിപാടികൾ. ഇത് ഗ്രാമവികസനത്തിനുവേണ്ടി മാത്രമുള്ളതല്ല, രാഷ്ട്രപുനർനിർമാണത്തിനും കൂടിയുള്ളതാണ്.

## കൃഷി (Agriculture)

ഭക്ഷണം ജീവന്റെ അടിസ്ഥാനാവശ്യമായതിനാൽ ഗാന്ധിയൻ ഗ്രാമപുനരുദ്ധാരണ കാഴ്ചപ്പാടിൽ കൃഷിക്ക് പ്രഥമപരിഗണനയാണുള്ളത്. ഗ്രാമവികസനത്തിൽ കൃഷിക്ക് സുപ്രധാന പങ്ക് ഉണ്ട്. ഗ്രാമീണജനങ്ങൾക്ക് വലിയ തൊഴിലവസരങ്ങൾ നൽകുന്ന ഒന്നാണ് കൃഷി.





**നമുക്കു ചെയ്യാം**



*ഗാന്ധിജിയുടെ ഗ്രാമപുനർനിർമാണ കാഴ്ചപ്പാടുകളെപ്പറ്റി ഒരു ലേഖനം തയ്യാറാക്കുക.*

## ഇന്ത്യയിലെ ആദ്യകാല ഗ്രാമവികസന പദ്ധതികൾ (Early Rural Development Programmes)

സ്വാതന്ത്ര്യം നേടുന്നതിനു മുൻപ് തന്നെ ഇന്ത്യയിൽ സാമൂഹ്യ പ്രവർത്തകർ സർക്കാർ സഹായം സ്വീകരിച്ചും മറ്റുതരത്തിലും പല സ്ഥലങ്ങളിലായി ഗ്രാമപുനരുദ്ധാരണ ഉദ്യമങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി. ഇവരുടെ സമീപനങ്ങളോ പ്രവർത്തനങ്ങളോ തമ്മിൽ ഏകോപനമൊന്നുമില്ലെങ്കിലും സമാന സ്വഭാവമുള്ള പ്രവർത്തനങ്ങളായിരുന്നു ഇവയെല്ലാംതന്നെ എന്നു പറയാം.

1. **സുന്ദർബനിലെ ഗ്രാമപുനരുദ്ധാരണ പദ്ധതി (1903)**

   1903 ൽ ബംഗാളിലെ സുന്ദർബനിൽ സർ ദാനിയേൽ ഹാമിൽട്ടൺ നടത്തിയ മാതൃകാഗ്രാമ പരീക്ഷണമാണിത്. 1924 ൽ ഒരു കേന്ദ്രസഹകരണ ബാങ്കിന്റെയും സഹകരണ വികസന സംഘത്തിന്റെയും രൂപീകരണത്തിനുവരെ ഈ പരീക്ഷണം വഴിതെളിച്ചു. 1934 ൽ ഗ്രാമപുനരുദ്ധാരണ പ്രവർത്തനങ്ങൾ സജീവമായി. ഗ്രാമപുനരുദ്ധാരണ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടിൽ വ്യവസായങ്ങൾക്കു വേണ്ട പരിശീലനവും നൽകി.

2. **മാർത്താണ്ഡം പരീക്ഷണം (1921)**

   ഡോ. സ്പെൻസർ ഹാച്ചിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തിനടുത്ത് മാർത്താണ്ഡത്ത് 1921 ലാണ് ആരംഭം. ഗ്രാമീണ ജനങ്ങളെ ആത്മീയവും മാനസികവും, കായികവും, സാമൂഹികവും, സാമ്പത്തികവുമായ സമൃദ്ധിയിലേക്കു നയിക്കുന്ന, പൂർണവികസനത്തിലെത്തിക്കുന്ന ഒരു പരീക്ഷണമായിരുന്നു ഇത്. വൈ.എം.സി.എയുടെ മേൽനോട്ടത്തിലാണ് ഇത് ക്രമീകരിച്ചത്. മാർത്താണ്ഡത്തെ മാതൃകാ കേന്ദ്രത്തിൽ നിന്നും നൂറോളം ഗ്രാമങ്ങളിലേക്ക് വൈ.എം.സി.എ കേന്ദ്രങ്ങൾ വഴി പ്രവർത്തനം വ്യാപിപ്പിച്ചു. പച്ചക്കറി വിത്തുകൾ, ധാന്യങ്ങൾ, കന്നുകാലികൾ, തേനീച്ച വളർത്തൽ എന്നിവയ്ക്കുള്ള മാതൃകാ തോട്ടങ്ങൾ കേന്ദ്രത്തിലുണ്ടായിരുന്നു. സഹകരണാടിസ്ഥാനത്തിലും സ്വയം സഹായസംഘങ്ങൾ വഴിയും ഗ്രാമീണ വ്യവസായങ്ങളായ നെയ്ത്ത്, പക്ഷി വളർത്തൽ, തേനീച്ച വളർത്തൽ എന്നിവ ആരംഭിച്ചു. ഗ്രാമവാസികളുടെ മനസിൽ ആത്മാഭിമാനവും സഹകരണമനോഭാവവും കൂടുതൽ അഭിവൃദ്ധിപ്പെടാനുള്ള താൽപര്യവും വളർത്തുന്നതിൽ ഈ പരീക്ഷണം വിജയിച്ചു.

3. **ശ്രീനികേതൻ പരീക്ഷണം (1921)**

   1921 ൽ ബംഗാളിലാണ് രവീന്ദ്രനാഥടാഗോർ ശ്രീനികേതൻ ഗ്രാമപുനരുദ്ധാരണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. എട്ടുഗ്രാമങ്ങളുടെ കൂട്ടമായിരുന്നു പദ്ധതിയുടെ കേന്ദ്രം. ആരോഗ്യ സഹകരണസംഘം, മാതൃകാകൃഷിതോട്ടം, മേന്മയുള്ള വിത്തും വളവും വിതരണം ചെയ്യൽ, കൈത്തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിച്ചതിലൂടെയുള്ള കുടിൽ വ്യവസായങ്ങളുടെ പുരോഗതി, യുവജനപ്ര

സ്ഥാനത്തിന്റെ തുടക്കം (വ്രതാചാരി പ്രസ്ഥാനം), ശിക്ഷാസത്ര തുടങ്ങി നിരവധി പ്രായോഗിക പ്രവർത്തനങ്ങൾ ടാഗോർ സംഘടിപ്പിച്ചു. വളരെ വ്യക്തമായ പുരോഗതി ശ്രീനികേതനു ചുറ്റുമുള്ള സ്ഥലങ്ങളിൽ പ്രകടമായെങ്കിലും വ്യാപകമായ സ്വാധീനം ഈ പരീക്ഷണത്തിനുണ്ടായില്ല.

4. **ഗുഡ്ഗാവ് പരീക്ഷണം (1927)**

1927 ൽ പഞ്ചാബിലെ ഗുഡ്ഗാവ് ജില്ലയിൽ കളക്ടറായിരുന്ന എഫ്. ഐ ബ്രയിന്റെ നേതൃത്വത്തിലാരംഭിച്ച പദ്ധതിയാണിത്. ഗ്രാമീണർക്ക് ഓരോ മേഖലയിലെയും വിദഗ്ധരുടെ ഉപദേശങ്ങളും നിർദേശങ്ങളും കൈമാറുന്നതിന് സഹായകമായി ഓരോ ഗ്രാമത്തിലും ഒരു 'വില്ലേജ് ഗൈഡ്' ഈ പദ്ധതി പ്രകാരം നിയമിക്കപ്പെട്ടു. ഗുണമേന്മയുള്ള വിത്തുകളും കാർഷികരീതികളും പദ്ധതിയിൽ കർഷകരെ പരിചയപ്പെടുത്തി. ചലച്ചിത്രങ്ങൾ, പാട്ടുകൾ, നാടകങ്ങൾ എന്നിവ വഴിയുള്ള പ്രചാരണ പരിപാടിയാണ് സ്വീകരിച്ചത്. വില്ലേജ് ഗൈഡുകൾ മതിയായ സാങ്കേതിക വൈദഗ്ധ്യമുള്ളവരല്ലാതിരുന്നതിനാൽ വലിയ നേട്ടമൊന്നും ഇതിലൂടെ കൈവരിക്കാനായില്ല.

5. **ബറോഡ പരീക്ഷണം 1932**

1932 ൽ വി.കെ.കൃഷ്ണമാചാരിയുടെ നേതൃത്വത്തിൽ രൂപം കൊണ്ടതാണിത്. ഗ്രാമീണ ജനതയ്ക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഒരുക്കി സ്വാശ്രയത്വം കൈവരിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം.

6. **സേവാഗ്രാം പരീക്ഷണം (1933)**

മഹാത്മഗാന്ധിയുടെ നേതൃത്വത്തിൽ 1933 ൽ മഹാരാഷ്ട്രയിലെ സേവാഗ്രാം കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതിയാണിത്. അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരെ സേവിക്കുക, വികേന്ദ്രീകൃത ഉല്പാദനവും സമ്പത്തിന്റെ വിതരണവും, സ്വയം പര്യാപ്തമായ ഇന്ത്യൻ ഗ്രാമങ്ങൾ എന്നിവയായിരുന്നു മുഖ്യലക്ഷ്യങ്ങൾ. കുടിൽ വ്യവസായ പരിശീലന കേന്ദ്രങ്ങൾ, സാമുദായിക സൗഹാർദം പാലിക്കുക, മദ്യനിരോധനം, അയിത്തോച്ചാടനം, സ്ത്രീ വിദ്യാഭ്യാസം എന്നിവ സേവാഗ്രാമിലെ പ്രവർത്തന പരിപാടികളിൽ പെടുന്നു.




7. **ഫർക്ക വികസനപദ്ധതി (1946)**

മഹാത്മാഗാന്ധിയുടെ സ്വാധീനത്തിൽ 1946 ൽ മുഖ്യമന്ത്രിയായിരുന്ന ടി. പ്രകാശം മദ്രാസിലെ 34 ഫർക്കകളിൽ ആവിഷ്കരിച്ച പദ്ധതിയാണിത്. ഇതു

പിന്നീട് 50 ഫർക്കകളിൽ കൂടി വ്യാപിപ്പിച്ചു. അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കുക, കുടിവെള്ള വിതരണവും ശുചിത്വ പ്രവർത്തനങ്ങളും നടത്തുക, പഞ്ചായത്തുകളും സഹകരണ സംഘങ്ങളും രൂപീകരിക്കുക എന്നിവയായിരുന്നു ഈ പദ്ധതിയുടെ പ്രാരംഭ ലക്ഷ്യങ്ങൾ. കാർഷിക വികസനം, മൃഗസംരക്ഷണം പരിപാലനം, ഖാദി, കുടിൽ വ്യവസായങ്ങൾ എന്നിവയിലൂടെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയിൽ സ്വയം പര്യാപ്തത നേടുക എന്നുള്ളതായിരുന്നു ഈ പദ്ധതിയുടെ ദീർഘകാലലക്ഷ്യം.

## 8. നിലോഖരി പരീക്ഷണം

എസ്.കെ.ഡേ ആയിരുന്നു ഈ പദ്ധതിയുടെ മാർഗനിർദേശകൻ. ഈ പരീക്ഷണം ദേശീയതലത്തിൽ ആകർഷിക്കപ്പെടുകയും സാമൂഹികവികസന പ്രസ്ഥാന (Community development movement) ത്തിന് പ്രചോദനമാവുകയും ചെയ്തു.

വിഭജനത്തിനുശേഷം പാക്കിസ്ഥാനിൽ നിന്നും അഭയാർത്ഥികളായി വന്ന 7000 പേരെ പുനരധിവസിപ്പിക്കാൻ നിലോഖരി ടൗൺഷിപ്പ് രൂപകല്പന ചെയ്തു. ഈ പദ്ധതി മസ്ദൂർ മൻസിൽ എന്നറിയപ്പെട്ടു. അടിസ്ഥാന ആവശ്യങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നതായിരുന്നു ലക്ഷ്യം. ഒരു തൊഴിൽ പരിശീലന കേന്ദ്രമായിരുന്നു പ്രവർത്തനങ്ങളുടെ സിരാകേന്ദ്രം. പാലുല്പാദനം, പക്ഷിവളർത്തൽ, അച്ചടിശാല, സാങ്കേതിക തൊഴിൽശാല, തുകൽപ്പണി, എല്ലുപൊടി ഫാക്ടറി എന്നിവ ടൗൺഷിപ്പിലുണ്ടായിരുന്നു. അവയെല്ലാം സഹകരണാടിസ്ഥാനത്തിലായിരുന്നു പ്രവർത്തിച്ചത്. ജനങ്ങൾ അവരുടെ താൽപര്യമനുസരിച്ച് തൊഴിൽ തെരഞ്ഞെടുത്ത് പരിശീലനം നേടി.

## 9. കൂടുതൽ ഭക്ഷ്യവിളവ് പ്രചാരണം (ഗ്രോ മോർ ഫുഡ് കാംപയിൻ)




കാർഷിക ഉല്പാദനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1947 ൽ ആരംഭിച്ച പ്രചാരണ പരിപാടിയാണിത്. നാലുവർഷകാലത്തെ പ്രവർത്തനത്തിനുശേഷവും കർഷകരിൽ നിന്നുള്ള പ്രതികരണം വളരെ മോശമായിരുന്നു. അതിനാൽ ഇതിനെപ്പറ്റി പഠിക്കാൻ ഒരു അന്വേഷക സമിതിയെ 1952 ൽ നിയമിച്ചു.

## 10. ഇട്ടാവ പൈലറ്റ് പ്രോജക്ട് (1948)

1948 ൽ ഉത്തർപ്രദേശിലെ ഇട്ടാവ ജില്ലയിൽ മെഹ്വാഗ്രാമം ആസ്ഥാനമാക്കി ആരംഭിച്ച പദ്ധതിയാണിത്. അമേരിക്കക്കാരനായ ആൽബർട്ട് മേയറാണ് ഈ പ്രോജക്ടിന്റെ ശില്പി. ജനങ്ങൾക്കിടയിൽ ഉല്പാദനത്തോതും, സാമൂഹ്യപുരോഗതിയും ആത്മവിശ്വാസവും സഹകരണമനോഭാവവും വളർത്തിയെടുക്കുക എന്നതായിരുന്നു ഇതിന്റെ മുഖ്യലക്ഷ്യം. മെച്ചപ്പെട്ട കൃഷിരീതി

കൾ, കന്നുകാലി പരിപാലനം, പൊതുജനാരോഗ്യ വിദ്യാഭ്യാസം, സാക്ഷരത, കുടിൽ വ്യവസായങ്ങളുടെ അഭിവൃദ്ധി എന്നിവ പ്രോജക്ടിന്റെ പരിപാടികളിൽപെടുന്നു. അങ്ങനെ ഗ്രാമീണരുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെട്ടു. വളരെ വിജയകരമെന്നു കണ്ട ഈ പ്രോജക്ടിന്റെ മാതൃക കമ്മ്യൂണിറ്റി പ്രോജക്ടുകളിൽ സ്വീകരിക്കപ്പെട്ടു.

### ഒറ്റയൊറ്റയായ പദ്ധതികളുടെ പോരായ്മകൾ (Short-comings of Sporadic Approaches)

മുകളിൽ സൂചിപ്പിച്ച രാജ്യത്ത് അങ്ങിങ്ങ് നടന്ന ഗ്രാമവികസന പദ്ധതികളിൽ താഴെപ്പറയുന്ന പരിമിതികൾ ചൂണ്ടിക്കാണിക്കപ്പെടുന്നു.

1. വ്യക്തികളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചവയായിരുന്നു.
2. മിക്ക പദ്ധതികളും ഒറ്റപ്പെട്ടതും തുടർച്ചയില്ലാത്തതുമായിരുന്നു.
3. സർക്കാർ പിന്തുണയും സാമ്പത്തിക സഹായവും ലഭിച്ചിരുന്നില്ല.
4. പദ്ധതിയിലെ നിർവ്വാഹകർ പരിശീലനവും പരിചയസമ്പത്തും ഇല്ലാത്തവരായിരുന്നു.
5. ആസൂത്രണത്തിലും നിർവഹണത്തിലും ജനങ്ങളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു.
6. മറ്റു വികസന ഏജൻസികളുമായി ചേർന്നുള്ള പ്രവർത്തനമോ, ഏകോപനമോ വളരെ പരിമിതമായിരുന്നു.
7. വിലയിരുത്തൽ പ്രവർത്തനങ്ങൾ നടന്നില്ല. അതുകൊണ്ടുതന്നെ അനന്തര ഫലങ്ങൾ വ്യക്തവുമായില്ല.



**നമുക്കു ചെയ്യാം**

*ഇന്ത്യയിലെ ആദ്യകാല ഗ്രാമീണവികസന പദ്ധതികളെക്കുറിച്ചും അവയുടെ പോരായ്മകളെക്കുറിച്ചും ചർച്ച ചെയ്ത് വിശദമായ കുറിപ്പ് തയ്യാറാക്കുക.*

## A. വിവിധോദ്ദേശ സമീപനങ്ങൾ (Multipurpose Approaches)


ഈ സമീപനങ്ങളിൽ പ്രധാനമായവ പഞ്ചവത്സര പദ്ധതികളിലൂടെ നടപ്പിലാക്കിയ കമ്മ്യൂണിറ്റി വികസന പദ്ധതികളാണ്.

### പഞ്ചവത്സര പദ്ധതികൾ (Five Year Plans)

കേന്ദ്രീകൃതവും സമഗ്രവുമായ ദേശീയസാമ്പത്തിക പരിപാടികളാണ് പഞ്ചവത്സര പദ്ധതികൾ. സ്വാതന്ത്ര്യാനന്തരം 1951 ലാണ് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഒന്നാം പഞ്ചവത്സരപദ്ധതിക്ക് തുടക്കം കുറിച്ചത്. അഞ്ചുവർഷക്കാലത്തെ ആസൂത്രിതവും സംഘടിതവും, സാമ്പത്തികാഭിവൃദ്ധിക്കും സാമൂഹ്യ വികസനത്തിനും ഉത

കുന്ന ദേശീയ പരിപാടിയായിട്ടാണ് ഇത് വിഭാവനം ചെയ്യപ്പെട്ടത്. പഞ്ചവത്സര പദ്ധതികൾ രൂപകല്പന ചെയ്തതും നടപ്പിലാക്കിയതും മേൽനോട്ടം വഹിച്ചതും ആസൂത്രണക്കമ്മീഷൻ (Planning Commission) ആയിരുന്നു.

2015 ജനുവരിയിൽ ആസൂത്രണക്കമ്മീഷനു പകരമായി നീതി ആയോഗ് (National Institution for Transforming India Ayog) നിലവിൽ വന്നു. രാജ്യത്തിന്റെ സാമ്പത്തിക നയരൂപീകരണം ലക്ഷ്യം വച്ചുകൊണ്ട് വേണ്ട നിർദേശം നൽകുന്നത് നീതി ആയോഗ് ആണ്. പ്രധാനമന്ത്രിയാണ് ഇതിന്റെ ചെയർമാൻ.




## സാമൂഹികവികസന പരിപാടികൾ (Community Development Programme)

ആസൂത്രണക്കമ്മീഷന്റെ കാഴ്ചപ്പാടിൽ തങ്ങളുടെ തന്നെ പ്രയത്നങ്ങളിലൂടെ ഗ്രാമീണ ജനതക്കുണ്ടാകുന്ന രൂപാന്തരമാണ് കമ്യൂണിറ്റിവികസനം എന്നത്.




കമ്യൂണിറ്റി വികസന പരിപാടി 1952 ഒക്ടോബർ 2-ന് 55 കമ്യൂണിറ്റി വികസന പ്രോജക്ടുകളായി നിലവിൽ വന്നു. നിലവിലുള്ള സാമൂഹികസാമ്പത്തിക ക്രമത്തിന് വ്യത്യാസം വരുത്താതെ സമൂഹത്തിന്റെ

അടിത്തട്ടിൽ ജനാധിപത്യ സ്ഥാപനങ്ങൾ രൂപീകരിക്കാനും ഗ്രാമീണ ജനങ്ങൾക്ക് ഭൗതികാഭിവൃദ്ധി വർധിപ്പിക്കാനും ഇതു ലക്ഷ്യമിടുന്നു. ജനങ്ങളുടെ വികസനം തന്നെയാണ് ഈ പരിപാടിയുടെ അടിസ്ഥാനലക്ഷ്യം. സാമ്പത്തിക വികസനം, സാമൂഹ്യ നീതി, ജനാധിപത്യത്തിന്റെ വളർച്ച എന്നിവയാണ് വിശാലലക്ഷ്യങ്ങൾ.

ഈ പദ്ധതിയനുസരിച്ച് ഒരു പ്രോജക്ട് ഓഫീസറുടെ നേതൃത്വത്തിൽ കൃഷി, മൃഗപരിപാലനം, സഹകരണം, വ്യവസായം, ഗ്രാമീണ സാങ്കേതികവിദ്യ എന്നീ മേഖലകളിൽ നിർവഹണ ഉദ്യോഗസ്ഥർ ഉണ്ടാകും. ഓരോ പ്രോജക്ടിനും 5 മുതൽ 10 വരെയുള്ള ഗ്രാമീണർക്കായി 60 വിവിധോദ്ദേശ ഗ്രാമതല പ്രവർത്തകരും ഉണ്ടാകും.

### നാഷണൽ എക്സ്റ്റൻഷൻ സർവീസ് (National Extension Service - NES)

കമ്യൂണിറ്റി വികസന പരിപാടികൾക്ക് വ്യാപകമായി ലഭിച്ച ജനകീയപ്രതികരണം ഈ പദ്ധതി രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും നടപ്പാക്കണമെന്ന ആവശ്യകതയെ ബോധ്യപ്പെടുത്തി. എന്നാൽ, പെട്ടെന്നുള്ള പദ്ധതിയുടെ വിപുലീകരണത്തിനു വിഭവപരിമിതി തടസ്സമായി. തുടർന്ന് 1953-ൽ നാഷണൽ എക്സ്റ്റൻഷൻ സർവീസ് എന്ന പദ്ധതി വ്യാപകമായ ജനപങ്കാളിത്തത്തോടും ചെലവു കുറച്ചും നടപ്പാക്കി. ഓരോ NES ബ്ലോക്കിലും 100 ഗ്രാമങ്ങളും ഏകദേശം 65,000 ജനങ്ങളും ഉൾപ്പെട്ടിരുന്നു. ഓരോ നാഷണൽ എക്സ്റ്റൻഷൻ ബ്ലോക്കും ഓരോ ബ്ലോക്ക് വികസന ഓഫീസർ നയിക്കുകയും നിരവധി ഗ്രാമസേവകർ പിന്തുണയ്ക്കുകയും ചെയ്തിരുന്നു. പിന്നീട് ഈ ഗ്രാമസേവകർ ആണ് Village Extension Officer(VEO's) എന്നറിയപ്പെട്ടത്.

### സമൂഹവികസന ബ്ലോക്ക് (Community Development Block)

1954-ൽ നാഷണൽ എക്സ്റ്റൻഷൻ സർവീസിൽ മികച്ച ഫലം നൽകിയതും ജനപങ്കാളിത്തംകൊണ്ട് സജീവമായതുമായ NES ബ്ലോക്കുകളെ കമ്യൂണിറ്റി വികസന ബ്ലോക്കുകളായി മാറ്റി. ഇത്തരം ഓരോ സാമൂഹ്യവികസന ബ്ലോക്കിനേയും നയിച്ചത് ബ്ലോക്ക് വികസന ഓഫീസറായിരുന്നു. അദ്ദേഹത്തിനു സഹായകമായി കൃഷി, മൃഗസംരക്ഷണം, സഹകരണം, വ്യവസായം, വിദ്യാഭ്യാസം, ശുചിത്വം, നിർമാണം തുടങ്ങിയ ഓരോ മേഖലകളിലും നിർവഹണ ഉദ്യോഗസ്ഥരും 10 ഗ്രാമതല പ്രവർത്തകരും ഉണ്ടായിരുന്നു.



**നമുക്കു ചെയ്യാം**

*കമ്യൂണിറ്റി വികസന ബ്ലോക്ക് സന്ദർശിച്ച് അവയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന കുറിപ്പ് തയ്യാറാക്കുക.*

## B. സാങ്കേതികവിദ്യാധിഷ്ഠിതസമീപനങ്ങൾ (Technological Package Approaches)

ഭക്ഷ്യവസ്തുക്കളുടെ ഇറക്കുമതി നിർത്തലാക്കി രാജ്യം ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സമീപനത്തിലെ പദ്ധതികൾ വിഭാവനം ചെയ്തത്. ഇതിനായി കാർഷികോൽപാദന വർധനവിനുള്ള രീതികൾ അവലംബിച്ചു.

## ജില്ലാതല തീവ്രകാർഷികപദ്ധതി (Intensive Agriculture District Programme - IADP)




ജില്ലാതല തീവ്രകാർഷിക പരിപാടി 1960 -ൽ തിരഞ്ഞെടുക്കപ്പെട്ട 15 ജില്ലകളിൽ ആരംഭിച്ചു. സാമ്പത്തികവും സാങ്കേതികവും ഭരണപരവുമായ വിഭവങ്ങളുടെയും പിന്തുണാ സംവിധാനങ്ങളുടെയും ലഭ്യതയിലൂടെ കാർഷികോല്പാദനം പരമാവധി വർധിപ്പിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ജലസേചനം, കുറച്ചു മാത്രം വെള്ളം ആവശ്യമുള്ള കൃഷി, തരിശുഭൂമി ഉപയോഗ്യമാക്കിത്തീർക്കൽ, വളങ്ങളുടെ വിതരണം, വിത്തുകളുടെ വർധിപ്പിക്കലും വിതരണവും, വിളസംരക്ഷണം, നവീകരിച്ച കാർഷികോപകരണങ്ങളുടെ വിതരണം, ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുക തുടങ്ങിയവ ആവശ്യമായ സാങ്കേതിക ഘടകങ്ങളിൽ ഉൾപ്പെടുന്നു.

## തീവ്രകാർഷികമേഖലാപരിപാടി (Intensive Agricultural Area Programme - IAAP)

ജില്ലാതലതീവ്ര കാർഷിക പരിപാടിയുടെ ശ്രദ്ധേയമായ ഫലം നവീകരിച്ച കാർഷിക സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ ചെലവുകുറച്ച് രാജ്യത്തെ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചു. ഇത് 1964ൽ തീവ്രകാർഷികമേഖലാ പരിപാടി (IAAP) ആരംഭിക്കുന്നതിലേക്ക് വഴിതെളിച്ചു.

## അത്യുല്പാദനശേഷി കൈവരിക്കൽ പരിപാടി (High yielding Variety Programme - HYVP)

തീവ്രകാർഷിക ജില്ലാ പരിപാടിയും തീവ്രകാർഷിക മേഖലാ പരിപാടിയും അത്യുല്പാദനശേഷി കൈവരിക്കുന്ന കാർഷിക സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന്റെ അടിയന്തരാവശ്യകത ബോധ്യപ്പെടാനിടയാക്കി. അത്യുല്പാദനശേഷിയുള്ള ഗോതമ്പ് മെക്സിക്കോയിൽ നിന്നും നെൽവിത്തുകൾ ഫിലിപ്പീൻസിൽ നിന്നും പരീക്ഷണാടിസ്ഥാനത്തിൽ ഇറക്കുമതി ചെയ്തു. അതിനുശേഷം ഇന്ത്യൻ ശാസ്ത്രജ്ഞർ അത്യുല്പാദന ശേഷിയുള്ള ചോളത്തിന്റെ ഇനങ്ങൾ വികസിപ്പിച്ചു. 1966-ൽ അത്യുല്പാദന ശേഷി കൈവരിക്കൽ പരിപാടി ആരംഭിച്ചു. ഈ പദ്ധതി ഭക്ഷ്യധാന്യ ഇറക്കുമതി ഇല്ലാതാക്കാനും ഭക്ഷ്യസ്വയം പര്യാപ്തത കൈവരിക്കാനും ഇന്ത്യയെ സഹായിച്ചു. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ അവതരിപ്പിക്കുന്നതിൽ മാത്രം സാങ്കേതിക വികാസം ഒതുങ്ങി നിന്നില്ല. സന്തുലിതമായ വളപ്രയോഗം, വിളസംരക്ഷണം, ജലസേചനം, പരിഷ്കരിച്ച ഉപകരണങ്ങൾ എന്നിവ കൂടിച്ചേർന്ന് ഒരു ഹരിതവിപ്ലവം രാജ്യത്ത് നടപ്പിലായി. ഇതൊക്കെയാണെങ്കിലും, പദ്ധതിയുടെ വിജയം ജലസേചനമുള്ള പ്രദേശങ്ങളിലും മികച്ച കർഷകരിലും മാത്രമായി ചുരുങ്ങി.

നമുക്ക് അറിയാം



### ഹരിതവിപ്ലവം

*കാർഷിക മേഖലയിൽ ഉൽപ്പാദനം വർധിപ്പിക്കാനായി ആഗോളതലത്തിൽ വ്യാപകമായി നടപ്പാക്കിയ ഗവേഷണ, വികസന, സാങ്കേതികവിദ്യാ കൈമാറ്റമാണ് ഹരിതവിപ്ലവം (Green Revolution). 1940- കളിൽ മെക്സിക്കോയിൽ ഡോ. നോർമൻ ഇ. ബോർലാഗിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ഈ പദ്ധതിയുടെ സമ്പൂർണവിജയം ക്രമേണ ലോകമാകെ വ്യാപിക്കുകയായിരുന്നു. അദ്ദേഹത്തിന് അത്യുൽപ്പാദന ശേഷിയുള്ള വിത്തിനിങ്ങളായ സൊണോറ - 64, ലെർമാ റോജോ - 64 എന്നിവ ഉൽപാദിപ്പിച്ചതിന് 1970-ൽ നോബേൽ സമ്മാനം ലഭിച്ചു. ഇന്ത്യ പോലുള്ള രാജ്യങ്ങളിലെ തീവ്ര ഭക്ഷ്യക്ഷാമം അതിജീവിക്കുവാൻ 1960 കളിൽ ഹരിതവിപ്ലവത്തിന് സാധിച്ചു.*

*രാജ്യത്ത് നിലനിന്നിരുന്ന ഭക്ഷ്യക്ഷാമത്തെ തരണം ചെയ്യുവാൻ അന്നത്തെ കൃഷി മന്ത്രിയുടെ ഉപദേശകനായിരുന്ന ഡോക്ടർ എം.എസ്. സ്വാമിനാഥൻ ബോർലാഗിനെ ഇന്ത്യയിലേക്ക് ക്ഷണിച്ചു. ഇത്തരത്തിൽ ഭക്ഷ്യസുരക്ഷയ്ക്കും ദാരിദ്ര്യ നിർമാർജനത്തിനും വേണ്ടി അക്ഷീണം പ്രയത്നിച്ചതിന്റെ ഫലമായി ഡോ.എം.എസ് സ്വാമിനാഥൻ 'ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നു.*

## C. നിർദ്ദിഷ്ട വിഭാഗത്തെ ലക്ഷ്യം വച്ചുള്ളതും മേഖലാധിഷ്ഠിതവുമായ സമീപനങ്ങൾ (Target group and area specific approaches (1969- 1979))

വർധിച്ചുവരുന്ന അസന്തുലിതാവസ്ഥയെക്കുറിച്ചുള്ള തിരിച്ചറിവ്, പ്രത്യേകലക്ഷ്യം വച്ചുള്ളതും മേഖലാധിഷ്ഠിതവുമായ പരിഹാരങ്ങളിലൂടെയുള്ള ഒരു പുതിയ നയം രൂപപ്പെടുത്തുന്നതിന് വഴി തെളിച്ചു. സമൂഹത്തിലെ കൂടുതൽ ദരിദ്രരായ ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക പരിപാടികളിലൂടെ ഗ്രാമീണമേഖലയിൽ വരുമാനത്തിലുള്ള അന്തരം കുറക്കാനും സാമ്പത്തിക നിലവാരം ഉയർത്താനും പുതിയ ഉദ്യമം ഇടവരുത്തി.

### നിർദിഷ്ട വിഭാഗത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികൾ (Target group programmes)

ഈ പരിപാടികളിൽ ചെറുകിടകർഷകരുടെ വികസനസമിതി (Small farmers development agency) യും നാമമാത്രകർഷകരുടെയും കർഷകത്തൊഴിലാളികളുടേയും വികസനസമിതി (Marginal farmers and agricultural labours development agency) യും ഉൾപ്പെടുന്നു. ചെറുകിട കർഷകരേയും, നാമമാത്ര കർഷകരേയും കർഷകതൊഴിലാളികളേയും വികസന പ്രക്രിയയിൽ പങ്കാളികളാക്കുകയും അതുവഴി അതിന്റെ പ്രയോജനം ഇവർക്ക് കൂടി ലഭ്യമാക്കുകയുമായിരുന്നുപ്രധാന ലക്ഷ്യം. സമൂഹത്തിലെ

ദുർബല ജനവിഭാഗങ്ങളുടെ വരുമാനവും ഉല്പാദനക്ഷമതയും സാമ്പത്തികം, സാങ്കേതികം, വിപണനം, പരിശീലനം, സഹായധനം എന്നിവയിലൂടെ വർധിപ്പിക്കാൻ ഈ പരിപാടി ലക്ഷ്യം വച്ചു.

### മേഖലാധിഷ്ഠിത പരിപാടികൾ (Area Oriented Programmes)

1. വരൾച്ചാബാധിത മേഖലയ്ക്കായുള്ള പരിപാടികൾ
   (Drought Prone Area Programme - DPAP)
2. ആധിപത്യമേഖലാ വികസനപരിപാടി
   (Command Area Develoment Programme - CADP)
3. മലയോരമേഖലാ വികസനപരിപാടി
   (Hill Area Devcelopment Programme - HADP)
4. മരുഭൂപ്രദേശ വികസനപരിപാടി
   (Desert Development Programme - DDP)
5. സംയോജിത തരിശുഭൂമി വികസനപരിപാടി
   (Integrated Wasteland Development Programme - IWDP)

ഒരു പ്രദേശത്തെ ഉൽപാദനക്ഷമമായ എല്ലാ വിഭവങ്ങളുടെയും അനുയോജ്യമായ വിനിയോഗത്തിലൂടെ സമഗ്രവികസനം കൈവരിക്കുക എന്നതാണ് ഈ പരിപാടികളുടെ പ്രധാനലക്ഷ്യം. ഭൂമിപരമായ പരിമിതികൾ ഒഴിവാക്കി പ്രാദേശിക ജനതക്ക് അവർ കൂടുതലായി അനുഭവിക്കുന്ന പ്രശ്നങ്ങളിൽ നിന്നും മോചനം നേടാൻ ഈ സമീപനം ഉപകരിക്കുന്നു.

### പരിശീലന–സന്ദർശന സംവിധാനം

1974 ൽ ചമ്പൽ മേഖലയിലും മറ്റും നടപ്പാക്കിയ ലോകബാങ്ക് സഹായത്തോടെയുള്ള പൈലറ്റ് പ്രോജക്ടിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു കാർഷിക അനുബന്ധ പരിപാടിയെന്ന നിലയിൽ ഇതിനു രൂപം കൊടുത്തത്. കാർഷികോല്പാദനവും അതുവഴി കർഷകരുടെ വരുമാനവും വർധിപ്പിക്കാനും സഹായിക്കുന്ന ഒരു സേവന പരിപാടിയാണിത്.

### കൃഷിവിജ്ഞാൻ കേന്ദ്രം (Krishi Vigyan Kendra - KVK)

നിലവിലുള്ള കർഷകർക്കും സ്വയംതൊഴിലായി കൃഷിയെ സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്കും ആവശ്യങ്ങളെ അടിസ്ഥാനമാക്കി കൂടുതൽ വിദഗ്ധ പരിശീലനം നൽകുന്നതിനാണ് കൃഷിവിജ്ഞാൻ കേന്ദ്ര രൂപീകരിച്ചിരിക്കുന്നത്. ആദ്യത്തെ കൃഷിവിജ്ഞാൻ

കേന്ദ്രം 1974-ൽ പോണ്ടിച്ചേരിയിലാണ് ആരംഭിച്ചത്. കാർഷികോൽപാദന വർധന സാധ്യമാകുന്നവിധം ശക്തമായ പരിശീലനപിന്തുണ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

### പ്രവർത്തനാധിഷ്ഠിത ഗവേഷണ പദ്ധതി (ഓപ്പറേഷണൽ റിസർച്ച് പ്രോജക്ട് –ORP)

1974-75 ൽ ആരംഭിച്ചു. പുതിയ ഗവേഷണ ഫലങ്ങൾ കൃഷിയിടങ്ങളിൽ പരീക്ഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം മിശ്രിതകൃഷി, കീട നിയന്ത്രണം, തോട്ടവിളകൾ, വിളവെടുപ്പാനന്തര സാങ്കേതികവിദ്യ, നിലം ഉപയോഗയോഗ്യമാക്കാൽ, ഊഷരഭൂമി പരിപാലനം, മത്സ്യകൃഷി എന്നിവയെല്ലാം പ്രോജക്ടിൽ ഉൾപ്പെടുന്നു. അത്തരം മേഖലകളിലെയെല്ലാം പ്രായോഗിക തടസങ്ങളെപ്പറ്റി പഠിക്കുന്നു.

### സംയോജിത ശിശുവികസന പരിപാടി (1975 –1976) (Integrated Child Development Services - ICDS)

സംയോജിത ശിശുവികസനപദ്ധതി ലക്ഷ്യം വയ്ക്കുന്നത് പോഷകാഹാര വിതരണം, രോഗപ്രതിരോധ മരുന്നുകൾ, ആരോഗ്യപരിശോധന തുടങ്ങിയവയിലൂടെ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികളായ സ്ത്രീകൾക്കും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കലാണ്. കൂടാതെ, കുട്ടികൾക്ക് അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം, സ്ത്രീകൾക്കുള്ള ആരോഗ്യവിദ്യാഭ്യാസം എന്നിവയും ഇതിന്റെ ഭാഗമാണ്. 1975-76 കാലഘട്ടത്തിൽ പരീക്ഷണാർഥം 33 പദ്ധതിമേഖലകളിൽ ഈ പരിപാടി ആവിഷ്കരിച്ചു.

### ജോലിയ്ക്കു കൂലി ഭക്ഷണം: പരിപാടി (Food For work programme - FFW)

1977 ഏപ്രിൽ മാസത്തിൽ തുടങ്ങിയ ഒരു പദ്ധതിയാണിത്. ഇത് ലക്ഷ്യം വയ്ക്കുന്നത് വിശപ്പും ദാരിദ്ര്യവും ഇല്ലായ്മ ചെയ്യലും ഗ്രാമപ്രദേശങ്ങളിൽ പൊതു ആസ്തികളുടെ/ സ്ഥാപനങ്ങളുടെ നിർമാണവുമാണ്. ഇതിനായി ദരിദ്രഗ്രാമീണർക്ക് പ്രത്യേകിച്ചും തൊഴിൽക്ഷാമമുള്ള സമയങ്ങളിൽ തൊഴിൽ പ്രദാനം ചെയ്യുന്നു. ഇതിൽ കൂലി ഭക്ഷ്യധാന്യങ്ങളായി സഹായവിലയ്ക്ക് നൽകി ഗുണഭോക്താക്കൾക്ക് അത്യാവശ്യ പോഷണം ഉറപ്പ് വരുത്തുന്നു.

### അന്ത്യോദയ പരിപാടി (Antyodaya Programme)

രാജ്യത്തെ ദരിദ്രരിൽ ദരിദ്രരായവരെ ഉയർത്തിക്കൊണ്ടു വരുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. 'അന്ത്യോദയ' എന്ന് പറഞ്ഞാൽ ഒരു വരിയിലെ ഏറ്റവും ഒടുവിലത്തെ ആളിന്റെയും ക്ഷേമം എന്നതാണ്. 1978 ലെ ജനതാസർക്കാർ ആണ് ഇത് ആരംഭിച്ചത്. ഈ പരിപാടി നിലനിന്നിടത്തോളം കാലം ഓരോ വർഷവും ഓരോ ഗ്രാമത്തിലെയും ദരിദ്രരിൽ ദരിദ്രരായവരുടെ അഞ്ച് കുടുംബങ്ങളെ കണ്ടെത്തി അവരുടെ സാമ്പത്തിക ഉയർച്ചയ്ക്കായുള്ള പ്രയത്നങ്ങൾ നടത്തിയിരുന്നു. എന്നാൽ തുടർന്നുവന്ന ഭരണകൂടം ഈ പദ്ധതിക്ക് മതിയായ പ്രാധാന്യം നൽകിയില്ല.



**നമുക്കു ചെയ്യാം**

*പ്രധാന മേഖലാധിഷ്ഠിതപരിപാടികളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.*

## D. സംയോജിത ഗ്രാമവികസന സമീപനം (Integrated Rural Development appoach)

1970കളുടെ അവസാനത്തോടെയും 1980 കളുടെ ആരംഭത്തോടെയും ദാരിദ്ര്യത്തെ നേരിടുന്നതിന് നിരവധി നടപടിക്രമങ്ങൾ ഇന്ത്യാ ഗവൺമെന്റ് സ്വീകരിച്ചു. ഇതിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു. ഇതിൽ പരിശീലന പരിപാടികൾ, വായ്പാ-സഹായധന പരിപാടി, സ്വയം തൊഴിൽ സഹായപരിപാടികൾ, സാമൂഹ്യസഹായ പദ്ധതികൾ തുടങ്ങിയവ ഉൾപ്പെടുന്നു.

### 1. സംയോജിത ഗ്രാമവികസന പരിപാടി (Integrated Rural Development Programme - IRDP)

1978-79 കാലഘട്ടത്തിലാണ് ഇത് ആരംഭിച്ചത്. ദരിദ്രഗ്രാമീണർക്ക് സ്വയം തൊഴിലവസരങ്ങളും വരുമാനം ലഭിക്കുന്ന ആസ്തികളും പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണിത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സഹായം നൽകി അവരുടെ വരുമാനം വർധിപ്പിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്താൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഈ പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബാംഗങ്ങൾക്ക് സർക്കാർ സഹായധനവും, ധനകാര്യ സ്ഥാപനങ്ങൾ കാലാവധി വച്ച് വായ്പയും നൽകുന്നു. നാമമാത്ര കർഷകർ, കർഷകത്തൊഴിലാളികൾ, ഗ്രാമീണകൈവേലക്കാർ എന്നിവർ പരിപാടി ലക്ഷ്യംവയ്ക്കുന്ന വിഭാഗങ്ങളിൽപ്പെടുന്നു.

1980-81 -ഓടെ രാജ്യത്തെ എല്ലാ വികസന ബ്ലോക്കുകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിച്ചു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പരിപാടിക്കുവേണ്ട സാമ്പത്തിക വിഭവങ്ങളും, പദ്ധതി നിർവഹണത്തിനായി നിർദേശങ്ങളും നൽകുകയുണ്ടായി. എന്നാൽ ജില്ലാ ഗ്രാമവികസന സമിതിയായിരുന്നു ഈ പദ്ധതിയുടെ പ്രധാന കാര്യനിർവ്വഹണ സമിതി. പദ്ധതി നിർവഹണത്തിനായി ബ്ലോക്കുതലത്തിൽ നിരവധി എക്സ്റ്റൻഷൻ ഓഫീസർമാരെയും നിയോഗിച്ചു. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ക്ലസ്റ്റർ സമീപനത്തിന് തുടക്കം കുറിച്ചിരുന്നു.

### 2. ഗ്രാമീണ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം (Training of Rural Youth for Employment - TRYSEM)

1979 ആഗസ്റ്റ് 15 നാണ് ഗ്രാമീണ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ഈ പരിശീലന പരിപാടി ആരംഭിച്ചത്. ഇത് സംയോജിത

ഗ്രാമവികസന പരിപാടിയുടെ ഒരു പ്രോത്സാഹന ഘടകമായിരുന്നു. കൃഷി, അനുബന്ധ പ്രവർത്തനങ്ങൾ, സേവന മേഖലകൾ, വ്യവസായം എന്നിവയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ ഗ്രാമീണ യുവജനങ്ങൾക്ക് സാങ്കേതിക വൈദഗ്ദ്ധ്യം നൽകുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. 18 നും 35 നും ഇടയിൽ പ്രായമുള്ള പട്ടികജാതി-വർഗ്ഗ വിഭാഗത്തിനും, സ്ത്രീകൾക്കും, വിമുക്തഭടന്മാർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകിയിരുന്നു.

3. **പരീക്ഷണശാലയിൽ നിന്ന് കൃഷിയിടത്തിലേക്ക് (LLP)**

1979ലാണ് ആരംഭിച്ചത്. ചെറുകിട നാമമാത്ര കർഷകരുടെയും ഭൂരഹിത കർഷകത്തൊഴിലാളികളുടെയും പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങളുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുകയായിരുന്നു ലക്ഷ്യം. ഇതിനായി കാർഷിക സർവകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വികസിപ്പിച്ച പുത്തൻ സാങ്കേതിക വിദ്യകൾ ഇവർക്ക് കൈമാറണം. രാജ്യത്തെ 75000 കർഷക കുടുംബങ്ങളിലെ കർഷകരിലാണ് പരിപാടി അവതരിപ്പിച്ചത്. കാർഷിക സർവകലാശാലകൾ, ICAR സ്ഥാപനങ്ങൾ, സംസ്ഥാന കൃഷിവകുപ്പുകൾ, തെരഞ്ഞെടുത്ത സന്നദ്ധ സംഘടനകൾ എന്നിവരിലൂടെയാണ് ഈ പരിപാടി നടപ്പാക്കിയത്.

4. **ദേശീയ ഗ്രാമീണ തൊഴിൽദാനപദ്ധതി**

ഒരു കേന്ദ്രഗവൺമെന്റ് പരിപാടിയെന്ന നിലയിൽ 1980 ലാണ് ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടി ആരംഭിച്ചത്. അധിക വരുമാനം ലഭിക്കുന്ന തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, സ്ഥായിയായ സാമൂഹിക ആസ്തികൾ നിർമിക്കുക, ഗ്രാമീണ മേഖലയുടെ ജീവിത ഗുണനിലവാരം വർധിപ്പിക്കുക എന്നീ ത്രിവിധ ലക്ഷ്യങ്ങളാണ് പദ്ധതിക്കുള്ളത്. ജില്ലാഗ്രാമ വികസന സമിതിവഴിയാണ് പദ്ധതി നടപ്പാക്കിയിരുന്നത്. 1989 ൽ പദ്ധതി ജവഹർ റോസ്ഗാർ യോജനയുമായി ലയിച്ചു.

5. **ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം (Development of women and children in rural areas - DWCRA)**

സംയോജിത ഗ്രാമവികസന പരിപാടിയുടെ ഒരു ഉപപരിപാടിയായി 1982-83 കാലത്ത് ആരംഭിച്ചതാണ് ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും വികസന പരിപാടി. ഇതിന്റെ ലക്ഷ്യം സ്ത്രീകളെ വരുമാനം ഉള്ളവരാക്കി മാറ്റിയെടുക്കുകയും പ്രദേശത്തെ സാധന സേവനങ്ങൾ ലഭ്യമാക്കുന്ന സംഘടനാപിന്തുണ നൽകുകയും ചെയ്യുക എന്നതാണ്. ഗ്രാമീണ മേഖലയിൽ അധിവസിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കാണ് മുൻഗണന നൽകിയിരുന്നത്. ഇവരെ പല ഗ്രൂപ്പുകളായി തിരിച്ച് അവരുടെ

വരുമാനം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സജ്ജരാക്കി, അവർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും ഉപയോഗിക്കാവുന്ന സേവനങ്ങളെപ്പറ്റിയും ബോധവതികളാക്കുന്നതിനും ഊന്നൽ നൽകുന്നു.

**6. ദേശീയകൃഷിവ്യാപന പദ്ധതി**

നിലവിലുള്ള പദ്ധതികളിലെ പോരായ്മകളെ അതിജീവിക്കുന്നതിനായി 1983-ൽ രൂപം കൊടുത്ത പദ്ധതിയാണ് ദേശീയ കൃഷിവ്യാപന പദ്ധതി. വികസിതമായ ഗവേഷണ സംവിധാനവും ഗവേഷണഫലങ്ങൾ വ്യാപിപ്പിക്കേണ്ട മേഖലയും തമ്മിലുള്ള വിടവ് നികത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഗ്രാമീണമേഖലയിൽ പ്രത്യേകിച്ച് കാർഷിക രംഗത്ത് വർധിച്ച ഉല്പാദനവും സമൃദ്ധിയും ഉറപ്പുവരത്തക്കവിധം സാങ്കേതിക വിദ്യകളുടെ പെട്ടെന്നുള്ള കൈമാറ്റവും പദ്ധതി ലക്ഷ്യംവച്ചു

**7. ഭൂരഹിത ഗ്രാമീണർക്കുള്ള തൊഴിലുറപ്പുപരിപാടി**

1983 ഓഗസ്റ്റ് 15 നാണ് പദ്ധതിയുടെ ആരംഭം. പ്രത്യേകിച്ച്, ഭൂരഹിത ഗ്രാമീണർക്ക് ഗ്രാമീണ മേഖലയിൽ അധിക തൊഴിൽ സൃഷ്ടിക്കുകയായിരുന്നു ലക്ഷ്യം. ഭൂരഹിത കുടുംബത്തിലെ ഒരംഗത്തിന് വർഷത്തിൽ 100 ദിവസം തൊഴിൽ കൊടുക്കുകയായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം. ഭൂരഹിതരായ തൊഴിലാളികൾക്കും സ്ത്രീകൾക്കും പട്ടികജാതി-പട്ടികവർഗ വിഭാഗ ജനങ്ങൾക്കും പ്രത്യേക പരിഗണന നൽകിയിരുന്നു.

**8. ജവഹർ റോസ്ഗാർ യോജന**

ഗ്രാമീണ ദരിദ്രർക്ക് തൊഴിൽ നൽകുന്നതിനായി 1989 ഏപ്രിൽ ഒന്നിന് തുടങ്ങിയ പരിപാടിയാണിത്. NREP യും RLEGP യും ലയിച്ച് JRY യിൽ ഒന്നായിതീർന്നു. ഗ്രാമങ്ങളിലെ തൊഴിൽ രഹിതരും തങ്ങളുടെ തൊഴിൽ ശക്തിവേണ്ടത്ര വിനിയോഗിക്കാനവസരം ഇല്ലാത്തവരുമായ സ്ത്രീ പുരുഷന്മാർക്ക് കൂടുതൽ തൊഴിൽ സൃഷ്ടിക്കുക എന്നതായിരുന്നു ഇതിന്റെ പ്രാഥമികോദ്ദേശ്യം. അതോടൊപ്പം ഉല്പാദനപരമായ സാമൂഹ്യ ആസ്തികൾക്കും ഗ്രാമീണ ജീവിതഗുണനിലവാരപുരോഗതിക്കും ലക്ഷ്യമിടുന്നു. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങൾക്ക് പരിഗണന നൽകുന്നു.

**9. ദശലക്ഷം കിണർ പദ്ധതി**

NREP യുടെയും RLEGP യുടെയും ഉപപരിപാടിയായിട്ടാണ് 1988-89 ൽ ദശലക്ഷം കിണർ പദ്ധതി ആരംഭിച്ചത്. 1995 വരെ JRY യുടെ ഉപപരിപാടിയായി ഇത് തുടർന്നു. 1996 ജനുവരി മുതൽ JRYയിൽ നിന്നും വേർപെടുത്തി ഒരു സ്വതന്ത്രപദ്ധതിയായി മാറ്റി.

ദരിദ്രർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിലെ നാമമാത്ര കർഷകർക്കും ജലസേചനത്തിന് തുറന്ന കിണറുകൾ സൗജന്യമായി പദ്ധതിയിലൂടെ നിർമിച്ചു നൽകുന്നു.

**10. ഗ്രാമീണ കൈവേലക്കാർക്ക് മേന്മയേറിയ പണിയായുധങ്ങൾ വിതരണം ചെയ്യൽ**

തെരഞ്ഞെടുത്ത ജില്ലകളിൽ IRDPയുടെ ഉപപരിപാടിയെന്ന നിലയിൽ 1992-ൽ ആരംഭിച്ച പദ്ധതിയാണിത്. പിന്നീട് രാജ്യത്തെ എല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചു. നെയ്ത്തുകാർ, തുന്നൽപണിക്കാർ, ബീഡിത്തൊഴിലാളികൾ എന്നിവരൊഴിച്ച് മിക്ക കൈത്തൊഴിലുകാർക്കും 2000 രൂപയിൽ താഴെ വില വരുന്ന അവർക്കുവേണ്ട പണിയായുധങ്ങൾ നൽകുന്ന പദ്ധതിയാണിത്. വിലയുടെ 90% ഇന്ത്യാഗവൺമെന്റ് സഹായധനമായി നൽകും. കൂടുതൽ ധനം ആവശ്യമുള്ളവർക്ക് IRDP വായ്പയിലൂടെ ഉപകരണങ്ങൾ വാങ്ങാനുള്ള പണം അനുവദിക്കും.

**11. തൊഴിലുറപ്പ് പദ്ധതി (Employment Assurance Scheme - EAS)**

1993 ലാണ് തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. ഗ്രാമത്തിലെ ജനങ്ങളുടെ തൊഴിലില്ലായ്മയും തൊഴിൽവൈദഗ്ധ്യത്തിനനുസരിച്ച് തൊഴിൽ ലഭ്യമല്ലാത്ത അവസ്ഥയും (under employment) പരിഹരിക്കുന്നതിനായാണ് ഇതു വിഭാവനം ചെയ്തത്. തൊഴിൽ ആവശ്യമുള്ളവർക്കും തൊഴിൽ അന്വേഷകർക്കും കാർഷികവേല കുറവായ സമയങ്ങളിൽ 100 ദിവസം കൂലിവേല ഉറപ്പാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവയാണ് (1) കാർഷികമേഖലയിൽ തൊഴിൽ കുറവായ സമയങ്ങളിൽ ആദായകരമായ തൊഴിൽ പ്രദാനം ചെയ്യുക, (2) സുസ്ഥിരമായ തൊഴിലിനും വികസനത്തിനും സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളും സാമൂഹ്യ ആസ്തികളും സൃഷ്ടിക്കുക.

**12. ഇന്ദിര ആവാസ് യോജന (Indira Awaaz Yojana- IAY)**

ദാരിദ്ര്യരേഖക്കുതാഴെയുള്ള ജനവിഭാഗങ്ങൾക്ക് വീടുകൾ നിർമിച്ചു നൽകുന്ന കേന്ദ്രഗവൺമെന്റിന്റെ പദ്ധതിയാണിത്. RLEGP യുടെയും പിന്നീട് JRY യുടെയും ഉപപദ്ധതിയായിരുന്നു ഇത്. ദരിദ്രജനങ്ങൾക്ക് സാമൂഹ്യ സുരക്ഷിതത്വവും ജീവിത ഗുണനിലവാരവും വർധിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ത്രിതലപഞ്ചായത്തുകളാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

**13. ജവഹർ ഗ്രാമസമൃദ്ധിയോജന**

1999 ൽ ആരംഭിച്ച JRYയുടെ പുനഃക്രമീകരിച്ച പരിപാടിയാണിത്. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളും ദാരിദ്ര്യനിർമാർജനത്തിനായി തൊഴിലവസരങ്ങളും ഗ്രാമതലത്തിൽ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

**14. ദേശീയ സാമൂഹ്യപിന്തുണാ പരിപാടി**

ദരിദ്രകുടുംബങ്ങൾക്ക് സാമൂഹ്യപിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്രഗവൺമെന്റ് രൂപം കൊടുത്ത പദ്ധതിയാണിത്. 1995 ഓഗസ്റ്റ് 15 ന് ആരംഭിച്ചു. മൂന്ന് പദ്ധതികളാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്.

1. ദേശീയ വാർധക്യ പെൻഷൻ പദ്ധതി

2. ദേശീയ കുടുംബാനുകൂല്യ പദ്ധതി

3. ദേശീയ മാതൃ-ആനുകൂല്യ പദ്ധതി

**15. പ്രധാനമന്ത്രി റോസ്ഗാർ യോജന (Prime Minister's Rozgar Yojana - PMRY)**

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി റോസ്ഗാർ യോജന. 1993 ഒക്ടോബർ 2 നാണ് ഇത് ആരംഭിച്ചത് . ഈ പദ്ധതിയിൽ 18 നും 35 നും മധ്യേ പ്രായമുള്ള 25000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ യുവതീയുവാക്കൾക്കാണ് സഹായം നൽകിയിരുന്നത്.



***നമുക്ക് ചെയ്യാം***

*സംയോജിത ഗ്രാമവികസനസമീപനത്തെപ്പറ്റി വിശദമായ റിപ്പോർട്ട് തയ്യാറാക്കുക(കുറഞ്ഞത് 6 പരിപാടികൾ ഉൾപ്പെടണം)*

## E. ഗ്രാമവികസനത്തിനുള്ള സംഘടിത സമീപനം (Group approach to Rural Development)

ഗ്രാമീണ മേഖലയിൽ വികസന പരിപാടികളുടെ ബാഹുല്യം സ്ഥിരവരുമാനം ലഭിക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ദാരിദ്ര്യം ഇല്ലാതാക്കുക എന്ന മുഖ്യപ്രശ്നത്തെ അഭിമുഖീകരിക്കുന്നതിൽ പരാജയപ്പെട്ടു. ഗവൺമെന്റ് ഇത് പുനഃപരിശോധിക്കുകയും എല്ലാ ദാരിദ്ര്യനിർമാർജന പരിപാടികളും പുനക്രമീകരിക്കുകയും ചെയ്തു.

**1. സ്വർണജയന്തി ഗ്രാം സ്വരോസ്ഗാർ യോജന (Swarnajayanti Gram Swarozar Yojana - SGSY)**

നേരത്തേയുണ്ടായിരുന്ന IRDP, TRYSEM, DWCRA, MWS തുടങ്ങിയവ സമന്വയിപ്പിച്ച് 1999 ഏപ്രിൽ 1 ന് ആരംഭിച്ച പദ്ധതിയാണിത്. ബാങ്കു വായ്പയിലൂടെയും മറ്റും ധാരാളം വ്യവസായങ്ങൾ ആരംഭിക്കാൻ ഈ പദ്ധതി കാരണമായി. ബാങ്കു വായ്പയും സർക്കാർ സഹായധനവും ഉപയോഗിച്ച് വരുമാനം ഉണ്ടാക്കുന്ന ആസ്തികൾ പ്രദാനം ചെയ്ത് ദരിദ്രകുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് ഉയർത്തുക എന്നതായിരുന്നു ലക്ഷ്യം.


**2. പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന (Pradhan Manthri Gram Sadak Yojana - PMGSY)**

ഗ്രാമങ്ങളെ തമ്മിൽ കൂട്ടി യോജിപ്പിക്കുന്നതിനായി 2000 ഡിസംബറിൽ ആരംഭിച്ച പദ്ധതിയാണിത്. 500 ലധികം ആളുകൾ താമസിക്കുന്ന പ്രദേശങ്ങൾ തമ്മിൽ എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡ് വഴി കൂട്ടി

ച്ചേർക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. മലയോര- ആദിവാസി- മരുഭൂമേഖലകളിൽ ജനസംഖ്യാനുപാതം 500 എന്നത് 250 ആക്കി കുറച്ചിട്ടുണ്ട്. ഇതിന്റെ പദ്ധതിചെലവ് മുഴുവൻ കേന്ദ്രമാണ് വഹിക്കുന്നത്. ഗ്രാമവികസന മന്ത്രാലയമാണ് ഇത് നടപ്പിലാക്കുന്നത്. ദേശീയ ഗ്രാമവികസന ഏജൻസിയാണ് ഇതിനാവശ്യമായ സാങ്കേതിക സഹായവും മാർഗനിർദേശവും നൽകിവന്നത്.

**3. നഗരസൗകര്യങ്ങൾ ഗ്രാമീണമേഖലയിൽ പ്രദാനം ചെയ്യൽ (Providing Urban Amenties in Rural Areas - PURA)**

2004 ജനുവരിയിൽ ആരംഭിച്ച പദ്ധതിയാണിത്. സന്തുലിതമായ സാമൂഹ്യ സാമ്പത്തിക വികസനത്തിലൂടെ ഗ്രാമ-നഗര വിഭജനം ഇല്ലാതാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഭൗതികവും സാങ്കേതികവുമായ അറിവുകളിലൂടെ ഗ്രാമങ്ങൾ തമ്മിലുള്ള സാമ്പത്തിക ബന്ധം മെച്ചപ്പെടുത്തി ഗ്രാമങ്ങളുടെ അഭിവൃദ്ധി ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സ്കൂളുകളുടെയും ആരോഗ്യകേന്ദ്രങ്ങളുടെയും പരിപാലനം, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വ്യവസായം, ഐ.ടി പാർക്കുകളുടെ നിർമ്മാണം, ടൂറിസം, ബാങ്കിംഗ് സംവിധാനം, ചെറുകിട വ്യാപാരം എന്നിവയെല്ലാം ഈ പദ്ധതിയിലൂടെ ഏറ്റെടുത്തു നടത്താവുന്ന സംരംഭങ്ങളാണ്.




**4. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (National Rural Health Mission - NRHM)**

2005 ഏപ്രിൽ 12 ന് ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ ആരംഭിച്ചു. പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്.

1. ഗ്രാമീണജനതയ്ക്ക് ഫലപ്രദമായ ആരോഗ്യ പരിപാലനം നൽകുക.
2. ആരോഗ്യപരിപാലന-സേവനങ്ങളുടെ ലഭ്യത കൂട്ടുക

3. സാമൂഹ്യ ഉടമസ്ഥതയും സേവനത്തിന്റെ ആവശ്യകതയും ബോധ്യപ്പെടുത്തുക.
4. കാര്യക്ഷമമായ സേവനം ലഭ്യമാക്കുന്നതിനായി പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുക
5. ഗുണനിലവാരവും ഉത്തരവാദിത്തബോധവും ഉയർത്തുക.
6. മറ്റ് ആരോഗ്യമേഖലകളുമായുള്ള ഏകോപനവും വികേന്ദ്രീകരണവും പ്രോത്സാഹിപ്പിക്കുക.

പൊതുജനാരോഗ്യ സേവനങ്ങൾ തുടങ്ങുവാനും നിയന്ത്രിക്കുവാനും പരിപാലിക്കുന്നതിനും പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് വേണ്ട പ്രാപ്തിയും പരിശീലനവും നൽകാൻ NRHM ലക്ഷ്യമിടുന്നു. ജില്ലാ ആരോഗ്യദൗത്യം (DHM),പൊതുജനാരോഗ്യകേന്ദ്രങ്ങൾ (PHC), സാമൂഹ്യ ആരോഗ്യകേന്ദ്രം (CHC) തുടങ്ങിയവ NRHMന്റെ കീഴിൽ വരുന്നവയാണ്.

**5. ഭാരത് നിർമാൺ (Bharat Nirman)**

ഗ്രാമീണ ഇന്ത്യയുടെ മുഖച്ഛായ മാറ്റുന്നതിനായി ആരംഭിച്ച, നാലുവർഷം (2005-2009) നീണ്ടുനിന്ന പദ്ധതിയാണിത്. 2005 മെയ് 16 ന് ആരംഭിച്ച ഈ പദ്ധതി ഭാരത് നിർമാൺ എന്നറിയപ്പെടുന്നു. ഭാരത് നിർമാൺ എന്നത് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഒരു ആസൂത്രണമാണ്. ഗ്രാമീണ ഇന്ത്യയിൽ ജലസേചനം, റോഡുകൾ, കുടിവെള്ളം, പാർപ്പിടം, വൈദ്യുതി, ടെലിഫോൺ എന്നീ 6 മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി ലക്ഷ്യമിട്ടു.

**6. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (Mahatma Gandhi National Rural Employment Guarantee Programme)**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (NREGA) 2005 ൽ നടപ്പിലായി. തൊഴിൽ ചെയ്യാൻ സന്നദ്ധരായിട്ടുള്ള പ്രായപൂർത്തിയായ ഗ്രാമീണകുടുംബാംഗങ്ങൾക്ക് പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത 100 ദിവസത്തെ തൊഴിൽ ഉറപ്പു വരുത്തുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ രാജ്യത്തെ തെരഞ്ഞെടുത്ത 200 ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

ഗ്രാമീണ ഇന്ത്യയിലെ തൊഴിലില്ലായ്മ പരിഹരിക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഒരു വർഷത്തിനു ശേഷം ഈ പദ്ധതി പുനർനാ

മകരണം ചെയ്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) എന്നാക്കി.




ഗ്രാമങ്ങളിൽ ഉല്പാദനവും തൊഴിൽ ശക്തിയും സൃഷ്ടിച്ചെടുത്തുകൊണ്ട് ദാരിദ്ര്യവും തൊഴിലില്ലായ്മയും നിർമാർജനം ചെയ്യുന്ന 'സിൽവർ ബുള്ളറ്റ്' ആയി പദ്ധതിയെ പരിഗണിക്കുന്നു.

ബദൽജീവനോപാധികൾ കണ്ടെത്തുകവഴി കുടിയേറ്റം കുറച്ചുകൊണ്ടുവരുവാനും ബാലവേല നിയന്ത്രിക്കാനും, ദാരിദ്ര്യം ഇല്ലാതാക്കാനും, റോഡ് നിർമാണം, ജലസ്രോതസുകളുടെ ശുചീകരണം, മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ വഴി ഉല്പാദനപരമായ ആസ്തികൾ സൃഷ്ടിച്ച് ഗ്രാമത്തെ സ്വയംപര്യാപ്തമാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും വലിയ ദാരിദ്ര്യനിർമാർജന പരിപാടിയായി ഇത് കണക്കാക്കപ്പെടുന്നു.

### നമുക്ക് ചെയ്യാം



*ദേശീയ തൊഴിലുറപ്പു പദ്ധതിയെക്കുറിച്ച് വിശദമായ ലേഖനം തയ്യാറാക്കുക.*

## വിവിധ പദ്ധതികൾ ഒറ്റനോട്ടത്തിൽ

| പദ്ധതി | ലക്ഷ്യം | ഗുണഭോക്താക്കൾ |
|---|---|---|
| *IRDP* | സ്വയം തൊഴിലിലൂടെ വരുമാനത്തിനുതകുന്ന സാഹചര്യം സൃഷ്ടിക്കുക. | ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങൾ |
| *TRYSEM* | ഗ്രാമീണ യുവജനങ്ങൾക്ക് സാങ്കേതിക പരിജ്ഞാനം നേടിക്കൊടുക്കുക. | ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾ |
| *LLP* | സാമ്പത്തിക നിലവാരം ഉയർത്തുക. | ചെറുകിട നാമമാത്രകർഷകരും ഭൂരഹിതകർഷക തൊഴിലാളികളും. |
| *NREP* | അധികവരുമാനത്തിനുതകുന്ന തൊഴിലും ജീവിതനിലവാരം മെച്ചപ്പെടുത്തുവാനാവശ്യമായ സാഹചര്യവും. | ഗ്രാമീണ ജനത |
| *DWCRA* | സ്ത്രീകൾക്ക് വരുമാന ലഭ്യത ഉറപ്പാക്കുന്നു. | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾ. |

| | | |
|---|---|---|
| *NAEP* | വികസിത ഗവേഷണ സംവിധാനവും നടപ്പാക്കൽ രീതികളും തമ്മിലുള്ള അന്തരം കുറക്കുക. | ഗ്രാമീണ കാർഷികമേഖല |
| *RLEGP* | അധിക തൊഴിലവസരം പ്രദാനം ചെയ്യുന്നു. | ഗ്രാമീണ ഭൂരഹിത കുടുംബങ്ങൾ |
| *JRY* | ദരിദ്ര ഗ്രാമീണർക്ക് തൊഴിൽ നൽകുക. | ദാരിദ്ര്യരേഖയ്ക്കു താഴെവരുന്ന പട്ടികജാതി- പട്ടികവർഗ വിഭാഗങ്ങൾ |
| *MWS* | പൊതുകിണറുകൾ നിർമിച്ചു നൽകുക. | വ്യക്തികൾ, ദരിദ്രർ, ചെറുകിട നാമമാത്രകർഷകർ |
| *SITRA* | കരകൗശല തൊഴിലിനാവശ്യമായ പണിയായുധങ്ങൾ നൽകുക. | വിദഗ്ധതൊഴിലാളികൾ |
| *EAS* | തൊഴിലില്ലായ്മ ലഘൂകരിക്കുക. | ഗ്രാമീണമേഖലയിലെ തൊഴിൽ അന്വേഷകർ |
| *IAY* | ജീവിതനിലവാരം ഉയർത്തുക. | ദരിദ്രഗ്രാമീണർ |
| *JGSY* | ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ദാരിദ്ര്യം ഇല്ലാതാക്കുകയും ചെയ്യുന്നു. | ഗ്രാമീണജനത |
| *NSAP* | സാമൂഹിക പിന്തുണ ഉറപ്പാക്കുക. | ദരിദ്രകുടുംബങ്ങൾ |
| *PMRY* | സ്വയം തൊഴിൽ നൽകുക. | വാർഷിക വരുമാനം 25,000 ൽ താഴെയുള്ള 18 നും 35നും ഇടയിലുള്ള യുവജനങ്ങൾ . |
| *SGSY* | ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ളവരെ ദാരിദ്ര്യരേഖക്കു മുകളിൽ എത്തിക്കുക. | ദരിദ്രകുടുംബങ്ങൾ |
| *PMGSY* | ജനവാസമേഖലകളെ തമ്മിൽ ബന്ധിപ്പിക്കുക. | ഗ്രാമീണജനത |
| *PURA* | ഗ്രാമ-നഗര അന്തരം ലഘൂകരിച്ച് സാമൂഹിക സാമ്പത്തിക സമത്വം ഉറപ്പാക്കുക. | ഗ്രാമീണശൃംഖലയുടടെ കൂട്ടായ്മ |
| *NRHM* | ആരോഗ്യ സംവിധാനത്തിന്റെ ശാക്തീകരണം. | ഗ്രാമീണജനത |
| *Bharat Nirman* | ഇന്ത്യൻ ഗ്രാമങ്ങളുടെ പശ്ചാത്തല വികസനം | ഗ്രാമീണജനത |
| *MGNREGA* | ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കുക. | പ്രായപൂർത്തിയായ ഗ്രാമീണർ. |

## ഗ്രാമവികസന നിർവഹണ ഏജൻസികൾ (Rural Devlopment Implementing Agencies)

ഗ്രാമവികസനപദ്ധതികൾക്ക് നേതൃത്വം നൽകുന്നത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളാണ്. ജില്ലാ ഗ്രാമവികസന സമിതി (DRDA), ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് (NABARD), വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ (VEO's), ബ്ലോക്കുകൾ, പഞ്ചായത്തുകൾ എന്നിവയാണ് ഗ്രാമവികസന നിർവഹണത്തിൽ പ്രധാന ചുമതല വഹിക്കുന്ന സർക്കാർ വകുപ്പുകൾ. ഇതു കൂടാതെ, ചില സാമൂഹിക സന്നദ്ധ സംഘടനകളും (Voluntary Organizations) സർക്കാരിതര സംഘടനകളും (Non Governmental Organizations) സഹകരണ സംഘങ്ങളും വിവിധങ്ങളായ ഗ്രാമവികസന പരിപാടികളിൽ പങ്കാളികളാകുന്നുണ്ട്.

ഗ്രാമവികസനത്തിന് ഉന്നത പരിഗണന ലഭിക്കുന്നതിനായി ഗ്രാമവികസന വകുപ്പ് (Department of Rural Development) 1974-ൽ കേന്ദ്ര ഗവൺമെന്റിന്റെ ഭക്ഷ്യ-കൃഷി മന്ത്രാലയത്തിനു (Ministry of Food and Agriculture) കീഴിൽ ആരംഭിച്ചു. പിന്നീട് ഈ വകുപ്പിൽ വളരെയധികം മാറ്റങ്ങൾ വരികയും ഇന്ന് ഇത് ഗ്രാമവികസന മന്ത്രാലയം എന്ന പേരിൽ ഒരു പ്രധാന വകുപ്പായി മാറുകയും ചെയ്തു.

### ഗ്രാമവികസന മന്ത്രാലയം (Ministry of Rural Developement MORD)




കേന്ദ്ര ഗവൺമെന്റിന്റെ ഏറ്റവും ഉന്നതമായ ഗ്രാമവികസന വിഭാഗമാണ് ഗ്രാമവികസന മന്ത്രാലയം. രാജ്യത്തിന്റെ സമഗ്ര വികസന തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിൽ ഇത് നിർണായക പങ്ക് വഹിക്കുന്നു. ഗ്രാമവികസന മന്ത്രാലയം ഗ്രാമവികസന നയങ്ങളും പരിപാടികളും രൂപകൽപന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. സ്ഥായിയായതും സർവരേയും ഉൾക്കൊള്ളുന്നതുമായ ഗ്രാമീണ ഇന്ത്യയുടെ വളർച്ചയാണ് ഗ്രാമവികസന മന്ത്രാലയത്തിന്റെ ദർശനവും ദൗത്യവും. ജീവിതോപാധികൾക്കുള്ള അവസരങ്ങൾ വർധിപ്പിക്കുന്നതിലൂടെ ദാരിദ്ര്യം നിർമാർജനം ചെയ്യുക, സാമൂഹ്യ സുരക്ഷാസംവിധാനം ക്രമീകരിക്കുക, അടിസ്ഥാന സൗകര്യവികസനത്തിൽ വളർച്ച ഉറപ്പാക്കുക എന്നിങ്ങനെ ബഹുമുഖ തന്ത്രങ്ങളാണ് ഇതിനായി മന്ത്രാലയം സ്വീകരിക്കുന്നത്. ഇതിലൂടെ ഗ്രാമീണ ജനങ്ങളുടെ ജീവിത ഗുണനിലവാരം വർധിപ്പിക്കാനും, വികസന അന്തരങ്ങൾ തിരുത്തുവാനും സമൂഹത്തിലെ കൂടുതൽ ദുരിതമനുഭവിക്കുന്നവരുടെയടുത്ത് വികസനം എത്തിയ്ക്കുവാനും കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

ഗ്രാമവികസന മന്ത്രാലയത്തിന് പ്രധാനമായും മൂന്ന് വിഭാഗങ്ങളാണ് ഉള്ളത് ഗ്രാമവികസന വകുപ്പ് (Department of Rural Development), ഭൂവിഭവ വകുപ്പ് (Department of Land Resources), കുടിവെള്ള വിതരണ വകുപ്പ് (Department of Drinking Water Supply) എന്നിവയാണവ.

ഗ്രാമവികസന വകുപ്പ് സംസ്ഥാന സർക്കാരുകൾ വഴി നിരവധി പ്രവർത്തനങ്ങൾ ഗ്രാമീണ മേഖലയിൽ നടപ്പിലാക്കുന്നുണ്ട്. ദാരിദ്ര്യ നിർമാർജനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ഗ്രാമീണ പശ്ചാത്തല വികസനം, വാസ സൗകര്യങ്ങളുടെ വികസനം, അത്യാവശ്യ സേവനങ്ങൾ തുടങ്ങിയവയൊക്കെ ലക്ഷ്യം വച്ചുകൊണ്ടാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത്.

## സംസ്ഥാന ഗ്രാമവികസന വകുപ്പ് (State Rural Development Department-SRD)

ഗ്രാമവികസന മന്ത്രാലയത്തെ കൂടാതെ, എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന ഗ്രാമവികസന വകുപ്പ് (State Rural Development Department-SRD) ഉണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഗ്രാമവികസന മന്ത്രാലയത്തിന്റേതിനു സമാനമാണ്. ഓരോ സംസ്ഥാനത്തിനും വേണമെങ്കിൽ അവരുടെ തനതായ ഗ്രാമവികസന പരിപാടികൾ ഒറ്റക്കോ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയവുമായി യോജിച്ചോ നടപ്പിലാക്കാം. സംസ്ഥാനത്തെ ഗ്രാമവികസനത്തിനുള്ള നയപരിപാടികൾ രൂപീകരിക്കുക, ആവശ്യമായ ഫണ്ട് ലഭ്യമാക്കുക, പദ്ധതിയുടെ മേൽനോട്ടവും വിലയിരുത്തലും നടത്തുക എന്നിവയാണ് ഈ വകുപ്പിന്റെ പ്രധാന ഉത്തരവാദിത്വങ്ങൾ.

## നബാർഡ് (National Bank for Agriculture and Rural Development-NABARD)

ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കായ 'നബാർഡ്' 1982 ജൂലൈ 12 നാണ് നിലവിൽ വന്നത്. ഇന്ത്യയിലെ പരമോന്നത കാർഷിക വികസനബാങ്കായ നബാർഡ് രാജ്യത്തിനു സമർപ്പിച്ചത് ഇന്ദിരാ ഗാന്ധിയാണ്. റിസർവ് ബാങ്കിന്റെ കാർഷികവായ്പാപദ്ധതികളും അപ്പോഴുണ്ടായിരുന്ന അഗ്രികൾക്കച്ചറൽ റീഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ധനസഹായ പദ്ധതികളും കൈമാറ്റം ചെയ്തുകൊണ്ടാണ് നബാർഡ് നിലവിൽ വന്നത്.

NATIONAL BANK FOR AGRICULTURE AND RURAL DEVELOPMENT

മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന നബാർഡിന് രാജ്യത്തെമ്പാടും ശാഖകളുണ്ട്. കാര്യക്ഷമമായ വായ്പാ സഹായത്തോടെയും മറ്റു അനുബന്ധ പ്രവർത്തനങ്ങളിലൂടെയും സ്ഥാപനവികസനത്തിലൂടെയും നൂതനമായ സംരംഭങ്ങളിലൂടെയും സുസ്ഥിരമായ കാർഷിക പ്രർത്തനങ്ങളും ഗ്രാമവികസനവും പ്രോത്സാഹിപ്പിക്കുകയാണ് നബാർഡിന്റെ ദൗത്യം.

### ജില്ലാ ഗ്രാമവികസന സമിതി (DRDA)

ഗ്രാമവികസന മന്ത്രാലയം നടപ്പിലാക്കുന്ന വിവിധ ദാരിദ്ര്യ നിർമാർജന പരിപാടികൾ ജില്ലാ തലത്തിൽ ഏകോപിപ്പിച്ച് മേൽനോട്ടം നടത്തുന്നതിനായി 1980-ൽ ആരംഭിച്ച ഒരു പ്രധാന സംവിധാനമാണ് ജില്ലാ ഗ്രാമവികസന സമിതി. ഗവൺമെന്റിന്റേയും ഗവൺമെന്റിതര സംഘടനകളുടേയും സാങ്കേതികവും സാമ്പത്തികവുമായ സഹകരണത്തോടെയും ഏകോപനത്തോടെയും ദാരിദ്ര്യ നിർമാർജന പരിപാടികളുടെ വിജയകരമായ നിർവഹണത്തിനുള്ള ആസൂത്രണം നടത്തുക എന്നതാണ് പ്രവർത്തന ഉദ്ദേശ്യം.

### പരിശീലനകേന്ദ്രങ്ങൾ (Training Institutions)

ഗ്രാമവികസന പദ്ധതികളുടെ രൂപകല്പനക്കും വിജയകരമായ നിർവഹണത്തിനും ഗവേഷണത്തിന്റേയും പരിശീലനത്തിന്റേയും പ്രാധാന്യം തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന തലത്തിൽ വിവിധ പരിശീലന കേന്ദ്രങ്ങൾ ഗവൺമെന്റ് ആരംഭിച്ചു. അത്തരം (NIRD) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് (SIRD) എന്നിവ.

## ഗ്രാമവികസനത്തിൽ ഗവൺമെന്റിതര സന്നദ്ധ സംഘടനകളുടെ പങ്ക് (Role of NGO in Rural Development)




പ്രാദേശികമായോ, ദേശീയമായോ, അന്തർദേശീയമായോ രൂപീകൃതമായ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന പൗരകൂട്ടായ്മയാണ് അഥവാ സംഘടനയാണ് ഗവൺമെന്റിതര സന്നദ്ധസംഘടന (NGO) എന്നറിയപ്പെടുന്നത്. പൊതുതാൽപര്യം ലക്ഷ്യം വച്ച് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുണ്ട്.

പൊതുതാൽപര്യത്തിനായി നിലകൊള്ളുന്ന ഗവൺമെന്റിതര സന്നദ്ധസംഘടനകൾ വ്യത്യസ്ത ലക്ഷ്യങ്ങളോടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നു. മനുഷ്യാവകാശം,

പരിസ്ഥിതി, ഗ്രാമവികസനം, പുനരധിവാസം, ആരോഗ്യം തുടങ്ങി പ്രത്യേക മേഖലകളിൽ ഗവൺമെന്റിതര സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നുണ്ട്.

ഇന്ത്യയെ സംബന്ധിച്ച് വളരെ വിശാലമായ വികസന സാധ്യതകളാണുള്ളത്. സാമ്പത്തികവികസനം മാത്രമല്ല, സാമൂഹികവികസനം, ജീവിതഗുണനിലവാരം ഉയർത്തൽ, ശാക്തീകരണം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, പൗരന്മാരുടെ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ എന്നിവ അതിൽ ഉൾപ്പെടുന്നു. വികസനപ്രവർത്തനം എന്നത് വളരെ സങ്കീർണവും ഗവൺമെന്റ് പദ്ധതികളുടെ നിർവഹണത്തിലൂടെ മാത്രം ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാനാകാത്തതുമാണ്. ഇതിനായി ഒരു സമഗ്രദർശനവും, വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും ഗവൺമെന്റിതര സന്നദ്ധസംഘടനകളുടെയും കൂട്ടായപ്രവർത്തനവും അനിവാര്യമാണ്. അതുകൊണ്ടു തന്നെ ഗവൺമെന്റിതര സന്നദ്ധസംഘടനകളുടെ എണ്ണം ഇന്ത്യയിൽ വർധിച്ചു വരികയാണ്. ഗ്രാമീണമേഖലയിൽ ഏതാണ്ട് പതിനായിരത്തോളം സന്നദ്ധസംഘടനകൾ ഇന്ത്യയിൽ സജീവമായി പ്രവർത്തിക്കുന്നു.

ഗ്രാമീണമേഖലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റിതര സന്നദ്ധസംഘടനകൾക്ക് ഗവൺമെന്റ് ഏജൻസികളെ അപേക്ഷിച്ച് കൂടുതൽ സാധ്യതകളും നേട്ടങ്ങളുമുണ്ട്. ഗവൺമെന്റിതര സന്നദ്ധസംഘടനകൾക്ക് കൂടുതൽ സ്വീകാര്യതയും പ്രയോഗക്ഷമതയും ഗ്രാമങ്ങളിലെ ജനങ്ങളിലുണ്ട്. ഗ്രാമങ്ങളിലെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും അവ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിനും അവക്കുള്ള സാധ്യത വലുതാണ്. ഇന്ത്യയുടെ ഗ്രാമവികസന പ്രവർത്തനത്തിൽ നിർണായക പങ്കു വഹിക്കുന്ന ഗവൺമെന്റിതര സന്നദ്ധസംഘടനകൾ ഗവൺമെന്റിനോടൊപ്പം വികസന പ്രവർത്തനത്തിൽ അണിചേരുന്നു.



***നമുക്ക് ചെയ്യാം***

*ഗ്രാമവികസനത്തിൽ സർക്കാരിതര സന്നദ്ധസംഘടനകളുടെ പങ്കിനെപ്പറ്റി വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.*

**ഖാദിഗ്രാമ വ്യവസായകമ്മീഷൻ (Khadi and Village Industries Commission-KVIC)**



ഖാദിയും ഗ്രാമീണ വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി 1956 ൽ പാർലമെന്റ് പാസാക്കിയ നിയമപ്രകാരം ആരംഭിച്ചതാണ് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ. അന്നുണ്ടായിരുന്ന "ഓൾ ഇൻഡ്യ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്" ഏറ്റെടുത്തുകൊണ്ടാണ് 1957 ൽ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ നിലവിൽ വന്നത്.

ഗ്രാമപ്രദേശങ്ങളിലെ ഖാദി ഗ്രാമീണ വ്യവസായങ്ങളുടെ വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യുക, പ്രോത്സാഹിപ്പിക്കുക, സംഘാടനവും നിർവഹണവും നടത്തുക എന്നിവയാണ് ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ ഉത്തരവാദിത്തങ്ങൾ.



***നമുക്ക് ചെയ്യാം***

*നിങ്ങളുടെ പ്രദേശത്ത് ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെങ്കിലുമുണ്ടോ എന്ന് കണ്ടെത്തി അവയുടെ പ്രവർത്തന റിപ്പോർട്ട് തയാറാക്കുക.*

## കുടുംബശ്രീ – ഒരു കേരള സംരംഭം

നിങ്ങൾ കുടുംബശ്രീ എന്ന് കേട്ടിട്ടില്ലേ?

എന്തൊക്കെയാണ് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ? കുറിപ്പ് തയാറാക്കുക.

കേരള ഗവൺമെന്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ 1998-ൽ തുടങ്ങിയ ഒരു ദാരിദ്ര്യനിർമാർജന സംരംഭമാണ് കുടുംബശ്രീ. ഇന്ന് രാജ്യത്തെ ഏറ്റവും വലിയ സ്ത്രീശാക്തീകരണ പ്രസ്ഥാനമായി കുടുംബശ്രീ മാറിക്കഴിഞ്ഞു. 43 ലക്ഷത്തോളം അംഗങ്ങളുള്ള ഈ പ്രസ്ഥാനം കേരളത്തിലെ 50 ശതമാനത്തോളം കുടുംബങ്ങളേയും ഉൾക്കൊള്ളുന്നു. ലഘു വായ്പ, സംരംഭകത്വം, ശാക്തീകരണം എന്നീ ഘടകങ്ങളിലൂടെ അന്തസ്സാർന്ന ജീവിതവും നല്ല ഭാവിയും വാഗ്ദാനം ചെയ്യുന്നു. അവസരവും ആനുകൂല്യവും നിഷേധിക്കപ്പെട്ടിരുന്ന സ്ത്രീകളുടെ അടിസ്ഥാനാവശ്യങ്ങളെ അഭിമുഖീകരിക്കുന്നതിൽ കുടുംബശ്രീ വളരെയധികം വിജയിച്ചിട്ടുണ്ട്. കുടുംബത്തിന്റെ ഐശ്വര്യം എന്നാണ് കുടുംബശ്രീ എന്ന പദത്തിന്റെ വാച്യാർഥം.

പ്രാദേശിക ഗവൺമെന്റുകളുടെ സാമൂഹിക സംരംഭമായി വർത്തിക്കുന്ന ദരിദ്ര സ്ത്രീകളുടെ സാമൂഹിക വികസന സമിതി (Community Development Society-CDS) വഴി നടപ്പിലാക്കിയ കേരളാ ഗവൺമെന്റിന്റേയും നബാർഡിന്റേയും (NABARD) സംയുക്ത പദ്ധതിയാണ് കുടുംബശ്രീ. "1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്"അനുസരിച്ച് സംസ്ഥാന ദാരിദ്ര്യനിർമാർജന മിഷൻ (State Poverty Eradication Mission-SPEM) എന്ന പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് കുടുംബശ്രീ. സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി അധ്യക്ഷനായ ഭരണസമിതി കുടുംബശ്രീക്ക് നേതൃത്വം നൽകുന്നു. സംസ്ഥാനമിഷനു കീഴിൽ ഓരോ ജില്ലയിലും ഫീൽഡ് ഓഫീസർമാരുണ്ട്.

കുടുംബശ്രീയുടെ പ്രാഥമികതലം അയൽക്കൂട്ടങ്ങൾ (NHG) ആണ്. അയൽക്കൂട്ടത്തിൽ നിന്നും പ്രതിനിധികളെ വാർഡുതലത്തിലുള്ള ഏരിയാഡവലപ്മെന്റ് സൊസൈറ്റി (Area Development Society - ADS) യിലേക്ക് തെരഞ്ഞടുക്കുന്നു. ഇവിടെ നിന്നും പ്രതിനിധികളെ സാമൂഹികവികസനസമിതി (Community Development society-CDS) യിലേക്ക് തെരഞ്ഞെടുക്കുന്നു. അങ്ങനെ NHG, ADS, CDS എന്നിവ ചേരുന്നതാണ് കുടുംബശ്രീയുടെ ത്രിതല സംവിധാനം. ഇന്ന് ഏകദേശം 2.50 ലക്ഷത്തോളം NHG യും, 20000-ൽ പരം ADS ഉം ആയിരത്തിൽ പരം CDS ഉം കുടുംബശ്രീക്കുണ്ട്.

കുടുംബശ്രീയുടെ പ്രവർത്തനം മൂലം ഗ്രാമസഭയിൽ സ്ത്രീകളുടെ പങ്കാളിത്തം സജീവമാകാനും ദരിദ്ര ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ പ്രാദേശിക ഗവൺമെന്റുകളുടെ ശ്രദ്ധയിൽക്കൊണ്ടുവന്നു പരിഹരിക്കാനും കഴിഞ്ഞു. ഗവൺമെന്റ് പരിപാടികളിൽ കുടുംബശ്രീയുടെ പങ്കാളിത്തം വളരെ സജീവമാണ്. സാമൂഹ്യ-സാമ്പത്തിക സർവേ, സംരംഭ വികസനം, സോഷ്യൽ ഓഡിറ്റ് തുടങ്ങി വ്യത്യസ്ത വികസന പരിപാടികളിൽ കുടുംബശ്രീ അംഗങ്ങൾ കർമനിരതരാകുന്നു.

വികസന പ്രശ്നങ്ങളിലും വികസനോദ്യമങ്ങളിലും ഇടപെട്ട് സ്ത്രീകളെ പൗരസമൂഹത്തിൽ വ്യാപൃതരാക്കുവാൻ, പ്രത്യേകിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് സഹകരിച്ച് പ്രാദേശിക സാമ്പത്തിക വികസനത്തിനും പൗരകേന്ദ്രീകൃത ഭരണരീതിക്കും ഒരു പുതിയ അർഥവും സാധ്യതയും ചമയ്ക്കുവാൻ കുടുംബശ്രീക്ക് കേരളത്തിൽ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ഗ്രാമീണ സ്ത്രീകളുടെ ഉന്നമനത്തിന് നിർണായക പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന പ്രസ്ഥാനമാണ് കുടുംബശ്രീ.











***നമുക്ക് ചെയ്യാം***

*നിങ്ങളുടെ പ്രദേശത്തുള്ള ഏതെങ്കിലും കുടുംബശ്രീ യൂണിറ്റിന്റെ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് തയാറാക്കുക*

### രാഷ്ട്രനിർമാണത്തിന് ഗ്രാമവികസനം

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനു മാത്രമല്ല മൊത്തം ദേശീയോല്പാദനം വർധിപ്പിക്കുന്നതിനും ഗ്രാമവികസനം അനിവാര്യമാണ്. ഭാഗ്യവശാൽ ഇന്ത്യക്ക് ധാരാളം പ്രകൃതിവിഭവങ്ങളും തൊഴിൽശക്തിയും ആവശ്യത്തിനുള്ള സാങ്കേതിക വിദ്യയും സ്വദേശ-വിദേശ വിപണിയും ഉണ്ട്. എന്നാൽ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടത്ര പ്രോത്സാഹനമോ സംഘടനാപരമായ പിന്തുണയോ ഗ്രാമതലത്തിൽ ലഭ്യമാക്കുന്നില്ല. അതിനാൽ നാം കൂടുതൽ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.




ഗ്രാമീണ ജനങ്ങളുടെ ജീവിതഗുണനിലവാരം അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുള്ള ഗ്രാമങ്ങളുടെ സർവതോമുഖമായ വളർച്ചയാണ് ഗ്രാമവികസനം കൊണ്ട് ലക്ഷ്യമിടുന്നത്. ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരും അടിച്ചമർത്തപ്പെട്ടവരുമായ ജനവിഭാഗങ്ങൾക്ക് ഗ്രാമവികസന പരിപാടികളിൽ മുൻഗണന നൽകുന്നു. ഗ്രാമീണജീവിതത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്നവയാണ് ഗ്രാമവികസന പദ്ധതികൾ. ഗാന്ധിജിയുടെ ഗ്രാമവികസനസമീപനം സമഗ്രവും ജനകേന്ദ്രീകൃതവുമാണ്. സത്യത്തിലും അഹിംസയിലും മനുഷ്യന്റെ നന്മയിലുമുള്ള വിശ്വാസത്തിൽ വേരൂന്നിയതാണ് അത്. ധാർമികവും ആത്മീയവും സാമ്പത്തികവുമായി സന്തുലിതമായ ലക്ഷ്യങ്ങളാണ് സമഗ്ര ഗ്രാമവികസനത്തിനായി ഗാന്ധിജി മുന്നോട്ടുവയ്ക്കുന്നത്. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുതന്നെ മനുഷ്യസ്നേഹികളായ ഏതാനും സാമൂഹ്യപ്രവർത്തകർ ഗവൺമെന്റിന്റെയൊന്നും സഹായമില്ലാതെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ട രീതിയിൽ ചില ഗ്രാമവികസന സംരംഭങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഗ്രാമവികസനസമീപനം ബഹുമുഖമായ ഉദ്ദേശ്യത്തോടെ ആരംഭിച്ചത് 1952 ലാണ്. സമൂഹത്തിൽ നിലനിൽക്കുന്ന അന്തരം തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക വിഭാഗങ്ങളെയും മേഖലകളെയും കേന്ദ്രീകരിച്ചുള്ള ഒരു പുതിയ നയത്തിന് 1970 മുതൽ തുടക്കമായി. എന്നാൽ 1980 കളോടെ ദാരിദ്ര്യത്തെ പ്രത്യക്ഷമായി നേരിടുന്ന തരത്തിലുള്ള ചില പദ്ധതികൾ ആരംഭിക്കാൻ ഇന്ത്യാ ഗവൺമെന്റ് നടപടികൾ എടുത്തു. ഇതിനായി പരിശീലന പരിപാടികൾ, വായ്പാ ധനസഹായപദ്ധതികൾ, സ്വയം തൊഴിൽ പദ്ധതികൾ എന്നിവ ആരംഭിച്ചു. നിരവധി ഗ്രാമവികസന പരിപാടികൾ വിലയിരുത്തി ദാരിദ്ര്യനിർമാർജന പരിപാടികൾ പുനഃക്രമീകരിക്കാനുള്ള നടപടികൾ 1999 മുതൽ തുടങ്ങി. ഗ്രാമവികസനപദ്ധതികളുടെ മുഖ്യ നിർവഹണാധികാരം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കാണ്. ജില്ലാ ഗ്രാമ വികസന സമിതി,നബാർഡ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, വികസന ബ്ലോക്കുകൾ, പഞ്ചായത്തുകൾ തുടങ്ങിയ ഗവൺമെന്റ് ഏജൻസികളെ കൂടാതെ ഗവൺമെന്റിതര സന്നദ്ധസംഘടനകൾ, സഹകരണ സംഘങ്ങൾ എന്നിവയും വിവിധ പദ്ധതികളുടെ നടത്തിപ്പിൽ പങ്കാളികളാകുന്നുണ്ട്.

എനിക്ക് കഴിയും



| | പൂർണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഗ്രാമവികസനത്തിന്റെ പൊതുധാരണകളും തത്ത്വങ്ങളും വിശകലനം ചെയ്യാൻ സാധിക്കും. | | | |
| ഗ്രാമപുനർനിർമാണത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശദീകരിക്കാൻ കഴിയും | | | |
| ഇന്ത്യയിലെ ആദ്യകാല ഗ്രാമവികസന ഉദ്യമങ്ങളും സമീപനങ്ങളും പരിചയപ്പെടുന്നു. | | | |
| ഇന്ത്യയിലെ വിവിധങ്ങളായ ഗ്രാമവികസനപദ്ധതികൾ വിവരിക്കാൻ കഴിയും | | | |
| സമീപകാലഗ്രാമവികസനപദ്ധതികൾ ക്രോഡീകരിക്കാൻ കഴിയും | | | |
| കുടുംബശ്രീയെപ്പറ്റിയും അവയുടെ പ്രവർത്തനത്തെപ്പറ്റിയും വിവരിക്കാൻ സാധിക്കും. | | | |
| പുതിയ ഗ്രാമവികസനപദ്ധതികൾ നിർദേശിക്കാൻ കഴിയും. | | | |

**മാതൃകാചോദ്യങ്ങൾ**

- ഗ്രാമവികസനത്തെപ്പറ്റി ഒരു ലഘു കുറിപ്പ് തയാറാക്കുക.
- ഗാന്ധിജിയുടെ ഗ്രാമ പുനർനിർമ്മാണ ദർശനത്തിന് സമഗ്രസമീപനമാണു ണ്ടായിരുന്നത്. പ്രവർത്തനങ്ങൾ വിശകലനം ചെയ്യുക.
- താഴെ തന്നിരിക്കുന്ന ഗ്രാമവികസന പരിപാടികളെക്കുറിച്ച് കുറിപ്പ് തയാറാ ക്കുക IRDP, MGNREGA, SGSY
- ഇന്ത്യയിൽ ആദ്യകാലത്ത് ഒറ്റയൊറ്റയായി നിലവിൽവന്ന ഗ്രാമവികസന സമീ പനങ്ങൾ വിശദീകരിക്കുക.
- നബാർഡിനെപ്പറ്റി ഒരു ലഘു കുറിപ്പ് തയാറാക്കുക.
- ഗ്രാമവികസന പ്രവർത്തനത്തിൽ ഗവൺമെന്റിതര സന്നദ്ധസംഘടനകൾ നിർണായക പങ്കു വഹിക്കുന്നതായി നിങ്ങൾ ചിന്തിക്കുന്നുണ്ടോ? സമർത്ഥി ക്കുക.
- ഗ്രാമവികസനത്തിലെ സാങ്കേതിക വിദ്യാധിഷ്ഠിത സമീപനത്തെപ്പറ്റി കുറിപ്പ് എഴുതുക.

## Reference

*Textbook of Rural Development, Sagar Mondal and G. L. Ray, Kalyani Publishers*

*Sociology of Rural Development - Raghavendra Pratap Singh, Discovery Publishing House*

*Rural Development - Dr. Gopal Lal Jain, Mangal Deep Publications*

*Rural Development: Principles, Policies and Management - Kartha Singh, Sage Publications*

*Rural Development and Programme - Pradeep Kumar, Omega Publications*

# 06 ഗ്രാമഭരണസംവിധാനം



## ഉള്ളടക്കം


ഗ്രാമഭരണസംവിധാനം പ്രാചീനഭാരതത്തിൽ

ബ്രിട്ടീഷ് ഭരണത്തിൻ കീഴിലെ പഞ്ചായത്തുകൾ

പഞ്ചായത്തീരാജ് ഗാന്ധിജിയുടെ വീക്ഷണത്തിൽ

സ്വതന്ത്ര ഇന്ത്യയിലെ പഞ്ചായത്തീരാജ് സംവിധാനം

ഗ്രാമസഭ

ന്യായപഞ്ചായത്ത്

പഞ്ചായത്തീരാജ് കേരളത്തിൽ

ജനകീയാസൂത്രണം


Q4H2R8

## പഠന നേട്ടങ്ങൾ

- പ്രാചീന ഭാരതത്തിലെ ഗ്രാമഭരണം വിലയിരുത്തുന്നു,
- ബ്രിട്ടീഷ് ഇന്ത്യയിലെ പഞ്ചായത്തീരാജിനെ വിശദീകരിക്കുന്നു,
- പഞ്ചായത്തീരാജിനെക്കുറിച്ചുള്ള ഗാന്ധിയൻ കാഴ്ചപ്പാടിനെ വിലയിരുത്തുന്നു,
- സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ പഞ്ചായത്തീരാജിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളെ വിശദമാക്കുന്നു,
- 73ാം ഭരണഘടനാ ഭേദഗതിയുടെ സവിശേഷതകൾ വിശദീകരിക്കുന്നു.
- കേരളത്തിലെ പഞ്ചായത്തീരാജ് സംവിധാനത്തെ വിശകലനം ചെയ്യുന്നു,

ഭരണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

ഭരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഉത്തരവാദിത്വങ്ങൾ, കടമകൾ, ഭരണകൂട സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തിപ്പും, അവയുടെ മേൽനോട്ടവും നടത്തുകയെന്നതാണ്.

**ചിന്തിക്കുക പങ്കുവയ്ക്കുക**

*പൗരാണിക ഇന്ത്യയിലെ ഗ്രാമഭരണത്തിന്റെ സ്വഭാവം എന്തായിരുന്നു?*


## പ്രാചീനഭാരതത്തിലെ ഗ്രാമഭരണം

പ്രാചീന ഇന്ത്യ ഗ്രാമങ്ങളുടെ ഒരു കൂട്ടമായിരുന്നു. ഓരോ ഗ്രാമത്തിന്റെയും ഭരണവ്യവസ്ഥകളുടെ ചുമതല ഗ്രാമമുഖ്യനിൽ ആയിരുന്നു. ഗ്രാമസംഘം അഥവാ പഞ്ചായത്തുകൾ ഗ്രാമഭരണത്തിൽ നീതിന്യായപരവും, ഭരണപരവുമായ ചുമതലകൾ നിർവഹിച്ചിരുന്നു. മനുസ്മൃതിയിൽ ഗ്രാമസംഘങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇതിഹാസ കാവ്യങ്ങളായ രാമായണത്തിലും, മഹാഭാരതത്തിലും, കൗടില്യന്റെ അർഥശാസ്ത്രത്തിലും, ശുക്രാചാര്യരുടെ നീതിശാസ്ത്രത്തിലും പുരാതന ഭാരതത്തിലെ ഗ്രാമസംഘങ്ങളെപറ്റി പരാമർശം ഉണ്ട്.

ഒരു കാർഷിക സമൂഹമായിരുന്ന പ്രാചീന ഇന്ത്യയിൽ സ്വയം ഭരണസംവിധാനമുള്ള ഗ്രാമമായിരുന്നു അടിസ്ഥാന ഘടകം. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളാണ് ഗ്രാമഭരണം നിർവഹിച്ചിരുന്നത്. ഓരോ വർഷവും പഞ്ചായത്തുകളെ തെരഞ്ഞെടുത്തിരുന്നു. ഇതുകൂടാതെ ബുദ്ധകാലഘട്ടത്തിൽ പ്രാദേശിക സമിതികൾ ജനപഥങ്ങൾ എന്നറിയപ്പെട്ടു. നഗരസഭകളും പൗരസഭകളും, ഗ്രാമസഭകളും നിലനിന്നിരുന്നു. മൗര്യഭരണകാലത്തുടനീളം ഭരണാധികാരികളുടെ തന്നിഷ്ടപ്രകാരമുള്ള അധികാരവിനിയോഗത്തെ നിയന്ത്രിക്കാനുള്ള സംവിധാനം പൗരസമിതി, ജനപഥങ്ങൾ എന്നിവയിൽ നിലനിന്നിരുന്നു. പൗരസഭയുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നത് പ്രമുഖ പൗരന്മാരായിരുന്നു. ഇവയൊക്കെ അധികാര ദുർവിനിയോഗത്തെ ചെറുത്തു. പൗരാണിക ഭാരതത്തിൽ രാജഭരണ സംവിധാനത്തോടൊപ്പം പഞ്ചായത്ത് സംവിധാനവും നിലനിന്നിരുന്നു.

പ്രാചീന ഭാരതത്തിൽ ഭരണത്തിന്റെ അടിസ്ഥാന ഘടകം ഗ്രാമമായിരുന്നു. രാഷ്ട്രത്തിന്റെ ഐശ്വര്യം നിലനിന്നത് ഗ്രാമങ്ങളുടെ സമാധാനത്തെയും സമൃദ്ധിയെയും ആശ്രയിച്ചാണ്. വേദകാലഘട്ടത്തിൽ 'ഗ്രാമണി' എന്ന പേരിലാണ് ഗ്രാമമുഖ്യൻ അറിയപ്പെട്ടത്. അക്കാലത്തെ പ്രാദേശിക ഭരണത്തിൽ യോഗങ്ങൾക്കും ഭരണസമിതികൾക്കും കൂടുതൽ പ്രാധാന്യം നൽകിയിരുന്നു. ഒരോ ഗ്രാമത്തിനും യോഗങ്ങളും, ഭരണസമിതികളും ഉണ്ടായിരുന്നു. അവിടുത്തെ ചർച്ചകൾക്കുശേഷം ഭൂരിപക്ഷ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനങ്ങൾ എടുത്തിരുന്നത്. ഗ്രാമഭരണം നിയന്ത്രിച്ചത് പഞ്ചായത്താണ്. ഗ്രാമഭരണ സംവിധാനം നടപ്പാക്കുന്ന ഒരു സ്ഥാപനമെന്നാണ് "പഞ്ചായത്ത്" അർഥമാക്കുന്നത്.


അഞ്ച് എന്നർഥമുള്ള 'പഞ്ച' എന്ന സംസ്കൃത പദത്തിൽ നിന്നാണ് പഞ്ചായത്ത് എന്ന വാക്കിന്റെ ഉദ്ഭവം. അഞ്ചുപേരടങ്ങുന്ന ഒരു സമിതിയുടെ ഭരണം എന്നാണിതിന്റെ വാച്യാർഥം. ഗ്രാമജീവിതത്തിന്റെ ഇന്ദ്രിയങ്ങളാണ് പഞ്ചായത്തുകൾ ഗ്രാമമുഖ്യനെ ഇതിന്റെ തലച്ചോറായി കരുതുന്നു. 'പഞ്ചപരമേശ്വർ' എന്നറിയപ്പെടുന്ന അഞ്ചുപേർ ദൈവിക ശക്തിയുള്ളവരാണ് എന്ന് വിശ്വസിക്കപ്പെട്ടിരുന്നു.




## മൗര്യകാലഘട്ടം

ഭരണ സൗകര്യത്തിനായി മൗര്യസാമ്രാജ്യം വിവിധ പ്രവിശ്യകളായും ജനപഥങ്ങളായും, ഗ്രാമങ്ങളായും വിഭജിക്കപ്പെട്ടു. രാജ്യതല സ്ഥാനത്തിന് തൊട്ടടുത്തുള്ള പ്രവിശ്യകൾ (മഹാജനപഥങ്ങൾ) രാജാവിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരുന്നു. മറ്റെല്ലാ പ്രവിശ്യകളുടെയും ഭരണം നിയന്ത്രിച്ചിരുന്നത് രാജകുടുംബാംഗങ്ങൾ (രാജകുർ) തന്നെയായിരുന്നു. ഇവയെല്ലാം കേന്ദ്രീകൃത നിയമനിർമ്മാണത്തിനു വിധേയമായി പ്രവർത്തിച്ചു. എല്ലാ സംസ്ഥാനങ്ങളും സ്ഥാനികൻമാരുടെ കീഴിൽ ജനപഥങ്ങളായും, ജനപഥങ്ങൾ ഗ്രാമികൻമാരുടെ കീഴിൽ (ഗ്രാമണി) ഗ്രാമങ്ങളായും വിഭജിക്കപ്പെട്ടു. ഭരണകാര്യങ്ങൾ ഗോപൻ എന്നറിയപ്പെടുന്ന ഗ്രാമമുഖ്യന്റെ മേൽനോട്ടത്തിലാണ് നടന്നത്. സ്വയംഭരണ സ്ഥാപനങ്ങളായാണ് ഗ്രാമങ്ങൾ പ്രവർത്തിച്ചത്.

മൗര്യഭരണത്തിൽ നഗരഭരണം വളരെയേറെ വികാസം പ്രാപിച്ചിരുന്നു. എല്ലാ നഗരങ്ങളിലും, പാടലീപുത്രം ഉൾപ്പെടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു. മുപ്പതുപേരടങ്ങിയ മുനിസിപ്പൽ കൗൺസിൽ ആണ് നഗരഭരണം നിയന്ത്രിച്ചത്. ഈ കൗൺസിൽ അഞ്ച് അംഗങ്ങൾ വീതമുള്ള ആറ് ഗ്രൂപ്പുകളായി വിഭജിക്കപ്പെട്ടിരുന്നു. കരകൗശലം, വാണിജ്യം, വിൽപനനികുതി മുതലായവ ഇവർ കൈകാര്യം ചെയ്തു. ഈ സമിതിയിലെ അംഗത്വം പരമ്പരാഗതമായിരുന്നു.




## ഗുപ്തകാലഘട്ടം

ഭരണ നിർവഹണത്തിനായി ഗുപ്തസാമ്രാജ്യത്തെ ദേശഘടകങ്ങൾ എന്നറിയപ്പെടുന്ന വിവിധ ചെറുപ്രവിശ്യകളായി വിഭജിച്ചിരുന്നു. 'ഭുക്തി' ആയിരുന്നു ഇതിൽ ഏറ്റവും വലിയ പ്രവിശ്യ. രാജവംശത്തിൽപ്പെട്ട വൈസ്രോയിമാരായിരുന്നു ഭുക്തിയുടെ ഭരണം നിയന്ത്രിച്ചത്. ഓരോ ഭുക്തിയും വിഷയാസ് എന്നപേരിൽ

ജില്ലകളായി വിഭജിക്കപ്പെട്ടു. “അയുക്തൻ” ആണ് ഇവ ഭരിച്ചിരുന്നത്. “ഗ്രാമിക”ന്റെ നിയന്ത്രണത്തിലുള്ള ഗ്രാമങ്ങളായിരുന്നു രാജ്യത്തിന്റെ അടിസ്ഥാന ഭരണതലം.

### രണ്ടാം ചോളഭരണകാലം




ദക്ഷിണേന്ത്യയിൽ രണ്ടാം ചോളഭരണ കാലത്ത് നാമമാത്രമായ ഗ്രാമഭരണ സമ്പ്രദായമാണ് നിലനിന്നിരുന്നത്. ചോളസാമ്രാജ്യത്തെ മണ്ഡലങ്ങൾ എന്നറിയപ്പെട്ട എട്ട് പ്രവിശ്യകളാക്കി തിരിച്ചു. മണ്ഡലത്തെ വളനാടുകളായും വളനാടുകളെ നാടുകളായും വിഭജിച്ചു. സ്വയം ഭരണാധികാരമുള്ള ഗ്രാമങ്ങൾ ‘കോട്ടം’ എന്ന് വിളിക്കപ്പെട്ടു. ഗ്രാമഭരണത്തെ സംബന്ധിച്ച എല്ലാകാര്യങ്ങളും ഗ്രാമീണ ജനതയിൽ നിക്ഷിപ്തമായിരുന്നു. എല്ലാ ഗ്രാമങ്ങളും സ്വയംഭരണാധികാരമുള്ളതും, സ്വയം പര്യാപ്തവും ആയിരുന്നു. പ്രായപൂർത്തിയായ എല്ലാവരും ഉൾപ്പെട്ട ഒരു സമിതിയാണ് ഗ്രാമഭരണം നിയന്ത്രിച്ചത്. രണ്ടുതരം സമിതികൾ ഇതിനായി പ്രവർത്തിച്ചു. ‘ഊര്’, ‘സഭ’എന്ന പേരുകളിൽ- ഗ്രാമത്തിലെ മുഴുവൻപേരും ഊരിലെ അംഗങ്ങൾ ആയിരുന്നു. എന്നാൽ സഭയിൽ ബ്രാഹ്മണർ മാത്രമേ ഉൾപ്പെട്ടിരുന്നുള്ളു.

സഭക്ക് വിശാലമായ അധികാരം ഉണ്ടായിരുന്നു. ജനക്ഷേമകരമായ പ്രധാന സംഗതികൾ ഇതിൽ ചർച്ചചെയ്തു. ഓരോ സഭയും പല പഞ്ചായത്തുകളായി വിഭജിക്കപ്പെട്ട് പ്രത്യേക ഉത്തരവാദിത്വങ്ങൾ നിറവേറ്റി. നീതി നിർവഹണം, നികുതി പിരിവ്, നിർമാണ പ്രവൃത്തികൾ, ജലവിതരണം എന്നിവക്ക് പ്രത്യേകം പഞ്ചായത്തുകൾ ഉണ്ടായിരുന്നു. പഞ്ചായത്തംഗങ്ങളെ തെരഞ്ഞെടുപ്പിലൂടെയാണ് നിയമിച്ചിരുന്നത്.

## പഞ്ചായത്തുകൾ ബ്രിട്ടീഷ് ഭരണത്തിൽ

പഞ്ചായത്തുകളെപ്പറ്റി നിങ്ങൾ കേട്ടിട്ടില്ലേ?

എന്താണിതിന്റെ പ്രാധാന്യം?

ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന്റെ പ്രധാനലക്ഷ്യം വ്യാപാരമായിരുന്നു. ഭരണവികസന കാര്യങ്ങളിൽ അവർ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നില്ല. പ്രാദേശികഭരണ സംവിധാനം ബ്രിട്ടീഷുകാരുടെ പ്രാഥമിക പരിഗണനയിലില്ലായിരുന്നെങ്കിലും ഗ്രാമസ്വരാജ് ഇന്ത്യയിൽ വ്യാപകമായിരുന്നു. ബ്രിട്ടീഷ് ഭരണത്തിന്റെ ആവിർഭാവത്തോടെ പഞ്ചായത്തുകൾ അനുഭവിച്ചുപോന്ന പല അധികാരങ്ങളും ഇല്ലാതായി. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബ്രിട്ടീഷ് ഭരണത്തിന്റെ സൃഷ്ടിയാണ്. തുടക്കത്തിൽ ബ്രിട്ടീഷുകാരുടെ താല്പര്യത്തിനനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളിൽ

അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു. വ്യാപാര കേന്ദ്രങ്ങളോടനുബന്ധിച്ചാണ് ഇത്തരം സ്ഥാപനങ്ങൾ രൂപീകരിച്ചത്. 1687ൽ ബ്രിട്ടീഷ് ടൗൺ മാതൃകയിൽ മദ്രാസ് മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ചു. ഈ കോർപ്പറേഷന് നികുതി പിരിക്കാനുള്ള അധികാരം നൽകി. ഇതേപോലെയുള്ള നഗര കൗൺസിലുകൾ രാജ്യത്തിന്റെ പലഭാഗത്തും നിലവിൽ വന്നു. ഇത്തരം കൗൺസിലുകൾ രൂപീകരിച്ചത് നികുതി പിരിവിനുള്ള സൗകര്യത്തിനായിരുന്നു.

അധികാരവികേന്ദ്രീകരണം ഭരണകാര്യക്ഷമതയ്ക്ക് അത്യാവശ്യമാണെന്ന് മനസിലാക്കിയ മയോപ്രഭു [1869-1872] തെരഞ്ഞെടുക്കപ്പെട്ട നഗരഭരണസമിതി രൂപീകരിച്ചു. 1857ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിനു ശേഷം ഉണ്ടായ സാമ്പത്തിക പ്രശ്നങ്ങൾക്കുള്ള പരിഹാരമെന്ന നിലയിൽ മയോപ്രഭുവിന്റെ തീരുമാനം ഭാഗികമായി സ്വീകരിക്കപ്പെട്ടു.

### ബ്രിട്ടീഷ് ഉദ്യമങ്ങൾ

ബ്രിട്ടീഷുകാർ മുൻകൈയ്യെടുത്ത് നടപ്പിലാക്കിയ ഗ്രാമഭരണ പരിഷ്കാരങ്ങൾ താഴെ പറയുന്നു.

**ബ്രിട്ടീഷ് ഉദ്യമങ്ങൾ**

- റിപ്പൺ പ്രമേയം 1882
- റോയൽ കമ്മീഷൻ (വികേന്ദ്രീകരണത്തെപ്പറ്റി-1907)
- ഇന്ത്യ ഗവ: നിയമം 1909 ( മിൻറോ-മോർലി പരിഷ്കാരം)
- മൊണ്ടേഗു-ചെംസ്ഫോർഡ് പരിഷ്കാരങ്ങൾ (1919)
- ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് (1935)

## ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്റ്റ് [1935]

ബ്രിട്ടീഷ് ഇന്ത്യയിലെ പഞ്ചായത്തീരാജ് വികാസത്തിൽ പ്രധാനപ്പെട്ട ഒരു കാരണമായി മാറിയത് 1935 ലെ ഗവ: ഓഫ് ഇന്ത്യ ആക്റ്റ് ആണ്. പ്രാദേശിക ഭരണകേന്ദ്രങ്ങൾക്കും, ഗ്രാമപഞ്ചായത്തുകൾക്കും ജനാധിപത്യ രീതിയിൽ നിയമനിർമാണം നടത്താനുള്ള കടമ തെരഞ്ഞെടുക്കപ്പെട്ട പ്രവിശ്യകൾക്കായിരുന്നു. കോൺഗ്രസ് ഭരിച്ചിരുന്ന പ്രവിശ്യാഭരണകൂടം 1939ലെ രണ്ടാം ലോകമഹായുദ്ധത്തിന്റെ പ്രഖ്യാപനത്തോടെ രാജിവെച്ചു. 1947 ൽ രാജ്യം സ്വാതന്ത്ര്യം നേടുന്നതു വരെ ഇത്തരം പ്രാദേശിക ഭരണസംവിധാനം മാറ്റമില്ലാതെ തുടർന്നു.

ഇവയൊക്കെ ഉണ്ടെങ്കിലും ബ്രിട്ടീഷുകാർക്ക് ഗ്രാമങ്ങൾക്ക് സ്വയംഭരണം നൽകുന്നതിൽ പ്രത്യേക താല്പര്യം ഉണ്ടായിരുന്നില്ല. എങ്കിലും സാമ്പത്തികാവശ്യങ്ങൾ നിറ

വേറ്റുന്നതിനായും ഭരണം നിലനിർത്തേണ്ടതിനാലും ഗ്രാമങ്ങൾക്ക് സ്വയംഭരണം നിലനിർത്താൻ അവർ നിർബന്ധിതരായി. ബ്രിട്ടീഷുകാരുടെ അധിനിവേശം ഇന്ത്യയിൽ നിലനിന്നിരുന്ന ഗ്രാമീണ സ്വതന്ത്ര രാഷ്ട്രങ്ങളുടെ ശക്തി ക്ഷയിപ്പിച്ചു. സ്വാശ്രയ- സ്വയംപര്യാപ്ത ഗ്രാമങ്ങൾക്ക് നിലനിൽപ്പില്ലാതായി. ഇതേ സ്ഥാനത്ത് ഔപചാരിക ഗ്രാമഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നു. തികച്ചും കേന്ദ്രീകൃതമായ ബ്രിട്ടീഷ് ഭരണസംവിധാനത്തിൽ ഗ്രാമങ്ങളുടെ സ്വാതന്ത്ര്യം ഇല്ലാതായി.

### നിയമത്തിന്റെ സവിശേഷതകൾ

1 പ്രവിശ്യകളിലെ ദ്വിഭരണം നിർത്തലാക്കി- സോപാധിക സ്വയംഭരണം നൽകി,

2 സംയുക്ത ഫെഡറൽ സംവിധാനം നിലവിൽവന്നു,

3 ആദ്യമായി നേരിട്ടുള്ള തെരഞ്ഞെടുപ്പ് പ്രാബല്യത്തിലായി,

4 മുനിസിപ്പൽ/കോർപ്പറേഷൻ/ജില്ലാബോർഡുകൾ, മറ്റു പ്രാദേശിക സ്ഥാപനങ്ങൾ, ഗ്രാമഭരണസമിതികൾ ഇവയുടെ ചുമതലകൾ വ്യക്തമാക്കി,

5 വട്ടമേശ സമ്മേളനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെപ്പറ്റി ഗാന്ധിജി ഉന്നയിച്ച വാദങ്ങൾ ഈ നിയമത്തിൽ പ്രകടമായി.

## പഞ്ചായത്തീരാജ് – ഗാന്ധിജിയുടെ വീക്ഷണത്തിൽ

ഗാന്ധിജിയുടെ അഭിപ്രായത്തിൽ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും ശാരീരികവും, സാമ്പത്തികവും, ആധ്യാത്മികവുമായ വിഭവങ്ങൾ സമാഹരിച്ച് അത് പൊതുനന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തുന്ന സുന്ദരമായ ഒരു കലയും, ശാസ്ത്രവുമാണ് ജനാധിപത്യം. അദ്ദേഹത്തിന്റെ വിശ്വാസത്തിൽ ജനാധിപത്യം എന്നത് തികഞ്ഞ കെട്ടുറപ്പുള്ളതും ആത്മപ്രകാശന സ്വഭാവമുള്ളതുമായിരിക്കണം.



ശരിയായ ജനാധിപത്യത്തിന്റെ അടിസ്ഥാനഘടകം ഗ്രാമങ്ങളാണെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. പഞ്ചായത്തീരാജ് എന്ന സങ്കൽപത്തിൽ ഇന്ത്യൻ ഗ്രാമങ്ങൾ വ്യാപകവും, മൗലികപ്രാധാന്യം ഉള്ളവയാണ്. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ഗ്രാമവ്യവസ്ഥ സമഗ്രവും മൗലികവുമായ പ്രാധാന്യമുള്ളതുമാണ്. ഗാന്ധിജിയുടെ മുന്നിൽ ഇന്ത്യൻ നഗരങ്ങൾ തികച്ചും അപ്രസക്തമാണ്. അദ്ദേഹം എഴുതി, "ഞാൻ ഇന്ത്യൻ ഗ്രാമങ്ങളിലേക്ക് പോയി ജീവിക്കാൻ ആഗ്രഹിക്കുന്നു. അതാണ് യഥാർഥഇന്ത്യ, എന്റെ ഇന്ത്യ."

ഗാന്ധിയൻ കാഴ്ചപ്പാടിൽ ഗ്രാമസമൂഹമെന്നത് ഒരു ചെറിയ ജനായത്ത സംവിധാനമാണ് (ലിറ്റിൽ റിപ്പബ്ലിക്കുകൾ). ഗ്രാമീണതയ്ക്കു വേണ്ടുന്ന എല്ലാ കാര്യങ്ങളും അവർ തന്നെ നേടുകയും വൈദേശികബന്ധങ്ങളിൽ നിന്നും സ്വതന്ത്രരായിരിക്കുകയും

ചെയ്തു. ശക്തമായ ഗ്രാമസമൂഹം പടുത്തുയർത്താൻ നമുക്ക് വേണ്ടത് ഐക്യ അവബോധവും, അർത്ഥവത്തായ വ്യക്തിബന്ധങ്ങളും, സാമൂഹിക ഉത്തരവാദിത്വങ്ങളുടെ പ്രോത്സാഹനവും, സഹകരണ മനോഭാവവും, പൗരമൂല്യങ്ങളുടെ പരിപോഷണവുമാണെന്നു ഗാന്ധിജി പറയുന്നു.

സത്യം, അഹിംസ, വ്യക്തിസ്വാതന്ത്ര്യം എന്നീ തന്റെ വൈകാരികാശയങ്ങളോട് പൂർണമായും ചേർന്നു നിൽക്കുന്ന വിധത്തിലാണ് ഗാന്ധിജി വികേന്ദ്രീകൃത ജനാധിപത്യം എന്ന ആശയം വികസിപ്പിച്ചത്. അദ്ദേഹം അതിനെ പഞ്ചായത്തീരാജ്/ഗ്രാമസ്വരാജ് എന്ന് വിളിച്ചു. ഓരോ ഗ്രാമവും അവിടെയുള്ളവർക്കു വേണ്ട എല്ലാ കാര്യങ്ങളിലും സ്വയം പര്യാപ്തവും, സമ്പൂർണ സ്വയംഭരണസ്ഥാപനവും ആകണമെന്ന് ഗാന്ധിജി ആഗ്രഹിച്ചു. പ്രാദേശിക ഗ്രാമങ്ങൾ കഴിയാവുന്നത്ര സ്വാതന്ത്ര്യത്തോടെ സ്വേച്ഛാധിപത്യമില്ലാതെ, നൈസർഗികമായി എല്ലാകാര്യങ്ങളിലും തീരുമാനമെടുക്കാനുള്ള കഴിവുള്ളവരായിരിക്കണം. ഗ്രാമങ്ങളിലാണ് രാഷ്ട്രീയാധികാരം വിതരണം ചെയ്യേണ്ടതെന്ന് ഗാന്ധിജി ആഗ്രഹിച്ചു. ജനാധിപത്യത്തെ വിശദീകരിക്കുവാൻ ഗാന്ധിജി ഉപയോഗിച്ച പദം "സ്വരാജ്" എന്നതാണ്. ജനാധിപത്യം സ്വാതന്ത്ര്യത്തിലധിഷ്ഠിതമാണ്. സ്വതന്ത്ര സ്വാശ്രയ സമൂഹങ്ങൾക്ക് മാത്രമേ ഗാന്ധിജിയുടെ വീക്ഷണത്തിൽ വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കാനാകുകയുള്ളു. അത്തരം ഒരു സമൂഹത്തിനു മാത്രമേ ജനങ്ങളുടെ സമ്പൂർണ പങ്കാളിത്തം ഉറപ്പാക്കാനാവുകയുള്ളു. വർഷംതോറും തെരഞ്ഞെടുക്കപ്പെട്ട അഞ്ചു പേരടങ്ങിയ പഞ്ചായത്താണ് ഇത്തരം കാര്യങ്ങൾ നോക്കേണ്ടത്. വ്യക്തികളാണ് പ്രാദേശിക ഭരണത്തിന്റെ കേന്ദ്രങ്ങൾ. ഗ്രാമീണ വ്യവസായം, കാർഷികോൽപാദനം, ജലവിഭവം, ആസൂത്രണം മുതലായ മേഖലകളിലെ പ്രശ്നങ്ങൾ മനസിലാക്കാനും ചർച്ചകളും, യോഗങ്ങളും നടത്തി പരിഹരിക്കാനും മറ്റുമുള്ള പൊതുവായ കാര്യങ്ങൾക്ക് ജനങ്ങൾ മുൻകൈ എടുക്കണമെന്ന കാഴ്ചപ്പാടിനാണ് ഗാന്ധിജി ഊന്നൽ നൽകിയത്.

സാമ്പത്തിക-രാഷ്ട്രീയാധികാരങ്ങൾ കേന്ദ്രീകരിക്കപ്പെടുമ്പോൾ പങ്കാളിത്ത ജനാധിപത്യത്തിന്റെ പ്രധാനപ്പെട്ട ആശയങ്ങൾ ലംഘിക്കപ്പെടും എന്ന് ഗാന്ധിജി വിശ്വസിച്ചു. ഗ്രാമങ്ങളാണ് വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകം. രാഷ്ട്രീയമായി ഒരു ഗ്രാമമെന്നത് ജനങ്ങൾക്ക് നേരിട്ട് തീരുമാനങ്ങൾ എടുക്കാൻ കഴിയുന്നത്ര ചെറുതായിരിക്കണം. ഇത്തരം സ്ഥാപനമാണ് പങ്കാളിത്ത ജനാധിപത്യത്തിന്റെ അടിത്തറ. സാങ്കേതിക നൈപുണ്യം മുഴുവൻ ഗ്രാമങ്ങളിലും വികസിക്കപ്പെടണം. കലാപരമായ കഴിവും നൈപുണ്യവുമുള്ള മനുഷ്യർക്ക് ക്ഷാമമില്ല. ഗ്രാമീണകവികൾ, കലാകാരന്മാർ, ശില്പികൾ, ഭാഷാവിദഗ്ധർ, ഗവേഷകർ എന്നിവർ ഗ്രാമങ്ങളിൽ ധാരാളം ഉണ്ട്.

പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ മൗലികമായ വികസനത്തിന് വിഭവങ്ങളുടെ നല്ല രീതിയിലുള്ള വിനിയോഗം ആവശ്യമാണെന്ന് ഗാന്ധിജി കണ്ടെത്തി. കൃഷിക്കും, വ്യാവസായിക വികസനത്തിനും പഞ്ചായത്തും ഗ്രാമസഭകളും പ്രാദേശിക തലത്തിൽ കൂട്ടായ പ്രവർത്തനം നടത്തി വിഭവങ്ങൾ സമാഹരിക്കണം.

## പഞ്ചായത്തീരാജ് ഘടന – ഗാന്ധിയൻ വീക്ഷണത്തിൽ

ഗാന്ധിജിയുടെ വീക്ഷണത്തിൽ ഓരോ ഗ്രാമവും പൂർണമായ അധികാരത്തോടെ യുള്ള സ്വയംപര്യാപ്ത റിപ്പബ്ലിക്കായിരിക്കണം. സ്വാതന്ത്ര്യം താഴെത്തട്ടിൽ നിന്നു തുടങ്ങി, സ്വന്തം നിലയിൽ പിടിച്ചുനിൽക്കാനുള്ള കഴിവുള്ളതും മറ്റു കാര്യങ്ങളിൽ ലോകത്തോട് കിടപിടിക്കുന്ന രീതിയിലുള്ളതും ആയിരിക്കണം. ഒരു ഗ്രാമം മറ്റൊ ന്നിനേക്കാൾ മുകളിലോ താഴെയോ അല്ല. സദാ വികസിച്ചുകൊണ്ടിരിക്കുന്ന, പര സ്പര സഹായത്തോടെ പ്രവർത്തിക്കുന്ന ഗ്രാമവലയങ്ങളുടെ ഒരു കൂട്ടമാണിത്. ജീവിതം മേൽകീഴ് ശ്രേണീകരിക്കപ്പെട്ടിട്ടുള്ള ഒന്നല്ല. അതൊരു ചാക്രികവലയമായി രിക്കും. വ്യക്തികൾ ഗ്രാമങ്ങൾക്കുവേണ്ടി ആത്മത്യാഗത്തിന് തയാറാകണം. ഗ്രാമങ്ങൾ ഗ്രാമീണവലയങ്ങൾക്കു വേണ്ടി ത്യാഗം സഹിക്കണം. ഇവയെല്ലാം ചേരുമ്പോൾ അധീ ശത്വങ്ങളും അധിനിവേശങ്ങളും ഇല്ലാതെ വ്യക്തികളെ കേന്ദ്രീകരിച്ചുള്ള ജീവിതം വികസിക്കും. ഈ ചാക്രികവലയത്തിനുള്ളിൽ പങ്കുവയ്ക്കപ്പെടലിലൂടെയാണ് വ്യക്തി കൾ ഗ്രാമവ്യവസ്ഥയുടെ അവിഭാജ്യഘടകമായി മാറുന്നത്. അതുകൊണ്ട് പുറംവല യങ്ങൾ ഉൾക്കാമ്പിനു വേണ്ടി ബലികഴിക്കപ്പെടുകയില്ല; മറിച്ച് കേന്ദ്രത്തിൽ നിന്നും കരുത്താർജിക്കുകയാണ് ചെയ്യുന്നത്.

ഗാന്ധിജിയുടെ വീക്ഷണത്തിൽ പഞ്ചായത്തീരാജ് അധികാരത്തെ ഉൽപാദിപ്പിക്കു ന്നത് താഴെത്തട്ടിൽ നിന്നുമാണ്. സ്വയംപര്യാപ്തവും, സ്വാശ്രയവും, ചൂഷണരഹിത വുമായ രക്ഷകരൂപമായാണ് വികേന്ദ്രീകൃത പഞ്ചായത്തീരാജിനെ അദ്ദേഹം കാണു ന്നത്. പഞ്ചായത്തീരാജ് രാഷ്ട്രീയമായ ഒരു ക്രമീകരണല്ല മറിച്ച് ഒരു ജീവിതചര്യ യാണ്. ഇതിൽ നിന്ന് മനുഷ്യഗുണം ഉരുത്തിരിയുന്നു. പക്ഷെ ഇന്ന് നിലവിലുള്ള പഞ്ചായത്തീരാജ് സംസ്ഥാന ഗവൺമെന്റുകളെ ആശ്രയിക്കുന്ന പ്രാദേശിക സ്ഥാപ നമായി ചുരുങ്ങിപ്പോയി. വികേന്ദ്രീകരണം മുകളിൽ നിന്ന് താഴോട്ടായി ഗവൺമെന്റിന്റെ ഔദാര്യമായി മാറിപ്പോയിരിക്കുന്നു.

### നമുക്ക് ചെയ്യാം



*ഗാന്ധിയൻ പഞ്ചായത്തീരാജ് സംവിധാനത്തിന്റെ സവിശേഷതകൾ മന സിലാക്കി അവതരിപ്പിക്കുക.*

## പഞ്ചായത്തീരാജ് സ്വതന്ത്ര ഇന്ത്യയിൽ

സ്വതന്ത്ര ഇന്ത്യയിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ എന്തായിരിക്കണമെന്ന് വ്യക്ത മായ കാഴ്ചപ്പാട് ഗാന്ധിജിക്ക് ഉണ്ടായിരുന്നു. ഗ്രാമങ്ങളുടെ രാജ്യമായ ഇന്ത്യയെ സമ്പൂർണ റിപ്പബ്ലിക് ആക്കി മാറ്റുക എന്നതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. ഗ്രാമ സ്വരാജിലൂടെ ഗ്രാമീണജനതയ്ക്ക് പൂർണാധികാരം കൈമാറുക എന്നത് അദ്ദേഹ ത്തിന്റെ ശക്തമായ ഒരു തീരുമാനമായിരുന്നു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ തെര ഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ വഴി ഗ്രാമങ്ങൾ ജനങ്ങളാൽ ഭരിക്കപ്പെടണം. എന്നാൽ 1948 ൽ ഇന്ത്യൻ ഭരണഘടനയുടെ കരട് അവതരിപ്പിച്ചപ്പോൾ പഞ്ചായത്ത്

ഭരണത്തെപ്പറ്റി പരാമർശം വന്നില്ല. ഗാന്ധിജി ഇതിനെ ശക്തമായെതിർത്ത് ഉടനടി നടപടി വേണമെന്ന് പറഞ്ഞു. ഒടുവിൽ ഭരണഘടനയുടെ നിർദേശകതത്ത്വങ്ങളിൽ അനുഛേദം 40 ൽ ഇങ്ങനെ എഴുതിച്ചേർത്തു. സംസ്ഥാനങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തുകൾ സംഘടിപ്പിക്കുന്നതിനുള്ള അധികാരവും അനുമതിയും ഉണ്ട്. അതിനാവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതാണ്. ഭരണഘടനയുടെ നിർദേശകതത്ത്വങ്ങളിൽ ഉൾപ്പെട്ടതിനാൽ സംസ്ഥാനങ്ങൾക്ക് ഇത്തരം നിർദേശങ്ങൾ നടപ്പിലാക്കുന്നതിന് നിയമപരമായ ബാധ്യത ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ താഴെക്കിടയിലുള്ള ജനാധിപത്യപ്രക്രിയ നടപ്പിലായതുമില്ല. 1952 ലെ സാമൂഹിക വികസന പദ്ധതിയും, 1953ലെ ദേശീയ വികസന പദ്ധതിയും വഴി ഗ്രാമീണമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു സംഘടിതശ്രമം നടത്തി. ഗ്രാമീണതലത്തിലെ വിവിധ വികസനപരിപാടികളിൽ ഒരു സംയോജിതസമീപനം അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. ഗ്രാമീണരെ സ്വാശ്രയത്വത്തിലേക്ക് നയിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉന്നം. സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക മാറ്റത്തിന് പുറമേ ഗ്രാമീണജനതയുടെ രാഷ്ട്രീയജീവിതത്തിൽ സമൂലമായ മാറ്റം വരുത്തുക എന്നതായിരുന്നു ഇതിന്റെ പരമമായ ലക്ഷ്യം. തെരഞ്ഞെടുക്കപ്പെട്ട 55ബ്ലോക്കുകളിലാണ് ആദ്യമായി സാമൂഹിക വികസനപദ്ധതി നടപ്പിലാക്കിയത്. ഗ്രാമവികസന പ്രക്രിയയിലെ വിവിധ പ്രവർത്തനങ്ങളുടെ ഏകോപനം അടിസ്ഥാനമാക്കി ബ്ലോക്ക് വികസന ഓഫീസറെയും (BDO), ഗ്രാമതലത്തിൽ ഗ്രാമതല പ്രവർത്തകരെയും(VLW) നിയമിച്ചു. എന്നാൽ, പ്രാദേശികമായി സാമൂഹിക-സാമ്പത്തിക വികസനത്തിൽ ഗ്രാമീണ ജനതയ്ക്ക് ജനാധിപത്യപരമായി പങ്കാളികളാകാൻ വേണ്ടത്ര കഴിയാത്തതിനാൽ ഇതൊരു പരാജയമായിരുന്നു. ഗ്രാമീണ ജനതയുടെ പങ്കാളിത്തക്കുറവും ഇത് പരാജയപ്പെടാൻ മറ്റൊരു കാരണമായി.

## ബൽവന്ത്റായി മേത്ത കമ്മിറ്റി –1957



വികേന്ദ്രീകൃത ജനാധിപത്യത്തിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ സ്വതന്ത്രഇന്ത്യയിൽ 1957 ൽ രൂപീകരിക്കപ്പെട്ട പ്രഥമ കമ്മിറ്റിയാണിത്. ബൽവന്ത്റായിമേത്തയായിരുന്നു ഇതിന്റെ അധ്യക്ഷൻ. സാമൂഹ്യ വികസനപദ്ധതികളുടെ ആവശ്യങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യുക എന്നതായിരുന്നു കമ്മിറ്റിയുടെ ചുമതല. ഈ കമ്മറ്റി അവരുടെ നിർദേശങ്ങളും, അഭിപ്രായങ്ങളും സമർപ്പിച്ചു. ഗ്രാമ പുനരുദ്ധാരണത്തെയും, വികേന്ദ്രീകൃത ജനാധിപത്യത്തെയും കുറിച്ച് കമ്മിറ്റി പരാമർശിച്ചു. പ്രദേശിക താല്പര്യങ്ങൾക്കും, വികസനത്തിനും സാധ്യമായത് നിർവഹിക്കാൻ കഴിയാത്തതിനാൽ സാമൂഹ്യ വികസന പദ്ധതികൾ പരാജയമാണെന്ന് കമ്മിറ്റി കണ്ടെത്തി. കമ്മിറ്റിയുടെ അഞ്ച് പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നു

1. ത്രിതലപഞ്ചായത്ത് സംവിധാനം നടപ്പിൽ വരുത്തുക ഗ്രാമ-ജില്ലാതലം വരെ ബന്ധപ്പെടുത്തിയാണ് ഇത് രൂപീകരിക്കേണ്ടത്.

2. ശരിയായ അധികാരവും, ഉത്തരവാദിത്വവും ഇത്തരം സമിതികൾക്ക് കൈമാറുക.
3. ഇത്തരം സമിതികളെ ശക്തിപ്പെടുത്താൻ വിഭവങ്ങളും മറ്റ് ഉത്തരവാദിത്വങ്ങളും അവരെത്തന്നെ ഏല്പിക്കുക.
4. ക്ഷേമവികസന പ്രവർത്തനങ്ങൾ ത്രിതലപഞ്ചായത്തുകളിലൂടെ മാത്രം നടപ്പിലാക്കുക.
5. തുടർന്നുള്ള അധികാരക്കൈമാറ്റത്തിന് ഭാവിയിൽ ഉതകുന്ന വിധം ഒരു ത്രിതല സംവിധാനം സുഗമമാക്കുക. ഈ ത്രിതലസംവിധാനത്തിൽ ജില്ലാപരിഷത്ത്, പഞ്ചായത്ത് സമിതി, ഗ്രാമപ്പഞ്ചായത്ത് എന്നിവ ജനകീയ പങ്കാളിത്തത്തോടു കൂടി കൃഷി, കാലിവളർത്തൽ ദുർബലവിഭാഗങ്ങളുടെ സാമൂഹികക്ഷേമം, സ്ത്രീ ശാക്തീകരണം, സമുദായോദ്ധാരണപ്രവർത്തനം എന്നിവക്കു നേതൃത്വം നൽകണം.

കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുവാൻ താൽപര്യമുള്ള രണ്ടു വനിതകളെ ആദ്യഘട്ടത്തിൽ നാമനിർദേശം ചെയ്യേണ്ടതാണ്. എന്നാൽ, തെരഞ്ഞെടുക്കപ്പെട്ട സമിതിയിൽ വനിതകൾ ഉൾപ്പെടാതിരുന്നാൽ രണ്ടുപേരെ നാമനിർദേശം ചെയ്ത് ഉൾപ്പെടുത്തേണ്ടതാണ്

1958 ഏപ്രിൽ ഒന്നിന് കമ്മിറ്റിനിർദ്ദേശങ്ങൾ നിലവിൽ വന്നു.1959 ഒക്ടോബർ 2ന് ഇന്ത്യയിലാദ്യമായി രാജസ്ഥാനിൽ ഇതു നടപ്പിലാക്കി. 1960കളുടെ മധ്യത്തോടെ ഇന്ത്യയുടെ എല്ലാഭാഗത്തും പഞ്ചായത്തുകൾ നിലവിൽ വന്നു. ഏകദേശം 92% ഗ്രാമീണരെ ഉൾപ്പെടുത്തി 579000 ഗ്രാമങ്ങളും, 96% ജനങ്ങളെ ഉൾക്കൊള്ളിച്ച് 217300 ഗ്രാമപഞ്ചായത്തുകളും ഇത് നടപ്പിലാക്കി. ഗ്രാമീണ ഇന്ത്യയിലെ ജനങ്ങൾക്ക് ആവേശമായ ഗ്രാമഭരണസംവിധാനം അവരുടെ നിത്യജീവിതത്തിന്റെ ഭാഗമായി. പഞ്ചായത്ത് ഭരണസ്ഥാപനങ്ങളെ അവർ പ്രതീക്ഷയുടെ പ്രതീകമായി കണ്ടു. 1964 ലെ സാമൂഹ്യ വികസന മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം നല്ല യുവത്വമുള്ള നേതൃത്വം ഉയർന്നു വന്നത് പഞ്ചായത്ത് സ്ഥാപനങ്ങളിലൂടെയാണെന്നും, പഞ്ചായത്തുകളിലെ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ മികച്ച സംതൃപ്തിയും മതിപ്പും ഉളവാക്കിയെന്നും കണ്ടെത്തി.

## അശോക് മേത്ത കമ്മിറ്റി 1977


Asoka Mehta

1977 ലെ മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ജനതാഗവൺമെന്റ് പഞ്ചായത്ത് സ്ഥാപനങ്ങളുടെ പരിതാപകരമായ അവസ്ഥയെപ്പറ്റി പഠിക്കാൻ ഡോ.അശോക്മേത്ത അധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചു.പഞ്ചായത്തീരാജ് സംവിധാനത്തിന് കരുത്ത് പകരാൻ മാർഗനിർദേശം നല്കുക എന്നതായിരുന്നു കമ്മിറ്റിയുടെ ചുമതല. അശോക് മേത്ത കമ്മിറ്റി ദ്വിതലപഞ്ചായത്തീരാജ്

സംവിധാനം നിർദേശിച്ചു. ഇവ ജില്ലാതലത്തിൽ ജില്ലാപരിഷത്തും, ഗ്രാമതലത്തിൽ മണ്ഡൽപരിഷത്തും ആയിരുന്നു. അധികാരവികേന്ദ്രീകരണവും, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ സുരക്ഷയും കമ്മിറ്റി നിർദേശിച്ചു.


### കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ

1. ദുർബല വിഭാഗങ്ങൾക്ക് സീറ്റ് സംവരണം ചെയ്യുക,
2. രണ്ട് സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യുക,
3. പഞ്ചായത്തുകളുടെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തികവിഭവം നല്കുക,
4. ഭരണഘടനാപരമായ പിന്തുണ നല്കുക,
5. വികസനപ്രവർത്തനങ്ങളിൽ ജനകീയപങ്കാളിത്തം ഉറപ്പാക്കുക.

ജനതാഗവൺമെന്റിന്റെ പതനത്തോടെ അശോക്മേത്ത കമ്മിറ്റിയുടെ നിർദേശങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല. കർണാടക പോലുള്ള ചില സംസ്ഥാനങ്ങൾ അശോക് മേത്ത കമ്മീഷന്റെ നിർദേശപ്രകാരം പഞ്ചായത്തീരാജ് സംവിധാനം നടപ്പാക്കി. മുകളിൽ സൂചിപ്പിച്ച രണ്ട് കമ്മിറ്റികളും പഞ്ചായത്തിരാജ് സംവിധാനത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും സ്വയം ഭരണത്തിന്റെ ആവശ്യകതയെപ്പറ്റിയും ജനങ്ങളിൽ അവബോധം സൃഷ്ടിച്ചു.

## പി കെ തുംഗോൺ കമ്മിറ്റി (1988)

1988 ൽ രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ മുൻകൈ എടുത്ത് രൂപീകരിച്ച കമ്മിറ്റിയാണിത്. പി കെ തുംഗോൺ ആയിരുന്നു ഇതിന്റെ ചെയർമാൻ. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ അംഗീകാരം നല്കണമെന്നും, സമയാസമയങ്ങളിൽ തെരഞ്ഞെടുപ്പും അഞ്ചുവർഷം കാലാവധിയും ഭരണഘടന ഉറപ്പു വരുത്തണമെന്നും കമ്മിറ്റി നിർദേശിച്ചു.



പാർലമെന്ററി, പൊതുകാര്യ, പെൻഷൻമന്ത്രാലയവുമായി ചേർന്ന് ഒരു ഉപസമിതിയായാണ് ഇത് പ്രവർത്തിച്ചത്. ജില്ലാതല ആസൂത്രണത്തിൽ രാഷ്ട്രീയവും, ഭരണപരമായസംഘടനത്തിന്റെ ആവശ്യകത കമ്മിറ്റി പരിഗണിച്ചു.


### പ്രധാന നിർദേശങ്ങൾ

1 ഭരണഘടനാപരമായ വ്യവസ്ഥ പ്രകാരം കൃത്യമായ തെരഞ്ഞെടുപ്പും,അഞ്ചു വർഷ കാലാവധിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുക.

2 ജില്ലാപരിഷത്ത് മാത്രമായിരിക്കണം ജില്ലാതല ആസൂത്രണ വികസന ഏജൻസി.

3 മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാനതല ആസൂത്രണ കമ്മീഷൻ രൂപീകരിച്ച് ജില്ലാ പരിഷത് അധ്യക്ഷൻമാരെ അംഗങ്ങളായി ഉൾപ്പെടുത്തുക.

## 73–ാം ഭരണഘടന ഭേദഗതി 1992



രാജീവ് ഗാന്ധി

1989 ൽ രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ 73-ാം ഭരണഘടനാ ഭേദഗതിയായി തദ്ദേശസ്വയംഭരണ ബിൽ അവതരിപ്പിച്ചു. പക്ഷെ, ഭൂരിപക്ഷമില്ലാത്തതിനാൽ ബിൽ പരാജയപ്പെട്ടു. 1990 സെപ്തംബറിൽ വീണ്ടും ഈ ബിൽ അവതരിപ്പിച്ചെങ്കിലും ഫലവത്തായില്ല. പഞ്ചായത്തീരാജുമായി ബന്ധപ്പെട്ട് 1991 ൽ പി.വി നരസിംഹറാവു സർക്കാരിന്റെ കാലത്ത് ഒരു പുതിയ ബിൽ അവതരിപ്പിക്കപ്പെട്ടു. 1992ൽ ഇത് നിയമമായി. 1993 ൽ അങ്ങനെ 73–ാം ഭരണഘടനാ ഭേദഗതി നിലവിൽവന്നു.

## നിയമത്തിന്റെ പ്രധാന സവിശേഷതകൾ



പി. വി. നരസിംഹ റാവു

ഗ്രാമപ്പഞ്ചായത്തിനെ നിയോജകമണ്ഡലങ്ങൾ (വാർഡ്) അടിസ്ഥാനമാക്കി പ്രായപൂർത്തിയായ, വോട്ടർ പട്ടികയിൽ പേരുള്ള മുഴുവൻ പേരും ഉൾപ്പെട്ട ഗ്രാമസഭ രൂപീകരിക്കാൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

എല്ലാ സംസ്ഥാനങ്ങളിലും ഗ്രാമതലം - മധ്യതലം - ജില്ലാതലം എന്നീ മൂന്നു തലങ്ങളിൽ പഞ്ചായത്തുകൾ രൂപീകരിക്കണം. 20 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള സംസ്ഥാനങ്ങളെ മധ്യതലത്തിൽ നിന്ന് ഒഴിവാക്കാം.

നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെയാകണം ത്രിതല പഞ്ചായത്തംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്. ഗ്രാമപ്പഞ്ചായത്ത് അധ്യക്ഷൻമാർക്ക് മധ്യതലപഞ്ചായത്തിലും അംഗമായി പ്രവർത്തിക്കാൻ അധികാരമുണ്ട്. എം. പിമാർ, എം. എൽ. എമാർ, എം.എൽ. സിമാർ എന്നിവർക്ക് ത്രിതല പഞ്ചായത്ത് സമിതിയിൽ അംഗമായി പ്രവർത്തിക്കാം. സ്ത്രീകൾക്ക് മൂന്നിലൊന്ന് സീറ്റ് സംവരണം വേണം. എല്ലാ തലങ്ങളിലുമുള്ള അധ്യക്ഷസ്ഥാനങ്ങളിലും ഈ മാനദണ്ഡം പാലിക്കണം. കൂടാതെ ജനസംഖ്യാനുപാതികമായി പട്ടികജാതി, പട്ടികവർഗക്കാർക്കും സീറ്റുകളും, അധ്യക്ഷ സ്ഥാനങ്ങളും സംവരണം ചെയ്തു. പിന്നോക്ക വിഭാഗങ്ങൾക്ക് സീറ്റും അധ്യക്ഷസ്ഥാനവും സംവരണം ചെയ്യാൻ നിയമപരമായ അധികാരം സംസ്ഥാന നിയമനിർമ്മാണ സഭയ്ക്ക് നൽകി.

അഞ്ചു വർഷക്കാലാവധി എന്ന ഏകരൂപമായ സംവിധാനവും തുടർന്ന് തെരഞ്ഞെടുപ്പും നടത്തണം.

കാലാവധിക്ക് മുമ്പേ പിരിച്ചുവിട്ടാൽ ആറുമാസത്തിനിടെ ഉപതെരഞ്ഞെടുപ്പ് നടത്തണം. പുതുതായി വന്ന അംഗങ്ങൾ പഞ്ചായത്തിന്റെ ബാക്കിവരുന്ന കാലാവധി തീരും വരെ തുടരണം.

കാലാവധി കഴിയും മുമ്പേ ഒരു പഞ്ചായത്തിനെയും പിരിച്ചുവിടാൻ ഒരു നിയമ ഭേദഗതിയിലൂടെയും സാധിക്കില്ല.

നിയമപരമായി അയോഗ്യരായവർക്ക്, സംസ്ഥാന നിയമസഭകളിലെന്നപോലെ പഞ്ചായത്തുകളിലും അംഗമാകാൻ കഴിയില്ല.

സ്വതന്ത്രവും, നീതിയുക്തവുമായ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സ്വതന്ത്ര ചുമതലയുള്ള ഒരു തെരഞ്ഞെടുപ്പ് കമ്മീഷനു രൂപം നൽകണം. തെരഞ്ഞെടുപ്പിന്റെ നടത്തിപ്പ് വോട്ടർപട്ടിക തയ്യാറാക്കൽ എന്നീ ചുമതലകൾ ഇവർക്കാണ്.

പഞ്ചായത്തുകൾക്ക് സാമൂഹിക നീതിയും, സാമ്പത്തിക വികസന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യാനുള്ള ഉത്തരവാദിത്വം പതിനൊന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെ പദ്ധതികൾ നടപ്പിലാക്കാൻ മതിയായ ഫണ്ടുകൾ കണ്ടെത്തണം. പഞ്ചായത്തുകൾക്കുള്ള പ്രധാന വരുമാനമാർഗ്ഗം അവർക്കുള്ള പ്രത്യേക നികുതികളാണ്. പഞ്ചായത്തുകൾക്ക് നികുതി നിരക്കുകൾ നിശ്ചയിക്കാൻ അവകാശമുണ്ട്. സംസ്ഥാനങ്ങൾ സാമ്പത്തിക കമീഷനുകൾ രൂപീകരിക്കണം. ഓരോ വർഷം കൂടുമ്പോഴും സാമ്പത്തിക വിഭവങ്ങൾ പരിശോധിച്ച് പഞ്ചായത്തുകൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുക ഈ കമ്മീഷന്റെ ഉത്തരവാദിത്വമാണ്.

## ഗ്രാമസഭ

73-ാം ഭരണഘടനാ ഭേദഗതിയിലൂടെ എല്ലാ സംസ്ഥാനങ്ങളും ഗ്രാമസഭകൾ രൂപീകരിക്കണം. പല സംസ്ഥാനങ്ങളിലും ഇത് പല പേരിലായിരിക്കും. ഓരോ പഞ്ചായത്തിലെയും ഗ്രാമങ്ങളെ വാർഡുകളായി തിരിക്കുന്നു. ഗ്രാമസഭ എന്നർഥമാക്കുന്നത് പഞ്ചായത്ത് തലത്തിലെ ഗ്രാമീണ മേഖലയിലെ വാർഡുകളിലെ പ്രായപൂർത്തിയായ വോട്ടർപട്ടികയിൽ പേരുള്ള ഒരു കൂട്ടം ആളുകളുടെ ഒരു സഭ എന്നാണ്. താഴെത്തട്ടിലുള്ള ജനാധിപത്യത്തെ അടിസ്ഥാനമാക്കി ജനകീയ പങ്കാളിത്തത്തോടെയുള്ള മാതൃകാജനാധിപത്യമാണ് ഗ്രാമസഭയിൽ നടക്കുന്നത്. ജനാധിപത്യം നിർവചിച്ചിരിക്കുന്നത് എല്ലാവർക്കും അഭിപ്രായ സ്വാതന്ത്ര്യമുള്ള ഭരണകൂടം എന്ന നിലയിലാണ്. ഒരു ജനാധിപത്യ ഭരണസംവിധാനത്തിൽ പകരം വെക്കാൻ കഴിയുന്ന ഒന്നല്ല പഞ്ചായത്ത് സംവിധാനം. ഗ്രാമീണ ജനതയുടെ ഗ്രാമസഭയിലുള്ള പ്രാതിനിധ്യം വഴി ജനാധിപത്യമെന്ന ശരിയായ ബോധവും, സ്ഥായിയായ രൂപവും പരുവപ്പെടുത്തിയെടുക്കാൻ പഞ്ചായ

**ചിന്തിക്കുക പങ്കുവയ്ക്കുക**

*നിങ്ങൾ ഗ്രാമസഭയെപറ്റി കേട്ടിട്ടുണ്ടോ? എങ്ങനെയാണ് ഗ്രാമസഭ പ്രവർത്തിക്കുന്നത്?*

ത്തുകൾക്ക് കഴിയണം. ഗ്രാമസഭയ്ക്ക് പൊതുജന പങ്കാളിത്തത്തിലൂടെ അധികാരം നൽകുന്നു. പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ത്രിതല സംവിധാനത്തിന് ഗ്രാമസഭ അടിസ്ഥാനം നൽകുന്നു. സർവോദയ ചിന്തകനായ ജയപ്രകാശ് നാരായണൻ പറയുന്നു, "ഗ്രാമസഭകളാണ് ഗ്രാമീണ ജനാധിപത്യത്തെ അർഥവത്താക്കുന്നത്". അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഗ്രാമത്തിലെ ഒരു സർക്കാർ ഉദ്യോഗസ്ഥൻ പ്രത്യക്ഷജനാധിപത്യതിന്റെ ഒരു പ്രതിനിധിയാകുന്നില്ല. പ്രത്യക്ഷജനാധിപത്യത്തിൽ മുഖത്തോടു മുഖം ചേർന്നു പ്രവർത്തിക്കുന്ന ഒരു പ്രാഥമികസ്ഥാപനമാണ് ഗ്രാമസഭ; അല്ലാതെ പ്രതിനിധികൾ ചേർന്നതല്ല, എല്ലാവരും ചേർന്നതാണ്.



ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് അഥവാ തൊഴിലാളി സംഘങ്ങൾക്ക് ഫാക്ടറികളിലും ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റു തൊഴിലിടങ്ങളിലും പ്രവർത്തിക്കാവുന്നതാണ്. പ്രാഥമിക ജനകീയ ജനാധിപത്യത്തിലെ ഒരു സജീവ സ്ഥാപനമാണ് ഇത്. കൃത്യമായ യോഗങ്ങൾ നടത്തി സാധാരണക്കാരുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് സഹകരണത്തോടെ ഒന്നിച്ചിരുന്ന് പരിഹരിക്കുന്നു.

ഗ്രാമസഭയാണ് വികസന പദ്ധതികൾ പ്രചരിപ്പിക്കാനുള്ള അടിസ്ഥാനതലം. ഗ്രാമങ്ങളിലെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ജനങ്ങളും തെരഞ്ഞെടുക്കപ്പെട്ട നേതാക്കളും ചർച്ചകളും, സംവാദങ്ങളും ഗ്രാമസഭയിൽ നടത്തുന്നു. വിശ്വാസങ്ങളും താല്പര്യങ്ങളും പ്രവർത്തനങ്ങളുടെ പ്രസക്തിയും ഒരു സ്ഥാപനമെന്ന നിലയിൽ ഗ്രാമസഭക്ക് നിർണായകമാണ്. ഗ്രാമസഭയുടെ യോഗത്തിൽ അധ്യക്ഷം വഹിക്കുന്നത് പഞ്ചായത്ത് പ്രസിഡന്റാണ് (അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ്). ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭയുടെ സെക്രട്ടറിയാണ്. ഗ്രാമപ്പഞ്ചായത്തിന്റെ മുമ്പിൽ വെച്ച് ഗ്രാമസഭയുടെ തീരുമാനങ്ങൾ അടിസ്ഥാനമാക്കിയുള്ളള തുടർ നടപടി ഇദ്ദേഹം ആവിഷ്കരിക്കുന്നു. ആ വാർഡിലെ ഗ്രാമപഞ്ചായത്ത് പ്രതിനിധിയാണ് ഗ്രാമസഭയുടെ കൺവീനർ.

## ന്യായപഞ്ചായത്ത്

ഇന്ത്യൻ ഗ്രാമങ്ങളിൽ നിലനിന്നിരുന്ന ഒരു തർക്കപരിഹാരസംവിധാനമായിരുന്നു ന്യായപ്പഞ്ചായത്ത്. സ്വാഭാവികനീതിയിലധിഷ്ഠിതവും ലളിതമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമായ ഒരു സംവിധാനമായിരുന്നു അത്. സിവിൽ കേസുകളും ചെറിയ ക്രിമിനൽകേസുകളും ന്യായപ്പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്നു. പക്ഷേ അതൊരിക്കലും സിവിൽ ക്രിമിനൽ ചട്ടങ്ങൾ പൂർണമായി പിൻതുടരാറില്ലായിരുന്നു.

ആദ്യകാല ന്യായപ്പഞ്ചായത്ത് 1888 ലെ ഗ്രാമീണ കോടതി നിയമമനുസരിച്ച് ഗ്രാമീണ കോടതികളാണ്. ഒരു ഗ്രാമത്തിലെ വളരെ ചെറിയ സിവിൽ-ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന്, 1909 ലെ വികേന്ദ്രീകരണത്തിനുള്ള റോയൽ കമ്മീഷൻ ന്യായപ്പഞ്ചായത്തിനെ നിർദേശം ചെയ്തു.

1915 മെയ് മാസത്തിൽ ഇന്ത്യാഗവൺമെന്റ് പാസാക്കിയ നിയമത്തിൽ ന്യായപ്പഞ്ചായത്തുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരം നൽകി. 1920 ൽ ബോംബെ ഗ്രാമപ്പഞ്ചായത്ത് നിയമം പാസാക്കി. ഇത് ധാരാളം പഞ്ചായത്ത് അദാലത്തുകളുടെ രൂപീകരണത്തിലേക്ക് വഴിതെളിയിച്ചു. പഞ്ചായത്തുകൾക്ക് നീതിന്യായാധികാരം നൽകുന്നതിന് നിയമനിർമാണകൗൺസിലിന്റെ സെലക്ട് കമ്മിറ്റി എതിർത്തു. ബോംബെ ഗ്രാമപ്പഞ്ചായത്ത് നിയമം അനുസരിച്ച് 1933ൽ ബോംബെയിൽ ജനപ്രതിനിധികളെയും, പുറമെയുള്ളവരെയും ഉൾപ്പെടുത്തി ഒരു ഗ്രാമബെഞ്ച് സ്ഥാപിച്ചു. സ്വാതന്ത്ര്യാനന്തരം ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലും നിർദ്ദേശകതത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാപരമായ ന്യായപ്പഞ്ചായത്ത് രൂപംകൊണ്ടു. ഗ്രാമപ്പഞ്ചായത്ത്, ന്യായപ്പഞ്ചായത്ത് എന്നീ രണ്ടു സംവിധാനങ്ങളായി നീതിന്യായവ്യവസ്ഥയും കാര്യനിർവഹണവ്യവസ്ഥയും തമ്മിൽ വേർതിരിഞ്ഞ് നിലനിന്നിരുന്നു.

## പഞ്ചായത്തീരാജ് കേരളത്തിൽ

73-ാം ഭരണഘടനാഭേദഗതിക്ക് ശേഷം മാത്രമാണ് കേരളത്തിൽ ത്രിതലപഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നത്. വ്യക്തമായ അധികാരത്തോടു കൂടിയുള്ള ഗ്രാമപ്പഞ്ചായത്തുകൾ കാലങ്ങളോളം കേരളത്തിൽ നിലനിന്നിരുന്നു. ഇത്തരം പഞ്ചായത്തുകളുടെ ഭരണത്തിന് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ മറ്റ് മുഴുവൻ സമയ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. 1991 ലെ ജില്ലാകൗൺസിലുകളുടെ രൂപീകരണത്തോടെ ജില്ലാതലത്തിലുള്ള എല്ലാ അധികാരങ്ങളും വികസന പ്രവർത്തനങ്ങളും ഗ്രാമ-നഗര വ്യത്യാസമില്ലാതെ നടത്താൻ കഴിഞ്ഞു. പക്ഷെ ജില്ലാകൗൺസിലുകൾക്ക് നിലനില്പുണ്ടായില്ല.

1994 ഏപ്രിൽ 23 നാണ് കേരളാ പഞ്ചായത്തീരാജ് നിയമം പാസാക്കിയത്. 1979 ലെ ജില്ലാഭരണനിയമവും 1960ലെ കേരളാ പഞ്ചായത്തീരാജ് നിയമവും ഏകോപിപ്പിച്ച് 73-ാം ഭരണഘടനാഭേദഗതിയിലെ വ്യവസ്ഥകളും ഉൾക്കൊള്ളിച്ചാണ് നിയമം നിർമിച്ചത്. 1995 സെപ്തംബറിൽ പുതിയ നിയമമനുസരിച്ച് കേരളത്തിൽ പഞ്ചായത്തീരാജ് തെരഞ്ഞെടുപ്പ് നടന്നു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ പിന്നീടങ്ങോട്ട് തുടർന്നു. 2015 ലെ കണക്കനുസരിച്ച് കേരളത്തിൽ 14 ജില്ലാപഞ്ചായത്തുകളും, 152 ബ്ലോക്ക് പഞ്ചായത്തുകളും, 991 ഗ്രാമപ്പഞ്ചായത്തുകളും നിലവിലുണ്ട്.

### നമുക്കു ചെയ്യാം



*നിങ്ങളുടെ പ്രദേശത്തെ ഗ്രാമപ്പഞ്ചായത്ത് സന്ദർശിച്ച് അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക*

## സെൻ കമ്മിറ്റി റിപ്പോർട്ട് (1996)

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അധികാരവികേന്ദ്രീകരണം ഫലവത്തായി നടപ്പിലാക്കാൻ വേണ്ടി നിർദേശങ്ങൾ സമർപ്പിക്കാൻ കേരളാഗവൺമെന്റ് ഡോ.എസ്. ബി.സെൻ അധ്യക്ഷനായ കമ്മിറ്റിയെ ചുമതലപ്പെടുത്തി. 1997 മുതൽ കേരളത്തിൽ നടപ്പിലാക്കിയ പുതിയ വികേന്ദ്രീകൃത പദ്ധതികൾക്കും മറ്റു പല നവീകരണപരിശ്രമങ്ങൾക്കും കമ്മിറ്റിയുടെ നിർദേശങ്ങൾ പ്രേരകമായി.

**നമുക്കു അറിയാം**

*അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സെൻകമ്മറ്റി പ്രധാനമായും ശ്രദ്ധിച്ചത് വികേന്ദ്രീകരണത്തിലെ നിർണായകമായ പ്രശ്നങ്ങളെക്കുറിച്ചാണ്. വികേന്ദ്രീകരണത്തിന്റെ ആശയങ്ങളും ദൈനംദിന ഭരണവും തമ്മിൽ ഒരു സന്തുലനം നിലനിർത്തുന്നതിനാണ് കമ്മിറ്റി ശ്രദ്ധിച്ചത്. യഥാർഥസ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് രാജ്യത്ത് സ്ഥിരവികസനം സാധ്യമാക്കാനും പ്രാദേശിക സ്വയം ഭരണത്തെ സുസ്ഥിരമായി നിലനിർത്താനാകുന്ന സംവിധാനങ്ങൾ രൂപപ്പെടുത്താനും മുൻകാലങ്ങളിലുള്ളതുപോലെ വികേന്ദ്രീകൃത ഭരണം അപകടത്തിലാകാതിരിക്കാനുള്ള ശ്രമങ്ങളുമാണ് കമ്മിറ്റി ചെയ്തത്.*

## ജനകീയാസൂത്രണം



73,74 ഭരണഘടനാ ഭേദഗതി മുന്നോട്ടു വെച്ച ലക്ഷ്യങ്ങളിലൊന്നായ വികേന്ദ്രീകൃത ജനാധിപത്യത്തന്റെ ഭാഗമായി കേരളത്തിൽ ജനകീയാസൂത്രണം നടപ്പിലാക്കി. ശ്രീ. ഇ. കെ നായനാരുടെ നേതൃത്വത്തിലുള്ള കേരളാഗവൺമെന്റ് ഒമ്പതാം പഞ്ചവത്സര പദ്ധതി “ജനകീയ പദ്ധതി”യായി നടപ്പിലാക്കാൻ തീരുമാനിച്ചു. പദ്ധതികൾ രൂപീകരിക്കാനും നടപ്പിലാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകി. ജനകീയാസൂത്രണ പദ്ധതി 1996 ആഗസ്ത് 17 ന് ആരംഭിച്ചു. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ ജനകീയ പങ്കാളിത്തം ഉറപ്പുനൽകിയാണ് ഇതിനാരംഭം കുറിച്ചത്. സംസ്ഥാന പദ്ധതി ഫണ്ടിന്റെ 35 മുതൽ 40 ശതമാനം വരെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറാനുള്ള തീരുമാനവും സർക്കാർ കൈക്കൊണ്ടു.

### ജനകീയാസൂത്രണ പദ്ധതിയുടെ ഘടകങ്ങൾ

- **ഗ്രാമസഭ :** ഗ്രാമപ്പഞ്ചായത്തിലെ വാർഡുതലസമിതിയായ ഗ്രാമസഭയുടെ അധ്യക്ഷൻ പഞ്ചായത്തുപ്രസിഡന്റാണ്. ഗ്രാമസഭയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നു. വാർഡിലെ വോട്ടർമാരുടെ പത്തുശതമാനമെങ്കിലും പങ്കെടുത്താലേ ഗ്രാമസഭ നടക്കൂ. ഗ്രാമസഭയിൽ പഞ്ചായത്ത് ഉദ്യോഗസ്ഥരും പങ്കെടു

ക്കണം. ബ്ലോക്കുതല യോഗങ്ങളിൽ അതതു പ്രദേശത്തെ ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാരും, ബ്ലോക്ക് സമിതി അംഗങ്ങളും പങ്കെടുക്കുന്നതാണ്. ജില്ലാപ ഞ്ചായത്ത് യോഗത്തിൽ അതതു ജില്ലയിലെ ഗ്രാമപ്പഞ്ചായത്ത് അധ്യക്ഷൻമാ രും, ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റുമാരും, ജില്ലാപഞ്ചായത്തംഗങ്ങളും പങ്കെ ടുത്ത് പദ്ധതികൾ ആസൂത്രണം ചെയ്യണം.

- **അയൽക്കൂട്ടം (NHG)** : ഗ്രാമസഭയുടെ സഹായ ഗ്രൂപ്പായി പ്രവർത്തിക്കുന്ന H¶ mW vA b Â ¡ qkw 20 മുതൽ 25 വരെയുള്ള വനിതകളുടെ ഇടയിൽ സ്വയം സഹായ സംഘങ്ങളായി ഇവ രൂപപ്പെടുത്തുന്നു. ചെറുകിട സംരഭങ്ങളും, ചെറിയ സാമ്പത്തിക ഇടപാടുകളും നടത്തി സ്ത്രീകളുടെ നന്മയ്ക്കായി പ്രവർത്തിക്കു കയാണ് സ്വയം സഹായ സംഘങ്ങളുടെ ലക്ഷ്യം.
- **റിസോഴ്സ് പേഴ്സൺ:** ജനകീയാസൂത്രണത്തിന് നേതൃത്വം നൽകുന്നതി നായി വിവിധ തലങ്ങളിൽ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഏറ്റവും താഴെത്തട്ടിലുള്ളത് ഗ്രാമതലത്തിലുള്ള റിസോഴ്സ് പേഴ്സണാണ്. ഇത്തരം റിസോഴ്സ് പേഴ്സൺമാരാണ് വികസന പദ്ധതികളെപറ്റി പ്രചാരണം നടത്തുന്നതും പരിശീലനം കൊടുക്കുന്നതും. KILA എന്ന സ്ഥാപനമാണ് ഇവർക്ക് പരിശീലനം നൽകുന്നത്.
- **വികസന സെമിനാർ:** ഗ്രാമസഭകളുടെ നിർദേശ പ്രകാരം വർഷത്തിൽ ഒരു ദിവസം വിദഗ്ധർ ജനപ്രതിനിധികൾ മറ്റ് തെരഞ്ഞെടുക്കപ്പെട്ടവർ, ഗ്രാമസഭ നിർദേശിക്കുന്ന വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തിയാണ് വികസനസെമി നാർ സംഘടിപ്പിക്കുന്നത്. കർമ സേനയുടെയും, തെരഞ്ഞെടുക്കപ്പെട്ട അംഗ ങ്ങളുടെയും സാന്നിധ്യത്തിൽ വികസനത്തെക്കുറിച്ച് ചർച്ചചെയ്ത് മുൻഗണനാ ക്രമമനുസരിച്ച് കരട് തയ്യാറാക്കുന്നു.
- **കർമസേന:** വർക്കിംഗ് ഗ്രൂപ്പ് എന്നപേരിൽ ജനകീയാസൂത്രണവുമായി ബന്ധ പ്പെട്ട് പ്രവർത്തിക്കുന്ന ഒരു ഗ്രൂപ്പാണിത്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് തലങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. ഗ്രാമസഭയുടെയും, വികസന സെമി നാറിന്റെയും നിർദേശങ്ങളും ആവശ്യങ്ങളും സാങ്കേതികമായി സ്വീകാര്യമായ പദ്ധതികളും ഇവർ കൈകാര്യം ചെയ്യുന്നു. ഓരോ പ്രാദേശിക ഘടകത്തിലും വിവിധ തലത്തിൽ പ്രവർത്തിക്കുന്ന എട്ടു മുതൽ 12 വരെ അംഗങ്ങളുള്ള കർമ സേന/വർക്കിംഗ് ഗ്രൂപ്പ് ഉണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിനും തെരഞ്ഞെടുക്കപ്പെട്ട അംഗമാണ് കർമ്മസേനയുടെ തലവൻ. ഇതു വിളിച്ചു കൂട്ടുന്നത് പ്രത്യേകം നിശ്ചയിക്കപ്പെട്ടിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥനാണ്.
- **കമ്മിറ്റി സമ്പ്രദായം:** എല്ലാ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്കും വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഉണ്ട്. ഇവയെ സ്റ്റിയ റിംഗ് കമ്മറ്റികൾ നിയന്ത്രിക്കുന്നു. ഇതിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പഞ്ചായത്തിലെ മറ്റു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻമാർ എന്നിവർ ഉൾപ്പെ ടുന്നു. ഇവർക്ക് മറ്റു കാര്യങ്ങൾ നോക്കാൻ സബ് കമ്മറ്റികൾ ഉണ്ടാക്കാം. തൊട്ട

ടുത്ത പഞ്ചായത്തു സ്ഥാപനങ്ങളുമായി പങ്കാളിത്തം സ്ഥാപിച്ച് ഒരുമിച്ച് പ്രവർത്തിക്കാനും ഇവയ്ക്കധികാരം ഉണ്ട്.

- **വിദഗ്ധസമിതി:** സർക്കാർ ഏജൻസികൾക്ക് പുറത്തുള്ള വിദഗ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ട് ബ്ലോക്ക്-ജില്ലാ തലങ്ങളിൽ ഒരു വിദഗ്ധസമിതി ഉണ്ടായിരിക്കും. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് സാങ്കേതികോപദേശം നൽകുക, തയ്യാറാക്കിയ പ്രോജക്ടുകൾ(പദ്ധതികൾ) സാങ്കേതികയുക്തമാക്കുക, പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കുക എന്നീ മൂന്ന് ഉത്തരവാദിത്തങ്ങളാണ് വിദഗ്ധസമിതിക്ക് നിശ്ചയിച്ചിരിക്കുന്നത്.
- **ജില്ലാ ആസൂത്രണസമിതി:** ജില്ലയിലെ എല്ലാ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെയും പദ്ധതികൾ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതും അവയ്ക്ക് ഔദ്യോഗികാംഗീകാരം നല്കേണ്ടതുമാണ്. ജില്ലാആസൂത്രണസമിതിക്കോ,വിദഗ്ധ സമിതിക്കോ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നിശ്ചയിച്ചിരിക്കുന്ന മുൻഗണനാക്രമം മാറ്റിമറിക്കാൻ അധികാരമില്ല. എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക മാത്രം ചെയ്യാം.
- **സംസ്ഥാനതല സംഘാടകർ:** വിവിധതലങ്ങളിലുള്ള തദ്ദേശസ്ഥാപനങ്ങളിലെ വികേന്ദ്രീകൃതപദ്ധതികൾക്ക് സഹായങ്ങൾ നൽകാനും, അതിന്റെ പുരോഗതി നിരീക്ഷിക്കാനും, ഏകോപിപ്പിക്കാനും മേലേത്തട്ടിൽ നടത്തുന്ന ജില്ലാ പഞ്ചായത്ത് പദ്ധതി പരിശോധിക്കാനും ഒരു സംസ്ഥാന വിദഗ്ധസമിതിയും ഉണ്ട്.
- **സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുക എന്നതിലുപരി വാർഡുകൾ വിഭജിക്കുക, അയോഗ്യത കല്പിക്കുക തുടങ്ങിയ ചുമതലയും തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്.
- **സംസ്ഥാന ധനകാര്യ കമ്മീഷൻ:** സംസ്ഥാനത്തെ ആദ്യ ധനകാര്യകമ്മീഷനെ നിയമിച്ചത് 1994ലും രണ്ടാമത്തേത്1999 ലും ആയിരുന്നു. 1996 ലാണ് ധനകാര്യകമ്മീഷൻ ആദ്യറിപ്പോർട്ട് സമർപ്പിച്ചത്. പദ്ധതി ഫണ്ടുകൾ വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക സമ്പ്രദായം ധനകാര്യക്കമ്മീഷൻ നടപ്പിലാക്കി. സംസ്ഥാന പ്ലാനിംഗ് ബോർഡ് വർക്കിംഗ് ഗ്രൂപ്പുകളെ രൂപപ്പെടുത്തി. മൂന്നാമത്തെയും നാലാമത്തെയും ധനകാര്യക്കമ്മീഷനുകളും അവരുടെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു. സമർപ്പിച്ച എല്ലാ ശുപാർശകളും ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.
- **ഓംബുഡ്സ്മാൻ :** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളിൽ അഴിമതി നടന്നാൽ അവയെപ്പറ്റി പരാതി നല്കാനുള്ള നീതിന്യായാധികാരമുള്ള ഉന്നതാധികാര സ്ഥാപനമാണ് ഓംബുഡ്സ്മാൻ.

## ഗാന്ധിജിയും നിലവിലെ പഞ്ചായത്തീരാജ് സംവിധാനവും

ഗ്രാമസ്വരാജിന്റെയും, പഞ്ചായത്തീരാജിന്റെയും അധികാരവികേന്ദ്രീകരണത്തിന്റെയും ആവിഷ്കർത്താക്കളിൽ ഒന്നാമത് നിൽക്കുന്ന പേര് ഗാന്ധിജിയുടേതാണ്. നഗര പ്രാദേശിക ഗവൺമെന്റുകളിൽ ഗാന്ധിജിക്ക് താല്പര്യമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ

കാഴ്ചപ്പാട് പ്രാദേശികാധികാരം തെരഞ്ഞെടുക്കപ്പെട്ട അഞ്ചുപേർ ജനങ്ങൾക്ക് വേണ്ടി നടത്തണം എന്നതായിരുന്നു.ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവർ ആറ് മാസത്തിനകം തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നല്ല നിലയിൽ നിറവേറ്റുന്നില്ലെങ്കിൽ ജനങ്ങൾക്ക് അവരെ തിരിച്ച് വിളിക്കാനും മറ്റൊരു അഞ്ചുപേരെ തെരഞ്ഞടുക്കാനും കഴിയണമെന്നു ഗാന്ധിജി നിർദേശിച്ചു. അദ്ദേഹത്തിന്റെ ചിന്തയിൽ ഗ്രാമസഭയിൽ തീരുമാനം എടുക്കുന്നത് ഐകകണ്ഠ്യേന ആയിരിക്കണം. അല്ലാത്ത തീരുമാനങ്ങൾ ഗ്രാമസഭയെ ദുർബലപ്പെടുത്തുമെന്നും അദ്ദേഹം കരുതി.

അധികാരം വികേന്ദ്രീകരിക്കേണ്ടത് താഴെ നിന്നും മുകളിലോട്ടാണെന്നാണ് ഗാന്ധിജിയുടെ ഭാഷ്യം. മുകളിൽ നിന്നും താഴേക്കു വരുന്ന അധികാരങ്ങൾ പഞ്ചായത്തുകൾ കൈകാര്യം ചെയ്യരുത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലുള്ള പഞ്ചായത്ത് വ്യവസായരഹിത മാതൃകാവികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. ഇത് ഇന്നത്തെ വികസന പ്രക്രിയയിൽ നിന്നും വ്യത്യസ്തമാണ്. ഗാന്ധിജിയുടെ പഞ്ചായത്തീരാജ് എന്നത് തർക്കപരിഹാരങ്ങൾ അടക്കം തീർക്കാനുള്ള അധികാരങ്ങളുള്ള ഒന്നാണ്. യുവജനങ്ങളുടെ മികച്ച പങ്കാളിത്തവും അദ്ദേഹം പഞ്ചായത്തുകളിൽ ആഗ്രഹിച്ചു. രാഷ്ട്രീയാടിസ്ഥാനത്തിൽ അല്ലെങ്കിൽ കക്ഷിരാഷ്ട്രീയത്തിലൂടെ പഞ്ചായത്തുഭരണ സമതികൾ രൂപീകരിക്കുന്നതിനോട് തനിക്കുള്ള എതിർപ്പ് അദ്ദേഹം വ്യക്തമാക്കിയിരുന്നു.

## സംഗ്രഹം

പൗരാണിക ഭാരതത്തിൽ ഗ്രാമത്തലവൻമാർ ഉൾപ്പെട്ട ഗ്രാമീണ കൗൺസിൽ നിലനിന്നിരുന്നു. ഗ്രാമസംഘങ്ങൾ ആല്ലെങ്കിൽ പഞ്ചായത്ത് ഭരണ നീതിന്യായ പ്രവർത്തനങ്ങൾ നടത്തി. ഗ്രാമസഭയായിരുന്നു ഭരണത്തിന്റെ അടിസ്ഥാനഘടകം. ഗ്രാമങ്ങളുടെ സമ്പൽസമൃദ്ധിയെ ആശ്രയിച്ചാണ് രാജ്യത്തിന്റെയും സമൃദ്ധി. പഞ്ചായത്ത് എന്ന പദം "പഞ്ച" എന്ന സംസ്കൃത വാക്കിൽ നിന്നാണ് ഉദ്ഭവിച്ചത്. അതിന്റെയർഥം അഞ്ച് എന്നാണ്. അതുകൊണ്ട് പഞ്ചായത്തെന്നാൽ അഞ്ചു പേരടങ്ങുന്ന ഭരണകൂടം എന്നാണ്. ഗ്രാമീണ ജീവിതത്തിന്റെ ഇന്ദ്രിയങ്ങളായി പഞ്ചായത്തുകളെ കണക്കാക്കാം. പ്രാദേശിക ഗവൺമെന്റുകളുടെ വികസനത്തിന് റിപ്പൺ പ്രഭു നല്കിയ സംഭാവന നിസ്തുലമാണ്. 1882 മെയ് 18 ലെ ചരിത്ര പ്രധാനമായ ഒരു ഗവൺമെന്റ് തീരുമാനമായിരുന്നു പ്രാദേശിക ഗവൺമെന്റിന്റെ ഉദയം. "പ്രാദേശിക ഇന്ത്യൻ ജനാധിപത്യത്തിന്റെ മാഗ്നാകാർട്ട" എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. 1907-ലെ വികേന്ദ്രീകരണത്തെക്കുറിച്ചുള്ള റോയൽ കമ്മീഷൻ ഗ്രാമീണ തദ്ദേശ ഗവൺമെന്റുകൾക്ക് രൂപം നല്കുന്ന ഒരു സംവിധാനം വികസിപ്പിച്ചു. ഇന്ത്യയിലെ ജനങ്ങൾക്ക് കൂടുതൽ അവകാശം നല്കാൻ ഗവൺമെന്റ് സാധ്യമായത് ചെയ്തു. ഭരണഘടനാപരമായ പരിഷ്കാരങ്ങൾ നടത്താൻ 1909 ൽ മിൻടോ പ്രഭു മുൻകൈയെടുത്തു. ഇതു പൊതുവെ മിൻടോ-മോർളി പരിഷ്കാരം എന്നറിയപ്പെടുന്നു. 1919 ലെ മൊണ്ടേഗു-ചെംസ്ഫോർഡ് ഭരണ പരിഷ്കാരങ്ങൾ പ്രാദേശിക ഗവൺമെന്റുകൾക്ക് പുത്രികാരാജ്യ പദവി നല്കി. ബ്രിട്ടീഷിന്ത്യയിലെ പഞ്ചായത്തുകളുടെ പരിണാമത്തിന്റെ മറ്റൊരു നാഴികക്കല്ലാണ് 1935ലെ ഇന്ത്യാ ഗവൺമെന്റ് നിയമം. ഗാന്ധിയൻ കാഴ്ചപ്പാടിലുള്ള പഞ്ചായത്തീരാജ് സങ്കല്പിക്കുന്നത് അധികാരം താഴെത്തട്ടിലേക്കെന്നാണ്. അദ്ദേഹത്തിന്റെ ദർശനത്തിൽ ഗ്രാമങ്ങൾ പൂർണമായി സ്വതന്ത്രവും സ്വയം പര്യാപ്തവുമാണ്.

സ്വതന്ത്ര ഇന്ത്യയിലെ ജനാധിപത്യവികേന്ദ്രീകരണ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ 1957 ൽ നിയമിച്ച ആദ്യത്തെ കമ്മറ്റിയാണ് ബൽവന്ത്റായ് മേത്ത കമ്മറ്റി. 1977 ലെ മൊറാർജി ദേശായി ഗവൺമെന്റ് നിയമിച്ച കമ്മീഷനാണ് അശോക് മേത്ത കമ്മിറ്റി. ഭരണഘടനാപരമായ സംരക്ഷണം പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നല്കി. എല്ലാതലത്തിലും വികേന്ദ്രീകരണത്തിന് കമ്മിറ്റി നിർദേശിച്ചു. 1991 സപ്തംബറിൽ പുതിയ ഒരു പഞ്ചായത്തീരാജ് ബിൽ പി.വി. നരസിംഹറാവു പ്രധാനമന്ത്രിയായപ്പോൾ കൊണ്ടുവന്നു. 1992 ൽ ചെറിയ തിരുത്തലുകളോടെ 73ാം ഭരണഘടനാ ഭേദഗതി പാസാക്കി. 1993 ഏപ്രിൽ 24ന്

പ്രാബല്യത്തിൽ വന്നു. 73ാം ഭരണ ഘടനാ ഭേദഗതിയോടെ എല്ലാ സംസ്ഥാനങ്ങളിലും ഗ്രാമസഭ നിലവിൽ വന്നു. കേരളത്തിലെ പഞ്ചായത്തീരാജ് നിയമം കേരള നിയമസഭ 1994 ഏപ്രിൽ 23 ന് പാസാക്കി. 73-74 ഭരണഘടനാ ഭേദഗതികളെ അധികരിച്ച് സ്ഥാപനവത്കരണം വിവിധതലങ്ങളിൽ കേരളത്തിൽ മുന്നേറ്റം വരിച്ചു.

എനിക്ക് കഴിയും



| | പൂർണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| പുരാതന ഇന്ത്യയിലെ ഗ്രാമഭരണം വിലയിരുത്തുന്നു | | | |
| ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ പഞ്ചായത്തീരാജ് ഭരണ സംവിധാനം എങ്ങനെയെന്ന് വിലയിരുത്തുന്നു. | | | |
| ഗാന്ധിജിയുടെ കാഴ്ചപാടിലുള്ള പഞ്ചായത്തീരാജ് സംവിധാനം എങ്ങനെയെന്ന് തിരിച്ചറിയുന്നു. | | | |
| സ്വാതന്ത്ര്യനന്തരം ഇന്ത്യയിലെ പഞ്ചായത്തീരാജ് വികസന ഘട്ടങ്ങൾ വിശകലനം ചെയ്യുന്നു. | | | |
| 73-ാം ഭരണഘടനാ ഭേദഗതിയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു. | | | |
| ഗ്രാമസഭയുടെ പ്രാധാന്യത്തെപറ്റി വിശദീകരിക്കുന്നു. | | | |
| ന്യായപഞ്ചായത്തിനെ വിശകലനം ചെയ്യുന്നു. | | | |
| കേരളത്തിലെ പഞ്ചായത്തീരാജിന്റെ പ്രവർത്തനം എപ്രകാരമെന്ന് അറിയുന്നു. | | | |
| കേരളത്തിലെ ജനകീയാസൂത്രണ പരിപാടി മൂല്യനിർണ്ണയം ചെയ്യുന്നു. | | | |

## മാതൃകാചോദ്യങ്ങൾ

- പ്രാചീന ഭാരതത്തിലെ ഗ്രാമഭരണത്തെ ആസ്പദമാക്കി ഒരു ചെറുകുറിപ്പ് തയ്യാറാക്കുക.
- ബ്രിട്ടീഷ് ഭരണകാലഘട്ടത്തിലെ പഞ്ചായത്തീരാജ് സംവിധാനത്തെപറ്റി പ്രതിപാദിക്കുക
- ഗാന്ധിയൻ വീക്ഷണത്തിലുള്ള പഞ്ചായത്തീരാജിനെക്കുറിച്ച് വിശദമാക്കുക.
- ഗ്രാമസഭയുടെ പ്രാധാന്യത്തെ വിശകലനം ചെയ്യുക.
- കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തെപ്പറ്റി പഠിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.

## Reference


*Village Swaraj - M.K. Gandhi, (Compiled by R.K. Prabhu), Navajivan Publishing House*

*Panchayat Raj - M.K. Gandhi (Compiled by R.K. Prabhu), Navajivan Publishing House*

*Text book of Rural Development - Sagar Mondal and G.L. Ray, Kalyani Publishers*

*Panchyat Raj In India - M.G. Krishnan, Mittal Publications*

*Panchayati Raj Institutions - B.S. Bhargava, Ashish Publishing House*

# 07 ഗാന്ധിജിയുടെ വികസന കാഴ്ചപ്പാടുകൾ



## ഉള്ളടക്കം


വികസനം

വികസനത്തിന്റെ അളവുകോലുകൾ

സാമൂഹിക വികസനം

വികസന പ്രതിസന്ധി

സുസ്ഥിര വികസനം

സമഗ്ര വികസനം


M6W5V5

## പഠനനേട്ടങ്ങൾ

- വികസനം എന്ന ആശയത്തിന്റെ വിശദീകരണം സാധ്യമാകുന്നു
- വികസനത്തിന്റെ വിവിധ തലങ്ങൾ തരംതിരിക്കാനുള്ള ശേഷി നേടുന്നു
- വികസന പ്രതിസന്ധിയെ വിശകലനം ചെയ്യാൻ കഴിയുന്നു
- വികസന അളവുകോലുകളുടെ വിലയിരുത്തൽ സാധ്യമാകുന്നു
- ബദൽ വികസനമാതൃകകളെ വിലയിരുത്തുവാൻ കഴിയുന്നു.

വികസനം എന്ന പദം നിങ്ങൾ മുമ്പ് കേട്ടിട്ടും പരിചയപ്പെട്ടിട്ടുമുണ്ടോ?

വികസനത്തിന്റെ ഏതെങ്കിലും വിശേഷഗുണങ്ങൾ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ?

മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ പുതിയൊരു തലം സൃഷ്ടിച്ചെടുക്കുന്ന സവിശേഷസംഭവം എന്ന് വികസനം എന്ന പ്രക്രിയയെ നമുക്ക് നിർവചിക്കാം. മറ്റൊരർഥത്തിൽ ഗുണപരമോ, അനുഗുണമായതോ ആയ മാറ്റങ്ങളെന്നും നമുക്ക് പറയാം. ഒരു സമൂഹത്തെയോ, സാമൂഹിക സാമ്പത്തികക്രമത്തെയോ അടിസ്ഥാനപ്പെടുത്തി വിശദീകരിക്കുമ്പോൾ വികസനം എന്നതിന് അഭിവൃദ്ധി എന്നാണ് അർഥം. അധികാരകേന്ദ്രങ്ങളുടെയോ അല്ലെങ്കിൽ ഒരു വ്യക്തിയുടെയോ ബോധപൂർവമായ പ്രവൃത്തികളാണ് വികസനത്തിന് വഴിയൊരുക്കുക. ബഹുമുഖതലങ്ങളുള്ള ഒന്നാണ് വികസനസങ്കല്പം.

വികസനത്തെ ആരോഗ്യം, പാർപ്പിടം, പോഷകാഹാരലഭ്യത, വാർത്താവിനിമയം, ഗതാഗതം എന്നീ മേഖലകളിൽ കൈവരിക്കുന്ന പുരോഗതിയായി നമുക്ക് കാണാവുന്നതാണ്. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളും പ്രത്യക്ഷവും ഘടനാപരവുമായ മാറ്റങ്ങളും അടങ്ങുന്ന സമൂഹത്തിന്റെ മൊത്തത്തിലുള്ള പരിവർത്തനമാണ് വികസനം. ഇതിനു പുറമേ, സമൂഹത്തിൽ നിലനിൽക്കുന്ന മൂല്യവ്യവസ്ഥകളിലും ജനങ്ങളുടെ ജീവിത ശൈലിയിലും ഇതു മാറ്റങ്ങൾ കൊണ്ടുവരുന്നു.

**നമുക്ക് അറിയാം**



*ഒരു രാജ്യത്തെ പൗരൻമാർക്ക് സംതൃപ്തമായ ജീവിതം നയിക്കുന്നതിനാവശ്യമായ സാഹചര്യങ്ങളുടെ നിർമാണപ്രക്രിയ എന്ന് നമുക്ക് വികസനം എന്ന ആശയത്തെ നിർവചിക്കാം.*

## സാമ്പത്തികവികസനം ( Economic Development)

പരമ്പരാഗതമായി വികസനത്തിന്റെ ആദ്യരൂപമായി കണക്കാക്കുന്നത് സാമ്പത്തിക വികസനത്തെയാണ്. സാമ്പത്തികവളർച്ച എന്ന ആശയവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. സാമ്പദ്യവ്യവസ്ഥയിലെ പ്രതിശീർഷ വരുമാനത്തിന്റെ വളർച്ചയെ സാമ്പത്തിക വികസനമെന്ന് നമുക്ക് നിർവചിക്കാം.

## മാനവികവികസനം ( Human Development)

ഒരു വ്യക്തിയുടെ സുസ്ഥിതിയെയും സമൂഹവുമായുള്ള ബന്ധത്തെയും ബാധിക്കുന്ന വിവിധ ഘടകങ്ങളിൻ മേലുള്ള പുരോഗതിയിൽ ശ്രദ്ധയൂന്നുന്നതായ വികസനമാണ് മാനവിക വികസനം എന്ന ആശയത്തിൽ ഉൾപ്പെടുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, അർഹത, കഴിവുകൾ, ശാക്തീകരണം എന്നിങ്ങനെ വ്യക്തിയും സമൂഹവും തമ്മിൽ ബന്ധപ്പെടുന്ന ഘടകങ്ങളുടെ മനുഷ്യകേന്ദ്രീകൃതമായ വികസനം എന്നും മാനവിക വികസനത്തെ നമുക്ക് വിശേഷിപ്പിക്കാം.

### സുസ്ഥിരവികസനം/നിലനിൽക്കാവുന്ന വികസനം (Sustainable Development)

ദീർഘകാലം നിലനിൽക്കുന്ന സാമൂഹിക സാമ്പത്തിക വ്യവസ്ഥിതി കെട്ടിപ്പടുക്കുക എന്നതാണ് സുസ്ഥിരവികസനം അർഥമാക്കുന്നത്. ഇന്നത്തെ ആവശ്യങ്ങൾ നിറവേറ്റുക എന്നത് ഉറപ്പാക്കുന്നതിനൊപ്പം അവ ഭാവിതലമുറയുടെ സാധ്യതകൾക്ക് അല്ലെങ്കിൽ വികസനത്തിനു ഹാനികരമാവില്ല എന്നുറപ്പാക്കിക്കൊണ്ടുള്ള വികസനം. അതായതു വികസനം എന്നത് ഒരു വ്യവസ്ഥിതിയുടെ പരിസ്ഥിതി, സാമൂഹികം, സാമ്പത്തികം എന്നീ ഘടകങ്ങളുടെ സ്ഥായിയായ പോഷണം ഉറപ്പാക്കുന്ന ഒന്നായിരിക്കണം.

### പ്രദേശാധിഷ്ഠിത വികസനം ( Territorial Development)

ഒരു പ്രത്യേക ഭൂപ്രദേശം അതിന്റെ തനതായ സാമൂഹ്യ - സാമ്പത്തിക ഘടകങ്ങളെയും പരിസ്ഥിതിയെയും വളർത്തുകയും അതോടൊപ്പം പ്രദേശത്ത് നിലനിൽക്കുന്ന സവിശേഷ വ്യവസ്ഥകൾ വഴി പുറം ലോകവുമായുള്ള ഇടപെടലുകളിലൂടെ വളർച്ച നേടുകയും ചെയ്യുന്നതിനെയാണ് പ്രദേശാധിഷ്ഠിത വികസനം എന്നു പറയുന്നത്.

### സാമൂഹികവികസനം ( Social Development)

ഒരു സമൂഹത്തിന് തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനും ആഗ്രഹങ്ങൾക്കനുസരിച്ച് വളരാനുമുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നതാണ് സാമൂഹിക വികസനം എന്നതുകൊണ്ട് അർഥമാക്കുന്നത്. പുരോഗമനപരമായ ചിന്തകളിലൂടെയും മുന്നേറ്റങ്ങളിലൂടെയും ജനം കൈവരിക്കുന്ന ഗുണപരമായ മാറ്റങ്ങൾക്കും പ്രവൃത്തികൾക്കുമൊപ്പം സാങ്കേതികവിദ്യകളുടെ ഉപയോഗത്തിലൂടെ കൈവരിക്കുന്ന പുരോഗതിയെയാണ് സാമൂഹികവികസനം എന്ന് വിളിക്കുന്നത്.

### സാമൂഹിക – സാമ്പത്തിക വികസനം (Socio-Economic Development)

ഒരു സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തികവികസനം എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. മൊത്ത ആഭ്യന്തരരോൽപ്പാദനം (ജി.ഡി.പി), ആയുർദൈർഘ്യം, സാക്ഷരത, തൊഴിലവസരങ്ങൾ എന്നിവയാണ് ഇതിന്റെ അളവുകോലുകൾ.



ഒരു സമൂഹത്തിന്റെ സാമൂഹിക സാമ്പത്തികാവശ്യങ്ങൾ എന്തെന്നു കണ്ടെത്തി അവ കൈവരിക്കുന്നതിനായി പ്രായോഗികമായതും പൊതു താൽപര്യങ്ങൾ സംരക്ഷിക്കുന്നതും അതോടൊപ്പം ദീർഘകാലത്തെ മുന്നോട്ടുള്ള കുതിപ്പിന് അനുയോജ്യമായ മാർഗങ്ങൾ ആ സമൂഹത്തിൽനിന്നു തന്നെ കണ്ടെത്തി നടപ്പാക്കുന്നതുമാണ് സാമൂഹിക സാമ്പത്തിക വികസനം.

## ചിന്തിക്കുക പങ്കുവയ്ക്കുക

*നിങ്ങളുടെ പ്രദേശം വികസിതമോ അതോ ക്ഷയോന്മുഖമോ എന്ന് വിലയിരുത്തുക? വികസനത്തിന്റെ അടയാളങ്ങളായി പരിഗണിക്കപ്പെടുന്ന ഒഴിവാക്കാനാകാത്ത ചില ഘടകങ്ങൾ നിർദേശിക്കുക?*

## വികസനത്തിന്റെ അളവുകോലുകൾ

### മൊത്തം ആഭ്യന്തര ഉൽപ്പാദനം (Gross Domestic Product-GDP):

മൊത്തം ആഭ്യന്തരോൽപ്പാദനം അല്ലെങ്കിൽ മൊത്തം ആഭ്യന്തര വരുമാനം (ജി.ഡി.ഐ)എന്നത് ദേശീയ വരുമാനത്തിന്റെ അല്ലെങ്കിൽ ഒരു രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയുടെ മൊത്തം ഉൽപ്പാദനത്തിന്റെ അളവുകോലുകളിലൊന്നാണ്. ഒരു നിശ്ചിത പ്രദേശത്ത് നിശ്ചിത കാലയളവിൽ ഉൽപാദിപ്പിക്കപ്പെടുന്ന മൊത്തം വസ്തുക്കളുടേയും സേവനത്തിന്റെയും വിപണിമൂല്യമാണ് മൊത്തം ആഭ്യന്തരോൽപ്പാദനം എന്നു വിശേഷിപ്പിക്കുന്നത്.

### ആളോഹരിവരുമാനം ( Per Capita Income)


ഒരു രാജ്യത്തിന്റെ വാർഷികമൊത്തവരുമാനത്തെ ആകെ ജനസംഖ്യകൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന തുകക്കാണ് ആളോഹരി വരുമാനം അല്ലെങ്കിൽ പ്രതിശീർഷ വരുമാനം എന്നു പറയുന്നത്. ഓരോ പൗരനും പ്രതിവർഷം രാജ്യത്തിന്റെ വരുമാനം തുല്യമായി വീതിച്ചാൽ എത്ര വിഹിതം ലഭിക്കുമെന്നത് ഇതുകൊണ്ട് കണ്ടെത്താനാകും.

### ദേശീയവരുമാനം ( National Income)

രാജ്യത്തെ ജനങ്ങൾ ഒരു വർഷം ആർജിക്കുന്ന വരുമാനമാണ് ദേശീയ വരുമാനം. തൊഴിലാളികളും മൂലധന നിക്ഷേപങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഒരു രാജ്യത്ത് ഒരു വർഷം ഉൽപാദിപ്പിക്കപ്പെട്ട അന്തിമസാധനങ്ങളുടെയും സേവനങ്ങളുടേയും പണമൂല്യത്തെ ദേശീയ വരുമാനം എന്നു പറയുന്നു. വേതനം, ലാഭം, പലിശ, വാടക, പെൻഷൻ തുടങ്ങിയവയെല്ലാം ഇതിൽപ്പെടുന്നു.

### മനുഷ്യവികസനസൂചിക (Human Development Index - HDI)

ഒരു രാജ്യത്തിന്റെ വികസനം വിലയിരുത്തേണ്ട ഏറ്റവും ഉയർന്ന മാനദണ്ഡം അവിടുത്തെ ജനങ്ങളും അവരുടെ കഴിവുകളുമായിരിക്കണമെന്നും മറിച്ച് സാമ്പത്തിക വളർച്ചയെ അടിസ്ഥാനപ്പെടുത്തി മാത്രമല്ല വികസനം അള



ക്കേണ്ടതെന്നുമുള്ള വാദത്തിനാണ് മനുഷ്യവികസന സൂചിക ഊന്നൽ നൽകുന്നത്. ആരോഗ്യമുള്ള ആയുസേറെയുള്ള ജീവിതം, അറിവ്, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ എന്നീ മനുഷ്യവികസനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ എത്രത്തോളം കൈവരിക്കപ്പെട്ടു എന്നതിന്റെ ആകെത്തുക കൂടിയാണിത്. മനുഷ്യവികസന സൂചിക അഥവാ മാനവ വികസനസൂചിക ആയുർദൈർഘ്യം, വിദ്യാഭ്യാസം, വരുമാന പട്ടികകൾഎന്നിവ പരിഗണിച്ച് രാജ്യങ്ങൾക്ക് നാലു തരത്തിലുള്ള റാങ്കിംഗ് നൽകുന്നു. ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യാസെൻ, പാക്കിസ്ഥാനി സാമ്പത്തിക ശാസ്ത്രജ്ഞനായ മെഹബൂബ് ഉൾ ഹഖ് എന്നിവർ ചേർന്നാണ് 1990-ൽ ഈ സൂചികയ്ക്ക് രൂപം നൽകിയത്. ഐക്യരാഷ്ട്രസഭാ ഏജൻസിയായ ഐക്യരാഷ്ട്ര വികസന പദ്ധതി (യു.എൻ.ഡി.പി) ആണ് എച്ച്.ഡി.ഐ തയാറാക്കുന്നത്.

### വളർച്ചയും വികസനവും ( Growth and Development)

സാമ്പത്തിക വളർച്ച എന്നത് ജി.ഡി.പിയുടെ വളർച്ചയാണ്. ദേശീയ വരുമാനത്തിന്റെയോ അല്ലെങ്കിൽ ആകെ ഉൽപാദനത്തിന്റെയും ചെലവിന്റെയും മൂല്യം ആണ് ജി.ഡി.പിയായി നാം കണക്കാക്കുന്നത്. അടിസ്ഥാനപരമായി ഇത് ഒരു സമ്പദ്വ്യവസ്ഥയിൽ ഉൽപാദിപ്പിക്കപ്പെട്ട മുഴുവൻ സാധനസേവനങ്ങളുടെ പണമൂല്യമാണ്. എന്നാൽ സാമ്പത്തിക വികസനം എന്നത് ഇത്തരത്തിലുള്ള ഏകകങ്ങൾ കൊണ്ട് മൂല്യം അളക്കാവുന്ന ഒന്നല്ല. അതിന് കുറെക്കൂടി വലിയ സ്ഥിതിവിവരക്കണക്കുകൾ കൂടി ആവശ്യമുണ്ട്. വികസനം എന്നതു ജനങ്ങൾക്ക് അത് എങ്ങനെ അനുഭവപ്പെടുന്നു? എന്നതിനെ അടിസ്ഥാനപ്പെടുത്തി വിലയിരുത്തേണ്ടതാണ്. ജനങ്ങളുടെ യഥാർഥജീവിതനിലവാരത്തിലേക്കുള്ള അന്വേഷണമാണ് അത്.


Economic Growth

## വികസനപ്രതിസന്ധി

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സാമ്പത്തിക വികസനത്തെ മുൻനിർത്തി ലോകത്ത് നിരവധി പുതിയ സിദ്ധാന്തങ്ങളുടെയും കാഴ്ചപ്പാടുകളുടേയും മഹാപ്രവാഹമാണ് ദൃശ്യമായത്. ലോകജനതയുടെ ജീവിതനിലവാരം എങ്ങനെ മെച്ചപ്പെടുത്താം എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ ചിന്തകളെല്ലാം തന്നെ ഉയർന്നുവന്നത്. എന്നാൽ, പരിസ്ഥിതിയെ ഈ ആശയങ്ങളൊന്നും പരിഗണിച്ചില്ല. വികസനത്തെ സംബന്ധിച്ചുള്ള ഈ കാഴ്ചപ്പാടുകളെല്ലാം ശ്രദ്ധവച്ചത് പരമാവധി ഉൽപാദനം സാമ്പത്തികവളർച്ച എന്നിവ മാത്രമായിരുന്നു. വ്യാവസായിക മേഖല തന്നെയാണ് ഈ വളർച്ചയ്ക്കു ചാലകശക്തിയായത്. മികച്ച ഒരു ഭാവിക്കുവേണ്ടി

**ചിന്തിക്കുക പങ്കുവയ്ക്കുക**

*നിലവിലുള്ള വികസന മാതൃകകൾക്ക് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതിനുള്ള കാരണമെന്ത്?*



യും സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഉൽപ്പന്നങ്ങൾക്കുമായി ലോകമെമ്പാടും വൻകിടവ്യവസായങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. ചോദ്യംചെയ്യാനാവാത്ത രീതിയിലുള്ള ആധുനിക നാഗരികതയുടെ വളർച്ചയുടെ ഭാഗമായി ലോകത്തിന്റെ വിവിധ ഇടങ്ങളിൽ പരിസ്ഥിതിത്തകർച്ച ഉണ്ടാകുകയും ചെയ്തു. ഈ വികസനമാതൃകകളെല്ലാം തന്നെ ദാരിദ്ര്യം അടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഉതകുന്നതല്ല എന്ന യാഥാർഥ്യം ഇന്ന് ലോകത്തിനു ബോധ്യപ്പെട്ടു കഴിഞ്ഞു.

നിലവിലുള്ള വികസന മാതൃകകൾക്ക് പ്രതീക്ഷിക്കുന്ന ജീവിത നിലവാരം ഉറപ്പുവരുത്താനുള്ള കഴിവുണ്ടോയെന്ന ചോദ്യം ഇന്നു ജനങ്ങൾക്കിടയിൽനിന്നും ഗൗരവത്തോടെ ഉയരുകയാണ്. ആഫ്രിക്കയിലും ഏഷ്യയിലുമായി നൂറുകോടിയോളം ജനങ്ങൾ ഇന്നും കടുത്ത ദാരിദ്ര്യത്തിലാണ് കഴിയുന്നത്. പ്രകൃതി വിഭവങ്ങളുടെ വ്യാപക ചൂഷണം, വ്യാവസായിക രാജ്യങ്ങളിലെ വർധിച്ചുവരുന്ന ഉപഭോഗപരത, മലിനീകരണം അതോടൊപ്പം കുന്നുകൂടുന്ന ഗാർഹിക- വ്യാവസായിക മാലിന്യങ്ങൾ എന്നീ പ്രശ്നങ്ങൾ ഇന്നത്തെ വികസന മാതൃകയുടെ ഉൽപന്നങ്ങളാണ്. ഇതോടൊപ്പം പ്രകൃതിവിഭവ ശേഖരങ്ങളിൽ ഉണ്ടാകുന്ന ദ്രുതഗതിയിലുള്ള കുറവ് ഭൂമിയിലെ ജീവന്റെ നിലനിൽപിനെ സഹായിക്കുന്ന വ്യവസ്ഥയെ തകർച്ചയിലേക്കു നയിക്കുകയാണ്. ജനക്ഷേമം ലക്ഷ്യമാക്കുന്നതിനായി പ്രകൃതി വിഭവങ്ങളെ അമിതമായി ഉപയോഗിക്കുന്ന ആധുനിക സാമ്പത്തികശാസ്ത്ര കാഴ്ചപ്പാട് പരിസ്ഥിതിയുടെ ഗുണനിലവാരം നിലനിർത്തുക എന്ന നമ്മുടെ പ്രാഥമിക കർത്തവ്യത്തെ പരിഗണിക്കാത്തതിനാൽ ഇത് ഭൂമിയുടെ താളം തെറ്റുന്നതിലേക്ക് നയിക്കുന്ന ഒന്നായിത്തീരുന്നു.

ഇന്ന് നിലവിലുള്ളവികസനമാതൃക വലിയ തോതിൽ ഊർജോപഭോഗം ആവശ്യപ്പെടുന്നതും നിലനിൽപ്പിനായി വലിയതോതിൽ ഊർജത്തെ ആശ്രയിക്കുന്നതുമായ ഒന്നാണ്. ലോകത്തിന്റെ ഊർജാവശ്യങ്ങൾ നിറവേറ്റുന്ന കൽക്കരി, പെട്രോളിയം, ജലം എന്നിവ വളരെപ്പെട്ടെന്ന് തീർന്നുകൊണ്ടിരിക്കുന്നതിനാൽ നിരവധി രാജ്യങ്ങൾ ആണവോർജത്തെ ആശ്രയിക്കുന്ന അവസ്ഥയാണ് ഇന്നുണ്ടായിരിക്കുന്നത്. എന്നാൽ ആണവോർജത്തിന്റെ ഉപയോഗവും പ്രവർത്തനത്തിൽനിന്നുള്ള പിൻവലിക്കലും ജപ്പാനിലെ ഫുക്കുഷിമ ആണവദുരന്തത്തിനുശേഷം ലോകത്തെ ഒന്നാകെ ഇത്കണ്ഠയിലാക്കുന്ന വിഷയമായി മാറിയിരിക്കുകയാണ്.

നിരർഥകവും ഉചിതമല്ലാത്തതുമായ ഈ വികസനമാതൃകകളുടെ പരിണതഫലമായി 1970-കളിൽ ലോകത്തിൽ നിരവധി പുതിയ വികസനമാതൃകകൾ ഉയർന്നുവന്നു. ജനങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, പരിസ്ഥിതിയെപ്പറ്റിയുള്ള കരുതലുള്ള ഒരു വികസന മാതൃക രൂപപ്പെടുത്തുക എന്നീ ആശയങ്ങളാണ് ഈ വികസനമാതൃകകൾ മുന്നോട്ടുവച്ചത്. വികസനം എന്നത് ചില അടിസ്ഥാന ഘടകങ്ങളെ ആസ്പദമാക്കിയാണ് നാം വിലയിരുത്തുന്നത്. മൂലധനം, സാങ്കേതികവിദ്യ ലഭ്യമാക്കൽ,

വ്യാവസായികവൽക്കരണം, ജനസംഖ്യാനിയന്ത്രണം, ആധുനിക കൃഷി സങ്കേതങ്ങൾ എന്നിവയൊക്കെ വികസനത്തിന്റെ അടയാളങ്ങളായി എടുത്തു കാണിക്കപ്പെടുന്നവയാണ്. ലോകത്തെ ദാരിദ്ര്യത്തിനുള്ള പരിഹാരം എന്ന നിലയിൽ അവതരിപ്പിക്കപ്പെട്ട ബൃഹത്തായ സിദ്ധാന്തങ്ങളിലൊന്നായിരുന്ന വികസനം പക്ഷേ അതു നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിൽ പരാജപ്പെട്ടു. അതിനൊപ്പം വലിയ പാരിസ്ഥിതിക തകർച്ചയ്ക്കും ഇതു വഴിവച്ചു. ഇതാണ് പുതിയ വികസനമാതൃകകളുടെ അന്വേഷണത്തിലേക്ക് വഴിവെച്ചത്. ഗാന്ധിജിയുടെ വികസനത്തെക്കുറിച്ചും പ്രകൃതിവിഭവങ്ങളെക്കുറിച്ചുമുള്ള ചിന്തകളുടെ പ്രസക്തി മനസിലാക്കുന്നതിനും ഈ പ്രശ്നങ്ങൾ വഴിയൊരുക്കി. നിലവിലെ വികസന മാതൃകകൾ സാമൂഹ്യ സാമ്പത്തിക പാരിസ്ഥിതിക മേഖലകളിൽ നിരവധി പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. ആധുനിക വികസന മാതൃകകളുടെ ഫലമായി ജനങ്ങളെ നേരിട്ട് ബാധിക്കുന്ന രണ്ട് പ്രധാന പ്രശ്നങ്ങളാണ് കുടിയൊഴിപ്പിക്കൽ, പാർശ്വവൽക്കരണം എന്നിവ. അവയുടെ വിശദീകരണമാണ് ഇനി പറയുന്നത്.

### നമുക്ക് പരിശോധിക്കാം



*താഴെപ്പറയുന്ന സൂചനകൾ അടിസ്ഥാനമാക്കി വികസന പ്രതിസന്ധിയെ വിമർശനാത്മകമായി വിലയിരുത്തുക.*

- *മലിനീകരണം*
- *മാലിന്യം*
- *ഊർജപ്രതിസന്ധി*

## കുടിയൊഴിപ്പിക്കൽ (Displacement)

### നമുക്ക് ചെയ്യാം



*ബംഗ്ലാദേശിൽ നിന്ന് ധാരാളം ജനങ്ങൾ ഇന്ത്യയിലേക്കു അഭയാർഥികളായി എത്തുന്നു. കാരണങ്ങൾ വിശകലനം ചെയ്യുക.*



ഒരു സമൂഹത്തെ ഒന്നാകെ അവർ ജീവിച്ചുവരികയും തൊഴിലെടുക്കുകയും ചെയ്യുന്ന പ്രദേശത്തുനിന്ന് ബലം പ്രയോഗിച്ച് ഒഴിപ്പിക്കുന്നതിനെയാണു കുടിയൊഴിപ്പിക്കൽ എന്നു പറയുന്നത്. സാമൂഹ്യമാറ്റങ്ങളിലൊന്നായി പരിഗണിക്കപ്പെടുന്ന കുഴിയൊഴിപ്പിക്കലിനു കാരണമായി നിരവധി ഘടകങ്ങൾ ചൂണ്ടിക്കാണിക്കാനാകുമെങ്കിലും യുദ്ധങ്ങളാണ് കുടിയൊഴിപ്പിക്കലിന്റെ ഏറ്റവും പ്രധാനകാരണം. പ്രകൃതിദുരന്തങ്ങൾ, ക്ഷാമം, വികസന പ്രവർത്തനങ്ങൾ, സാമ്പത്തികമേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയും കുടിയൊഴിപ്പിക്കലിനുള്ള കാരണങ്ങളാണ്. വികസനത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നത് പ്രധാനമായും രണ്ടു തരത്തിലാണ്, പ്രത്യക്ഷമായുള്ളതും പരോക്ഷമായുള്ളതും. പ്രത്യക്ഷത്തിലുള്ളതിൽ ഒരു സമൂഹത്തെ ഒന്നാകെ ഒരു പ്രദേശ

ത്തുനിന്ന് കുടിയൊഴിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. പരോക്ഷമായതിൽ ഒരു സമൂഹത്തിന് അവരുടെ ജീവിതമാർഗം നഷ്ടപ്പെടുത്തുകയും അതുവഴി അവരെ അവിടം ഉപേക്ഷിച്ചു പോകാൻ നിർബന്ധിതരാക്കുക എന്നതുമാണ് ഉൾപ്പെടുന്നത്. ഒരു സമൂഹത്തെ ബലപ്രയോഗത്തിലൂടെ അവർ ജീവിച്ചുവരുന്ന ചുറ്റുപാടുകളിൽനിന്നു കുടിയൊഴിപ്പിക്കുമ്പോൾ ജീവിതം നയിക്കുന്നതിനായി അവർ രൂപപ്പെടുത്തിയ അറിവുകളും തൊഴിലും അതുവഴി കൈവരിച്ച മികച്ച ജീവിത സാഹചര്യങ്ങളും കൂടിയാണ് നഷ്ടമാകുന്നത്. ഇതിന്റെ ഫലമായി ഈ ജനത ദാരിദ്ര വൽക്കരിക്കപ്പെടുകയും ചെയ്യുന്നു. വികസന പദ്ധതികൾ, നയങ്ങൾ, വിവിധ നടപടികൾ എന്നിവയുടെ ഭാഗമായി ഉണ്ടാകുന്ന കുടിയൊഴിപ്പിക്കലുകളെ വികസനത്തിന് സമൂഹം നൽകേണ്ടിവരുന്ന വിലയായി കണക്കാക്കാം. ഇത്തരത്തിൽ ബലപ്രയോഗത്തിലൂടെ കുടിയിറക്കപ്പെട്ടവരെ അഭയാർഥികളായി കണക്കാക്കാവുന്നവരാണ്.

**ചിന്തിക്കുക പങ്കുവയ്ക്കുക**

*വൻകിട വികസന പദ്ധതികൾക്കായി നമ്മുടെ രാജ്യത്ത് നടന്ന കുടിയൊ ഴിപ്പിക്കലുകൾ കണ്ടെത്തുക*

## പാർശ്വവൽക്കരണം (Marginalisation)



**നമുക്കു ചെയ്യാം**

*കേരളത്തിലെ ആദിവാസിസമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ചർച്ച സംഘടിപ്പിക്കുക*



ദേശീയവും അന്തർദേശീയവുമായ സമൂഹങ്ങൾ ഒരുപോലെ നേരിടുന്ന സങ്കീർണ പ്രശ്നങ്ങളിലൊന്നാണ് പാർശ്വവൽക്കരണം. സാമൂഹിക-സാമ്പത്തിക മേഖലകളിലെ വികസനങ്ങളിലുൾപ്പെടുന്നതും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുമായ നിരവധി ഘടകങ്ങളുടെ അനന്തരഫലങ്ങളാണ് പാർശ്വവൽക്കരണം ഇത്രയധികം വ്യാപകമായി അനുഭവപ്പെടുന്നതിനുള്ള കാരണം. ചരിത്രപരമായും വികസനത്തിന്റെ ഭാഗമായുമുള്ള എണ്ണമറ്റ ഘടകങ്ങൾ കൊണ്ട് നിരവധി മൂന്നാംലോക രാജ്യങ്ങളിൽ താഴേത്തട്ടിലുള്ള അല്ലെങ്കിൽ താഴ്ന്ന ജാതിയിലുള്ള ജനങ്ങൾ സമൂഹത്തിന്റെ അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ ആദിവാസികൾ ഇത്തരത്തിൽ വികസന പ്രക്രിയകളിൽനിന്നു മാത്രമല്ല സ്വന്തം വീടുകളിൽനിന്നുവരെ അകറ്റിനിർത്തപ്പെട്ടവരാണ്. മുഖ്യധാരാവികസന പ്രവർത്തനങ്ങൾ സാമൂഹിക ഇടങ്ങളിൽ അസമത്വത്തിന് ഇടയാക്കുന്നുവെങ്കിൽ, ദളിത്-ആദിവാസി സമൂഹങ്ങൾക്ക് സാമൂഹിക ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പാർശ്വവൽക്കരണം നേരിടേണ്ടി വരുന്നുണ്ട്. വ്യക്തികളും സമൂഹവും രാഷ്ട്രീയ ചർച്ചകളിലും സാമൂഹിക കൂടിയാലോചനകളിലും സാമ്പത്തിക വിലപേശലുകളിലും അവ

ഗണിക്കപ്പെടുകയും തരം താഴ്ത്തപ്പെടുകയും ചെയ്യുന്ന പ്രക്രിയയാണ് പാർശ്വവൽ കരണം എന്ന ആശയം ഉൾക്കൊള്ളുന്നത്. വീടില്ലായ്മ, പ്രായം, ഭാഷ, തൊഴിൽപ രമായ അന്തസ്സ്, വൈദഗ്ധ്യം, വംശം, മതം എന്നീ ഘടകങ്ങളാണ് ചരിത്രപരമായി പാർശ്വവൽക്കരണത്തിനുള്ള ഘടകങ്ങളായി കണക്കാക്കപ്പെടുന്നത്. പാർശ്വവൽക രിക്കപ്പെട്ടവർ സമൂഹത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക രംഗങ്ങളിൽനിന്ന് ഒരുപോലെ പുറന്തള്ളപ്പെട്ടവരായി മാറുകയും ചെയ്യുന്നു.

## ബദൽ വികസനമാതൃകകൾ

വികസനത്തിന്റെ ലക്ഷ്യങ്ങൾ പുനർനിർവചിക്കുന്നതിനായി നടത്തുന്ന ബദൽ ഇട പെടലുകളാണ് വികസന ബദലുകൾ (ആൾട്ടർനേറ്റീവ് ഡെവലപ്മെന്റ്) എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. വികസനത്തിന്റെ ലക്ഷ്യങ്ങളായി നിലവിൽ പരിഗണിക്ക പ്പെടുന്ന ഘടകങ്ങൾ ഫലപ്രദമായി കൈവരിക്കുന്നതിന് ഈ മാതൃകകൾ വിജയി ക്കുന്നുണ്ട്. സമൂഹത്തിന്റെ പങ്കാളിത്തം ഉണ്ടാവുകയാണെങ്കിൽ വികസന പ്രവർത്ത നങ്ങൾ കൂടുതൽ വിജയം കൈവരിക്കുമെന്നുള്ളത് ഇപ്പോൾ പരക്കെ അംഗീകരിക്ക പ്പെട്ടുകഴിഞ്ഞു.

### പങ്കാളിത്തവികസനം (Participatory Development)

വികസന പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളായ ജനസമൂഹത്തിന്റെ ഇടപെടലു കളും നിയന്ത്രണവും കൂടി സാധ്യമാക്കുന്ന പ്രക്രിയയെയാണ് പങ്കാളിത്ത വിക സനം എന്നു പറയുന്നത്. തങ്ങളെ ബാധിക്കുന്ന തീരുമാനങ്ങളിൽ, വിഭവങ്ങൾ എങ്ങനെ കൈകാര്യം ചെയ്യപ്പെടുന്നു എന്നതിലൊക്കെ ജനങ്ങൾകൂടി ഇടപെടുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. അടിസ്ഥാന ലക്ഷ്യങ്ങളുടെ രൂപീ കരണത്തിലുള്ള പങ്കാളിത്തത്തിനൊപ്പം ഗുണഭോക്താക്കളുടെ ശാക്തീകരണവും ഉ ടമസ്ഥാവകാശം എന്ന വികാരത്തിന്റെ പരിപാല നം എന്നിവയും ഈ ആശയം ഉൾക്കൊള്ളുന്നു. ഫലപ്രദവും കാര്യക്ഷമവുമായ പദ്ധതി നിർവഹ ണം, പ്രവൃത്തികളുടെ സത്യസന്ധമായ വിലയി രുത്തൽ, സുസ്ഥിരമായ പരിണതഫലം എന്നിവ ഈ വികസനമാതൃക ഉറപ്പുനൽകുന്നു.



ഒരു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനായി നിർണായകഇടപെടലു കൾ നടത്താൻ കഴിയുന്ന ആ പദ്ധതിയിലൂടെ സ്വാധീനിക്കാൻ കഴിയുന്ന സാധാരണ പൗരന്മാർ, കൂട്ടായ്മകൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ എന്നിവയെയാണ് ഗുണഭോ ക്താക്കളായി പരിഗണിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ, പൗരസമൂഹ ത്തിന്റെ ഭാഗമായുള്ളവർ, രാജ്യത്തിനകത്തും ഇടത്തട്ടിലും പ്രാദേശികമായും പ്രവർ ത്തിക്കുന്ന സ്വകാര്യ സംഘടനകൾ എന്നിവയും പങ്കാളിത്ത വികസനത്തിലെ ഭാഗ ഭാക്കുകൾ അല്ലെങ്കിൽ ഗുണഭോക്താക്കളാകുന്നു.

പങ്കാളിത്ത വികസനത്തിലെ ഗുണഭോക്താക്കളെ തരംതിരിച്ചിരിക്കുന്നതിങ്ങനെയാണ്:

പൊതു ജനങ്ങൾ: നേരിട്ടും അല്ലാതെയും പദ്ധതിയുമായി ബന്ധമുള്ളവർ( വനിതാ സംഘങ്ങൾ, വ്യക്തികളും കുടുംബങ്ങളും, തനത് കൂട്ടായ്മകൾ, മതസംഘടനകൾ) ഭരണകൂടത്തിന്റെ ഭാഗമായുള്ള പൊതു പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

പ്രാതിനിധ്യ നിയമനിർമാണ സഭകൾ: തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സംവിധാനങ്ങൾ( പാർലമെന്റ്, ദേശീയ പ്രാദേശിക നിയമസഭകൾ, ജില്ലാ, നഗര സഭകൾ, തെരഞ്ഞെടുക്കപ്പെട്ട സമുദായ നേതാക്കൾ) ഉൾപ്പെടുന്നതാണ് ഈ വിഭാഗം.

പൗരസമൂഹ സംഘടനകൾ: പരസ്പര ബന്ധിതമായ ശൃംഖലകൾ, അന്തർദേശീയ ദേശീയ സർക്കാരിതര സംഘടനകൾ, താഴേക്കിടയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, തൊഴിൽ സംഘടനകൾ, നയരൂപീകരണ ഗവേഷണ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ, സമുദായ സംഘടനകൾ എന്നിവയാണ് പൗരസമൂഹ സംഘടനകൾ എന്ന വിഭാഗത്തിൽപ്പെടുന്നത്.

സ്വകാര്യ മേഖല: ഒരു കുടക്കീഴിൽ സ്വകാര്യമേഖലയെ ഒരുമിപ്പിക്കുന്ന സംഘങ്ങൾ, തൊഴിൽപരമായ കൂട്ടായ്മകൾ, വാണിജ്യ സംഘങ്ങൾ എന്നിവ ഈ ഗണത്തിൽപ്പെടുന്നു.

ദാതാക്കളും രാജ്യാന്തര സാമ്പത്തിക സ്ഥാപനങ്ങളും: വിഭവദാതാക്കളായവരും വികസന പങ്കാളികളും ഈ വിഭാഗത്തിൽപ്പെടുന്നു.

## ദ്രുതഗതിയിലുള്ള ഗ്രാമീണ പഠനപദ്ധതി (Rapid Rural Appraisal)

ഗ്രാമീണ വികസനത്തിനായി അതതു പ്രദേശത്തെക്കുറിച്ചുള്ള സമഗ്രമായ അറിവുകൾ വളരെ വേഗത്തിൽ സമാഹരിച്ച് വിശകലനം ചെയ്യുന്ന രീതിയാണ് ദ്രുതഗതിയിലുള്ള ഗ്രാമീണ പഠന പദ്ധതി അഥവാ റാപ്പിഡ് റൂറൽ അപ്രൈസൽ. ഇത് 1970-കളിൽ ഉയർന്നുവന്ന സാമൂഹ്യശാസ്ത്ര സമീപനങ്ങളിലൊന്നാണ്. ഗ്രാമപ്രദേശങ്ങളിലെ സാധാരണ ജനങ്ങളിൽനിന്നു നേരിട്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് ഇവിടെ പിന്തുടരുന്നത്. അതുകൊണ്ടുതന്നെ, പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് ഗവേഷണ രീതികളും ക്രമീകരിക്കുന്ന രീതിയാണ് ഇവിടെ പിന്തുടരുന്നത്. അതായത്, നിരക്ഷരരായ ഗ്രാമീണ ജനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കേണ്ടതിനാൽ ഇതിനുള്ള മാർഗങ്ങൾ ഇവിടെ കണ്ടെത്തേണ്ടതായിവരും. ആശയവിനിമയത്തിന്റെ നിലവിലുള്ള മാതൃകകളെ ഇവിടെ ഉപയോഗിക്കുക അസാധ്യമായിരിക്കുമെന്നർഥം. വിവരശേഖരണത്തിനായി വികസന ഏജൻസികൾക്കും തീരുമാനം കൈക്കൊള്ളുന്നവർക്കും ഭൂപടങ്ങൾ, രൂപരേഖകൾ ശ്രേണികൾ തുടങ്ങിയവയൊക്കെ ഇവിടെ ഗവേഷണാനുസൃതമായി രൂപപ്പെടുത്തുകയോ മെച്ചപ്പെടുത്തുകയോ ചെയ്യേണ്ടിവരും. ചോദ്യങ്ങളുടെ ദൃശ്യവൽക്കരണം, പ്രാദേശിക ഭാഷകളുടെയും ചിഹ്നങ്ങളുടേയും ചിത്രങ്ങളുടേയും സഹായത്തോടെ ഇതിനായി ഉപയോഗിക്കപ്പെടുന്നു. കൂടുതൽസമയം ആവശ്യപ്പെടുന്ന ഗവേഷണ മാതൃകകളെ ഒഴിവാക്കി ഗ്രാമീണ വികസന പ്രശ്നങ്ങൾ

ക്കുള്ള പരിഹാരം കാണാനായുള്ള വിവരശേഖരണത്തിനായുള്ള എളുപ്പമാർഗങ്ങൾ കണ്ടെത്തുന്നതിനായുള്ള അന്വേഷണമാണു ദ്രുതഗതിയിലുള്ള ഗ്രാമീണ പഠന പദ്ധതിയുടെ കണ്ടെത്തലിനു കാരണമായത്.

## പങ്കാളിത്ത ഗ്രാമീണവികസന പഠനപദ്ധതി (Participatory Rural Appraisal)

രാജ്യാന്തര വികസനപദ്ധതികളിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാരിതര സംഘടനകളും മറ്റ് ഏജൻസികളും ഉപയോഗിക്കുന്ന മാർഗങ്ങളിലൊന്നാണിത്. വികസന പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമായി പ്രാദേശിക സമൂഹങ്ങളുടെ അറിവും, അനുഭവവും ഉപയോഗപ്പെടുത്തുകയാണ് പങ്കാളിത്ത ഗ്രാമീണവികസന പഠനപദ്ധതിയിൽ ലക്ഷ്യമിടുന്നത്.


ഗ്രാമീണമേഖലകളിൽ നിന്ന് അറിവുകൾ സമാഹരിക്കുന്നതിനുള്ള ഏറ്റവും പ്രായോഗികമായി വിജയിക്കപ്പെട്ട മാതൃകകളിലൊന്നായാണ് പങ്കാളിത്ത ഗ്രാമീണവികസന പഠനപദ്ധതിയെ പരിഗണിക്കുന്നത്. 90-കളിൽ അവതരിപ്പിക്കപ്പെട്ട ഈ വികസന സമീപനം അതുവരെ നിലനിന്നിരുന്ന പദ്ധതികൾ മുകൾത്തട്ടിൽനിന്ന് താഴേത്തട്ടിലേക്ക് അടിച്ചേൽപ്പിക്കുന്ന രീതികൾക്കും രൂപരേഖകളിൽനിന്ന് പഠനപ്രക്രിയകളിലേക്കു പോകുന്നതുമായ സമീപനങ്ങൾക്കും മാറ്റം കുറിച്ചു. സാധാരണക്കാരിൽനിന്ന് ചോദ്യാവലി വഴിയുള്ള വിവരശേഖരണം എന്ന സമ്പ്രദായത്തിൽനിന്നുമാറി അനുഭവങ്ങളുടെ പങ്കുവയ്ക്കൽ എന്ന പുതിയ സമീപനത്തിലേക്കുള്ള മാറ്റം കൂടിയായിരുന്നു ഇത്. പ്രകൃതി വിഭവങ്ങളെ പ്രയോജനപ്രദമായി കൈകാര്യം ചെയ്യുന്ന ഗ്രാമീണാനുഭവജ്ഞാനത്തെയാണ് പങ്കാളിത്ത ഗ്രാമീണ വികസന പഠന പദ്ധതി അടിസ്ഥാനമാക്കുന്നത്.

ഗ്രാമീണ ജനങ്ങളുടെ ജീവിതം, അവരുടെ ചുറ്റു പാടുകളിൽ നിന്നു മനസിലാക്കുന്ന രീതിസമ്പ്രദായമാണ് പങ്കാളിത്ത ഗ്രാമീണ വികസന പഠന പദ്ധതി. ഗവേഷകർ അല്ലെങ്കിൽ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നവർ പ്രാദേശിക ജനതയെ സ്വയം വിലയിരുത്തൽ നടത്താനും പദ്ധതികൾ രൂപപ്പെടുത്താനും അതിനാനുപാതികമായി പ്രവർത്തിക്കുന്നതിനും വേണ്ട സഹായികളായി പ്രവർത്തിക്കാനാണ് ഈ പദ്ധതി ആവശ്യപ്പെടുന്നത്. പ്രാദേശികജനത സൃഷ്ടിപരതയും കഴിവുള്ളവരും അവരുടേതായ അന്വേഷണങ്ങളും വിലയിരുത്തലുകളും പദ്ധതി രൂപകൽപ്പനകൾ നടത്തുന്നവരുമാണെന്ന തത്വത്തെ അടിസ്ഥാനമാക്കിയാണിത്. ഗ്രാമീണ ജനങ്ങളിൽനിന്നുള്ള പഠനം എന്നതാണ് പങ്കാളിത്ത ഗ്രാമീണവികസന പഠനപദ്ധതിയുടെ അടിസ്ഥാന ആശയം.

## പങ്കാളിത്ത കർമോത്സുകഗവേഷണം (Participatory Action Research)

വികസന പ്രവർത്തനങ്ങളിൽ ജനസമൂഹങ്ങളുടെ പങ്കാളിത്തവും പ്രവർത്തനവും ഉറപ്പാക്കുന്ന ഗവേഷണ രീതികളിലൊന്നാണു പങ്കാളിത്ത കർമോത്സുക ഗവേഷണം അഥവാ പാർട്ടിസിപ്പേറ്ററി ആക്ഷൻ റിസർച്ച്. സഹകരണത്തിലൂടെയും മാറ്റത്തിനുള്ള ശ്രമങ്ങളിലൂടെയും ലോകത്തെ മനസിലാക്കുകയും പ്രതിഫലനങ്ങളെ പിന്തുടരുകയുമാണ് ഇവിടെ ചെയ്യുന്നത്. സമൂഹത്തിന്റെ ചരിത്രത്തിലും അനുഭവത്തിലും ഊ

ന്നിനിന്നുള്ള കൂട്ടായ അന്വേഷണം പരീക്ഷണം എന്നിവയിലാണ് പങ്കാളിത്ത കർമോത്സുക ഗവേഷണം ഊന്നൽ നൽകുന്നത്. ഈ പ്രക്രിയയിൽ സഹഗവേഷകരായി പങ്കാളികൾ ആകുന്നവർ അവരുടെ സമൂഹത്തിൽ നിന്നുയരുന്ന പ്രാധാന്യമുള്ള പ്രശ്നങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾ നടത്തുകയും അതിനുള്ള പരിഹാരങ്ങൾ സമൂഹത്തിൽ നിന്നുതന്നെ കണ്ടെത്തുകയുമാണ് ചെയ്യുക.




സാമൂഹിക മാറ്റത്തിനായി പ്രവർത്തിക്കുന്നവരുടെ പ്രവൃത്തികളേക്കാൾ ഉയർന്ന തലത്തിലുള്ള ഒന്നാണ് പങ്കാളിത്ത കർമോത്സുക ഗവേഷണം. ഇവിടെ പ്രാദേശിക സമൂഹത്തിന്റെയോ അല്ലെങ്കിൽ പ്രതിനിധികളുടെയോ ശാക്തീകരണ പ്രവർത്തനങ്ങൾ വഴി ഉന്നതാധികാരകേന്ദ്രങ്ങളെത്തന്നെ കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് നടക്കുന്നത്. പങ്കാളിത്ത കർമോത്സുക ഗവേഷണത്തിൽ നിരവധി ഇടപെടലുകളിലൂടെ ജനങ്ങളെ അവരുടെ സാമൂഹിക, വിദ്യാഭ്യാസ സമ്പ്രദായങ്ങൾ എവിടെയെത്തി നിൽക്കുന്നു എന്നു ബോധ്യപ്പെടുത്തുന്നു. ഈ സമ്പ്രദായങ്ങൾ അവർ സൃഷ്ടിച്ച പ്രത്യേകതയുള്ള ഭൗതികവും, സാമൂഹികവും, ചരിത്രപരവുമായ നിരവധി ചുറ്റുപാടുകളുടെ ഉൽപന്നമാണെന്നും, പ്രത്യേകമായ ഒരു ക്രമത്തിൽ അവരുടെ നിത്യേനയുള്ള സാമൂഹിക ഇടപെടലുകളിൽ അവയുടെ ആവർത്തനം മാത്രമാണ് നടക്കുന്നതെന്നും ബോധ്യമുള്ളവരാക്കിത്തീർക്കുന്നു. നിത്യവും അവർ അനുവർത്തിക്കുന്ന ഈ സമ്പ്രദായങ്ങളെല്ലാം ചുറ്റുപാടുകളുടെ ഉൽപന്നങ്ങളാണെന്ന് ആ സമൂഹത്തെ ബോധ്യപ്പെടുത്തി അവയിൽ വരുത്തേണ്ട മാറ്റങ്ങളെന്തെല്ലാമാണെന്ന സൂചനകൾ നൽകുകയാണ് പങ്കാളിത്ത കർമോത്സുക ഗവേഷകർ ചെയ്യുന്നത്. എന്നാൽ, അവരുടെ നിലവിലുള്ള രീതി സമ്പ്രദായങ്ങൾ ഒരു കൂട്ടം ഉദ്ദേശ്യങ്ങൾ, അവസ്ഥകൾ, സാഹചര്യങ്ങൾ എന്നിവയുടെ ഭാഗമായി ഉണ്ടാകുന്നവയും ആവർത്തിക്കപ്പെടുന്നവയാണെങ്കിൽ ആ ഉദ്ദേശ്യങ്ങൾ, അവസ്ഥകൾ, സാഹചര്യങ്ങൾ എന്നിവയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അവരുടെ രീതിസമ്പ്രദായങ്ങളിലും മാറ്റമുണ്ടാക്കുമെന്ന ബോധ്യവും പങ്കാളിത്ത കർമോത്സുക ഗവേഷണം ജനങ്ങൾക്ക് നൽകുന്നു.

### പ്രാദേശിക സാമ്പത്തികവികസനം (Local Economic Development -LED)

പ്രാദേശിക സാമ്പത്തികവികസനം എന്ന ആശയത്തിന്റെ ഉദ്ദേശ്യലക്ഷ്യം ഒരു പ്രദേശത്തെ ജനങ്ങളുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിനൊപ്പം അവരുടെ സാമ്പത്തിക ഭാവിയെയും ജീവിതനിലവാരത്തെയും ഉയർത്തുകയും ചെയ്യുക എന്നതാണ്. പൊതുജനങ്ങൾ, വ്യാവസായിക ലോകം, സർക്കാരിതരസംഘടനകൾ എന്നിവ പങ്കാളികളായി സാമ്പത്തിക വളർച്ചയും തൊഴിൽലുൽപാദനവും ഉണ്ടാക്കുന്നതിനായി നടക്കുന്ന കൂട്ടായ പ്രവർത്തനങ്ങളാണ് പ്രാദേശിക സാമ്പത്തിക വികസനത്തിൽ ഉൾപ്പെടുന്നത്.

പ്രാദേശിക ഭരണകൂടങ്ങൾ, സന്നദ്ധസംഘടനകൾ, തദ്ദേശീയ ജനസമൂഹങ്ങൾ എന്നിവയ്ക്ക് ഒരുമിച്ചു പ്രവർത്തിക്കുന്നതിനും അതുവഴി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ പുരോഗതിയിലേക്കു നയിക്കുന്നതിനുള്ള അവസരം ഒരുക്കുകയുമാണ് പ്രാദേശിക സാമ്പത്തികവികസനം വാഗ്ദാനം ചെയ്യുന്നത്. മൽസരക്ഷമതയുടെ വർധനവ്, സുസ്ഥിരമായ വളർച്ചയുടെ വിപുലീകരണം അതോടൊപ്പം ഏവരെയും ഉൾക്കൊള്ളുന്ന വളർച്ചയുടെ ഉറപ്പാക്കൽ എന്നിവയിലും പ്രാദേശിക സാമ്പത്തികവികസനം കേന്ദ്രീകരിക്കുന്നു.





നൈസർഗികമായ ആസൂത്രണം, സാമ്പത്തികശാസ്ത്രം, വിപണനം എന്നുതുടങ്ങി വിവിധങ്ങളായ വിജ്ഞാനശാഖകളെ പ്രാദേശിക സാമ്പത്തിക വികസനം ഉൾക്കൊള്ളുന്നു. ഇതിനൊപ്പം തദ്ദേശീയ ഭരണകൂടങ്ങളുടെയും സ്വകാര്യ മേഖലയുടെയും പ്രവർത്തനങ്ങളോട് സഹകരിച്ചുകൊണ്ട് പരിസ്ഥിതി ആസൂത്രണം, വാണിജ്യ പുരോഗതി, അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കൽ, സ്ഥാവര ജംഗമങ്ങളുടെ വികസനം, സമ്പത്തിന്റെ സംരക്ഷണം എന്നിവയും പ്രാദേശിക സാമ്പത്തിക വികസനം ഉൾക്കൊള്ളുന്നു.

വികസനത്തിനായി നിരവധി പദ്ധതികളും മാർഗങ്ങളും നിലവിലുണ്ടെങ്കിലും അവ ഇക്കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്നതല്ല. ജീവിതനിലവാരം അല്ലെങ്കിൽ ഭൗതിക നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസനത്തെ പിന്തുടരുമ്പോൾ ജീവിതത്തിന്റെ ഗുണനിലവാരത്തിന് ക്ഷയം സംഭവിക്കുന്നു. സ്വാർഥത, ഹിംസ, അഴിമതി, ചൂഷണം എന്നിവ അനുദിനം വർധിച്ചുവരുന്നു. ഇവിടെയാണ് വികസനത്തെപ്പറ്റിയുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടിന്റെ പ്രസക്തി. വികസനത്തോടുള്ള ഗാന്ധിജിയുടെ സമീപനം സമഗ്രവും., ഭൗതികവും, ധാർമികവും, ആത്മീയവുമായ ദർശനങ്ങളുടെ സമന്വയമാണ്.

## സുസ്ഥിരവികസനം/നിലനിൽക്കാവുന്ന വികസനം (Sustainable Development)

ജീവിതരീതികൾ മെച്ചപ്പെടുത്തുക എന്ന മനുഷ്യാവശ്യത്തെ ഒരു കൈയിലും നമ്മളും ഭാവി തലമുറയും ആശ്രയിക്കുന്ന പ്രകൃതി വിഭവങ്ങളെയും ആവാസവ്യവസ്ഥയെയും പരിപാലിക്കണമെന്ന ആവശ്യത്തെ മറുകൈയിലും വിദഗ്ധമായി സമതുലിതാവസ്ഥയിൽ മുറുകെപ്പിടിക്കുന്ന ആശയമാണു സുസ്ഥിര വികസനം. ഇന്നത്തെ തലമുറയുടെ ആവശ്യങ്ങളെ നിറവേറ്റുകയും എന്നാൽ അതിനൊപ്പം ഭാവിതലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഒത്തുതീർപ്പുകൾ ആവശ്യമില്ലാതെ വരുന്നതുമായ വിക




സന മാതൃകയാണ് സുസ്ഥിരവികസനം. സാമ്പത്തിക പുരോഗതിക്കൊപ്പം തന്നെ പരിസ്ഥിതിയുടെ ഗുണനിലവാര സംരക്ഷണമാണ് സുസ്ഥിര വികസനം പരോക്ഷമായി ഉൾക്കൊള്ളുന്നത്. ഇതുവഴി ഒന്നു മറ്റൊന്നിനെ കൂടുതൽ ശക്തമാക്കുന്നു. ഈ വികസന ആശയത്തിന്റെ കാതൽ മനുഷ്യ ഇടപെടലുകളും സ്വാഭാവിക പരിസ്ഥിതിയും തമ്മിലുള്ള ദൃഢമായ ബന്ധത്തെ രൂപപ്പെടുത്തുകയെന്നതും അതുവഴി ഭാവിതലമുറയുടെ സാധ്യതകളെ തകർക്കാത്ത, ഇന്നുള്ളതിനു സമാനമായ ഗുണനിലവാരമുള്ള ജീവിതം ഉറപ്പാക്കുകയുമാണ്. സുസ്ഥിര വികസനത്തിന്റെ മാർഗദർശക നിയമങ്ങൾ മനുഷ്യർക്കിടയിലുള്ള പങ്ക് വയ്ക്കൽ, പ്രകൃതിയോടുള്ള കരുതൽ എന്നിവയാണ്. പ്രകൃതിക്ക് കുറവുനികത്താൻ കഴിയാത്തവിധം വിഭവങ്ങളെ മനുഷ്യകുലം ഉപയോഗിക്കരുത്. നാം സ്വീകരിക്കുന്ന ജീവിതരീതികളും വികസനവഴികളും പരസ്പരം ബഹുമാനിക്കുന്നതും പ്രകൃതിയുടെ പരിമിതിക്കുള്ളിൽ നിന്നു പ്രവർത്തിക്കുന്നവയുമായിരിക്കണമെന്നാണ് ഇതർഥമാക്കുന്നത്.

**നമുക്ക് അറിയാം**



*റിയോഡിജനിറോയിൽ 1992-ൽ നടന്ന പരിസ്ഥിതിയും വികസനവുമായി ബന്ധപ്പെട്ട ഐക്യരാഷ്ട്രസഭയുടെ സമ്മേളനത്തിലാണ് സുസ്ഥിര വികസനമെന്ന ആശയം രൂപപ്പെടുന്നത്. ഈ ഉച്ചകോടിയെ സുസ്ഥിരമായ വികസന മാതൃകയ്ക്ക് ആവശ്യമായ കർമ്മ പദ്ധതികളും പ്രയോഗ രീതികളും രൂപപ്പെടുത്തുന്നതിനുള്ള രാജ്യാന്തര തലത്തിൽ ആദ്യ ശ്രമമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 178 രാഷ്ട്രങ്ങളുടെ പ്രാതിനിധ്യം ഉണ്ടായ ഈ ഉച്ചകോടിയിൽ 100 രാഷ്ട്രത്തലവൻമാർ പങ്കെടുക്കുകയുണ്ടായി. ഇതിനു പുറമേ വിവിധ ശ്രേണികളിൽപ്പെട്ട പൗരസമൂഹ സംഘടനകളുടെ പ്രതിനിധികളും ഉച്ചകോടിയിൽ പങ്കെടുത്തു. പരിസ്ഥിതിത്തകർച്ചയെക്കുറിച്ച് ഐക്യരാഷ്ട്രസഭയുടെ ബ്രണ്ട്ലാന്റ് കമ്മീഷൻ 1987-ൽ സമർപ്പിച്ച "നമ്മുടെ പൊതുഭാവി" എന്ന റിപ്പോർട്ട് പരിസ്ഥിതി പ്രശ്നങ്ങൾക്കുള്ള ഉത്തരമായിക്കണ്ടത് സുസ്ഥിരവികസനമെന്ന ആശയത്തെയാണ്.*

## സുസ്ഥിരവികസനത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങൾ

താഴെപ്പറയുന്ന മൂന്ന് അടിസ്ഥാനലക്ഷ്യങ്ങൾ നിറവേറ്റുകയെന്നതാണ് സുസ്ഥിരവികസനത്തിന്റെ അടിസ്ഥാനപ്രമാണം.

1) വികസനപ്രവർത്തനങ്ങൾക്കും കാര്യശേഷിയുടെ വർധനവിനും ഉതകുന്ന സാധനസേവനങ്ങളുടെ ഉൽപാദനം ഉറപ്പാക്കൽ,

2) ജൈവവൈവിധ്യത്തിന്റെ പരിപാലനവും ജൈവികതയുടെ സമഗ്രതയും ഉറപ്പാക്കുന്ന പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും, നിർവഹണവും,

3) സമ്പത്തിന്റെയും വിഭവങ്ങളുടെയും തുല്യവിതരണമെന്ന ആശയത്തിലൂടെ ജീവിതനിലവാരത്തിന്റെ സംരക്ഷണവും മെച്ചപ്പെടുത്തലും.

സുസ്ഥിരവികസനം പലതലങ്ങളെ ഉൾക്കൊള്ളുന്ന സമീപനമാണ്. അതായത് (1) സാമ്പത്തികം (2) മാനുഷികം (3) പാരിസ്ഥിതികം (4) സാങ്കേതികം തുടങ്ങിയ തലങ്ങളെ ഇതുൾക്കൊള്ളുന്നു. മനുഷ്യജീവിതത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനൊപ്പം ജൈവവ്യവസ്ഥിയുടെ സംരക്ഷണവും ഉറപ്പാക്കുന്ന പ്രക്രിയയാണിത്. വികസന വും പരിസ്ഥിതിയും പരസ്പരം ആശ്രയിച്ചു നിൽക്കുന്നവയാണ്, അതുകൊണ്ടു തന്നെ, പരിസ്ഥിതിയെ സംരക്ഷിക്കാതെ വികസനം സാധ്യമാകില്ല. അതുപോലെ തന്നെ പരിസ്ഥിതിസംരക്ഷണം വികസനമില്ലാതെ സാധ്യമാവുകയുമില്ല.

## സുസ്ഥിര വികസനവും ഗാന്ധിജിയും

സുസ്ഥിരവികസനം എന്ന ആശയത്തിന് പ്രകൃതിയെക്കുറിച്ചും മനുഷ്യനെക്കുറിച്ചുമുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകളോട് വളരെ അടുത്ത ബന്ധമാണുള്ളത്. ഓരോ വ്യക്തിയും ആവശ്യങ്ങളിൽ സ്വന്തം ഇഷ്ടപ്രകാരം കുറവുവരുത്തണമെന്ന ഗാന്ധിയൻ ആശയത്തിന് പാരിസ്ഥിതികവും സാമൂഹ്യവുമായ വലിയ തലങ്ങളാണ് ഉള്ളത്. സുസ്ഥിരവികസനം മുന്നോട്ടുവയ്ക്കുന്നതും ആവശ്യങ്ങളുടെ കുറയ്ക്കലും വിഭവങ്ങളുടെ ചൂഷണം ഒഴിവാക്കലുമാണ്. വ്യക്തിഗത തലത്തിൽ ആവശ്യങ്ങളിൽ കുറവുവരുത്തുകയെന്നത് ആത്മീയ പുരോഗതിക്കൊപ്പം ഒരു മനുഷ്യന്റെ സമഗ്രവികസനത്തിനും അനിവാര്യമാണെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. ഇതിനെ സാമൂഹ്യ തലത്തിലേക്കു വ്യാപിപ്പിച്ചാൽ ആവശ്യങ്ങൾ നിയന്ത്രിക്കപ്പെടുന്നതും പുനർനിർമിക്കാനാവാത്ത പ്രകൃതിവിഭവങ്ങളുടെ ഉപയോഗത്തിൽ കുറവു വരുന്നതും നമുക്ക് കാണാൻ കഴിയും. ഉപഭോഗപരത, വിഭവങ്ങളുടെ അസന്തുലിതമായ ഉപയോഗം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണാൻ ഗാന്ധിജിയുടെ ഈ നൈതികാശയങ്ങൾ വഴിയൊരുക്കുന്നു. കരുതലോടെയുള്ള വിഭവങ്ങളുടെ ഉപയോഗവും അതുവഴി വരുംതലമുറയ്ക്കായുള്ള അവയുടെ കാത്തുസൂക്ഷിപ്പും സുസ്ഥിരവികസനം എന്ന ആശയം മുന്നോട്ടുവയ്ക്കുന്നു.

## വികസനത്തെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപം–സമഗ്രവികസനം

വികസനത്തെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപം സമഗ്രവികസനം എന്നാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ വികസന കാഴ്ചപ്പാട് എല്ലാത്തിനെയും ഉൾക്കൊള്ളുന്നതും ഏവരുടേയും ഭൗതികവും, ധാർമികവും, ആത്മീയവുമായ പുരോഗതിയും ക്ഷേമവും ഉറപ്പാക്കുന്നതുമാണ്. സ്ഥായിയായ പുരോഗതിയും ആനന്ദവും ഈ വഴിയിൽക്കൂടി മാത്രമേ സാധ്യമാകൂ എന്നായിരുന്നു ഗാന്ധിജിയുടെ വിശ്വാസം.

ഗാന്ധിയൻ കാഴ്ചപ്പാടിലുള്ള സമഗ്രവികസനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു

1. മാനവികവികസനം (ഭൗതികവും ധാർമികവും ആത്മീയവുമായ പുരോഗതി)
2. സ്വയം പര്യാപ്തതയും സ്വാതന്ത്ര്യവും നേടുക (സ്വദേശി),
3. അധികവരുമാനവും തൊഴിലും ഉറപ്പാക്കി ദാരിദ്ര്യത്തിന് അറുതി വരുത്തുക (ഖാദി, ഗ്രാമീണ വ്യവസായങ്ങളുടെ പ്രോത്സാഹനം),
4. അഹിംസയിലധിഷ്ഠിതമായ, ജാതി, വർഗ രഹിതമായ സമൂഹത്തിന്റെ സ്ഥാപനം.

## സമഗ്രവികസനത്തിന്റെ സവിശേഷതകൾ

1) മനുഷ്യന്റെ എല്ലാവിധത്തിലുമുള്ള വികാസം: വ്യക്തിയാണ് ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ സമൂഹത്തിന്റെ കേന്ദ്രം. അദ്ദേഹം വ്യക്തികൾക്ക് പരമമായ പ്രാധാന്യമാണ് നൽകിയത്. വ്യക്തിസ്വാതന്ത്ര്യത്തെ നിഷേധിച്ചുകൊണ്ട് ഒരു സമൂഹത്തിനു രൂപം നൽകാനാവില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഓരോ വ്യക്തിയും വിശിഷ്ടമാണെന്നും അതിനെ നാം മാനിക്കണമെന്നും ആ വിശിഷ്ടതയെ അതേ രീതിയിൽ കാത്തുസൂക്ഷിക്കാൻ അയാളെ അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നൈസർഗികമായ സാമർഥ്യം പേറുന്നവരാണ് ഓരോ വ്യക്തികളും അതുകൊണ്ട്, ഓരോരുത്തരും അവരുടെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ കണ്ടെത്തുകയും അതുവഴി തങ്ങളുടെ വ്യക്തിത്വത്തിന്റെ പൂർണത ഉറപ്പാക്കുകയും വേണം. മനുഷ്യ പുരോഗതി എന്നത് ഭൗതികം അല്ലെങ്കിൽ സാമ്പത്തികം മാത്രമല്ലെന്നും, അത് വ്യക്തികൾക്ക് അനീതിക്കെതിരേ പ്രതികരിക്കുന്നതിനുള്ള ധൈര്യം കൂടി നൽകുന്നതാവണമെന്നും ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു.

2) പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സന്തുലിതാവസ്ഥ: മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പരബന്ധമാണ് വികസനത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടിന്റെ അടിസ്ഥാനം. പ്രകൃതിയെ ചൂഷണം ചെയ്യുന്നത് ഭൂമിയിലെ ജൈവവൈവിധ്യത്തെ നാശത്തിലേക്ക് നയിക്കുമെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു. ഇത് പാരിസ്ഥിതികമായ അസന്തുലിതാവസ്ഥയ്ക്കും പരിസ്ഥിതി പ്രതിസന്ധികൾക്കും വഴിയൊരുക്കും. അതുകൊണ്ട്, മനുഷ്യനും പ്രകൃതിയും തമ്മിൽ ഒരു സന്തുലിത ബന്ധം നിലനിർത്തേണ്ടതുണ്ട്. മനുഷ്യന്റെ ആർത്തിയെയല്ല ആവശ്യങ്ങളെ നിറവേറ്റാനുള്ളതെല്ലാം പ്രകൃതി ലഭ്യമാക്കുന്നുണ്ടെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു.

3) ആവശ്യങ്ങളുടെ കുറയ്ക്കലും ലളിതജീവിതവും: ഗാന്ധിയൻ കാഴ്ചപ്പാടിൽ മനുഷ്യമനസ് അസ്വസ്ഥമായ ഒരു പക്ഷിക്ക് സമാനമാണ്. അത് കിട്ടുന്തോറും കൂടുതൽ ആഗ്രഹിച്ചുകൊണ്ടേയിരിക്കും. ആധുനികവൽക്കരണത്തിന്റെ ഭാഗമായി നമ്മുടെ ആവശ്യങ്ങൾ ഇരട്ടിക്കുകയും അതോടൊപ്പം ഉപഭോഗവും ഉൽപാദന വ്യവസ്ഥ വളരുകയും ചെയ്തു. ഇതിനുള്ള പരിഹാരമാണ് ആവശ്യങ്ങളുടെ സ്വേച്ഛയനുസരിച്ചുള്ള കുറയ്ക്കലും ലളിത ജീവിതവും. ആലോചനാപൂർവം സ്വേച്ഛാനുസരണം ആവശ്യങ്ങളുടെ കുറയ്ക്കൽ സംതൃപ്തിയും സന്തോഷവും ലഭ്യമാക്കുമെന്നു ഗാന്ധിജി അഭിപ്രായപ്പെടുന്നു.

4) ധാർമികവും ആദ്ധ്യാത്മികവുമായ പുരോഗതി: ഭൗതികപുരോഗതി മാത്രമല്ല വളർച്ചയുടെ സൂചകങ്ങളെന്നു ഗാന്ധിജി വിശ്വസിച്ചിരുന്നു. സ്ഥായിയായ സന്തോഷവും വളർച്ചയും ഭൗതികവും ധാർമികവും ആത്മീയവുമായ പുരോഗതിയിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ. ഗാന്ധിജി പറയുന്നു, "ഞാൻ സമ്മതിക്കുന്നു; സാമ്പത്തികശാസ്ത്രത്തെയും ധാർമികതയെയും വേർതിരിക്കുന്ന ഒരുരേഖ വരയ്ക്കാനോ അല്ലെങ്കിൽ മറ്റെന്തെങ്കിലും വേർതിരിവ് സൃഷ്ടിക്കാനോ എനിക്കാവില്ല. ഒരു വ്യക്തിയുടേയോ ജനതയുടേയോ ധാർമിക ക്ഷേമത്തെ വ്രണപ്പെടുത്തുന്ന സാമ്പത്തിക വ്യവസ്ഥിതി അധാർമികവും പാപകരവുമാണ്."

5) കാർഷികവൃത്തിയിൽ അധിഷ്ഠിതമായ നാഗരികത: ഇന്ത്യ ജീവിക്കുന്നത് ഗ്രാമങ്ങളിലാണെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യയും നശിക്കും. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് ഗ്രാമങ്ങളാണ്, അതുകൊണ്ടുതന്നെ ഈ ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയെ നിഷേധിക്കുന്ന വികസന മാതൃകകളും ഹാനികരമാണ്. അഹിംസാത്മക വഴിയിലൂടെയുള്ള ഇന്ത്യൻ ഗ്രാമങ്ങളുടെ പുനർനിർമാണമെന്നതാണ് ഗാന്ധിജിയുടെ ആശയം. കാർഷികമേഖലയുടെ പുരോഗതി, നിർമാണാത്മക പരിപാടികൾ എന്നിവയാണ് ഇതിനായി ഗാന്ധിജി നിർദേശിക്കുന്ന വഴികൾ. കാർഷിക മേഖലയുടെ പുരോഗതിക്കായി സഹകരണാടിസ്ഥാനത്തിലുള്ള കൃഷി, ജൈവ വളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം, തദ്ദേശീയമായ സാങ്കേതികവിദ്യ എന്നിവയാണു ഗാന്ധിജി ശുപാർശ ചെയ്യുന്നത്.

6) സമത്വവും സാമൂഹ്യ നീതിയും: ഒരു തരത്തിലുമുള്ള വിവേചനങ്ങളുമില്ലാത്ത ജാതി-വർഗ രഹിത സമൂഹത്തിന്റെ നിർമാണമാണ് ഗാന്ധിജി വിഭാവനം ചെയ്യുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈശ്വരനാണ് എല്ലാത്തിന്റെയും സൃഷ്ടാവ്. അതുകൊണ്ടുതന്നെ എല്ലാ മനുഷ്യർക്കും സമൂഹത്തിൽ ഒരേ സ്ഥാനമാണുള്ളത്. എന്തെങ്കിലും വൈജാത്യങ്ങൾ ഉണ്ടെങ്കിൽ അവയെല്ലാം മനുഷ്യൻ സൃഷ്ടിച്ചതാണ്. അതുകൊണ്ടുതന്നെ, അതില്ലാതാക്കുന്നതിനുള്ള ഉത്തരവാദിത്വവും അവനുതന്നെയാണ്.

7) സ്വയം പര്യാപ്തതയും സ്വാശ്രയത്വവും: ഗ്രാമീണസമ്പദ്‌വ്യവസ്ഥകളെ സ്വയംപര്യാപ്തവും സ്വാശ്രയത്വവും ഉള്ളവയായി വികസിപ്പിക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ ആശയം. ഇതിനായി പ്രാദേശികമായ ഉൽപാദന വ്യവസ്ഥകളും വിതരണത്തിലെ തുല്യത ഉറപ്പാക്കലുമാണ് അദ്ദേഹം മുന്നോട്ടുവയ്ക്കുന്ന മാർഗങ്ങൾ. ഇന്ത്യയുടെ പരിണാമം അഹിംസാത്മകമായ നിരകളിലൂടെയാവണമെന്നും അതിനായി സമ്പദ്‌വ്യവസ്ഥയെ വികേന്ദ്രീകരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചൂഷണത്തിന്റെയും ഹിംസയുടേയും മൂലകാരണം കേന്ദ്രീകരണമാണ്. ഗാന്ധിജി യന്ത്രവൽക്കരണത്തെ എതിർക്കുന്നതുതന്നെ അത് സാമ്പത്തികാധികാരത്തിന്റെ കേന്ദ്രീകരണത്തിനും തൊഴിലില്ലായ്മയ്ക്കും കാരണമാകുന്നു എന്നതുകൊണ്ടാണ്.

ഗാന്ധിജിയുടെ ആദർശാത്മക സമൂഹം അതുകൊണ്ടുതന്നെ വികസന ഭ്രാന്ത് പിടികൂടപ്പെട്ട നമ്മുടെ മുഖ്യധാരാ സാമ്പത്തിക ശാസ്ത്രജ്ഞൻമാരും രാഷ്ട്രീയനേതാക്കളും വിഭാവനം ചെയ്യുന്നപോലെ ഭൗതികമായ സുഖസൗകര്യങ്ങൾ നിറഞ്ഞതോ അല്ലെങ്കിൽ സമ്പദ്സമൃദ്ധമായതോ ഒന്നല്ല. തന്റെ ആദർശാത്മക സമൂഹത്തെ ഗാന്ധിജി "സർവോദയം" എന്നാണ് വിളിക്കുന്നത്. എല്ലാവർക്കും ക്ഷേമവും സുസ്ഥിതിയും ഉറപ്പാക്കുന്ന ഒന്നായിരിക്കുമത്. ഭൗതികവും മാനസികവും ധാർമികവും അല്ലെങ്കിൽ ആത്മീയവുമായ മൂന്നു ഘടകങ്ങൾക്ക് ഊന്നൽ നൽകുന്ന ഒന്നായിരിക്കും ഈ സമൂഹം.

പരിസ്ഥിതിസന്തുലനം, കൂടുതൽ സുസ്ഥിരമായ വികസനസമ്പ്രദായം, തുല്യതയും നീതിയും ഉറപ്പാക്കുന്ന അഹിംസാധിഷ്ഠിതമായ ഒരു സാമൂഹികക്രമം എന്നിവ ഉറപ്പാക്കുന്ന ഒരു ബദലാണ് ഗാന്ധിജിയുടെ വികസനമാതൃക. അതിന്റെ നിലനിൽപിന്റെ ആധാരം ഉറപ്പിച്ചിരിക്കുന്നത് പരിമിതമായ വിഭവങ്ങളും മനുഷ്യന്റെ ആവശ്യങ്ങളും തമ്മിലുള്ള പൊരുത്തപ്പെടലിന്റെ ഉറപ്പാക്കൽ വഴിയാണ്. അതിലുപരി, ഗാന്ധിജിയുടെ വികസന ചിന്തകളും ജീവനകലയും അടിസ്ഥാനമാക്കിയിരിക്കുന്ന ലാളിത്യവും സുഖോപഭോഗനിഷേധവും വഴി ഉറപ്പാക്കപ്പെടുന്നത്, സമൂഹത്തിന്റേതായ വിഭവങ്ങളെ എല്ലാ തലമുറകളും പരിരക്ഷിക്കുകയും കുറവു നികത്തുകയും ചെയ്യുക എന്നതാണ്. അതുവഴി ഐശ്വര്യപൂർണ്ണമായ ഭാവി എല്ലാക്കാലത്തും ഉണ്ടാകുകയെന്നതും തുടർന്നും അതിനെ സുരക്ഷിതമാക്കുകയെന്നതുമാണ്.




മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ പുതിയൊരു തലം സൃഷ്ടിച്ചെടുക്കുന്ന സവിശേഷ സംഭവം എന്ന് വികസനം എന്ന പ്രക്രിയയെ നമുക്ക് നിർവചിക്കാം. വികസന ബദലെന്നത് ഇതരവഴികളുടെ അവതരണവും വികസന ലക്ഷ്യങ്ങളുടെ പുനർവ്യഖ്യാനവുമാണ്. ഇന്നത്തെ തലമുറയുടെ ആവശ്യങ്ങളെ നിറവേറ്റുകയും എന്നാൽ അതിനൊപ്പം ഭാവിതലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഒത്തുതീർപ്പുകൾ ആവശ്യമില്ലാതെ വരുന്നതുമായ വികസന മാതൃകയാണ് സുസ്ഥിരവികസനം. വികസനത്തെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപം സമഗ്ര വികസനം എന്നാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ വികസന കാഴ്ചപ്പാട് എല്ലാത്തിനെയും ഉൾക്കൊള്ളുന്നതും ഏവരുടേയും ഭൗതികവും, ധാർമികവും, ആത്മീയവുമായ പുരോഗതിയും ക്ഷേമവും ഉറപ്പാക്കുന്നതുമാണ്.

### എനിക്ക് കഴിയും



| | പൂർണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| വികസനം എന്ന ആശയത്തെപ്പറ്റിയുള്ള സമഗ്ര അറിവ് ലഭിക്കുന്നു. | | | |
| വികസനത്തിന്റെ വിവിധ തലങ്ങളെ വർഗീകരിക്കാൻ കഴിയുന്നു | | | |
| വികസന സൂചികകളെ വിലയിരുത്തുവാൻ കഴിയുന്നു | | | |
| സാമ്പത്തിക വളർച്ചയെയും സാമ്പത്തിക വികസനത്തെയും വേർതിരിക്കുവാൻ സാധിക്കുന്നു | | | |
| സുസ്ഥിര വികസനം മനസിലാക്കുന്നു. | | | |

## മാതൃകാചോദ്യങ്ങൾ

- വികസനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഏതെല്ലാമെന്നു കണ്ടെത്തി വിശദീകരിക്കുക?
- ചില ലക്ഷ്യങ്ങൾ അല്ലെങ്കിൽ മൂല്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രക്രിയയാണു വികസനത്തെ കരുതുന്നത്. വികസനത്തിന്റെ വിവിധ തലങ്ങളെപ്പറ്റി വിശദീകരിക്കുക?
- വികസനത്തിന്റെ വിവിധ അളവുകോലുകളെ വിലയിരുത്തുക?
- സമൂഹത്തിന്റെ പങ്കാളിത്തം ഉണ്ടാകുമ്പോൾ വികസന ലക്ഷ്യങ്ങൾ കൂടുതൽ വിജയം കൈവരിക്കും. ഈ പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുവോ. സാധൂകരിക്കുക.
- ഇന്നത്തെ തലമുറയുടെ ആവശ്യങ്ങളെ നിറവേറ്റുകയും എന്നാൽ അതിനൊപ്പം ഭാവിതലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഒത്തുതീർപ്പുകൾ ആവശ്യമില്ലാതെ വരുന്നതുമായ വികസന മാതൃക എതെന്നു തിരിച്ചറിഞ്ഞ് ലക്ഷ്യങ്ങൾ വിശദമാക്കുന്ന കുറിപ്പ് തയാറാക്കുക?
- വികസനത്തെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപം സമഗ്രമാണ്. പരിശോധിക്കുക?

## Reference


*An Introduction to Sustainable Development, Peter P Rogur, Kzi F Jalal and John A Boyd, Earthscan UK & USA*

*Understanding Sustainable Development, John Blewitt, Earthscan, UK & USA*

*Gandhian Alternative, Vol I, Editied Suresh Mishra, Concept Publishing Company, New Delhi*

*Re-Thinking Gandhi - Interrogation and Explanation, Palesh Handique, Monjith Gohain, Hemanta Saikia, SSDN Publishers & Distributions, New Delhi*

*Gandhian Approach to Development and Social work, K. D. Gangrade, Concept Publishing Company*

*Sustainable Development, The Spiritual Diamension, Krishan Saigal, Gyan Publishing House*

*Gandhian Approach to Development Planning, Ram Binod Singh, Concept Publishing Company*

# 08 ഗാന്ധിജിയുടെ പരിസ്ഥിതി ചിന്തകൾ



## ഉള്ളടക്കം


പാരിസ്ഥിതികപ്രതിസന്ധി

പ്രകൃതിവിഭവശോഷണം

പരിസ്ഥിതിമലിനീകരണം

ഹരിതരാഷ്ട്രീയം

പരിസ്ഥിതിപ്രസ്ഥാനങ്ങൾ

ബദലുകൾ

ഗാന്ധിയും പരിസ്ഥിതിയും


J9B8Z2

## പഠനനേട്ടങ്ങൾ

- പരിസ്ഥിതിയുടെ പ്രാധാന്യത്തെക്കുറിച്ചു വിലയിരുത്തുന്നു.
- വിവിധ തരത്തിലുള്ള മലിനീകരണങ്ങളെപ്പറ്റി വിശദീകരിക്കുന്നു.
- ഇന്ത്യയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളെപ്പറ്റി വിശദീകരിക്കുന്നു.
- പരിസ്ഥിതിയുമായി ബന്ധപ്പെട്ട ബദലുകളെപ്പറ്റി വിശകലനം ചെയ്യുന്നു
- ഗാന്ധിജിയുടെ പരിസ്ഥിതിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളുടെ പ്രാധാന്യം വിലയിരുത്തുന്നു.

നിങ്ങളുടെ പ്രദേശത്തിന്റെ വികസനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ പരിശോധിച്ച് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്തുക.

- നിങ്ങളുടെ പ്രദേശത്തെ വിവിധ വികസന പദ്ധതികൾ തിരിച്ചറിയാൻ കഴിയുമോ?
- അവയിൽ ഏതെല്ലാമാണ് ബാഹ്യമായ കാരണങ്ങളാൽ സ്വാധീനിക്കപ്പെട്ടിട്ടുള്ളത്?
- നിങ്ങളുടെ ചുറ്റുപാടുകളിൽനിന്ന് അനുയോജ്യമായ ഏതെങ്കിലും വികസന മാതൃകകൾ നിങ്ങൾക്ക് കണ്ടെത്താൻ കഴിയുമോ? എങ്കിൽ അതിന്റെ സ്വഭാവസവിശേഷതകൾ രേഖപ്പെടുത്തുക?

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം രൂപംകൊണ്ട വികസനാശയങ്ങൾ അവികസിത സമൂഹങ്ങളുടെ മൊത്തത്തിലുള്ള പുനർനിർമാണമാണ് ലക്ഷ്യമിട്ടത്. ലോകത്തിലെ ദരിദ്രജനങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സർക്കാരുകളും ബഹുരാഷ്ട്ര പ്രസ്ഥാനങ്ങളും നിരന്തരമായി വിവിധ വികസനാശയങ്ങൾക്കും പദ്ധതികൾക്കും രൂപം നൽകുകയും നടപ്പാക്കുകയും ചെയ്തു. എന്നാൽ ഈ വികസനപദ്ധതികൾക്കൊന്നും ദരിദ്രജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സാധിച്ചില്ല. നിലവിലെ വികസന മാതൃകകൾ എല്ലാംതന്നെ ലോകമെങ്ങും അസമത്വവും ഹിംസയും വർധിക്കുന്നതിന് വഴിയൊരുക്കി. ഇതിനൊപ്പം മനുഷ്യന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്ന തരത്തിൽ പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയ്ക്കും ഇതു കാരണമായി. നിലവിലെ വികസനമാതൃകകൾ ഉയർത്തുന്ന പ്രശ്നങ്ങൾ, അവ പരിസ്ഥിതിയിലുണ്ടാക്കുന്ന ആഘാതങ്ങൾ എന്നിവ ഈ അധ്യായത്തിൽ പരിശോധിക്കപ്പെടുന്നു. അതോടൊപ്പം പരിസ്ഥിതി പ്രശ്നങ്ങളോടുള്ള പുതിയ സമീപനങ്ങൾ, ഗാന്ധിജിയുടെ പരിസ്ഥിതിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എന്നിവയും ഇവിടെ ചർച്ചചെയ്യുന്നു.

## പരിസ്ഥിതിവിജ്ഞാനം, പരിസ്ഥിതി: അർഥവും നിർവചനവും

**ഭൂമി, വായു, മണ്ണ്, ജലം എന്നിവ നമുക്ക് പൂർവികൻമാരിൽനിന്നു പിൻതുടർച്ചയായി ലഭിച്ചതല്ല മറിച്ച് നമ്മുടെ കുട്ടികളിൽനിന്നുള്ള വായ്പയാണ്. അതുകൊണ്ടുതന്നെ അവയൊക്കെ നമുക്ക് ലഭിച്ചതെങ്ങനെയോ അങ്ങനെയെങ്കിലും അവർക്ക് നമുക്കിവയൊക്കെ കൈമാറേണ്ടതുണ്ട് – മഹാത്മാഗാന്ധി**



### നമുക്കു ചെയ്യാം

*പരിസ്ഥിതിയെപ്പറ്റിയും പരിസ്ഥിതി വിജ്ഞാനത്തെപ്പറ്റിയും ലഘു കുറിപ്പ് തയാറാക്കി അവതരിപ്പിക്കുക.*